## അധികാരം ജനങ്ങളിലേക്ക്

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## കുളക്കട ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്



സുഹൃത്തേ,

ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുത്തൻ അദ്ധ്യായം തുറന്നുകൊണ്ട് ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുവാനുള്ള തീവ്രശ്രമത്തിലാണല്ലോ നാം ഓരോരുത്തരും. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോരുത്തരുടേയും നിസീമമായ സഹകരണവും പ്രവർത്തനവും ഉണ്ടായിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളിലും നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് സാധ്യമായ എല്ലാ കഴിവുകളും വിനിയോഗിക്കുമെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി ഉറപ്പുനൽകുന്നു.

വിശ്വസ്തതയോടെ,

മാവടി.

02.12.1996.

ഒപ്പ്

ജി. ശശിധരൻപിള്ള

പ്രസിഡന്റ്

കുളക്കട ഗ്രാമപഞ്ചായത്ത്

# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| | | | |
|---|---|---|---|
| G. ശശിധരൻ നായർ | (പ്രസിഡൻറ്) | വാർഡ് നമ്പർ | 10 |
| T.A. ശാന്തമ്മ | (വൈസ് പ്രസിഡൻറ്) | | 4 |
| നെല്ലിവിള വർഗ്ഗീസ് | | ,, | 1 |
| S. മുരളി | | ,, | 2 |
| G. ചന്ദ്രബാബു | | ,, | 3 |
| S. വേലുപ്പിള്ള | | ,, | 5 |
| K.V. അനിൽ | | ,, | 6 |
| G. സോമശേഖരൻനായർ | | | 7 |
| P. സരസമ്മ | | ,, | 8 |
| T. സുരേഷ്കുമാർ | | ,, | 9 |
| K. ശാരദാമണിയമ്മ | (ചെർമാൻ സ്റ്റാൻഡിംഗ് കമ്മിററി) | ,, | 11 |
| B. ജയകുമാരി | | ,, | 12 |

# കുളക്കട ഗ്രാമപഞ്ചായത്ത് ഭരണസാരഥികൾ


K. ശാരദാമണിയമ്മ
സ്റ്റാന്റിംഗ് കമ്മിററി
ചെയർപേഴ്സൺ


T.A ശാന്തമ്മ
വൈസ് പ്രസിഡൻറ്


S. വേലുപ്പിള്ള


B. ജയകുമാരി


P. സരസമ്മ


G. ശശിധരൻപിള്ള പ്രസിഡൻറ്


G. ചന്ദ്രബാബു


T. സുരേഷ്


G സോമശേഖരൻനായർ


S. മുരളി


നെല്ലിവിള വർഗ്ഗീസ്


K. V. അനിൽ

## കുളക്കട പഞ്ചായത്തിൻെറ മുൻ സാരഥികൾ

| | പ്രസിഡൻറ് | വൈസ് പ്രസിഡൻറ് |
|---|---|---|
| 1. | ശ്രീമാൻ K.B. പണ്ഡാരത്തിൽ | ശ്രീമാൻ. പി. ഗോപാലക്കുറുപ്പ് |
| 2 | ,, ഇ. കൃഷ്ണൻ നായർ Ex MLA | ,, ചിരാളൻ |
| 3. | ,, പി കെ. നാരായണപിള്ള | ,, |
| 4. | ,, അഡ്വ: എൻ. വാസു | ,, ജോർജ്കുട്ടി |
| 5. | ,, അഡ്വ: എൻ. വാസു | ,, കെ. പി. ഡേവിഡ് |
| 6. | ,, ജി. രവീന്ദ്രൻ നായർ | ,, |

## ജില്ലാ റിസോഴ്സ് പേഴ്സൺ—ജനകീയാസൂത്രണം

| | | | |
|---|---|---|---|
| 1) | കെ. പങ്കജാക്ഷൻ, | പൂവററൂർ | (കൺവീനർ) |
| 2) | എൻ. കുട്ടൻപിള്ള, | മാവടി | |
| 3) | പി. ബി. അനിൽറോയി, | വെണ്ടാർ | |
| 4) | പി.രാഘവൻപിള്ള, | ആററുവാശ്ശേരി | |
| 5) | വി. ശശിധരൻപിള്ള, | കുളക്കട | |
| 6) | പി. ടി. ഇന്ദുകുമാർ, | പൂവററൂർ | |
| 7) | കെ. വി. ഗോപാലൻനായർ, | കുളക്കട | |
| 8) | ടി. എസ്. ബാലകൃഷ്ണപിള്ള, | പൂവററൂർകിഴക്ക് | |

## സാങ്കേതിക സഹായം

1. എം. ജി. വേണുഗോപാലൻ, പ്രോജക്ട് സയൻറിസ്ററ്
സെൻറർ ഫോർ എർത്ത് സയൻസ് സ്ററഡീസ്



കുളക്കട പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ.K.B.പണ്ടാരത്തിൽ
അന്നത്തെ ഗവർണർ ശ്രീ. വി. വി. ഗിരി, നിയമസഭാ സ്പീക്കർ
ശ്രീ. ഡി. ദാമോദരൻപോറ്റി എന്നിവരോടൊപ്പം പഞ്ചായത്തിലെ
ഒരു പൊതു ചടങ്ങിൽ സംസാരിക്കുന്നു.

# കുളക്കട ഗ്രാമ പഞ്ചായത്ത് ഭൂപടം



# ഉള്ളടക്കം


I ആമുഖം

II സാമൂഹിക സാംസ്കാരിക ചരിത്രം

III ഭൂപ്രകൃതിയും വിഭവങ്ങളും

IV വികസന മേഖലകൾ

1 കൃഷിയും ജലസേചനവും

2 മൃഗസംരക്ഷണം

3 വിദ്യാഭ്യാസം

4 ആരോഗ്യം

5 വ്യവസായം

6 ഗതാഗതവും, ഊർജ്ജവും

7 പാർപ്പിടം, സാമൂഹ്യക്ഷേമം

8 സംസ്കാരം

9 വനിത

10 സഹകരണം

11 പട്ടികജാതി/പട്ടികവർഗ്ഗവികസനം

12 വിഭവ സമാഹരണം

# ആമുഖം

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിൻെറ 35–40 ശതമാനം തുകയും വരുന്ന വികസന പരിപാടികൾ താഴെ തട്ടിൽതന്നെ, ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടുത്തു നിൽക്കുന്നതും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാകും. പക്ഷെ, അത് മാത്രമല്ല ജനകീയആസൂത്രണപ്രസ്ഥാനത്തിന്റെലക്ഷ്യം. കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതുപോലെതന്നെപ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിൻെറ രീതിയും. ജനങ്ങളുടെ മുൻകൈയ്യിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ, പദ്ധതി പ്രവർത്തനങ്ങളോട് അവർക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗത മാറുകയും, വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർധിക്കുകയും ചെയ്യും. ഒൻപതാം പദ്ധതിയുടെ വിജയത്തിൻെറ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പ് വരെ പദ്ധതി പ്രവർത്തനത്തിൻെറ എല്ലാ ഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തം ആയിരിക്കും.

## നിലവിലുള്ള ഭരണത്തിൻെറ പരിമിതികൾ

അധികാര വികേന്ദ്രീകരണത്തിൻെറ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു. അമിതകേന്ദ്രീകരണം, ജനപ്രാതിനിധ്യ കുറവ്, ഉദ്യോഗസ്ഥ മേധാവിത്വം, ഔപചാരികത, അഴിമതി, മോണിറ്ററിംഗ് ഇല്ലായ്മ എന്നീ ദോഷങ്ങൾ നിലവിലുള്ള പരിമിതികളായി ചൂണ്ടിക്കാണിക്കാം. ഇതിൻെറ ഫലമായി ലക്ഷ്യപ്രാപ്തി ഇല്ലായ്മ, ജനപങ്കാളിത്തം ഇല്ലായ്മ, മുൻഗണനാക്രമം ഇല്ലായ്മ, ദുർവ്യയം, കാലതാമസം, ഉത്തരവാദിത്വം ഇല്ലായ്മ എന്നിവ ജനങ്ങൾക്ക് അനുഭവപ്പെടുന്നു.

മേൽപ്പറഞ്ഞ പരിമിതികളും ജീവിത പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ അധികാര വികേന്ദ്രീകരണവും, അവ നടപ്പിൽ വരുത്തുന്നതിന് പഞ്ചായത്ത്‌രാജ് സംവിധാനവും, അതുവഴിയുള്ള ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണ പ്രക്രിയയും പ്രധാന പങ്കുവഹിക്കാൻ കഴിയും. കാരണം പഞ്ചായത്ത് രാജ് സംവിധാനം താഴെപ്പറയുന്ന പ്രകടമായ നേട്ടങ്ങളെ ഉൾക്കൊള്ളുന്നു.

1. സുതാര്യത
2. വർധിച്ച ജനപ്രാതിനിധ്യം
3. പ്രത്യക്ഷ ജനപങ്കാളിത്തം
4. ചെലവ് കുറവ്
5. കാര്യശേഷി കൂടുതൽ
6. വൈകാരികത

അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് നിരവധി ശ്രമങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. നിരവധി കമ്മിറ്റികൾ പ്രവർത്തിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭരണ ഘടനയുടെ 73, 74 ഭേദഗതികളാണ് ഫലപ്രദമായത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വമ്പിച്ച മാറ്റങ്ങളാണ് ഇതുമൂലമുണ്ടായിരിക്കുന്നത്.

ഈ ഭേദഗതിയുടെ ഫലമായി കേവലം മാർഗ്ഗനിർദ്ദേശക തത്വങ്ങൾ എന്ന നിലയിൽ നിന്നും പഞ്ചായത്ത്‌രാജ് നഗരപാലികസ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണ ക്രമത്തിൻെറ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. എല്ലാവോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകളും ഈ നിയമത്തിൽ വിഭാവനം ചെയ്യുന്നു. സംസ്ഥാനസർക്കാരുകൾ നിശ്ചയിക്കുന്ന ധനകാര്യ കമ്മീഷനുകളുടെ തീർപ്പുപ്രകാരമുള്ള പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയേ തീരൂ. എല്ലാറ്റിലുമുപരി ജില്ലാ ആസൂത്രണ സമിതികളും നിലവിൽ വന്നു.

ജനകീയ ആസൂത്രണ പ്രസ്ഥാനം അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള ജനകീയ മുന്നേറ്റമാണ്. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകളെയും, വിദഗ്ധരെയും, ഉദ്യോഗസ്ഥരെയും പ്രാദേശികമായി

കോർത്തിണക്കുന്ന പ്രവർത്തന ശൈലിയാണ് ഈ പ്രസ്ഥാനത്തിൻേറത്. അധികാര വികേന്ദ്രീകരണത്തിന് തടസ്സം നിൽക്കുന്ന നിക്ഷിപ്ത താൽപര്യങ്ങളേയും ഭൂതകാല ജഡഭാരങ്ങളേയും തകർക്കുന്നതിന് ജനകീയ ആസൂത്രണം പോലുള്ള ഒരു ജനകീയ മുന്നേററത്തിനേ കഴിയൂ.

മഹാത്മാ ഗാന്ധിയുടെ സ്വപ്നമായിരുന്നു, ഗ്രാമസ്വരാജ്. ഓരോ ഗ്രാമവും ഓരോ റിപ്പബ്ലിക് ആയിത്തീരണം എന്നതായിരുന്നു ഗാന്ധിജിയുടെ സങ്കല്പം. അതിന്നും അപ്രാപ്യമായി തുടരുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ ഒരു ചുവട് മുന്നോക്കം വയ്ക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

1953 ആഗസ്ററ് 15 ന് പൂവററൂർ പടിഞ്ഞാറ് വില്ലേജ് ആഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടത്തിൽ പഞ്ചായത്തിൻെറ ഉദ്ഘാടനവും ആദ്യയോഗവും നടന്നു. ആദ്യ പ്രസിഡൻറായി ശ്രീമാൻ കെ. ബി. പണ്ടാരത്തിലും, വൈസ് പ്രസിഡൻറായി ശ്രീമാൻ പി. ഗോപാലക്കുറുപ്പും ഐകകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിൻെറ മററു മെമ്പർമാർ.

സർവ്വശ്രീ: വി. പി. രാഘവൻനായർ
എം. രാമൻപിള്ള
പി. ശിവശങ്കരപ്പിള്ള
എൻ. മഹേശ്വരൻപോററി
പി. ജെ. ദേവരാജൻ
പി. കൃഷ്ണപിള്ള
പി. കെ. നാരായണപിള്ള എന്നിവർ ആയിരുന്നു. ആദ്യ കാലത്ത് പഞ്ചായത്ത് ആഫീസ് പ്രവർത്തിച്ചിരുന്നത് പൂവററൂർ ശ്രീമാൻ പരമുപിള്ളയുടെ വക കെട്ടിടത്തിലായിരുന്നു. ഇപ്പോഴുള്ള ഓഫീസ് കെട്ടിടവും സ്ഥലവും മാവടി 656-ാം നമ്പർ N. S. S. കരയോഗം സൗജന്യമായി നൽകിയതാണ്.

പഞ്ചായത്തിൻെറ പേരു് — കുളക്കട.
ഈ പഞ്ചായത്തിന്റെ റവന്യൂ വില്ലേജുകൾ കുളക്കട പൂർണ്ണമായും, പുത്തൂർ, കലയപുരം ഭാഗികവുമായും ഉൾപ്പെടുന്നു.

ബ്ലോക്ക് പഞ്ചായത്ത്

ഡിവിഷൻ — കുളക്കട A, B

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | – | വെട്ടിക്കവല |
| താലൂക്ക് | – | കൊട്ടാരക്കര |
| ജില്ല | – | കൊല്ലം |
| അസംബ്ലിമണ്ഡലം | – | കൊട്ടാരക്കര |
| വിസ്തീർണ്ണം | – | 29.18 ച. കി. മീ. |
| ജനസംഖ്യ | – | 31515 (1995) |
| വാർഡുകളുടെ എണ്ണം | – | 12 |

പഞ്ചായത്തിന്റെ ഇപ്പോഴത്തെ പ്രസിഡൻറ് — ജി. ശശിധരൻപിള്ള
വൈസ് പ്രസിഡൻറ് — ടി. എ. ശാന്തമ്മ

പഞ്ചായത്തിൻെറ അതിർത്തികൾക്ക് മാററം ഉണ്ടായിട്ടില്ല.

അതിർത്തികൾ :—

| | |
|---|---|
| കിഴക്ക് | മൈലം പഞ്ചായത്ത് |
| വടക്ക് | കല്ലടയാറ് |
| പടിഞ്ഞാറ് | പവിത്രേശ്വരം പഞ്ചായത്ത് |
| തെക്ക് | നെടുവത്തൂർ പഞ്ചായത്ത് |

## പൊതുസ്ഥാപനങ്ങൾ:—

കുളക്കട പഞ്ചായത്ത് ഓഫീസ് : മാവടി.
ഈ പഞ്ചായത്തിലെ വില്ലേജ് ഓഫീസുകൾ :

1 കലയപുരം
2 കുളക്കട
3 പുത്തൂർ

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കുളക്കടയിൽ സ്ഥിതിചെയ്യുന്നു.

ടെലഫോൺ എക്സ്ചേഞ്ച് — കുളക്കട

ഇലക്ട്രിക്കൽ മേജർ സെക്ഷൻ-
ഓഫീസ് — കുളക്കട

പോസ്ററാഫീസുകൾ :
കുളക്കട, കലയപുരം, പുത്തൂർ, താഴത്തുകുളക്കട, കുളക്കട കിഴക്ക്, മാവടി വെണ്ടാർ, പെരുംകുളം.

പഞ്ചായത്തിലെ ആശുപത്രികൾ :

പ്രാഥമികാരോഗ്യകേന്ദ്രം കളക്കട —
പൂവററൂരിൽ പ്രവർത്തിക്കുന്നു.

സബ് സെൻററുകൾ — നാല് (4)

1 ആററുവാശ്ശേരി
2 പെരുങ്കുളം
3 തുരുത്തീലമ്പലം
4 താഴത്തുകുളക്കട

കുളക്കട പഞ്ചായത്തിലെ മററ് ആതുരശുശ്രൂഷാകേന്ദ്രങ്ങൾ :

1 ഗവ: ആയുർവ്വേദ ഡിസ്പെൻസറി — കുളക്കട
2 ഗവ: ഹോമിയോ ഡിസ്പെൻസറി — കലയപുരം (പൂവററൂർ കിഴക്ക്)
3 C. S. I. ഹോസ്പിററൽ — കലയപുരം (പൂവററൂർ കിഴക്ക്)
4 ബഥനി ഹോസ്പിററൽ — പുത്തൂർ

* മൃഗാശുപത്രി — കുളക്കട
* I. C. D. P. സബ്സെൻററുകൾ :
കലയപുരം, മാവടി, പുത്തൂർ,
* സബ്രജിസ്ട്രാർ ഓഫീസ് :
കലയപുരം
* ഗ്രാമവികസന ഓഫീസ് :
താഴത്തുകുളക്കട, പൂവററൂർ.

* ഏകാംഗ ട്രഷറി :
മാവടി (പഞ്ചായത്താഫീസ്)

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1) കേരള യൂണിവേഴ്സിററി സെൻറർ ഫോർ ടീച്ചർ എഡ്യൂക്കേഷൻ — കുളക്കട
2) ഹൈസ്കൂളുകൾ : ഗവ: V.H.S. കുളക്കട
S.V.M.M.V.H.S. വെണ്ടാർ,
ഗവ: H.S. പുത്തൂർ
H.S. പൂവററൂർ

3) യു. പി. സ്കൂളുകൾ :
D.V.U.P.S. താഴത്തുകുളക്കട
N.S.S. U.P.S. ആററുവാശ്ശേരി
U.P.S. വെണ്ടാർ
ലിററിൽ ഫ്ളവർ U.P.S. പുത്തൂർ
സെൻറ് തെരേസാസ് U.P.S. കലയപുരം.

എൽ. പി. സ്കൂളുകൾ ;
ഗവ: L.P.S. കുളക്കട
ഗവ: L.P.S. പൂവററൂർ
L.M.S. L.P.S., കലയപുരം
W.L.P.S. പുത്തൂർമുക്ക് (കുളക്കട)
ഗവ: D.V.L.P.S. താഴത്തുകുളക്കട
ബഥേൽ M.T.L.P.S. കുളക്കടകിഴക്ക്
W.L.P.S. കുളക്കട കിഴക്ക്
ഗവ: L.P.S. മാവടി
N.S.S. L.P.S. വെണ്ടാർ
W.L.P.S. വെണ്ടാർ
W.L.P.S. പെരുങ്കുളം
ഗവ; L.P.S. പൂവററൂർ കിഴക്ക്

ഗവ: ഐ. ററി. സി. — പുത്തൂർമുക്ക്.
കൃഷിഭവൻ — താഴത്തുകുളക്കട, പൂവററൂർ

സഹകരണ സംഘങ്ങൾ :
പൂവററൂർകിഴക്ക് സഹകരണബാങ്ക്
കുളക്കട സർവ്വീസ് സഹകരണ ബാങ്ക്
വെണ്ടാർ സർവ്വീസ് സഹകരണ ബാങ്ക്
പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം (പുത്തൂർമുക്ക്)
വനിതാ സഹകരണസംഘം (പുത്തൂർ)

വാണിജ്യ ബാങ്കുകൾ ;
ഇന്ത്യൻ ബാങ്ക് (പുത്തൂർമുക്ക്)
ഫെഡറൽ ബാങ്ക് (കലയപുരം)
എസ്. ബി. ടി. (പുത്തൂർ)
കാത്തലിക് സിറിയൻ ബാങ്ക് (പുത്തൂർ)
ജില്ലാ സഹകരണ ബാങ്ക് ശാഖ (പുത്തൂർ)

പഞ്ചായത്തിൽ അംഗൻവാടികൾ ആകെ : 32

## കുളക്കട പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം

നമ്മുടെ പഞ്ചായത്ത് സാധാരണ ഗ്രാമപ്രദേശമാണ്. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ശ്രീ. കെ. ബി. പണ്ധാരത്തിൽ പ്രസിഡന്റായിരുന്ന കാലത്ത് B.S.S. ന്റെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടന്നിരുന്നു.

കുടുംബാംഗങ്ങളുടെ ശക്തമായ എതിർപ്പുണ്ടായിരുന്നിട്ടും ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ സി. ബി. പണ്ധാരത്തിൽ (നമ്പിമഠം) പ്രവർത്തിച്ചിരുന്നു.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള M.L.A. യുടെ നേതൃത്വത്തിൽ വെണ്ടാർ ഒറേറത്ത് പള്ളിക്കൂടത്തിൽ 500 ഓളം വരുന്ന ചെറുപ്പക്കാർ സംഘടിക്കുകയും, സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി തക്ലിയിൽ നൂൽ നൂററുകൊണ്ട് ബ്രിട്ടീഷ് ഭരണത്തിന് എതിരായി ജാഥ നടത്തുകയും ചെയ്തിരുന്നു.

1910 ൽ നമ്പിമഠത്തിന്റെ വകയായി ഏതാനും കുടികൾക്കിടയിൽ രണ്ട് സ്കൂളുകൾ സ്ഥാപിതമായി. ഇതിൽ 1–7 വരെ ക്ലാസുകളുള്ള മലയാളം പള്ളിക്കൂടം പൊതു പള്ളിക്കൂടമായും, മറെറാന്ന് ബ്രാഹ്മണർക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുമായിരുന്നു. ഈ സ്കൂളിന്റെ സ്ഥാപകൻ ഭാനു ഭാനു പണ്ധാരത്തിൽ ആയിരുന്നു. 1951 ൽ 6 ഏക്കർ സ്ഥലവും കെട്ടിടവും സർക്കാരിന് സൗജന്യമായി വിട്ടുകൊടുത്തു. ഈ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ പുത്തൂരിൽ സ്ഥാപിതമായി. 1 മുതൽ 7 വരെ ക്ലാസുകളുള്ള മലയാളം പള്ളിക്കൂടം.

കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ.R. ശങ്കർ പ്രാഥമിക വിദ്യാഭ്യാസം നടത്തിയത് ഇവിടെയാണ്. ഇന്ന് പുത്തൂർ H. S. എന്നറിയപ്പെടുന്നു.

പുത്തൂർമുക്ക് കോളനിനിവാസികളുടെ പൂർവ്വികന്മാർ ജന്മികളുടെ അടിയാന്മാരായിരുന്നു. സ്വന്തമായി മണ്ണോ കിടപ്പാടമോ അവർക്കില്ലായിരുന്നു. ഇന്നത്തെ കോളനി പ്രദേശങ്ങൾ ജന്മിയുടേതായിരുന്നു. അവിടെ കുടിൽ കെട്ടി താമസമാക്കിയ കൃഷി തൊഴിലാളികളെ വില്ലേജ് അധികാരികളുടെ സഹായത്തോടെ കുടിലുകൾ പൊളിച്ച് ഇറക്കിവിടുമായിരുന്നു. കൃഷി തൊഴിലാളികളുടെ സഹായത്തിനെത്തിയ രണ്ട് മഹത് വ്യക്തികളായിരുന്നു തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി. പി. രാമസ്വാമി അയ്യരും, പിൽക്കാലത്ത് M.L.A. യും M.P. യും ആയിരുന്ന ശ്രീ. പി. സി. ആദിച്ചനും.

സർ സി. പി. ഒരിക്കൽ കോളനി പ്രദേശം സന്ദർശിച്ചു. കർഷക തൊഴിലാളികൾ അദ്ദേഹത്തെ സ്വീകരിച്ച് സങ്കടം ബോധിപ്പിച്ചു. ദിവാൻ നമ്പിമഠം സന്ദർശിച്ച് അടിയാന്മാരെ ഇറക്കിവിടാതിരിക്കാൻ ഏർപ്പാടുണ്ടാക്കി.

1948 ൽ ആണ് പുത്തൂർമുക്കിൽ പട്ടികജാതി കോളനി രൂപീകരിച്ചത്. കോളനി രൂപീകരണത്തിന് ശ്രീമൂലം അസംബ്ലിയിൽ അംഗവും പിൽക്കാലത്ത് M. L. A. യും M. P. യും ആയിരുന്ന ശ്രീ. P.C. ആദിച്ചന്റെ വിലപ്പെട്ട സേവനവും ഉണ്ടായിരുന്നു.

ആററുവാശ്ശേരി ജോത്സ്യന്മാർ എന്നറിയപ്പെട്ടിരുന്ന സംസ്കൃത പണ്ധിതന്മാരും കേരളത്തിലെ അറിയപ്പെടുന്ന ജ്യോതിഷികളുമായിരുന്നു, നമ്മുടെ പഞ്ചായത്തിൽ ആററുവാശ്ശേരി ഗ്രാമത്തിൽ ജനിച്ചു വളർന്ന ശ്രീമാന്മാർ കൊച്ചുകുഞ്ഞ് ജോത്സ്യരും, ആർ. നാണു ജോത്സ്യരും. അവരുടെ കുടുംബാംഗങ്ങൾ നേതൃത്വം നൽകിയിരുന്ന ഒരു നാടൻ കലയായിരുന്നു കോലംതുള്ളൽ. ഉത്സവത്തിന്റെ ഭാഗമായി നടത്തിയിരുന്ന 'വാൾ ചുററൽ' അനിതര സാധാരണമായ ഒരു കായികാഭ്യാസമായിരുന്നു. അതിൽ പ്രാവീണ്യം നേടിയ കലാകാരനായിരുന്നു ചക്രപാണി.

വേലുത്തമ്പി ദളവ 'കുണ്ടറ വിളംബര' ത്തിന് ശേഷം പാലായനം ചെയ്ത് മണ്ണടിയിൽ എത്തിയത്, ഈ പഞ്ചായത്തിൽ പെരുംകുളം മുതൽ തുരുത്തീലമ്പലം വഴിയാണെന്ന് ചരിത്രരേഖകളിൽ കാണാം. (കൊട്ടാരക്കര മണ്ണടി റോഡ് വേലുത്തമ്പി ദളവ സ്മാരകമായി അറിയപ്പെടുന്നു)

ഹിന്ദു–ക്രിസ്ത്യൻ മത വിശ്വാസികളാണ് ഈ പഞ്ചായത്തിലുള്ളത്. സൗഹൃദത്തോടെ ഈ വിഭാഗങ്ങൾ കഴിയുന്നു. ആരാധനാലയങ്ങളെ കേന്ദ്രീകരിച്ച് പ്രാദേശിക ഉത്സവങ്ങൾ നടക്കുന്നു

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം 1096 മിഥുനം 6–ാം തീയതി രജിസ്ററർ ചെയ്ത വെണ്ടാർ സഹകരണസംഘം.

ആററുവാശ്ശേരിയിലെ വയൽ വാണിഭം മദ്ധ്യതിരുവിതാംകൂറിലെങ്ങും അറിയപ്പെട്ടിരുന്നു. കന്നുകാലികൾ, കാർഷിക വിളകൾ, വെങ്കലപാത്രം എന്നിവയുടെ വൻ വിപണന കേന്ദ്രമായിരുന്നു ഈ വയൽ വാണിഭം.

കുളക്കട വില്ലേജിൽ സ്വാതന്ത്ര്യത്തിനു മുമ്പ്

നിലനിന്നിരുന്ന അർദ്ധഫ്യൂഡൽ വ്യവസ്ഥിതി വ്യവസായ വളർച്ചയ്ക്ക് തടസമായിരുന്നു. കൈത്തറി, കശുവണ്ടി എന്നീ ചെറുകിട വ്യവസായങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. അതിൽ കൈത്തറി വ്യവസായം നാമവിശേഷമായി.

കുളക്കട പഞ്ചായത്തിലെ പുത്തൂർ മൈലംകുളം, ആറ്റുവാശ്ശേരി, മാവടി, പൂവറ്റൂർപടിഞ്ഞാറ്, പൂവറ്റൂർ കിഴക്ക്, കോളനി വാർഡുകളിലൂടെ കടന്നുപോകുന്ന പ്രധാന ഗതാഗത മാർഗ്ഗമാണ് പുത്തൂർ–ഏനാത്ത് റോഡ്. ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്ന സി. പി. കൊച്ചുകുഞ്ഞു–പിള്ളയാണ് ഈ റോഡിന്റെ നിർമ്മാണത്തിനു നടപടി സ്വീകരിച്ചത്. അദ്ദേഹത്തിന്റെ കുടുംബം മാവടിയിൽ ആയിരുന്നു.

ഈ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ഈ നൂറ്റാണ്ടിന്റെ പകുതിവരെ ജന്മി, ഇടത്തരം കൃഷിക്കാർ, പാട്ടം കൃഷിക്കാർ, കുടികിടപ്പുകാർ എന്നിങ്ങനെ വിവിധ തരത്തിലുള്ള കൃഷിക്കാർ ഉണ്ടായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ അറിയപ്പെടുന്ന ഒരു ബ്രാഹ്മണ ജന്മി കുടുംബമായിരുന്നു ഏറത്തുകുളക്കടയിലെ ഇന്നമ്പിമഠം. നെൽപ്പാടങ്ങളിൽ അധികവും, കരഭൂമിയിൽ നല്ലപങ്കും ഈ ജന്മികുടുംബത്തിന്റേതായിരുന്നു. കല്ലടയാറ്റിലെ വെള്ളപ്പൊക്കത്തിന്റെ കെടുതികൾ കൃഷിക്കാർക്ക് നഷ്ടം വരുത്തുകയും, പാട്ടം അളക്കാൻ നന്നെ പാടുപെടുകയും ചെയ്തിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായ രാഷ്ട്രീയ സാമൂഹിക മാറ്റങ്ങളുടെ അലകൾ ഈ പഞ്ചായത്തിലും പ്രതിധ്വനിച്ചു. ഒഴിപ്പിക്കലിന് എതിരായും, മര്യാദ പാട്ടം, ഭൂമിയിൽ സ്ഥിരാവകാശം കുടികിടപ്പവകാശം എന്നിവയ്ക്കുവേണ്ടിയുമുള്ള പോരാട്ടങ്ങൾ ഈ പഞ്ചായത്തിലും ഉണ്ടായി.

1959–ലെ ഭൂപരിഷ്കരണ നടപടികൾക്ക് സഹായകമായി നാടിന്റെ ഇതരഭാഗങ്ങളിൽ നടന്നിരുന്ന കർഷക സമരങ്ങളുമായി ഇവയ്ക്ക് ബന്ധമുണ്ടായിരുന്നു. ആദ്യമൊക്കെ ചെറുത്തുനിൽപ്പിനു തുനിഞ്ഞെങ്കിലും പിന്നീട് സമരസപ്പെടലിന്റെ പാത സ്വീകരിച്ച ജന്മി ഒരു മാതൃക ആവുകയായിരുന്നു. ഭൂപരിഷ്കരണ നിയമം മൂലം 'ജന്മിക്കരം' നിർത്തലാക്കിയത് കൃഷിക്കാർക്ക് വളരെ അനുഗ്രഹമായി. പാട്ടം വാരം കൃഷിക്കാരും കുടികിടപ്പുകാരും ഭൂഉടമകളായതോടെ ഉല്പാദനരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ അക്കാലത്തുണ്ടായി.

അമ്പതുകളിൽ കശുവണ്ടി മേഖലയിൽ ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനം ഉണ്ടായി. അവയുടെ പ്രവർത്തനം ഇന്നും തുടരുന്നു.

വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മാറ്റം ഉണ്ടായിട്ടുണ്ട്. സ്കൂളുകളുടേയും കോളേജുകളുടേയും എണ്ണം കൂടിയിട്ടുണ്ട്. സാക്ഷരതയിൽ പഞ്ചായത്തിന് പുരോഗതിയുണ്ട്.

പൊതുജനാരോഗ്യ രംഗത്ത് വലിയ മാറ്റം ഉണ്ട്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഈ പ്രയോജനം ലഭിക്കുന്നില്ല.

പാർപ്പിട രംഗത്ത് RLEGP, IRDP, JRY, ഇന്ദിരാ ആവാസ് യോജന, രാജീവ് ദശലക്ഷം പദ്ധതി, കൈരളി പദ്ധതി തുടങ്ങിയ സ്കീമുകളിൽ ഉൾപ്പെടുത്തി ദുർബല വിഭാഗങ്ങൾക്ക് പ്രത്യേകിച്ചും പട്ടികജാതിക്കാർക്ക് ധാരാളം വീടുകൾ ലഭിച്ചിട്ടുണ്ട്. എന്നാലും പാർപ്പിട പ്രശ്നം ഏറ്റവും വലിയ ഒരു സാമൂഹ്യ പ്രശ്നമായി തുടരുന്നു.

പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും മിക്കതും സഞ്ചാരയോഗ്യമല്ല.

ജീവിത നിലവാരത്തിൽ ഉയർച്ച ഉണ്ടെങ്കിലും ഉത്പാദനവും ഉത്പാദനക്ഷമതയും മുരടിപ്പിലാണ്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. സ്ത്രീകളുടെ സാമൂഹിക പദവി മെച്ചമല്ല.

## ഭൂപ്രകൃതിയും, വിഭവങ്ങളും

ഒരു പ്രദേശത്തിന്റെ പ്രാദേശികമായ ആസൂത്രണം സാദ്ധ്യമാകുന്നതിന് അവിടുത്തെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളെക്കുറിച്ചുള്ള പഠനം അനിവാര്യമാണ്. പ്രാദേശികമായ വിഭവശേഷി കണ്ടെത്തുകയും അവയെ പ്രകൃതിയുടെ സംതുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഉപയോഗ

പ്പെടുത്തുകയുമാണ് വേണ്ടത്. പ്രകൃതി വിഭവങ്ങളുടെ ബുദ്ധിപൂർവ്വമായ വിനിയോഗം കൊണ്ടു മാത്രമേ ഭാവിയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

ഒരു പ്രദേശത്തിന്റെ വികസനത്തിന് അവിടത്തെ ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, കാലാവസ്ഥ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ അത്യന്താപേക്ഷിതമാണ്. കളക്കട പഞ്ചായത്ത് ഒരു നിമ്നോന്നത ഭൂവിഭാഗത്തെ അനുസ്മരിക്കും വിധമാണ് കാണപ്പെടുന്നത്. കുളത്തൂപ്പുഴ മലകളിൽ നിന്നുത്ഭവിക്കുന്ന കല്ലടയാറ് പഞ്ചായത്തിന്റെ വടക്കുഭാഗത്ത് അതിർത്തിയിലൂടെ ഒഴുകുന്നു.

## സ്ഥാനം :

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കുളക്കട പഞ്ചായത്ത് ഇടനാട്ടിലാണ് സ്ഥിതിചെയ്യുന്നത്. അക്ഷാംശം വടക്ക് 9 ° 2' നും 9 ° 5' നും ഇടയ്ക്കും കിഴക്ക് രേഖാംശം 76 ° 43' നും 76 ° 46' നും ഇടയ്ക്കുമാണ്.

## അതിരുകൾ : (ഭൂപടം 1 നോക്കുക)


ഭൂപടം.1
കുളക്കട പഞ്ചായത്ത്
അഡ്മിനിസ്ട്രേറ്റീവ് ഭൂപടം
MTS
500 0 500 1000 1500
76°43'
76°45'
9°5'
9°3'
കുന്നത്തൂർ പഞ്ചായത്ത്
മൈലം പഞ്ചായത്ത്
പവിത്രേശ്വരം പഞ്ചായത്ത്
നെടുവത്തൂർ പഞ്ചായത്ത്
I
II
III
IV
V
VI
VII
VIII
IX
X
XI
XII
പഞ്ചായത്ത് അതിര്
വാർഡ് അതിര്
റോഡുകൾ
കല്ലട ആറ്
പഞ്ചായത്ത് ആഫീസ്
I, II, III ... XII വാർഡ് നമ്പർ
അവലംബം വില്ലേജ് ഭൂപടം

വടക്കുകിഴക്ക്, വടക്ക്, പടിഞ്ഞാറായി കല്ലട ആറ് ചുററപ്പെട്ട് കിടക്കുകയാണ്. പവിത്രേശ്വരം പഞ്ചായത്ത് തെക്ക് പടിഞ്ഞാറും, കിഴക്ക് മൈലം പഞ്ചായത്തും, തെക്ക് നെടുവത്തൂർ പഞ്ചായത്തുമാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതി 29.18 ചതുരശ്ര കിലോമീററാണ്.

പഞ്ചായത്തിന്റെ പൊതുവായ ചെരിവ് തെക്കുനിന്നും വടക്കോട്ടാണ്. എന്നാൽ തെക്കുനിന്നും പടിഞ്ഞാറോട്ടും ചെരിവുള്ളതായി കാണാം. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ പെരുങ്കുളം, വെണ്ടാർ, കലയപുരം എന്നീ വാർഡുകളിലെ പ്രദേശങ്ങളാണ്. കൊടിതൂക്കുംമുകൾ ആണ് ഇവിടത്തെ ഏററവും ഉയരം കൂടിയ പ്രദേശം. (129 മീററർ സമുദ്രനിരപ്പിൽ നിന്ന്)

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായി 5 മേഖലകളായി തിരിക്കാം.

(ഭൂപടം 2 നോക്കുക)



76° 43'
76° 45'
ചി.നം. 2
കുളനട പഞ്ചായത്ത്
ഭൂരൂപങ്ങൾ
വ
500 0 500 1000 1500 MTS
9° 5'
9° 3'
സൂചിക
കുന്നിൻമുകൾ
ചെരിവുകൂടിയ പ്രദേശങ്ങൾ
ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ
സമതലങ്ങൾ
താഴ്വരകളും നദീതീരങ്ങളും
അവലംബം. PRM, CESS

1 കുന്നിൻമുകൾ
2 ചെരിവു കൂടിയ പ്രദേശങ്ങൾ
3 ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ
4 സമതലങ്ങൾ
5 താഴ്‌വരകളും നദീതീരങ്ങളും

ഓരോ ഭൂപ്രകൃതി വിഭാഗങ്ങളും അവയുടെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു.

ഭൂപ്രകൃതി വിഭാഗങ്ങൾ (CESS Report)

| ഭൂപ്രകൃതി വിഭാഗങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| 1. കുന്നിൻമുകൾ | 237 | 8 |
| 2. ചെരിവു കൂടിയ പ്രദേശങ്ങൾ | 398 | 14 |
| 3. ഇടത്തരം (മിതമായ) ചെരിവുള്ള പ്രദേശങ്ങൾ | 873 | 30 |
| 4. സമതലങ്ങൾ | 301 | 10 |
| 5. താഴ്‌വരകളും നദീതീരങ്ങളും | 1109 | 38 |
| ആകെ | 2918 | 100 |

### കുന്നിൻമുകൾ

തെക്കുകിഴക്കൻ പ്രദേശങ്ങൾ പ്രത്യേകിച്ചും പെരുങ്കുളം, വെണ്ടാർ വാർഡിലെ ഉയർന്ന പ്രദേശങ്ങളും, പുത്തൂർമുക്കിന് പടിഞ്ഞാറുവശം, മാവടിസ്സുവടക്ക്, ഇരുത്തീലമ്പലത്തിന് തെക്കും പടിഞ്ഞാറും വശങ്ങൾ, ലക്ഷംവീട് ജംഗ്ഷന് പടിഞ്ഞാറുവശങ്ങൾ, പുത്തൂരിന് വടക്കുകിഴക്ക് ഭാഗം എന്നീ പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 8 % ഈ വിഭാഗത്തിൽപ്പെടുന്നു.

### ചെരിവു കൂടിയ പ്രദേശങ്ങൾ

ചെരിവു കൂടിയ പ്രദേശങ്ങൾ എല്ലാം തന്നെ കുന്നിൻമുകളിനോട് ചേർന്നു കാണുന്ന പ്രദേശങ്ങളാണ്. പെരുങ്കുളം, വെണ്ടാർ വാർഡിലാണ് ഈ വിഭാഗം കൂടുതലായി കാണുന്നത്. പൂവറ്റൂർ പടിഞ്ഞാറിന് തെക്ക് കിഴക്ക് ഭാഗങ്ങളും അവയോട് ചേർന്നു കിടക്കുന്ന കോളനി വാർഡിന്റെ ഭാഗങ്ങളും ഈ മേഖലയിൽപ്പെടുന്നു. ഇവ വിസ്തൃതിയിൽ കുന്നിൻ മുകളിനേക്കാൾ കൂടുതൽ ആണ്. (14 %)

### ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ

ഏകദേശം 5° മുതൽ 10° വരെ ചെരിവുള്ള പ്രദേശങ്ങളാണിവ. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 30% വരുന്ന ഈ വിഭാഗം മാവടി ജംഗ്ഷന് കിഴക്കും, തെക്ക കിഴക്കും ഭാഗങ്ങൾ, പുത്തൂർമുക്കിന് വടക്കും, പടിഞ്ഞാറും ഭാഗങ്ങൾ, കററസ്സു തെക്ക കിഴക്ക് ഭാഗങ്ങൾ, കോളനി വാർഡും അവസ്സ് പടിഞ്ഞാറും പ്രദേശങ്ങൾ എന്നിവയാണ്. ഈ പ്രദേശങ്ങളെല്ലാം തന്നെ ചെരിവുകൂടിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ടുകിടക്കുകയാണ്.

### സമതലങ്ങൾ

താഴ്‌വരകളെ അപേക്ഷിച്ച് വളരെ ചെറിയ

ഉയര കൂടുതൽ മാത്രമേ ഈ പ്രദേശങ്ങൾക്കുള്ളൂ. ഇവ താഴ്‌വരകളുമായി ചേർന്നു കിടക്കുന്ന പ്രദേശങ്ങളാണ്. ആററുവാശ്ശേരി വാർഡിന് തെക്കും, കിഴക്കും ഭാഗങ്ങൾ, താഴത്തുകളുടെ ജംഗ്ഷനും അവിടെ നിന്ന് തുരുത്തിലമ്പലം വരെയുള്ള ഭാഗങ്ങളും പൂവാറ്റൂർ പടിഞ്ഞാറിന്റെ തെക്ക ഭാഗങ്ങളും ഈ വിഭാഗത്തിലാണ്. ഇവ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 10% ആണ്.

### താഴ്‌വരകളും നദീതീരങ്ങളും

കല്ലട ആറിന്റെ സമീപ പ്രദേശങ്ങൾ, കല്ലടയാറിൽ വന്നുചേരുന്ന അന്തമൺ മൂഴിത്തോട്, തോട്ടകത്ത് ഏലാത്തോട്, തെങ്ങമൺ ഏലാത്തോട്, ചലിയതോട് എന്നിവയുടെ സമീപ പ്രദേശങ്ങളും, കാററ, കളുടെ കിഴക്ക് വാർഡുകളുടെ വടക്കുഭാഗവും, താഴത്തുകളുടെ വടക്ക പടിഞ്ഞാറ് ഭാഗങ്ങളും, ആററുവാശ്ശേരിയുടെ തെക്കും പടിഞ്ഞാറും ഭാഗങ്ങളും, പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. ആകെ വിസ്തൃതിയുടെ 38% ഈ മേഖലയിലാണ്. ഈ പ്രദേശം ഫലഭൂയിഷ്ഠമായ നദീതീര എക്കൽ മണ്ണും, കളിമണ്ണും, പൂഴിയുമടങ്ങിയ മണ്ണുകൊണ്ടും സമ്പുഷ്ടമാണ്. വളരെ വളക്കൂറുള്ള മണ്ണായതിനാൽ എല്ലാത്തരം കൃഷിക്കും അനുയോജ്യമാണെങ്കിലും നെൽകൃഷിയാണ് കൂടുതലായി ഈ മേഖലയിൽ കൃഷി ചെയ്യുന്നത്. ഭൂപ്രകൃതി കാണിക്കുന്ന ഭൂപടത്തിൽ (ഭൂപടം 3) സമോന്നത രേഖകൾ, നീർമറി രേഖകൾ, തോടുകൾ, ചെരിവിന്റെ ദിശ എന്നിവ കാണിച്ചിരിക്കുന്നു. നീർമറി രേഖ കാണുന്ന സ്ഥലങ്ങളിൽ വീഴുന്ന ജലം പ്രദേശത്തിന്റെ ചെരിവിനനുസരിച്ചൊഴുകി അതാതു തോടുകളിൽ എത്തിച്ചേരുന്നു.

(ഭൂപടം 3 കാണുക)

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ വിവിധ ഭൂരൂപങ്ങളായി തരംതിരിക്കുന്നതുപോലെ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ (നിമ്നോന്നത) അടിസ്ഥാനമാക്കി കളുടെ പഞ്ചായത്തിനെ അഞ്ചായി തിരിച്ചിരിക്കുന്നു. (ഭൂപടം 4)

(ഭൂപടം 4 കാണുക)



ചിത്രം.3
കുളക്കട പഞ്ചായത്ത്
ഭൂപ്രകൃതി
N
MTS
500 0 500 1000 1500
76°43'
76°45'
9°5'
9°3'
കല്ലടയാർ
സൂചിക
പഞ്ചായത്ത് അതിര്
തോടുകൾ
നീർമറിരേഖ
സമോച്ചരേഖ
ചരിവിന്റെ ദിശ
അവലംബം. PRM, CESS



കുളക്കട പഞ്ചായത്ത്
നിമ്നോന്നത രൂപം
76°45'
9°5'
വ
MTS
500 0 500 1000 1500
Below 20 M
20-40 M
40-80 M
Above 80 M
ആധാരം PRM, CESS

1 20 മീററിനു താഴെ
2 20 മീററർ മുതൽ 40 മീററർ വരെ
3 40 മുതൽ 60 മീററർ വരെ
4 60 മുതൽ 80 മീററർ വരെ
5 80 മീററിനു മുകളിൽ

ഇവയിൽ ഓരോ വിഭാഗത്തിന്റെയും വിസ്തൃതിയും, ശതമാനവും പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു.

നിമ്നോന്നത വിഭാഗങ്ങൾ (CESS Report)

| നിമ്നോന്നത വിഭാഗങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| 1. 20 മീററിൽ താഴെ | 1399 | 48 |
| 2. 20 മീററർ മുതൽ 40 മീററർ വരെ | 931 | 32 |
| 3. 40 മുതൽ 80 മീററർ വരെ | 500 | 17 |
| 4. 80 മീററിന് മുകളിൽ | 88 | 3 |
| ആകെ | 2918 | 100 |

20 മീററിൽ താഴെ

തെക്കുപടിഞ്ഞാറു മുതൽ തുടങ്ങി വടക്കുകിഴക്കുഭാഗം വരെ ശരാശരി 500 മീററർ വിസ്തൃതിയിൽ കാണുന്ന പ്രദേശങ്ങളാണിവ. പുത്തൂർ മൈലംകുളം വാർഡിന്റെ തെക്കു പടിഞ്ഞാറ്, പടിഞ്ഞാറ്, ആററുവാശ്ശേരിയുടെ പടിഞ്ഞാറും, തെക്കും, വടക്കും ഭാഗങ്ങളും, താഴത്തുകുളക്കട വാർഡിന്റെ സിംഹഭാഗവും കററ വാർഡിന്റെ തെക്കുവശം, തേവലകടവ് ഏററുകുളക്കട റോഡിന്റെ വടക്കു കിഴക്കു വശങ്ങളും, അന്തമൺ മുഴിത്തോടിന്റെ പടിഞ്ഞാറുവശം എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. ആകെ വിസ്തൃതിയുടെ 48% ഈ മേഖലയിലാണ്.

20 മുതൽ 40 വരെ

വിസ്തൃതിയിൽ രണ്ടാം സ്ഥാനം വരുന്ന ഈ ഭൂവിഭാഗം താഴ്വരകളോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളാണ്. തെക്കുപടിഞ്ഞാറൻ പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ എല്ലാ സ്ഥലങ്ങളിലും ഈ പ്രദേശം കാണുന്നു. ഇവിടെ മിശ്രവിളകളായ തെങ്ങ്, വാഴ, മരച്ചീനി തുടങ്ങിയ കൃഷികൾ ചെയ്യുവരുന്നു. റബ്ബറും കൃഷിചെയ്യുവരുന്നുണ്ട്. 32 % പ്രദേശങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു.

40 മുതൽ 80 വരെ

പഞ്ചായത്തിന്റെ തെക്കു കിഴക്ക് പ്രദേശങ്ങളാണ് കൂടുതലായും ഈ വിഭാഗത്തിൽപ്പെടുന്നത്. പുത്തൂർ മൈലംകുളം വാർഡിന്റെ വടക്കു കിഴക്കൻ ഭാഗങ്ങളും മാവടി തെക്കുഭാഗവും, പൂവററൂർ പടിഞ്ഞാററിന് വടക്കുകിഴക്കൻ ഭാഗങ്ങളും ഈ മേഖലയിൽപ്പെടുന്നു. പൂവററൂർ കിഴക്കിന് വടക്കു ഭാഗവും ലക്ഷം വീട് ജംഗ്ഷനുപടിഞ്ഞാറുഭാഗവും ഈ വിഭാഗത്തിൽപ്പെടുന്നു. പ്രധാന വിള റബ്ബറാണ്. മണ്ണും, ചരലും ഇടകലർന്ന ലാററൈററ് മണ്ണാണ് കാണപ്പെടുന്നത്. വിസ്തൃതിയുടെ 17 % ഇതിൽപ്പെടുന്നു.

80 മീററിനു മുകളിൽ

മൈലംകുളം വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കലയപുരത്തിന് തെക്ക് പടിഞ്ഞാറ് ഭാഗങ്ങളും. ഇവിടെ മിശ്രിത മരങ്ങളും, ചരിവുകളിൽ

റബ്ബറും കൃഷി ചെയ്യുന്നു. പെരുങ്കുളം, കോളനി വാർഡ്, വെണ്ടാർ വാർഡ് എന്നിവിടങ്ങളിൽ ധാരാളം പാറകൾ കാണുന്നു. ഈ മേഖല പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 3 % വരുന്നു.

## കാലാവസ്ഥ

താപനില, മർദ്ദം, മഴ, കാററ് എന്നീ കാലാവസ്ഥയുടെ ഘടകങ്ങൾ പരിസ്ഥിതിയെ സ്വാധീനിക്കുന്നു. കാലാവസ്ഥയ്ക്ക് അനുസരിച്ച് ഭൂവിനിയോഗ രീതികളിലും, കൃഷിരീതികളിലും പ്രദേശത്തിന്റെ സ്ഥാനത്തിനനുസരിച്ച് മാററം ഉണ്ടാകുന്നു.

തെക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ മേഖലയിലാണ് കുളക്കട പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പ്രാദേശികമായി വലിയ വ്യത്യാസങ്ങൾ കാലാവസ്ഥയിൽ ഇവിടെ അനുഭവപ്പെടുന്നില്ല. കൊല്ലം ജില്ലയിൽ വർഷത്തിൽ 2750 മില്ലിമീററർ മഴ പെയ്യുന്നുണ്ട്. ജില്ലയിലെ വർഷപാതത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെകൊടുക്കുന്നു.

(Land Resource of Kerala)

| വർഷം | വാർഷിക വർഷപാതം (മില്ലിമീററിൽ) |
|---|---|
| 1989 — 90 | 2559 |
| 1990 — 91 | 2745 |
| 1991 — 92 | 2430 |
| 1992 — 93 | 3265 |

ഈ കാലയളവിൽ 92–93 ലാണ് ഏററവും കൂടുതൽ മഴലഭിച്ചത്. (3265 മി: മീററർ) മഴയുടെ ലഭ്യത ഏററവും കുറഞ്ഞത് 91–92 ലാണ്. (2430 മി: മീററർ)

1990 മുതൽ 93 വരെ വിവിധ കാലയളവുകളിൽ ലഭിച്ച മഴയുടെ അളവ് താഴെ കൊടുക്കുന്നു.

| വർഷം | തെക്ക പടിഞ്ഞാറൻ മൺസൂൺ കാലം | വടക്ക കിഴക്കൻ മൺസൂൺകാലം |
|---|---|---|
| 1990 | 814 | 585 |
| 1991 | 1879 | 704 |
| 1992 | 1435 | 1418 |
| 1993 | 1363 | 1008 |

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലയളവിലാണ് ജില്ലയിൽ കൂടുതൽ മഴലഭിച്ചത്. ഏററവും കുറവ് 1990 ലാണ്. വടക്കകിഴക്കൻ മൺസൂൺകാലം ശുഷ്ക്കമെങ്കിലും 1993 ൽ 1008 മി: മീ: മഴ ലഭിച്ചിട്ടുണ്ട്.

(ചിത്രം 1 നോക്കുക)

## താപനിലയും വർഷപാതവും




ചിത്രം-1

കാലാവസ്ഥയുടെ മറ്റൊരു പ്രധാന ഘടകമാണ് ഊഷ്മാവ്. ഊഷ്മാവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാലാവസ്ഥയെ വലിയ അളവിൽ സ്വാധീനിക്കുന്നു. 1990 മുതൽ 1993 വരെയുള്ള ശരാശരി കൂടിയ താപനിലയും കുറഞ്ഞ താപനിലയും പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു

**ശരാശരി വാർഷിക താപനില ഡിഗ്രി സെൽഷ്യസിൽ**

| വർഷം | കൂടിയ താപനില | കുറഞ്ഞ താപനില |
|---|---|---|
| 1990 | 36.7 | 19.8 |
| 1991 | 36.6 | 20.5 |
| 1992 | 38.5 | 19.8 |
| 1993 | 36.7 | 19.6 |

**ജലവിഭവങ്ങൾ**

പഞ്ചായത്തിലെ പ്രധാന ജല സ്രോതസ്സുകൾ എല്ലാംതന്നെ മഴയുടെ ലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്. പഞ്ചായത്തിൽ ജൂലൈ മാസത്തിലാണ് സാധാരണയായി കൂടുതൽ മഴ ലഭിക്കുന്നത്, കുറവ് ജനുവരി മാസത്തിലാണ്. തോടുകൾ, കുളങ്ങൾ എന്നീ ഉപരിതല ജലസ്രോതസ്സുകളിൽ കൂടിയും, കിണറുകൾ, നീരുറവ എന്നീ അന്തർ ജലസ്രോതസ്സുകളിൽ കൂടിയും ജലം ലഭിക്കുന്നുണ്ട്.

വെട്ടിക്കവല ബ്ലോക്കിൽ വർഷം തോറും
(ഭൂപടം 5 കാണുക)

റീ ചാർജ്ജുചെയ്യുന്ന ജലത്തിന്റെ അളവ് 38.15 മില്ല്യൺ ക്യൂബിക് മീറ്ററാണ്. അതിൽ കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നജലം 30.52 mcm. ആണെങ്കിലും ബാക്കി 22,75 mcm. ജലം ഇവിടെ ബാക്കി കാണുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുത്ഭവിച്ച് കല്ലട ആറിൽ ചെന്നുചേരുന്ന പ്രധാനപ്പെട്ട തോടുകളുടെ പേരും അവയുടെ നീളവും താഴെ കൊടുക്കുന്നു.

(CESS REPORT)

| | തോടുകൾ | നീളം (കിലോമീറ്ററിൽ) |
|---|---|---|
| 1 | അന്തമൺ മുഴിതോട് | 8.00 |
| 2 | തോട്ടുമുത്ത് ഏലാതോട് | 3.50 |
| 3 | തെങ്ങമൺ ഏലാതോട് | .75 |
| 4 | ശാസ്തമംഗലം ഏലാതോട് | 2,25 |
| 5 | അഞ്ചുകുളം ഏലാതോട് | 2,25 |
| 6 | വലിയതോട് | 6.00 |
| 7 | മറ്റുകീഴക്കുള്ള ചെറിയതോടുകൾ | 2,75 |
| | ആകെ | 25,5 കി മീ, |


ചിത്രം. 5
കുളക്കട പഞ്ചായത്ത്
തോടുകളും നീർമറിപ്രദേശങ്ങളും
NTS
500 0 500 1000 1500
76° 43'
76° 45'
9° 5'
9° 3'
പഞ്ചായത്ത് അതിര്
തോടുകൾ
നീർമറിപ്രദേശങ്ങളുടെ അതിര്
6. വലിയ തോട്
അവലംബം. PRM, CESS

തോടുകളുടെ ആകെ നീളം 26.5 കി. മീററാണ്. ഇതു കൂടാതെ കല്ലടയാർ പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി 12.44 കിലോമീററർ നീളത്തിൽ ഒഴുകുന്നു. കൃഷിക്കുവേണ്ടി ജലം ലഭ്യമാക്കുന്ന കനാലുകളും ഇവിടെ ഉണ്ട്. കനാലിന്റെ ആകെ നീളം 18.72 കിലോമീററാണ്. ഓരോ പ്രധാനതോടുകളെയും ഓരോ നീർമറി പ്രദേശങ്ങളായി തിരിക്കാവുന്നതാണ്. പ്രധാനപ്പെട്ട നീർമറി പ്രദേശങ്ങളും അവയുടെ വിസ്തൃതിയും അവയിൽപ്പെടുന്ന ഭൂരൂപങ്ങളുടെ വിസ്തൃതിയും പട്ടികാരൂപത്തിൽ താഴെ കൊടുക്കുന്നു.

**നീർമറി പ്രദേശങ്ങളും അവയുടെ വിസ്തീർണ്ണവും** (CESS REPORT)

| | നീർമറി പ്രദേശങ്ങളുടെ പേര് | ഭൂരൂപങ്ങൾ (വിസ്തീർണ്ണം ഹെക്ടറിൽ) | | | | | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|---|---|---|---|
| | | കുന്നിൻമുകം | ചരിവുകൂടിയ പ്രദേശങ്ങൾ | ഇടത്തരം ചരിവുള്ള പ്രദേശം | സമതലങ്ങൾ | താഴ്വരകൾ | |
| 1 | അന്തമൺ മുഴിത്തോട് | 81 | 114 | 196 | — | 146 | 537 |
| 2 | തോട്ടുമുത്ത് ഏലാതോട് | 34 | 32 | 138 | — | 92 | 296 |
| 3 | ശാസ്തമംഗലം അഞ്ചുകുളം ഏലാതോട് | 34 | 204 | 29 | 87 | 189 | 543 |
| 4 | വലിയതോട് | 56 | 81 | 282 | 134 | 353 | 906 |

ഇതിൽ ഏററവും വലിയ നീർമറി പ്രദേശമുള്ളത് വലിയ തോടിനാണ്. ഇവിടത്തെ തോടുകൾ ശരിയായ രീതിയിൽ സംരക്ഷിച്ചാൽ പഞ്ചായത്തിനാവശ്യമായ ജലം ഈ തോടുകളിൽ നിന്ന് തന്നെ ലഭ്യമാവുന്നതാണ്.

കുളങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് കുളക്കട പഞ്ചായത്ത്. ചെറുതും വലുതുമായ 40 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ 25 എണ്ണത്തിൽ എല്ലാക്കാലത്തും ജലം ലഭിക്കുന്നു. 16 എണ്ണത്തിൽ വേനൽകാലത്ത് ജലം വററിപ്പോകാറുണ്ട്. ഇവയിൽ 75 % ത്തോളം കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കാതെ കിടക്കുകയാണ്. പാർശ്വഭിത്തി കെട്ടാത്തതു കാരണം മിക്ക കുളങ്ങളുടെയും വിസ്തീർണ്ണം കുറഞ്ഞുവരുന്നു. കുളങ്ങളും അവ ഏതെല്ലു വാർഡുകളിൽ സ്ഥിതി ചെയ്യുന്നു എന്നും താഴെ കൊടുക്കുന്നു.

# കുളങ്ങളുടെ വിവരണം

| വാർഡ് നമ്പർ | വാർഡിൻെറ പേര് | കുളങ്ങളുടെ പേരുവിവരം | |
|---|---|---|---|
| I | കുളക്കട കിഴക്ക് | 1 കൃഷ്ണനിവാസ് കുളം | (P) |
| II | കാററ | 2 അരിയൻചിറ | (P) |
| | | 3 നെയ്തല്ലൂർകുളം | (S) |
| | | 4 പാലത്തടത്തിൽകുളം | (S) |
| III | ഏററുകുളക്കട | 5 കാരുവേലിക്കഴി കുളം | (P) |
| | | 6 കുളക്കോട്ടുകുളം | (P) |
| | | 7 കാരക്കോട്ടുകുളം | (S) |
| IV | കോളനി | 8 തൂവേരിക്കോണത്തുകുളം | (S) |
| | | 9 സീയോൻകുന്ന് കുളം | (P) |
| V | പൂവററൂർ കിഴക്ക് | 10 പരപ്പാട്ടഴികത്തു കുളം | (S) |
| | | 11 കടവറകോട്ടുകുളം | (P) |
| | | 12 പുലിയൂർപ്പള്ളി കുളം | (S) |
| | | 13 കല്ലോമൺ മഠത്തിൽ കുളം | (S) |
| | | 14 കൊയ്പ്പള്ളി കുളം | (P) |
| VI | പെരുംകുളം | 15 കണ്ടംപൊയ്ക കുളം | (P) |
| | | 16 മഠത്തിൽ കുളം | (P) |
| | | 17 പുലിയൂർ കുളം | (P) |
| | | 18 മാവേലികുളം | (P) |
| | | 19 പൂവൻകോണം കുളം | (P) |
| VII | വെണ്ടാർ | 20 വെണ്ടാർ ചിറ | (P) |
| | | 21 കമ്പുക്കോട്ടുകുളം | (P) |
| | | 22 മൈനാഗപ്പള്ളി കുളം | (S) |
| | | 23 മണ്ണാപ്പറമ്പിൽകുളം | (P) |
| VIII | പൂവററൂർ പടിഞ്ഞാറ് | 24 നെടുങ്ങോട്ടുകുളം | (P) |
| | | 25 കവുക്കോട്ടു കുളം | (P) |
| | | 26 കരുവാക്കുളം | (P) |
| | | 27 കിടങ്ങാപ്പള്ളി കുളം | (P) |
| | | 28 മണ്ണൂക്കഴി കുളം | (P) |
| | | 29 ക്ഷേത്രക്കുളം | (P) |
| IX | മാവടി | 30 മാവടി ചിറ | (S) |
| | | 31 പാലയിൽ കുളം | (S) |
| | | 32 കണ്ടമംഗലത്തുചിറ | (S) |
| X | പുത്തൂർ മൈലംകുളം | 33 കൊമളത്തുചിറ | (P) |
| | | 34 കതിരേശൻകുന്നു കുളം | (P) |
| | | 36 കണിയാപൊയ്ക ചിറ | (P) |
| XI | ആററുവശ്ശേരി | 36 കമ്പഴ ചിറ | (P) |
| | | 37 രുധിരഭയങ്കരി ചിറ | (S) |
| | | 38 പൊട്ടൻകുളം | (S) |
| | | 39 പ്ലാങ്കുളം | (S) |
| XII | താഴത്തുകുളക്കട | 40 തോണ്ടലിൽ കുളം | (S) |

(P) – വററാത്ത കുളം

(S) – വററുന്ന കുളം

| ഭൂരൂപങ്ങൾ | വിസ്തീർണ്ണം (ഹെ) | ഉപരിതല മണ്ണ് | ജല ലഭ്യത | മണ്ണൊലിപ്പ് | ഭൂവിനിയോഗം | പാരിസ്ഥിതിക പ്രശ്നം | ആസൂത്രണ പ്രകാരം ഭൂവിനിയോഗ രീതികൾ | സംരക്ഷണ നടപടികൾ |
|---|---|---|---|---|---|---|---|---|
| 1. കുന്നിൻമുകൾ | 237 | ലാറ്ററൈറ്റ്, പാറ | വളരെ കുറവ് | കുറവ് | മരച്ചീനി, കശുമാവ്, വാഴ, കവുങ്ങ്, റബ്ബർ, കശുമാവ് | ഉപരിതല മണ്ണിന്റെ ഘനം കുറവുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പിന് സാദ്ധ്യതയുണ്ട്<br>മണ്ണൊലിപ്പ് | മരച്ചീനി, വാഴ ഇവ ഒഴിവാക്കുക കശുമാവ്, മാവ്, പ്ലാവ് ഇവ തുടരാവുന്നതാണ് | മണ്ണിന് ഘനം കുറവുള്ള പ്രദേശങ്ങളിൽ മണ്ണ് നിലനിറുത്തുന്നതിനുള്ള പടർന്ന് വേരുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുക<br>കോണ്ടൂർ ബണ്ടിംഗ് നടപ്പിലാക്കുക, ഹ്രസ്വകാല വിളകൾ കൃഷി ചെയ്യാതിരിക്കുക |
| 2. ചെരിവുകൂടിയ പ്രദേശങ്ങൾ | 398 | ലാറ്ററൈറ്റ്, പാറ | താരതമ്യേന കുറവ് | തീവ്രം, ചില ഭാഗങ്ങളിൽ | കശുമാവ്, തെങ്ങ്, റബ്ബർ, മിശ്രിത മരങ്ങൾ | മണ്ണൊലിപ്പ് ഉണ്ടാകുന്നു | റബ്ബർ, തെങ്ങ്, കശുമാവ് തുടങ്ങിയ വേരുറപ്പുള്ള മരങ്ങൾ തുടരാവുന്നതാണ് | മൺകയ്യാല കെട്ടുക ജൈവ വൈവിദ്ധ്യം നിലനിറുത്തുന്നതിനും മണ്ണുസംരക്ഷണത്തിനും സഹായിക്കുന്ന ചെടികൾ (ചിത്തരത്ത, കോലിഞ്ചി, രാമച്ചം, സുബാബുൾ, പുല്ലു വർഗങ്ങൾ) കൃഷി ചെയ്യുക |
| 3. ഇടത്തരം ചെരിവുള്ള പ്രദേശങ്ങൾ | 873 | ലാറ്ററൈറ്റ് | മിതമായി ലഭിക്കുന്നു | ചില പ്രദേശങ്ങളിൽ | റബ്ബർ, തെങ്ങ്, വാഴ, കമുക്, കശുമാവ്, മുളക്, പൈനാപ്പിൾ, മരച്ചീനി, മാവ്, പ്ലാവ് | കല്ലട ആറിൽ വെള്ളം കൂടുന്നസമയത്ത് സമതലങ്ങളുടെ വക്കുകൾ ഇടിയുന്നു കൃഷി നശിക്കുന്നു | ഹ്രസ്വകാല വിളകൾ ഒഴിവാക്കുക | സമതലങ്ങളുടെ വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടുക. കൂടാതെ മുളകൾ ഈറ എന്നിവ വച്ചുപിടിപ്പിക്കുക |
| 4. സമതലങ്ങൾ | 301 | എക്കൽമണ്ണും ലാറ്ററൈറ്റും | മിതമായി ലഭിക്കുന്നു | വളരെ കുറവ് | റബ്ബർ, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയവ | 1. പാടം നികത്തുന്നു<br>2. ആറ്റുവശത്തിരുന്ന തെങ്ങുകളും മറ്റും, തെങ്ങും പുഴപ്രദേശങ്ങളിൽ കളിമണ്ണ് വൻതോതിൽ കുഴിച്ചെടുക്കുന്നു<br>3. ആറ്റിൽ നിന്നും മണൽ വാരുന്നു<br>4. ആറ്റിൻ തീരങ്ങൾ ഇടിയുന്നു | മുളകൾ, ഈറ, തായ്‌വേര് ഉള്ള വിളകൾ വച്ചുപിടിപ്പിക്കുക. വശങ്ങളിൽ തെങ്ങ് ഒഴിവാക്കുക | കളിമണ്ണു ഖനനം നിയമംമൂലം തടയുക ബോധവൽക്കരണം നടത്തുക വേനൽക്കാലത്ത് മണൽ വാരൽ കർശനമായി തടയുക, തീരങ്ങൾ ഇടിയാതിരിക്കാൻ അക്രാസ്സിക്കംഒറിയ, സെർബറാ ഓടല്ലം തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കണ്ടൽച്ചെടികളും, മുള ഈറ തുടങ്ങിയ ചെടികൾ ആറ്റിൻതീരത്ത് വച്ചുപിടിപ്പിക്കുക |
| 5. താഴ്‌വരകൾ നദീതീരങ്ങളും | 1109 | കളിമണ്ണും എക്കൽ മണ്ണും, മണലും | താരതമ്യേന കൂടുതൽ | ഇല്ല | നെല്ല്, വാഴ, ഇഞ്ചി, പയറ്— കപ്പ, മൂന്നാംവിള കൃഷി, പച്ചക്കറി കൃഷി | 5. വെള്ളപ്പൊക്കമുണ്ടാകുന്നു<br>6. പാടം നികത്തുന്നതുകൊണ്ടും കുഴി കുന്നതുകൊണ്ടും ജലം നിറുത്താനുള്ള കഴിവ് നഷ്ടപ്പെടുന്നു | മൂന്നാംവിളയായി പയർ, ഉഴുന്ന് മറ്റു ധാന്യങ്ങൾ കൃഷി ചെയ്യുക. | |

★ഉള്ള തോടുകളെയും കുളങ്ങളെയും സംരക്ഷിക്കുകയും നികത്താതിരിക്കുക താഴ്ന്നുകളുടെ ബണ്ടിന്റെ തീർപ്പ് പ്രവർത്തനക്ഷമമാക്കുക

തോടുകൾ, കുളങ്ങൾ എന്നിവയ്ക്കു പുറമേ പ്രധാനപ്പെട്ട മറ്റൊരു ജല സ്രോതസ്സാണ് കിണറുകൾ. സന്നദ്ധ സേവകരുടെ സർവ്വേ പ്രകാരം പഞ്ചായത്തിൽ ആകെ 4500 കിണറുകൾ ഉണ്ട്. അതിൽ 2815 കിണറുകളിൽ എല്ലാക്കാലത്തും ജലം ലഭിക്കുന്നുണ്ട്. 1685 കിണറുകൾ വേനൽക്കാലത്ത് വററിപ്പോകുന്നവയാണ്. ഏററവും കൂടുതൽ ജലം വററിപ്പോകുന്ന വാർഡുകൾ ഏററുകുളക്കട, ആററുവാശ്ശേരി, താഴത്തുകുളക്കട, കററ, കുളക്കട കിഴക്ക് എന്നിവയാണ്. ഈ പ്രദേശങ്ങൾ എല്ലാം തന്നെ കല്ലട ആറിന് സമീപത്തുള്ളവയാണ്. കല്ലട ആററിൽ നിന്നും വൻതോതിൽ മണൽ വാരുന്നതുകൊണ്ടും പാടങ്ങൾ കളിമണ്ണ് ഖനനത്തിനുപയോഗിക്കുന്നതുകൊണ്ടും അവിടുത്തെ ജലപീഠം (water table) വളരെ താഴ്ന്നുപോകുന്നു. ഉപേക്ഷിക്കപ്പെട്ട കുഴികൾ മീൻവളർത്തലിനും ഉപയോഗിക്കാവുന്നതാണ്.

കിണറുകൾ ഏററവും കൂടുതൽ ഉള്ളത് മൂന്നാം വാർഡിലാണ്. 808 കിണറുകൾ. അതിൽ 250 ഓളം കിണറുകൾ വേനൽക്കാലത്ത് വററിപ്പോകുന്നു. 6–ാം വാർഡിലാണ് ഏററവും കുറവ് കിണറുകൾ കാണുന്നത്, 135 കിണറുകൾ. കിണറുകളിലേററവും കൂടുതൽ ജലം കാണുന്നത് 7–ാം വാർഡിലാണ്. ഇവിടെ 43 ഓളം കിണറുകളിൽ 2 മുതൽ 4 മീററർ വരെ ജലം കാണുന്നു. കിണറുകളിൽ വളരെക്കുറച്ച് ജലം ലഭിക്കുന്നത് 8–ാം വാർഡിലാണ്. അവിടെ 88 ഓളം കിണറുകളിൽ അര മീററിൽ താഴെ ജലം മാത്രമേ കിട്ടുന്നുള്ളൂ. എന്നാൽ മഴക്കാലത്ത് കല്ലടയാററിൽവെള്ളംകൂടുന്നതനുസരിച്ച് കല്ലട ആറുമായി ചുററപ്പെട്ട പ്രദേശങ്ങളിൽ വൻതോതിൽ വെള്ളപ്പൊക്കവും കൃഷിനാശവും ആററിൻെറ തീരം ഇടിഞ്ഞ് ഭൂമി വിസ്തൃതിയുടെ കുറവും ഉണ്ടാകുന്നു.

**മണ്ണ്**

ജൈവാംശമുള്ള ഫലഭൂയിഷ്ഠമായ മണ്ണുകൊണ്ട് സമ്പുഷ്ടമാണ് കുളക്കട പഞ്ചായത്ത്. നദീതീരങ്ങളിൽ നദീതീര എക്കൽമണ്ണ് കുന്നിൻ പ്രദേശങ്ങളിലും ചെരിവുകളിലും ചരലും മണ്ണും അടങ്ങിയ ലാററൈററു മണ്ണും കാണുന്നു.

**കളിമണ്ണ്**

പൂവററൂർകിഴക്ക്, ഏററുകുളക്കട, കുളക്കട–കിഴക്ക്, കററ, താഴത്തുകുളക്കട, ആററുവാശ്ശേരി എന്നീ വാർഡുകളിൽ ആററിൻതീരവുമായി അടുത്തുകിടക്കുന്ന പാടങ്ങളിൽ വലിയ കളിമണ്ണ് ശേഖരങ്ങൾ ഉണ്ട്. കളിമണ്ണ് ഖനനത്തിനു വേണ്ടി പാടശേഖരങ്ങൾ കൂടുതലായും കളിമൺ ഖനികളായിമാറുന്ന പ്രവണത കൂടിയിട്ടുണ്ട്. കൃഷിക്ക് ചെലവേറിയതും, മണ്ണുവില്പന അമിത ലാഭവും ആയതുകൊണ്ട് ഇവ നിർബാധം തുടരുന്നു. ഇവ നിയന്ത്രിച്ചില്ലെങ്കിൽ ഭാവിയിൽ വൻ ജല ദൗർലഭ്യം അനുഭവപ്പെടും. ഈ പ്രദേശങ്ങളിൽ 12–ാം വാർഡിലെ സർവ്വേ നമ്പർ 472, 473, 476 എന്നീ പ്രദേശങ്ങളിലും ആററുവാശ്ശേരി വാർഡിലും കളിമണ്ണ് ഖനനം നടന്നു കഴിഞ്ഞ വലിയ കുഴികൾ കാണുന്നു.

**മണൽ**

കല്ലട ആററിൽ വൻ തോതിൽ മണൽ ഖനനം നടന്നുകൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് മണൽ വാരലിൻെറ അളവ് കൂടുതലായതിനാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലം വററിപ്പോകുന്നു. കൂടാതെ സമീപ പ്രദേശങ്ങളിലെ കരകൾ ഇടിഞ്ഞ് ആററിലേക്ക് വീഴുന്നു.

**പാറകൾ**

കോളണി, പെരുങ്കുളം, വെണ്ടാർ, മൈലംകുളം എന്നീ വാർഡുകളിൽ നല്ല തോതിൽ ചൂഷണം ചെയ്യപ്പെടാത്ത പാറകൾ കാണുന്നു.

**അവലംബം :** കൃഷിഭവൻ രേഖകൾ

| മണ്ണിൻെറ തരം | വിസ്തീർണ്ണം |
|---|---|
| ലാററൈററ് | 1137 ഹെക്ടർ |
| ലോമിമണ്ണ് | 210 ,, |
| കളിമണ്ണ് | 30 ,, |
| മണൽ | 10 ,, |

**ഭൂവിനിയോഗം**

പഞ്ചായത്തിലെ ഭൂമി ഏതെല്ലാം തരത്തിലുള്ള കൃഷിക്ക് ഉപയോഗിച്ചിരിക്കുന്നുവെന്ന് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

(ചിത്രം 2 കാണുക)

## ഭൂവിനിയോഗം




ചിത്രം 2

(CESS Report)

| വിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|
| 1. മിശ്രിതകൃഷി | 904 | 31 |
| 2. റബ്ബർ | 807 | 28 |
| 3. മിശ്രിതമരങ്ങൾ | 503 | 17 |
| 4. നെല്ല് (വിരിപ്പ്, മുണ്ടകൻ) | 431 | 14 |
| 5. തെങ്ങ് | 147 | 5 |
| 6. കൃഷി ചെയ്യാത്ത കൃഷിക്ക് അനുയോജ്യമായ ഭൂമി | 118 | 4 |
| 7. മററുള്ളവ (മരച്ചീനി, വാഴ, കുരുമുളക്, കശുമാവ്, പന മുതലായവ) | 8 | 1 |
| ആകെ | 2918 | 100 |

### ഭൂവിനിയോഗം

റബ്ബറാണ് പഞ്ചായത്തിൽ ഏററവും കൂടുതൽ പ്രദേശത്ത് കൃഷിചെയ്യുന്ന ഒററവിള. ഇത് ആകെ ഭൂവിസ്തൃതിയുടെ 23 % ആണ്. താഴ്‌വരകളിൽ ഒഴികെ ഏതാണ്ട് എല്ലാഭാഗങ്ങളിലും റബ്ബർ കൃഷി ചെയ്തു വരുന്നു. കൂടുതലും ചരിവു പ്രദേശങ്ങളിലാണ് കാണുന്നത്.

തെങ്ങ്, വാഴ, മരച്ചീനി, മുരിങ്ങ, ചേന, ചേമ്പ്, പൈനാപ്പിൾ, പയർവർഗ്ഗങ്ങൾ, ഇഞ്ചി തുടങ്ങി വീടുകളോടനുബന്ധിച്ച് സാധാരണ കാണുന്ന മിശ്രിത രീതിയിലുള്ള വിളകളാണ് മിശ്രിത വിളകൾ. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ ഏകദേശം 31 % വരുന്നു.

### നെല്ല്

രണ്ട് പൂ കൃഷിയാണ് (വിരിപ്പ്, മുണ്ടകൻ) ഇവിടെ ചെയ്തുവരുന്നത്. നെൽകൃഷിക്ക് അനുയോജ്യമായ മണ്ണ് ധാരാളം കാണുന്നതിനാൽ മററ് സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് ഉല്പാദനം കൂടുതലാണ്. എന്നാൽ കല്ലടയാററിൽ വെള്ളം കരകവിയുമ്പോൾ പാടശേഖരങ്ങളിലെ കൃഷി നശിക്കുന്നു. ആകെ വിസ്തൃതിയുടെ 14 % നെൽകൃഷിയാണ്.

### തെങ്ങ്

നദീതീരങ്ങളിൽ കൂടാതെ സമതലങ്ങളിലും ചെരിവു പ്രദേശങ്ങളിലും തെങ്ങ് കൃഷി ചെയ്തുവരുന്നു. ആകെ വിസ്തൃതിയുടെ 5 % തെങ്ങുകൃഷിയാണിവിടുള്ളത്.

### കൃഷി ചെയ്യാത്ത ഭൂമി

കൃഷിക്ക് അനുയോജ്യമായ കൃഷി ചെയ്യാത്ത ഭൂമി ഏകദേശം 4 % ഓളം വിസ്തീർണ്ണം വരുന്നു.

ഇവ കൂടാതെ ധാന്യങ്ങൾ, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ്, മാവ്, തേക്ക് എന്നിവയും കൃഷി ചെയ്തുവരുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ ഭൂരൂപങ്ങളും അവയിലെ നിലവിലുള്ള കൃഷിരീതികളും മണ്ണൊലിപ്പ്, പരിസ്ഥിതി പ്രശ്നങ്ങൾ, ആശാസ്യമായ ഭൂവിനിയോഗ രീതികൾ, സംരക്ഷണ നടപടികൾ എന്നിവയെ കുറിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### മനുഷ്യവിഭവം

പ്രാദേശികാസൂത്രണത്തിന് പ്രകൃതി വിഭവം പോലെതന്നെ പ്രധാനമാണ് മനുഷ്യവിഭവവും. കുളക്കട പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 29.18 ച: കിലോമീററർ ആണ്. 1991-ലെ കാനേഷുമാരി സർവ്വേ പ്രകാരം ആകെ ജനസംഖ്യ 30440 ആണ്. ഇതനുസരിച്ച് ശരാശരി ഒരു ചതുരശ്ര കിലോമീററർ സ്ഥലത്ത് 1043 ജനങ്ങൾ വസിക്കുന്നു.

**ജനസംഖ്യ**

| ജനസംഖ്യ | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| 30440 | 14738 | 15702 |

**പട്ടികജാതി / പട്ടികവർഗ്ഗം**

| പട്ടികജാതി | | പട്ടിക വർഗ്ഗം | |
|---|---|---|---|
| പു: | സ്ത്രീ: | പു: | സ്ത്രീ: |
| 2364 | 2501 | 1 | — |

**സാക്ഷരത**

| പു | | സ്ത്രീ | | സാക്ഷരത |
|---|---|---|---|---|
| 12636 | 86 % | 12718 | 81 % | 83% |

എന്നാൽ 1990-91 ലെ സമ്പൂർണ്ണ സാക്ഷരതാപദ്ധതി (അക്ഷര കേരളം) ഒന്നാംഘട്ടം പൂർത്തിയാക്കി 1991 ഏപ്രിൽ 18 ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചപ്പോൾ ഇവിടത്തെ സാക്ഷരത 92.8% ആയി. ഇത് 5 വയസിന് മേൽ പ്രായമുള്ളവരെ ആധാരമാക്കി കണക്കാക്കിയതാണ്. (അവലംബം : പഞ്ചായത്തുരേഖകൾ. സാക്ഷരത ഒന്നാംഘട്ടം)

സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം. ഇത് നിഴലിക്കത്തക്ക വിധത്തിലാകണം തുടർന്നുള്ള ചർച്ചകൾ. നമ്മുടെ പഞ്ചായത്തിനെ ഒരു യൂണിറ്റായി കാണണം. അവികസിത പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കണം. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന ജനവിഭാഗങ്ങൾക്ക് നീതി ലഭിക്കുക എന്നതു ലക്ഷ്യമാക്കണം. വിഭവപരിമിതി കൊണ്ടാണ് ആസൂത്രണം ആവശ്യമായി വരുന്നത്. പരിമിതമായ വിഭവങ്ങൾ, പരമാവധി പ്രയോജനം പാവപ്പെട്ടവർക്ക് എന്നതാണ് ആസൂത്രണത്തിന്റെ ലക്ഷ്യം. എല്ലാ പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരം എന്ന തോന്നൽ നമുക്കുണ്ടാകരുത്. ഒന്നും നടക്കുകയില്ല എന്ന നിസ്സംഗതയും അരുത്. വിശാലമായ കാഴ്ചപ്പാടോടെ ചർച്ചയിൽ പങ്കെടുക്കണം. സമഗ്രമായ ചർച്ചയ്ക്കായി ഗ്രൂപ്പു തിരിച്ചുള്ള റിപ്പോർട്ടുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ചർച്ചയിൽ എല്ലാവരുടെയും സജീവ പങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഒന്നാം ഘട്ട ശില്പശാല

14-9-1996 L P S മാവടി

| | |
|---|---|
| പങ്കാളിത്തം | 89 |
| പുരുഷന്മാർ | 74 |
| സ്ത്രീകൾ | 15 |

### ഗ്രാമസഭകൾ

| വാർഡ് | തീയതി | സ്ഥലം | ഹാജർ സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|---|
| I | 6—10—96 | ബഥേൽ MTLPS | 38 | 132 | 170 |
| II | 5—10—96 | WLPS കറ്റ | 21 | 88 | 109 |
| III | 2—10—96 | VHSS കുളക്കട | 30 | 115 | 145 |
| IV | 12—10—96 | WLPS പുത്തൂർമുക്ക് | 58 | 90 | 148 |
| V | 28—9—96 | സെന്റ് തെരേസാസ് UPS കലയപുരം | 45 | 92 | 137 |
| VI | 6—10—96 | NSS കരയോഗമന്ദിരം പെരുംകുളം | 37 | 154 | 191 |
| VII | 2—10 96 | NSSLPS വെണ്ടാർ | 23 | 144 | 167 |
| VIII | 22—9—96 | HS പൂവറ്റൂർ | 32 | 104 | 136 |
| IX | 29—9—96 | LPS മാവടി | 29 | 85 | 114 |
| X | 12—10—96 | ഗവ HS പുത്തൂർ | 35 | 131 | 166 |
| XI | 13—10—96 | NSS LPS ആറ്റുവാശ്ശേരി | 44 | 162 | 206 |
| XII | 13—10—96 | DVUPS താഴത്തുകുളക്കട | 34 | 101 | 135 |
| ആകെ | | | 426 | 1398 | 1824 |

# രണ്ടാംഘട്ട ശില്പശാല

18—11—96 LPS മാവടി

**പങ്കാളിത്തം**

| പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|
| 53 | 15 | 68 |

## വികസന സെമിനാറിന്റെ കാര്യപരിപാടി

| | | |
|---|---|---|
| 9.00 – 9.30 | | രജിസ്ട്രേഷൻ |
| 9.30 – 9.35 | | സ്വാഗതം |
| 9.35 – 9.45 | | അധ്യക്ഷപ്രസംഗം |
| 9.45 – 10.00 | | ഉത്ഘാടന പ്രസംഗം |
| 10.00 – 10.15 | | ആശംസാപ്രസംഗം |
| 10.15 – 10.30 | | സെതാം പദ്ധതി സമീപനം |
| 10.30 – 10.45 | | റിപ്പോർട്ട് അവതരണം |

ഗ്രൂപ്പുതിരിയൽ

| | |
|---|---|
| 11.00 — 3.30 | ഗ്രൂപ്പ് ചർച്ച |
| 3.30 — 4.30 | ചർച്ച ക്രോഡീകരണം |
| 4.30 — 6.00 | പൊതുസഭ<br>ഗ്രൂപ്പ് ചർച്ച റിപ്പോർട്ട്<br>കർമ്മസമിതികളെ നിയോഗിക്കൽ |
| 6.00 | പൊതുയോഗം — കലാപരിപാടികൾ |

**കർമ്മസമിതികളുടെ രൂപീകരണം**

ഓരോ മേഖലയിലും തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള കർമ്മസമിതികൾ രൂപീകരിക്കണം. സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ സ്കീം പ്രൊപ്പോസലുകളായി രൂപപ്പെടുത്തേണ്ട ചുമതലയാണ് ഈ സമിതികൾക്കുള്ളത്. ഓരോ കർമ്മസമിതിയിലും 10–12 പേരാണുണ്ടാവുക. അതത് വകുപ്പുകളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരാണ് ഈ സമിതിയുടെ കൺവീനർമാർ. ഏതെങ്കിലുമൊരു വാർഡുമെമ്പർ ചെയർമാനും ബന്ധപ്പെട്ട വിദഗ്ദൻ വൈസ് ചെയർമാനും പരിശീലകരിലൊരാൾ ജോയിന്റ് കൺവീനറും ആയിരിക്കണം. ഓരോ വിഷയത്തിന്റെയും ഗ്രൂപ്പു ചർച്ചകളിൽ പങ്കെടുത്തവരിൽ നിന്നുമാണ് അംഗങ്ങളെ തെരഞ്ഞെടുക്കുക. നിർദ്ദേശങ്ങൾ സ്കീമുകളും പ്ലാനുകളുമാക്കി മാറ്റുക എന്ന തികച്ചും സാങ്കേതിക പരിജ്ഞാനം ആവശ്യമായ ജോലിയാണ് കർമ്മസമിതികൾക്കുള്ളത് എന്നതുകൊണ്ട് അതിനനുയോജ്യരായവരെയാണ് തെരഞ്ഞെടുക്കേണ്ടുന്നത്.

# I കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

കളക്കട പഞ്ചായത്തിന്റെ കാർഷിക ചരിത്രത്തെപ്പറ്റി ചിന്തിക്കമ്പോൾ ഇൻഡ്യയുടെ ആകെത്തന്നെയുള്ള കാർഷിക ചരിത്ര പശ്ചാത്തലത്തെപ്പററി അല്പം ചിലതു് പരാമർശിക്കുന്നതു് ഉചിതമായിരിക്കും. 1860 മുതൽ 1920 വരെയുള്ള കാലഘട്ടത്തിൽ ഇൻഡ്യയിൽ ഫ്യൂഡൽ വ്യവസ്ഥിതി പടിപടിയായി തകരുന്നതാണു കാണാൻ കഴിഞ്ഞതു്. 1920 മുതൽ 1947 വരെയുള്ള കാലഘട്ടം ഇൻഡ്യൻ ദേശീയതയുടെ സുവർണ്ണ കാലമായിരുന്നു ഗാന്ധിജിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വ്യക്തികളും സംഘടനകളും പല ഗ്രാമീണ പുനരുദ്ധാരണ പദ്ധതികളും നടത്തുകയുണ്ടായി. ഈ ഘട്ടത്തിലും ജന്മി കുടിയാൻ സമ്പ്രദായം ശക്തി കുറഞ്ഞ രീതിയിലാണെങ്കിൽ പോലും നിലനിന്നിരുന്നു. എന്നാൽ അതിനുശേഷമുള്ള മൂന്നാം ഘട്ടത്തിലാണു ഇൻഡ്യയിൽ ഗ്രാമീണ പുനരുദ്ധാരണം ലക്ഷ്യമാക്കി വികസന പദ്ധതികളും പഞ്ചായത്തുരാജ് സംവിധാനവും നിലവിൽ വന്നതു്.

പൊതുവിൽ ഇൻഡ്യയിൽ ഉണ്ടായ മാററങ്ങൾക്കനുസരിച്ച് കേരളത്തിലും മാററങ്ങൾ ഉണ്ടായി. 1956 ൽ കേരളം രൂപം കൊണ്ടതുവരെ നമ്മുടെ പ്രദേശം തിരുവിതാംകൂറിൽ ഉൾപ്പെട്ടതായിരുന്നു. ഈ കാലഘട്ടംവരെ ഇവിടെ ജന്മി-കുടിയാൻ സമ്പ്രദായത്തിലാണു പ്രധാനമായും കൃഷികൾ നടന്നിരുന്നതു്. ഈ കാലഘട്ടത്തിൽ നെല്ല്, മരച്ചീനി, തെങ്ങ്, ചോളം, കൂവരക്, ചാമ, പയർവർഗ്ഗങ്ങൾ, വാഴ, ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, കൂർക്ക മുതലായവയായിരുന്നു കൃഷി ചെയ്തിരുന്നതു്. എല്ലാം കൃഷിയിൽ നിന്നും കുറഞ്ഞ അളവിൽ മാത്രമേ ഉല്പാദനം ഉണ്ടായിരുന്നുള്ളു. തികച്ചും ജൈവ വള പ്രധാനമായ കൃഷിയായിരുന്നു. നെൽകൃഷിയൊഴിച്ചാൽ മററൊരു കൃഷിക്കും ആവശ്യമായ അളവിൽ വളപ്രയോഗം നടത്താറില്ലായിരുന്നു. എല്ലാത്തരം കൃഷിയിലും ഉല്പാദന ക്ഷമത കുറഞ്ഞ ഇനങ്ങളിലായിരുന്നു കൃഷി ചെയ്തിരുന്നതു് ആ സമയത്തു് ഉല്പാദനക്ഷമത കൂടിയ ഇനങ്ങളും രാസവളവും പ്രചാരത്തിലുണ്ടായിരുന്നില്ല.

1953-ൽ പഞ്ചായത്തു് തെരഞ്ഞെടുപ്പു നടക്കുകയും 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിനെ തുടർന്നു് E M S നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രൂപംകൊള്ളുകയും ചെയ്തു. ഇതിനുശേഷമുണ്ടായ ഭൂപരിഷ്കരണനിയമം നടപ്പിലാക്കാൻ തുടങ്ങിയതോടെയാണ് ഈ പഞ്ചായത്തിലെ കാർഷിക രീതികൾക്ക് കാര്യമായ ഒരു മാററം ദൃശ്യമായതു്. വികസന ബ്ലോക്കുകളുടെ ആവിർഭാവവും കൃഷിഭൂമിയുടെ ഉടമസ്ഥതയിലുണ്ടായ മാററവും കാരണം കാർഷികമേഖലയിൽ ചില മാററങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഒപ്പംതന്നെ രാസവളം പ്രചരിക്കാൻ തുടങ്ങിയതോടെ വിളകളുടെ ഉല്പാദന ക്ഷമതയും വർദ്ധിക്കാൻ കാരണമായി. 1960നുശേഷം തെങ്ങ്, നെല്ല് തുടങ്ങിയ വിളകളിൽ കുറേക്കൂടിമെച്ചപ്പെട്ട ഇനങ്ങൾ ഉരുത്തിരിച്ചെടുക്കുകയും രാസവളം കൂടുതൽ പ്രചരിക്കുകയും വികസന ബ്ലോക്കുകളുടെ പ്രവർത്തനഫലമായുണ്ടായ കമ്പോസ്റ്റുവളത്തിന്റെ ഉല്പാദനവും സർവ്വോപരി ജനസംഖ്യാ വർദ്ധനവുമൂലം കാർഷികോല്പന്നങ്ങളുടെ വർദ്ധിച്ച ആവശ്യവും മൂലം കാർഷിക മേഖലയിൽ കുറേക്കൂടി പുരോഗതി ദൃശ്യമായി. ഒപ്പംതന്നെ കൃഷിവകുപ്പു പ്രത്യേകം രൂപവത്കരിക്കപ്പെടുകയും തീവ്ര നെൽകൃഷി വികസനത്തിനായി I P D യൂണിററുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെയൊക്കെ ഫലമായി ഒരുപ്പുനെൽകൃഷി ഇരുപ്പുകൃഷിയായി മാറി. പാടശേഖരങ്ങളിൽ കഴിയുന്നിടത്തെല്ലാം മൂന്നാംവിളക്കാലത്തു് പയർ, എള്ള്, വെററില, ഏത്തവാഴ, പച്ചക്കറി എന്നിവ കൃഷിചെയ്യാൻ തുടങ്ങി. നെൽകൃഷിയിൽ പുതിയ പല ഇനങ്ങളും കണ്ടുപിടിക്കപ്പെടുകയും ഉത്പാദനക്ഷമതയിൽ കാര്യമായ പുരോഗതി ഉണ്ടാവുകയും ചെയ്തു. മരച്ചീനിയിലും പുതിയ ഇനങ്ങൾ പ്രത്യക്ഷപ്പെട്ടതോടെ മരച്ചീനിയുടെ ഉല്പാദനത്തിലും വർദ്ധനയുണ്ടായി. എന്നാൽ കാർഷിക വിളകളിൽ ചിലമാററങ്ങൾ ദൃശ്യമായിതുടങ്ങി. ഇതുവരെയുണ്ടായിരുന്ന കൂവരക്, ചോളം, ചാമ, മധുരകിഴങ്ങ് തുടങ്ങിയ പലതും അപ്രത്യക്ഷമാവുകയും പഞ്ചായത്തിൽ പലയിടത്തും ധാരാളമായുണ്ടായിരുന്ന ഔഷധ സസ്യങ്ങളുടെ ലഭ്യതകുറയുകയും ചെയ്തു.

എന്നാൽ 1975നു ശേഷം വലിയ മാററമാണു കണ്ടുതുടങ്ങിയതു്. റബ്ബർ കൃഷി വ്യാപിക്കാൻ തുടങ്ങി. ഇതിനു താരതമ്യേന അദ്ധ്വാനം കുറച്ചു മതി തെങ്ങിനു് പേരുരോഗം മൂലം ആദായം വളരെ കുറയാൻ തുടങ്ങി നെൽകൃഷി ആദായകരമല്ലാതായി, രാസവളത്തിനും കീടനാശിനിക്കും വിലവർദ്ധന

ജൈവവളം ഉണ്ടെങ്കിലും പാടശേഖരങ്ങളിലെത്തിക്കാൻ ചെലവേറി, മററു വ്യവസായ മേഖലകളിലേക്കും ഗൾഫിലേക്കും തൊഴിലാളികൾ മാറിത്തുടങ്ങിയതിനാൽ ആവശ്യത്തിനു തൊഴിലാളികളെ കിട്ടാൻ വിഷമമായി. ഇങ്ങനെ നിരവധി കാരണങ്ങളാൽ പഞ്ചായത്തിലെ കാർഷിക പുരോഗതിയിൽ പിന്നോട്ടടി അനുഭവപ്പെടാൻ തുടങ്ങി. അവിടം മുതൽ ഇങ്ങോട്ട് ഈ സ്ഥിതി രൂക്ഷമായി കൊണ്ടേയിരിക്കുകയാണ്. നെൽകൃഷി ആദായകരമല്ലാതായതോടെ പല പാടശേഖരങ്ങളും നികത്തപ്പെടുകയും കര കൃഷി ചെയ്യാൻ തുടങ്ങുകയും ചെയ്തു. നിലം നികത്തി കെട്ടിടം നിർമ്മിക്കാനും തുടങ്ങി. മതങ്ങാംപുഴ, താഴത്തുകുളക്കട, മാത്തിനാപ്പുഴ, ആററുവാശ്ശേരി, പുത്തൂർ, എന്നിഭാഗങ്ങളിലുള്ള നിലവും കരയും ധാരാളമായി കുഴിച്ച് ഇഷ്ടിക, ഓട്ട് എന്നിവയുടെ നിർമ്മാണത്തിനായി മാററുകയാണ്. തത്ഫലമായി നേരത്തെ 413 Ha പാടശേഖരമുണ്ടായിരുന്ന കുളക്കട പഞ്ചായത്തിൽ 280 Ha പാടം മാത്രമേ ഇപ്പോൾ നെൽകൃഷി ചെയ്യുന്നുള്ളൂ. തെങ്ങുകളുടെ വേരുരോഗംമൂലം അവ നശിക്കുകയും വിളവു വളരെ കുറയുകയും ഉല്പന്നത്തിനു വില കുറവനുഭവപ്പെടുകയും ചെയ്യുന്നതിനാൽ കൂടുതൽ ആദായം കിട്ടുന്ന റബ്ബർ കൃഷി, തെങ്ങു നിന്നിരുന്ന സ്ഥലത്തു വ്യാപിക്കാൻ തുടങ്ങി. മരച്ചീനി ആദായകരമല്ലാതായതിനാൽ അവയുടെ സ്ഥാനവും റബ്ബർ കയ്യടക്കി. കർഷക തൊഴിലാളികളുടെ അഭാവം, തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്ക്, രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ വിലവർദ്ധന, മണ്ണിന്റെ ഫലപുഷ്ടിക്കുറവ് തുടങ്ങിയ കാരണങ്ങളാൽ കർഷകരിൽ അധികവും ജൈവ വൈവിധ്യം നിലനിർത്തുന്ന പരമ്പരാഗത കൃഷി സമ്പ്രദായം ഉപേക്ഷിച്ചിരിക്കുകയാണ്. പച്ചക്കറി, വാഴ, വെററില എന്നിവയുടെ കൃഷിയിൽ മാത്രം വലിയ കുറവനുഭവപ്പെട്ടിട്ടില്ല.

## പഞ്ചായത്തിന്റെ ഭൂമി സംബന്ധമായ ഇപ്പോഴുള്ള സ്ഥിതി

(അവലംബം:— കൃഷിഭവൻ രേഖകൾ)

| Sl. No. | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | കൃഷിചെയ്യുന്ന സ്ഥലം (ഹെക്ടർ) |
|---|---|---|---|
| 1 | കൃഷിയോഗ്യപുരയിടം | 2131.6 | 2131.6 |
| 2 | നിലം | 280.0 | 280.0 |
| 3 | നിലം (കരയാക്കിയത്) | 150.0 | 150.0 |
| 4 | നിലം (തരിശായത്) | 20.0 | — |
| 5 | പുറമ്പോക്ക് | 221.6 | — |
| 6 | കെട്ടിടങ്ങളും മററും | 70.0 | — |
| 7 | തരിശ് | 44.8 | — |
| | ആകെ | 2918.0 | 2561.6 |

## ഇന്നത്തെ വിള ചേരുവയും ഉൽപ്പാദനക്ഷമതയും

(അവലംബം: കൃഷിഭവൻ രേഖകൾ)

| Sl. No. | വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| 1 | നെല്ല്, ഒന്നാംവിള | 280 | 3.2 M T |
| 2 | നെല്ല്, രണ്ടാംവിള | 280 | 2.8 " |
| 3 | പയർ | 165 | 3.2 " |
| 4 | എള്ള് | 2 | 0.35 " |
| 5 | പച്ചക്കറികൾ | 215 | 8 5 " |
| 6 | തെങ്ങ് | 453 | 5000 Nuts |
| 7 | വാഴ | 305 | 11 M T |
| 8 | മരച്ചീനി | 195 | 20 " |
| 9 | കുരുമുളക് | 102 | (Green) 3 " |
| 10 | പ്ലാവ് | 13 | 10 " |
| 11 | കശുമാവ് | 35 | 1.4 " |
| 12 | മാവ് | 20 | 10 " |
| 13 | റബർ | 705 | 1.3 " |
| 14 | കമുക് | 26 | 2.5 ലക്ഷം Nuts |
| 15 | ഇഞ്ചി | 35 | 3.95 MT |
| 16 | മറ്റുള്ളവ | 215 | |
| | ആകെ | 3046 | |

തെങ്ങൊഴികെ മറ്റെല്ലാം വിളകളുടെയും ഉത്പാദന ക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. തെങ്ങിന്റെ രോഗമാണ് ഇതിന്റെ ഉൽപാദനം കറയാൻ കാരണം. പൊതുവേ നല്ല വളക്കൂറുള്ള മണ്ണാണ്. ഈ പഞ്ചായത്തിലുള്ളത്. വേനൽക്കാലത്ത് ജലം ലഭ്യമാക്കാൻ കഴിഞ്ഞാൽ എല്ലാ വിളകളുടെയും ഉത്പാദനക്ഷമത ഇനിയും വർദ്ധിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ വിള സാന്ദ്രത 119% ആണ്.

## ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ 18.72 കിലോമീറ്റർ കല്ലട ഇറിഗേഷൻ പദ്ധതികനാലും 25 5 കിലോമീറ്റർ മറുതോടുകളും 12.44 കിലോമീറ്റർ നദിയും ഉണ്ട്. KIP കനാൽ പ്രവർത്തനക്ഷമമാകുമ്പോൾ 785 705 ഹെക്ടർ കരഭൂമിയും 220 ഹെക്ടർ പാടവും ജലസേചനം നടത്താൻകഴിയും. ഇതിനായി 68 സ്ലൂയിസുകളും 1030 ഹൈഡ്രന്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. മറുതോടുകൾ അധികവും പാടശേഖരങ്ങളിലൂടെയാണ്. ഇവ പല ഭാഗങ്ങളും സംരക്ഷിക്കപ്പെടാത്തകാരണം വീതികുറഞ്ഞ് വെള്ളത്തിന്റെ സമ്മർദ്ദംമൂലം വരമ്പിടിഞ്ഞ് നെൽകൃഷിക്ക വലിയ നാശം ഉണ്ടാകാറുണ്ട്. 39-ൽ പരം കുളങ്ങൾ ഉള്ളത് വേനൽക്കാലത്ത് ഉപയോഗിക്കാൻ കഴിയുന്നില്ല. ഒന്നിലും പമ്പുസെററു സ്ഥാപിച്ചിട്ടില്ല. ആറുവാശ്ശേരി വെഞ്ചലഭാഗത്ത നടപ്പിലാക്കിയിട്ടുള്ള 'കുളക്കട ലിഫ്റ്റ്' ഇറിഗേഷൻ പദ്ധതി വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുകയാണ്. ഇതു പ്രവർത്തനക്ഷമമായാൽ മാവടി ആറുവാംശ്ശേരി പാടശേഖരം, മാത്തിനാപ്പുഴപാടം എന്നിവിടങ്ങളിലെ വിസ്തൃതമായ സ്ഥലത്ത് ജലസേചനം നടത്താം ഏറത്തുകുളക്കട വാർഡിൽ കേര വികസന പദ്ധതി പ്രകാരം 15 ഹെക്ടർ സ്ഥലത്തെ തെങ്ങുകൾക്ക് ജലസേചനം നടത്തുന്നതിനായി 1992ൽ പദ്ധതി ആരംഭിച്ചു. പമ്പു ഹൗസിന്റെയും ടാങ്കിന്റെയും പണിപൂർത്തിയായി. മറുപണികളൊന്നും ചെയ്യാതെ വർഷങ്ങളായികിടക്കുന്നു. പാത്തല പട്ടികജാതി കോളനിയിൽ ജലസേചനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി. എന്നാൽ ആരോ സെക്ഷൻ പൈപ്പ് മുറിച്ചുമാററിയതിനെ തുടർന്ന് വർഷങ്ങളായി പ്രവർത്തിക്കാതെ കിടപ്പാണ്.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

ഈ പഞ്ചായത്തിലെ ഉല്പന്നങ്ങൾ വിററഴിക്കാനുള്ള പ്രധാന മാർഗ്ഗം ഈ പഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്ന കലയപുരം, പുത്തൂർ ചന്തകളാണ്. കലയപുരം മാർക്കററ് ബുധൻ, ശനി എന്നിങ്ങനെയും പുത്തൂർ മാർക്കററ് ചൊവ്വ, വെള്ളി എന്നിങ്ങനെയും ആഴ്ചയിൽ രണ്ടു ദിവസം വീതം പ്രവർത്തിക്കുന്നു. ഇതു കൂടാതെ തുരുത്തിലമ്പലത്തിൽ ആഴ്ചയിൽ ഒരു ദിവസവും മറെറല്ലാ ദിവസവും വൈകിട്ട മാത്രവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവിടെ കർഷകരുടെ ഉത്പന്നങ്ങൾ മററുള്ളിടത്തെപോലെ ഇപ്പോൾ വിററഴിക്കപ്പെടുന്നില്ല. കലയപുരത്തും പുത്തൂരും ചന്തകളിൽ എത്തുന്ന ഉത്പ്പന്നങ്ങൾ കൊല്ലം, കുണ്ടറ, കൊട്ടാരക്കര മുതലായ സ്ഥലങ്ങളിലേക്കാണ് പോകുന്നത്. ഇവിടങ്ങളിൽ എത്തുന്ന കർഷകർക്ക് യഥാർത്ഥ വില ലഭിക്കുന്നില്ല. ഇടത്തട്ടുകാർക്കാണ് കൂടുതൽ ലാഭം ലഭിക്കുന്നത്.

കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും നേരിട്ട് ഇഞ്ചി, മരച്ചീനി, പച്ചക്കറികൾ, വാഴക്കുല, കുരുമുളക് മുതലായ ഉത്പന്നങ്ങൾ മൊത്തമായും വ്യാപാരം നടക്കാറുണ്ട്. കശുവണ്ടി, കുരുമുളക് ഇവയുടെ സീസണിൽ ചെറിയ കച്ചവടക്കാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പന്നങ്ങൾ വാങ്ങുന്നുണ്ട്. റബ്ബർ വിപണനത്തിനായി ഈ പഞ്ചായത്തിൽ 15 ഓളം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാൽ, ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലൂടെ വിററഴിക്കുന്നു. പഞ്ചായത്തിലുള്ള വിവിധ ചായക്കടകളിലും പാൽ വില്പന നടത്തുന്നുണ്ട്. 4 സർവ്വീസ് സഹകരണ ബാങ്കുകളും 6 റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈററികളും ഉള്ള ഈ പഞ്ചായത്തിൽ റബ്ബർ ഉപയോഗിച്ചുള്ള വ്യവസായങ്ങളൊന്നും തുടങ്ങിയിട്ടില്ല.

## കൂലിസേവന വ്യവസ്ഥകൾ

പണ്ടുകാലത്ത് കാർഷിക രംഗത്ത് മാനുഷിക ബന്ധങ്ങളിൽ അടിസ്ഥാനമാക്കി അന്യോന്യം സഹകരിച്ച് കൃഷിപ്പണികൾ നടത്തിയിരുന്നു. എന്നാൽ ഇന്ന് ഏതൊരു നിസ്സാര കാര്യങ്ങളും രൂപയുടെ അടിസ്ഥാനത്തിൽ വില പേശിയാണ നടക്കുന്നത്.

## നെൽക്കൃഷി കൂലി നിരക്ക്

| | | |
|---|---|---|
| കാളയും കലപ്പയും ഉപയോഗിച്ച് ഒരു പറ (10 സെൻറ്) നിലം നടീൽ പാകത്തിൽ ഒരുക്കുന്നതിന് (വരമ്പുപണി കൂടാതെ) | Rs. | 250 |
| ട്രാക്ടർ ഉപയോഗിച്ച് ഉഴുന്നതിന് മണിക്കൂറിന് | ,, | 200 |
| ടില്ലർ | ,, | 100 |

ട്രാക്ടർ, ടില്ലർ ഇവ ഉപയോഗിച്ച് ഉഴവു നടത്തുന്ന പാടങ്ങളിൽ കാളയും കലപ്പയും ഉപയോഗിച്ച് അടിച്ചു നിരപ്പാക്കുന്ന ചെലവും കൂടാതെ വരമ്പു പണിയുടെ ചെലവും ഉണ്ടാകുന്നുണ്ട്.

| | | |
|---|---|---|
| വരമ്പുപണി (പുരുഷൻ) | Rs. | 100 |
| ഞാറുനടീൽ (സ്ത്രീ) | ,, | 60 |
| കൊയ്ത്തു്, മെതി ആറിന് ഒന്ന് പതം | | |
| കററകെട്ട് (പുരുഷൻ) | ,, | 150 |
| കീടനാശിനി പ്രയോഗം (ഏക്കറിന്) | ,, | 100 |
| കൃഷിയുമായി ബന്ധപ്പെട്ട മററു ജോലികൾക്ക് (കിളയ്ക്കുക മുതലായവ) പുരുഷൻ | ,, | 100 |
| കൃഷിയുമായി ബന്ധപ്പെട്ട മററു ജോലികൾക്ക് (കിളയ്ക്കുക മുതലായവ) സ്ത്രീ | ,, | 60 |
| തേങ്ങയിടൽ (ഒരു ദിവസം) | ,, | 150 |
| റബർ ടാപ്പിംഗ് (വെട്ടി പാലെടുത്തു്, ഷീററാക്കുന്നതിന്) (മരത്തിന്) | ,, | 0.20 |
| റബ്ബറിനു തുരിശടിക്കുന്നതിന് (ഒരു ദിവസം) | ,, | 130 |
| കൃഷിയുമായി ബന്ധപ്പെട്ട ചുമട് എടുക്കുന്നതിന് (ഒരു ദിവസം) | ,, | 125 |

## വളം ഉപഭോഗം

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ മൂന്നും സ്വകാര്യമേഖലയിൽ പന്ത്രണ്ടും വളം വില്പന കേന്ദ്രങ്ങളുണ്ട്. ഇവയിൽ മൂന്ന് കേന്ദ്രങ്ങളിലൂടെയും കൃഷിഭവനിലൂടെയും സസ്യ സംരക്ഷണ വസ്തുക്കൾ വിതരണം നടത്തുന്നുണ്ട്. മുൻവർഷങ്ങളിലെ ഉപഭോഗം പരിശോധിച്ചാൽ 1994-95 വർഷത്തിൽ രാസവളത്തിൻെറ ഉപയോഗം അല്പം കുറഞ്ഞതായികാണാം. രാസവളത്തിൻെറ വിലവർദ്ധനയാണ് അതിനുള്ള കാരണം. കീടനാശിനിയുടെ ഉപയോഗം വർഷംതോറും ക്രമമായി വർദ്ധിക്കുന്നതായിട്ടാണ് കാണുന്നതു്.

### വളം-കീടനാശിനി ഉപഭോഗം
(അവലംബം കൃഷിഭവൻ രേഖകൾ)

| വർഷം | രാസവളം | കീടനാശിനികൾ | |
|---|---|---|---|
| | | ഖരം | ദ്രവം |
| 1993 '94 | 554 ടൺ | 800 കി. ഗ്രാം. | 201 ലിററർ |
| 1994-'95 | 531 ,, | 850 ,, | 210 ,, |
| 1995-'96 | 627 ,, | 875 ,, | 232 ,, |

ജൈവ വളങ്ങളുടെ ലഭ്യതകുറവ്, കൃഷിസ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, തൊഴിലാളികളുടെ അഭാവം, വർദ്ധിച്ച കൂലിനിരക്ക് എന്നീകാരണങ്ങളാൽ കർഷകർ ജൈവവളങ്ങൾ വളരെ കുറച്ചുമാത്രമേ ഉപയോഗിക്കുന്നുള്ളു ഈ പഞ്ചായത്തിൽ പ്രതിവർഷം 12000 ടൺ ജൈവവളം ആവശ്യമുണ്ടെന്നു കണക്കാക്കുന്നു. എന്നാൽ ഇവിടത്തെ ഉത്പാദനം 9500 ടൺ മാത്രമാണ് ഇതുതന്നെ കർഷകർ മുഴുവനും ഉപയോഗിക്കുന്നില്ല.

# രോഗ-കീടബാധാ വിവരങ്ങൾ

| ക്രമ നമ്പർ | വിള | രോഗം | കീടം |
|---|---|---|---|
| I | നെല്ല് | ബ്ലാസ്റ്റ്, ഷീത്ബ്ലൈറ്റ്, ഷീത്റോട്ട്, ഇലപ്പുള്ളിച്ചു, വൈറസ് രോഗം. | തണ്ടുതുരപ്പൻപുഴു, ചാഴി, മുഞ്ഞ, ഗാളീച്ച, കുഴൽപ്പുഴു, മീലിമൂട്ട, ഇലപ്പേൻ, |
| II | തെങ്ങ് | വേരുരോഗം (കാറ്റുവീഴ്ച), കൂമ്പുചീയൽ, ഓലചീയൽ, ഓലമഞ്ഞളിപ്പ്, നടുനാമ്പു മഞ്ഞളിപ്പ് | കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, കോറിഡ്ബഗ് (പൂങ്കുലച്ചാഴി) മീലിമൂട്ട, എലി, നിമവിരകൾ |
| III | കമുക് | മഹാളി | |
| IV | കുരുമുളക് | ദ്രുതവാട്ടം, സാവധാനവാട്ടം, പൊള്ളരോഗം | പൊള്ളുവണ്ട്, തണ്ടുതുരപ്പൻപുഴു, ഇലപ്പേൻ |
| V | വാഴ | കുറുനാമ്പ്, പനാമാരോഗം, ഇലപ്പുള്ളി, കൊക്കാൻരോഗം, | മാണപ്പുഴു, വാഴപ്പേൻ, നിമവിരകൾ |
| VI | മാവ് | പൊടിക്കുമിൾ, ഡൈബാക്ക് | മാമ്പൂജാസിഡ്, തടിതുരപ്പൻവണ്ട്, മാമ്പഴകൃമി, കൂമ്പുകൃമി, മാഞ്ഞാവണ്ട്, |
| VII | കശുമാവ് | | തേയിലകൊതുക്, തടിതുരപ്പൻപുഴു, |
| VIII | ഇഞ്ചി | മൂടുചീയൽ, ഇലമഞ്ഞളിപ്പ് | ശൽക്കകീടം, തണ്ടുതുരപ്പൻപുഴു, ഇലചുരുട്ടിപ്പുഴു |
| IX | മരച്ചീനി | മൊസേക്ക്വൈറസ്, ഇലപ്പുള്ളി, ബാക്ടീരിയൽ ബ്ലൈറ്റ് | ശൽക്കകീടം, എലി |
| X | പച്ചക്കറികൾ | ഇലമഞ്ഞളിപ്പ്, ഇലപ്പുള്ളി, പൊടിക്കുമിൾ തൈചീയൽ, കായ്ചീയൽ, ഇലകരിയൽ, ഇലചുളുങ്ങൽ, ബാക്ടീരിയൽ, വാട്ടം, മൊസേക് രോഗം, ബാക്ടീരിയൽ ബ്ലൈറ്റ് | തണ്ടുതുരപ്പൻ, കായ്തുരപ്പൻ, ഇല കീടങ്ങൾ സസ്യരസ ചൂഷക കീടങ്ങൾ, മത്തൻപുഴു, പടവല പുഴു, എപ്പിലാക്നവണ്ട്, നിമവിര |
| XI | റബ്ബർ | അകാലിക ഇല കൊഴിച്ചിൽ, പൊടിക്കുമിൾ പിങ്കരോഗം, പട്ടമരപ്പ് | ശൽക്കകീടങ്ങൾ, മീലിമൂട്ട, ചിതൽ, വേരുപുഴു എലി |

### വായ്പാ സൗകര്യങ്ങൾ

താഴത്തുകളക്കട, കലയപുരം, വെണ്ടാർ, പുത്തൂർ എന്നിവിടങ്ങളിലായി നാലു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും കലയപുരത്ത് ഫെഡറൽ ബാങ്ക്, പുത്തൂർ കാത്തലിക് സിറിയൻബാങ്ക് എന്നീ സ്വകാര്യ ബാങ്കുകളും പുത്തൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പൂവററൂർ ഇൻഡ്യൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണബാങ്കുകൾ 16 തരം കാർഷിക വിളകൾക്ക് ഹ്രസ്വകാല വായ്പകൾ കൊടുക്കുന്നു. പുഷ്പഫലാദി സസ്യങ്ങൾ/വൃക്ഷങ്ങൾ, കൃഷിഭൂമി ഉപയുക്തമാക്കാനുള്ള പദ്ധതികൾ, ചെറുകിട ജലസേചന പദ്ധതികൾ, കന്നുകാലി സംരക്ഷണ പദ്ധതികൾ, മത്സ്യവികസന പദ്ധതികൾ, ബയോഗ്യാസ് പദ്ധതികൾ, എന്നിവയ്ക്ക് വായ്പകൾ നൽകുന്നു. എന്നാൽ നബാഡ്പോലുള്ള കേന്ദ്ര ഏജൻസികൾ അവരുടെ വിഹിതം യഥാസമയം കൊടുക്കാത്തതു കാരണം ഈ ബാങ്കുകൾ പദ്ധതി വായ്പകൾ കൊടുക്കാൻ വിമുഖത കാണിക്കുന്നു. ദേശസാൽകൃത ബാങ്കുകൾ കുറെയൊക്കെ കർഷകരുമായി സഹകരിക്കുന്നു. സ്വകാര്യ ബാങ്കുകൾ കൃഷിക്കാർക്ക ആവശ്യമായ വായ്പകൾ കൊടുക്കാൻ തീരെ താൽപര്യം കാണിക്കുന്നില്ല.

### നടപ്പു പദ്ധതികളുടെ അവലോകനം

കൃഷിഭവനുകളിലൂടെ സമീപ കാലത്തു് പൂർത്തീകരിച്ചതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വികസന പദ്ധതികളുടെ അവലോകനം.

**A കാർഷിക വിള വികസനം**

**I നെല്ല്**

**a ഗ്രൂപ്പുഫാമിംഗ്**

ഓരോ പാടശേഖരങ്ങളെയും ഒന്നായികണ്ട് ഓരേസമയത്തു കൃഷിപ്പണികൾ ചെയ്യുക, കൃഷിയിറക്കുക, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ അനുവർത്തിക്കുക എന്നിവവഴി കൃഷിചെലവു പരമാവധി കുറച്ച് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഈ പഞ്ചായത്തിൽ 1990-'91 വർഷത്തിൽ 14 ഗ്രൂപ്പുഫാമിംഗ് സമിതികൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ പദ്ധതിയിൻ കീഴിൽ 280 ഹെക്ടർ പാടശേഖരവും 1280 കർഷകരും ഉൾപ്പെടുന്നു. കർഷകരുടെ കൂട്ടായ്മയിലൂടെ നടപ്പിലാക്കേണ്ട ജലപദ്ധതിയുടെ നടത്തിപ്പിൽ ശരിയായ കൂട്ടായ്മയുടെ അഭാവത്താൽ പദ്ധതി വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

**b പൊതുഞാററടി**

ഓരോ പാടശേഖരത്തിനും ഒരു സ്ഥലത്തു് പൊതുഞാററടി തയ്യാറാക്കുന്നതുമൂലം കൃഷിചെലവു വളരെ കുറയ്ക്കാൻ കഴിയും. കൂടാതെ ഗുണമേന്മയുള്ള ഞാറ് ലഭ്യമാകുകയും ചെയ്യും. ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടില്ലെങ്കിലും കുറേയേറെ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**c സസ്യസംരക്ഷണ വസ്തുക്കളുടെ വിതരണം**

നെൽകൃഷിയിൽ കീട-രോഗങ്ങൾക്കെതിരെ പ്രയോഗിക്കുന്നതിനായി സൗജന്യനിരക്കിൽ സസ്യസംരക്ഷണ മരുന്നുകൾ വിതരണം നടത്തിയിരുന്നു. ഇതു വളരെ പ്രയോജനം നൽകിയിരുന്നു. ഈ പദ്ധതി കുറച്ചുകാലമായി നിലവിലില്ല.

**d നെൽകൃഷിക്കുള്ള രാസവള സബ്സിഡി**

ഹെക്ടറിനു് 100 രൂപ ക്രമത്തിൽ രാസവള സബ്സിഡി പദ്ധതി നടപ്പിലാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതിയിൽ ചില മാററങ്ങൾ വരുത്തിയാണു നടപ്പിലാക്കുന്നത്. ഓരോ വിള സീസണിലും ഹെക്ടറിനു് 250 രൂപാ പ്രകാരം പരമാവധി ഒരുവർഷം 750 രൂപ ഉല്പാദന ബോണസ് നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്.

**e. വിത്തുത്പാദന പദ്ധതി**

കർഷകർക്ക് യഥാസമയത്തു് ഗുണമേന്മയുള്ള നെൽവിത്തു ലഭ്യമാക്കുന്നതിനായി കർഷകരെ വിത്തുല്പാദകരമായി രജിസ്റ്റർ ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ഈ പദ്ധതി വിജയപ്രദമായി നടക്കുന്നില്ല.

## I. കാർഷിക യന്ത്രവത്ക്കരണം

ഗ്രൂപ്പുഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ടില്ലർ, മെതിയന്ത്രങ്ങൾ, പതിരുനീക്കുന്നതിനുള്ള യന്ത്രം, പവ്വർ സ്പ്രെയർ, റോക്കർ സ്പ്രെയർ തുടങ്ങിയവ 50% സബ്സിഡിയിൽ വിതരണം ചെയ്യുന്ന പദ്ധതികൾ നിലവിലുണ്ട്. ഇതിനകം തന്നെ രണ്ട് പാടശേഖര സമിതികൾ ടില്ലറുകൾ വാങ്ങുകയും മററു രണ്ട് പാടശേഖര സമിതികൾ ടില്ലറുകൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്

## II തെങ്ങ്

സമഗ്ര കേര വികസന പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. തെങ്ങുകൾക്ക ജലസേചനം നടത്തുന്നതിനായി കിണർ കുഴിക്കുന്നതിനും പമ്പുസെററ് സ്ഥാപിക്കുന്നതിനു സഹായം അനുവദിക്കുന്നു. തെങ്ങുകൾക്ക വള പ്രയോഗം നടത്തുന്നതിനു രാസവള കിററുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു റോക്കർ സ്പ്രയർ, തെങ്ങുകയററ യന്ത്രം എന്നിവ സൗജന്യ നിരക്കിൽ നൽകുന്നു.

സമഗ്ര കേര വികസന പദ്ധതി മുകളിൽ പറഞ്ഞ തരത്തിൽ ഭാഗികമായി മാത്രം നടപ്പിലാക്കുന്നു. കിണർ കുഴിക്കുകയും പമ്പു സെററ സ്ഥാപിക്കുകയും ചെയ്യുന്നുണ്ടെങ്കിലും കുടിവെള്ളത്തിനു മാത്രം ഉപയോഗിക്കുകയാണ പതിവ്. രാസവള കിററുകൾ വിതരണം നടത്തിയെങ്കിലും വളരെ ഏറെ മററു വിളകൾക്ക ഉപയോഗിക്കുകയാണുണ്ടായത്.

## III പയർ

പാടശേഖരങ്ങളിൽ മൂന്നാം വിളയായി പയർ കൃഷി ചെയ്യുന്നതിനു സൗജന്യ നിരക്കിൽ വിത്തുപയർ വിതരണംനടത്തുന്നു. ഈ പയർവിത്ത് കർഷകർക്ക് വേണ്ടത്ര അളവിൽ വിതരണം നടത്തുന്നില്ല. കർഷകർക്ക് ഒരു വർഷം കിട്ടുന്ന വിത്തിൽനിന്നും ഉൽപ്പാദിക്കുന്നവ അടുത്ത വർഷത്തേയ്ക്ക് സൂക്ഷിച്ചു വയ്ക്കാൻ കഴിയുന്നില്ല.

## IV കിഴങ്ങുവർഗവിള വികസനം

കിഴങ്ങു വർഗ്ഗ വികസനത്തിനായി വിത്തുകിററുകൾ നാമമാത്രമായി വില ഈടാക്കി കർഷകർക്ക് നൽകുന്നു. പ്രയോജനപ്പെടുത്താൻ കഴിയുന്ന ഈ പദ്ധതി യഥാസമയം വിത്തു ലഭ്യമാക്കാൻ കഴിയാത്തതിനാൽ തികച്ചും പരാജയപ്പെടുകയാണ്.

## V കുരുമുളക്

വിസ്തൃതി വികസന പദ്ധതി, കുരുമുളക്, പ്രദർശന തോട്ടം എന്നീ പദ്ധതികൾ സഹായധനം നൽകി നടപ്പിലാക്കുന്നു. വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ സൗജന്യമായും സൗജന്യനിരക്കിലുംവിതരണംചെയ്യുന്നുണ്ട്. ഏകദാന വിളയായി കുരുമുളക് കൃഷിചെയ്യാൻ കർഷകർ തയ്യാറല്ല. ആയതിനാൽ ആദ്യം പ്രസ്താവിച്ച പദ്ധതികൾ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല. വേനൽക്കാലത്ത് കൂടുതൽവരൾച്ച അനുഭവപ്പെടുന്നതിനാൽ കർഷകർ കുരുമുളകുകൃഷിചെയ്യാൻ വിമുഖത കാട്ടുന്നു

## VI കശുമാവ്

കശുമാവ് കൃഷി വികസനപദ്ധതി പ്രകാരം നിലവിലുള്ള കശുമാവുകൾക്ക് വളവും കീടനാശിനിയും നൽകിവരുന്നു. എന്നാൽ ഇവ രണ്ടും കർഷകർ ദുർവിനിയോഗംചെയ്യുകയാണ പതിവ്.

## VII പച്ചക്കറി

സ്കൂൾ കുട്ടികൾക്ക് അവരവരുടെ വീടുകളിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി വിത്തിന്റെ കിററുകൾ സൗജന്യമായും മററുകർഷകർക്ക് സൗജന്യ നിരക്കിൽ കൃഷി ഭവനുകളിലൂടെയും വിതരണം ചെയ്യുന്നു. എന്നാൽ പലപ്പോഴും ഇപ്രകാരം വിതരണം ചെയ്യുന്ന വിത്തുകളുടെ അങ്കുരണശേഷി നശിച്ചതായിട്ടാണ കാണാൻ കഴിയുന്നത്. തത്ഫലമായി കൃഷി ഭവനുകളെപ്പററി നാട്ടിൽ മോശമായ അഭിപ്രായം രൂപപ്പെടുന്നതോടൊപ്പം ഡിപ്പാർട്ടുമെന്റിനു വലിയ നഷ്ടവും ഉണ്ടാകുന്നു.

## VIII വെററില

വെററില കൃഷിവികസനത്തിനായി ഓരോ വർഷവും നാമമാത്രമായ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതു് തീർത്തും അപര്യാപ്തമാണ്.

## B മററു കാർഷിക വികസന പദ്ധതികൾ

## I നടീൽ വസ്തുക്കളുടെ വിതരണം

തെങ്ങിൻതൈകളും കുരുമുളകുവള്ളികളും ഓരോ വർഷവും വിതരണം ചെയ്യാറുണ്ട്. ഫലവർഗ്ഗ വികസന പദ്ധതിപ്രകാരം ഒട്ടുമാവ്, ഒട്ടുപ്ലാവ്, എന്നിവയും ഗ്രാമ്പൂ, ജാതി മുതലായവയുടെ തൈകളും വിതരണം ചെയ്യാറുണ്ടു്. ഇതിൽ തെങ്ങിൻ തൈകളുടെ വിതരണം ഇപ്പോൾ ഫലപ്രദ

മാകുന്നില്ല. കററ്യാടി പ്രദേശങ്ങളിൽനിന്നും സംഭരിക്കുന്ന വിത്തുതേങ്ങയാണ് ഇപ്പോഴം ഉപയോഗിച്ചുവരുന്നതു്. അവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളുമായി യോജിച്ചുവരാൻ പ്രയാസപ്പെടുന്നു. കൂടാതെ ഫാമുകളിൽനിന്നും പിഴുതെടുത്ത തൈകൾ പലദിവസങ്ങൾ താമസിച്ചാണ് കൃഷിഭവനിൽ എത്തുന്നതു് വിതരണത്തിനെത്തുന്ന തൈകളിൽ ഗുണമേന്മകുറഞ്ഞവയും കടന്നുകൂടുന്നു. ഇവയൊക്കെ കൂടാതെ പഞ്ചായത്തിൽ റബ്ബറിന്റെ വലിയ പ്രചാരം കാരണം കർഷകർ തെങ്ങുനടുന്നതിൽ വിമുഖതകാട്ടുന്നു. ഒരിക്കലും നടീൽ സമയത്തിന്റെ ആരംഭത്തിൽ തൈകൾ എത്താറില്ല. മററുതൈവർഗ്ഗങ്ങൾ മിക്കപ്പോഴും നടീൽ സമയത്തു വിതരണത്തിനു ലഭിക്കാത്തതുകൊണ്ട് അവയും പ്രയോജനപ്പെടുന്നില്ല.

## II സസ്യസംരക്ഷണം

രാസകീടനാശിനികൾ കുറഞ്ഞ വിലയ്ക്കു വിതരണം നടത്തുന്നു. കീടനാശിനികൾ തളിക്കുന്നതിന് സ്പ്രെയറുകൾ കൃഷിഭവനിൽനിന്നും നൽകാൻ കഴിയുന്നില്ല. സ്റ്റോക്കിലുള്ളവ റിപ്പയർ ചെയ്യാൻ കഴിയാത്തവിധം നശിച്ചുപോയിരിക്കുന്നു. ഇവ ലേലംചെയ്തുകൊടുക്കുകയോ പുതിയവ ലഭ്യമാക്കുകയോ ചെയ്യുന്നില്ല.

## III ജൈവ വളം

ജൈവ വള വികസന പദ്ധതി പ്രകാരം കമ്പോസ്റ്റ് കുഴി കുഴിക്കുക, പച്ചില വളച്ചെടിയുടെ വിത്തു വിതരണം എന്നിവ നടപ്പിലാക്കുന്നു. കൃഷിഭവനിലൂടെ ലഭ്യമാകുന്ന സാമ്പത്തിക സഹായം മാത്രം വാങ്ങിച്ചെടുക്കാൻ താല്പര്യം കാട്ടുന്ന പഞ്ചായത്തിലെ കർഷകർക്ക് ഇത്തരം പദ്ധതികളോട് തീരെ താല്പര്യമില്ല. കമ്പോസ്റ്റു കുഴിക്കുള്ള സൗജന്യം കർഷകർ ദുർവിനിയോഗം ചെയ്യുകയും പച്ചില വളച്ചെടിയുടെ വിത്തിന്റെ സാമ്പത്തിക ഭാരം ജീവനക്കാരുടെ മേൽവന്നു ഭവിക്കുകയുമാണു ചെയ്യുന്നതു്.

## IV പൊതുജന സമ്പർക്ക പരിപാടി

കർഷക പരിശീലന പരിപാടികൾ, വിവിധ കാർഷിക വിളകൾക്കുള്ള മത്സരങ്ങൾ എന്നിവയാണു ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നതു്. ഇവ രണ്ടും കർഷകരുടെ താല്പര്യ കുറവുമൂലം ഫലപ്രദമായി നടക്കുന്നില്ല

## V പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതി പ്രകാരം പട്ടിക ജാതി കോളനികളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുത്തൂർമുക്ക്, പാത്തല, ആററുവാശ്ശേരി, വിളയിൽ ഭാഗം, കൊല്ലമല, എന്നീ പട്ടികജാതി കോളനികളാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളതു്, എല്ലാ കോളനികളിലും നടീൽ വസ്തുക്കളുടെ വിതരണം, നിലവിലുള്ള വിളകൾക്കു വളം വിതരണം എന്നിവ നടത്താറുണ്ട്.

പുത്തൂർമുക്ക് കോളനിയിൽ സോയിൽ കൺസർവേഷൻ വകുപ്പിലൂടെ 25.5 ഹെക്ടർ സ്ഥലത്തു് മണ്ണു സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൃഷിഭവന്റെ നേതൃത്വത്തിൽ ഫാം ഹൗസുകളും ഒരു ജലസേചന കിണറും സ്ഥാപിച്ചു കൊടുത്തിട്ടുണ്ട്. പുത്തൂർമുക്ക് ഹരിജൻ സൊസൈററിക്ക് ഒരു ടില്ലർ നൽകിയിട്ടുണ്ട്. പാത്തല കോളനിയിൽ ജലസേചനത്തിന് ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വലിയ കുളം കുഴിച്ചു കെട്ടി അതിൽ പമ്പുസെററും സ്ഥാപിച്ചു. കോളനി മുഴുവൻ പൈപ്പുകളും വിന്യസിച്ചിട്ടുണ്ട്. ഈ കോളനിയിലും സോയിൽ കൺസർവേഷൻ വകുപ്പിലൂടെ മണ്ണു് സംരക്ഷണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആററുവാശ്ശേരി കോളനിയിൽ മൂന്നു ജലസേചന കിണർ കുഴിച്ചു നൽകിയിട്ടുണ്ട്. വിളയിൽഭാഗം കോളനിയിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുകയും ട്രാക്ടർ, മെതിയന്ത്രം, ടാർപാളിൻ, കമ്പി കസേരകൾ, പിക്കാസ്, വെട്ടുകത്തി, അരിവാൾ, സിമൻറുചട്ടി, അലൂമിനിയം കുടം, റോക്കർ സ്പ്രെയർ, കുന്താലി, തൂമ്പ മുതലായവ നൽകുകയും ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ പദ്ധതികളിൽ പാത്തല കോളനിയിലെ ജലസേചന പദ്ധതിയുടെ പൈപ്പ് ആരോ മുറിച്ചുമാററിയതിനാൽ പ്രയോജനപ്പെടാതെ കിടക്കുന്നു. പലവട്ടം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഒരു നടപടിയും ഉണ്ടായിട്ടില്ല. പുത്തൂർമുക്ക ഹരിജൻ സൊസൈററിക്ക നൽകിയ ടില്ലർ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്, വിളയിൽ ഭാഗം കോളനിയിൽ കൊടുത്ത ട്രാക്ടർ, മെതിയന്ത്രം എന്നിവ ഇനിയും നന്നാക്കാൻ കഴിയാത്ത വിധത്തിൽ നശിച്ചുകിടക്കുകയാണ്. മററുള്ളവയിൽ പലതും നശിച്ചുകിടക്കുകയാണ്. കൂടാതെ പലതും ഇപ്പോൾ കാണാനില്ല. ഇവയെല്ലാം കൈകാര്യം ചെയ്തിരുന്നവരുടെ അനാസ്ഥ ദുർവിനിയോഗം എന്നിവയും ബന്ധപ്പെട്ട അധികാ

തികളുടെ അശ്രദ്ധയും മൂലമാണ് ഈ അവസ്ഥയിൽ എത്തിച്ചേർന്നിട്ടുള്ളത്. പൊതുവേ പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഉദ്ദേശിച്ചഫലം നൽകുന്നില്ല. വേണ്ടത്ര ബോധവത്കരണം നടത്താതെ സാമ്പത്തികാനുകൂല്യം മാത്രം നൽകുന്നതാണ് പ്രധാന കാരണമായി മനസ്സിലാക്കുന്നത്.

## രാസവള-കീടനാശിനി ഗുണനിലവാര നിയന്ത്രണം

നിയമവും പദ്ധതിയും ഉണ്ടെങ്കിലും ഇവ ഫലപ്രദമാകുന്നില്ല. ഗുണനിലവാരമില്ലാത്ത രാസവസ്തുക്കളും കീടനാശിനികളും പല വിൽപ്പന കേന്ദ്രങ്ങളിലും ഉള്ളതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നതു്. ഒപ്പം തന്നെ ലൈസൻസില്ലാത്തതും വിൽക്കപ്പെടുന്നു.

## VII മണ്ണു പരിശോധന

കാർഷിക വൃത്തിയോട് പൊതുവേ ജനങ്ങളുടെ താല്പര്യം കുറഞ്ഞുവരുന്നതു കാരണം കർഷകർക്ക് മണ്ണു പരിശോധനാ പദ്ധതിയോടു തീരെ താല്പര്യമില്ല. നിർബന്ധിച്ച് ചെയ്യിക്കുന്ന ഒരു പദ്ധതിയായി മാറിയതിനാൽ ഇതു ദുർവിനിയോഗം ചെയ്യപ്പെടുകയാണ്. ഈ പദ്ധതി ഒട്ടും തന്നെ ഫലപ്രദമായിട്ടല്ല നടക്കുന്നത്.

## VIII ബയോഗ്യാസ് വികസനം

ഇന്ധന ചെലവു കൂടുകയും ഇന്ധന ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന ഈ കാലത്ത് ഈ പദ്ധതിയെ കർഷകർ സർവ്വാത്മനാ സ്വീകരിക്കേണ്ടതാണ്. എന്നാൽ കന്നുകാലികളെ വളർത്താനുള്ള ബുദ്ധിമുട്ടും ചാണകം കൈകാര്യം ചെയ്യാനുള്ള വൈമുഖ്യവും കാരണം കർഷകർ ഈ പദ്ധതിയോടു വിമുഖത കാണിക്കുന്നു.

## IX മിനികിററു പദ്ധതികൾ

പയർവിത്ത്, നെല്ലുവിത്ത്, തെങ്ങിൻതൈ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചിവിത്ത്, മഞ്ഞൾവിത്ത്, കുരുമുളകിനുള്ള വളം മുതലായവ ഓരോ വർഷവും മാറിമാറി ഈ പദ്ധതി പ്രകാരം വിതരണം ചെയ്യാറുണ്ട്. ഇവ കുറേയേറെ വിജയിക്കുന്നു എങ്കിൽത്തന്നെയും പൂർണ്ണമായി ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നില്ല.

## X വിള ഇൻഷ്വറൻസ്

പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാര്യക്ഷമമായി നടക്കുന്നില്ല. ഭരണപരമായ കാര്യങ്ങളിൽ പ്രായോഗികമായ പല സമീപനങ്ങളും ആവിഷ്കരിക്കണം. ഏജൻറായി പ്രവർത്തിക്കുന്നവർക്ക് കുറേക്കൂടി ആകർഷകമായ പ്രതിഫലം നൽകിയെങ്കിലേ ഇതു വിജയപ്രദമായി നടപ്പിലാക്കാൻ കഴിയൂ.

## XI പ്രകൃതിക്ഷോഭ ദുരിതാശ്വാസം

ഓരേ സമയം വിള ഇൻഷ്വറൻസ് പദ്ധതിയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നതിനാൽ രണ്ടും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. സർക്കാർ ഉത്തരവുമൂലം പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ഓരോ വിളയ്ക്കും തുക നിശ്ചയിച്ചിട്ടുണ്ടെങ്കിലും കർഷകർക്ക നൽകുന്നതു തുച്ഛോം തുച്ഛമായ തുകയാണ്.

## XII ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ സ്വയം തൊഴിൽ പദ്ധതി

പഞ്ചായത്തിൽ 162 പേരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഏററവും കൂടുതൽ അംഗങ്ങളെ ചേർത്തിട്ടുള്ളതു് കുളക്കട പഞ്ചായത്തിലാണ്. ഈ പദ്ധതിയിൽ 1000 രൂപാ അടച്ച് അംഗത്വം എടുത്തെങ്കിലും ആരും തന്നെ ഇതിൻപ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടതായി കാണാൻ കഴിയുന്നില്ല.

# കർഷക സംരംഭങ്ങൾ

## നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് സമിതികൾ

(അവലംബം കൃഷിഭവൻ)

പഞ്ചായത്തിലെ പ്രധാന 3 പാടശേഖരങ്ങളെ കേന്ദ്രീകരിച്ച് 1990_91 കാലയളവിൽ 14 ഗ്രൂപ്പ് ഫാമിംഗ് സമിതികൾ രജിസ്റ്റർചെയ്തു.

| സമിതിയുടെ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം | വിസ്തീർണ്ണം ഹെക്ടർ | കർഷകരുടെ എണ്ണം | ഇപ്പോഴുള്ള വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|---|
| 1 തെങ്ങമം ഗ്രൂപ്പ്ഫാമിംഗ് | വാർഡ് 1 കളക്കട കിഴക്ക് | 10 | 37 | 7 |
| 2 ശാസ്തമംഗലം | വാർഡ് 1, 2, 12 കളക്കടകിഴക്ക്, കുറ്റം, താഴത്തുകളക്കട | 26 | 90 | 20 |
| 3 കണ്ടംതോട്ട് തുരുത്തിക്കാട് | വാർഡ് 1, 2, 12 കളക്കടകിഴക്ക് കുറ്റം, താഴത്തുകളക്കട | 28 | 116 | 20 |
| 4 അഞ്ചേക്കള | വാർഡ് 9 മാവടി | 15 | 38 | 10 |
| 5 മാവടി_ആറുവാശേരി | വാർഡ് 9, 11 മാവടി, ആറുവാശേരി | 45 | 98 | 40 |
| 6 കണിയാംപൊയ്ക, കാളവയൽ | വാർഡ് 10, 11 പുത്തൂർ മൈലം_കുളം, ആറുവാശേരി | 25 | 84 | 20 |
| 7 വെണ്ടാർ, മൈലംകുളം | വാർഡ് 7, 10 വെണ്ടാർ, മൈലംകുളം | 21 | 77 | 18 |
| 8 വെണ്ടാർ ,, | വാർഡ് 7 വെണ്ടാർ | 43 | 179 | 30 |
| 9 നടുവത്തറ ,, | വാർഡ് 6 പെരുംകുളം | 25 | 69. | 20 |
| 10 ചാന്തന്നൂർ | വാർഡ് 5, 6 കലയപുരം പെരുംകുളം | 22 | 75 | 18 |
| 11 കിഴക്കുപുറം ,, | വാർഡ് 5 പൂവറ്റൂർ കിഴക്ക് | 16 | 57 | 10 |
| 12 പൂവറ്റൂർ കിഴക്ക് ,, | വാർഡ് 5 പൂവറ്റൂർകിഴക്ക് | 27 | 110 | 20 |
| 13 പൂവറ്റൂർപടിഞ്ഞാറ് ,, | വാർഡ് 8, പൂവറ്റൂർ | 23 | 81 | 17 |
| 24 തോട്ടകം പടിഞ്ഞാറ് | വാർഡ് 3, 8 ഏറാത്തു കളക്കട പൈനുംമൂട് | 44 | 151 | 30 |
| ആകെ | | 370 | 1262 | 280 |

തുടക്കത്തിൽകുറെയൊക്കെ കൂട്ടായി പ്രവർത്തനംനടന്നു. എന്നാൽ ഇപ്പോൾ കൃഷിഭവനിലൂടെ എന്തെങ്കിലും സൗജന്യം ഉണ്ടെങ്കിൽ വാങ്ങി എടുക്കാൻ മാത്രമേ ഈ സമിതികൾ ഉപയോഗപ്പെടുന്നുള്ള ഇവയിൽ 3 സമിതികൾ മാവടി, ആറുവാശേരി, കിഴക്കുപുറം, പൂവറ്റൂർ കിഴക്ക് മാത്രമേ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളു.

### കേരവികസന സമിതി

പഞ്ചായത്തു തലത്തിൽ 1995_ൽ ഒരു കേര വികസന സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും അഡ്ഹോക് കമ്മിററിയാണ ഭരണം നടത്തുന്നത്. സർക്കാരിന്റെ നിർദ്ദേശം കിട്ടാത്തതിനാലാണ് സ്ഥിരം കമ്മിററിയെ തെരഞ്ഞെടുക്കാൻ കഴിയാത്തത്. സമിതി തനതായ ഒരു പരിപാടിയും കേര വികസനത്തിനായി ആവിഷ്കരിച്ചിട്ടില്ല. കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണം മാത്രമേ സമിതി അംഗങ്ങൾക്ക ലഭിക്കുന്നുള്ളു. ഈ പഞ്ചായത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കാൻകഴിയുന്ന ഈ സമിതി യുടെ പ്രവർത്തനം വളരെ പരിതാപകരമാണ്. സമിതിയിൽ 1350 കേര കർഷകരാണ് അംഗങ്ങളായിട്ടുള്ളത്.

### റബർ കർഷക സമിതികൾ (R. P. S)

പഞ്ചായത്തിൽ താഴത്തുകുളക്കട, കുളക്കട കിഴക്ക്, ഏറ്റത്തുകുളക്കട, പൂവററൂർ കിഴക്ക്, പെരുംകുളം, മൈലംകുളം, എന്നിവിടങ്ങളിലായി 6 റബർ പ്രൊഡ്യൂസേഴ്സ് സൊസൈററികൾ പ്രവർത്തിക്കുന്നു. ഇവിടെയെല്ലാം കൂടി 734 റബർ കർഷകർ അംഗങ്ങളായിട്ടുണ്ട്. സമിതിയുടെ പരിധിയിൽ 288 ഹെക്ടർ റബർ തോട്ടങ്ങളുണ്ട്. ഇതിൽ തൈകളും ടാപ്പിംഗ് മരങ്ങളും ഉൾപ്പെടും. ഇവകൂടാതെ പൂവററൂർ പടിഞ്ഞാറ് വെണ്ടാർ എന്നിവിടങ്ങളിൽ ഓരോ R P S അടുത്ത സമയത്തു രജിസ്ററർ ചെയ്തിട്ടുണ്ട്. ഇവയിൽ കൂടി റബർ ബോർഡിൽനിന്നും കിട്ടുന്ന റബർ തോട്ടങ്ങളിലേക്ക വേണ്ടുന്ന വസ്തുക്കൾ സൗജന്യ നിരക്കിൽ കർഷകർക്ക വിതരണം നടത്തുന്നു. റബർ നഴ്സറികൾ, ടാപ്പിംഗ് പ്രദർശന ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ മുതലായ പ്രവർത്തനങ്ങൾ R.P.S. ഏറെറടുത്തു നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

### I മണ്ണ്

1) പൊതുവേ വളക്കൂറുള്ള മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. എന്നാൽ ജൈവ വളത്തിന്റെ ഉപയോഗം കുറയുന്നതിനാൽ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുവരുന്നു.

2) ഉയർന്ന പ്രദേശങ്ങളും കുന്നുകളും ചരുവുകളും ഉള്ള പ്രദേശമായതിനാൽ ആററുതീരത്തോടടുത്ത കുറച്ചു സ്ഥലം ഒഴികെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

3) എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി സ്ഥലങ്ങൾ നികത്തി കരകൃഷികൾ ചെയ്യുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

4) ആററുവാശ്ശേരി, താഴത്തുകുളക്കട, തെങ്ങാംപുഴ (കുളക്കട കിഴക്ക്) എന്നീ ഭാഗങ്ങളിൽ പാടത്തു നിന്നും ആററുതീരത്തുനിന്നും വളരെ ആഴത്തിൽ മണ്ണു കുഴിച്ചു മാററുന്നു. തൻമൂലം കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറയുന്നു. ആ പ്രദേശങ്ങളിലെ ജലസ്രോതസുകൾ വററിപ്പോകുന്നു.

5) പഞ്ചായത്തിന്റെ ജലാതിർത്തിയിലൂടനീളം ആററിൽ നിന്നും വൻതോതിൽ മണൽ വാരി മാററുന്നതിനാൽ ആററിന്റെ ആഴം ക്രമാതീതമായി കൂടുന്നു. തൻമൂലം ആററുതീരം ഇടിഞ്ഞു പോകുന്നു. തീരപ്രദേശത്തെ ജല സ്രോതസുകൾ വററിപ്പോകുന്നു. തീരപ്രദേശത്തു വൻതോതിൽ വരൾച്ച അനുഭവപ്പെട്ട് എല്ലാത്തരം കൃഷികളും നശിക്കുന്നു. വേനൽക്കാലത്തു നദിയിൽ ഒഴുക്ക നിലച്ച് ജലം കെട്ടിക്കിടന്ന് അശുദ്ധമാകുന്നു. നദിയിലെ മത്സ്യ സമ്പത്ത് നശിക്കുന്നു.

### II ജലം

1) ചില പ്രദേശങ്ങളിൽ ജലസേചനത്തിനു് വേണ്ടത്ര വെള്ളം കിട്ടാനില്ല.

2) ജലദൗർലഭ്യം മൂലം ശാസ്താംകുലം, തുരുത്തിക്കാട്, മാവടി, വെണ്ടാർ, വെണ്ടാർ_മൈലംകുളം, നടുത്തേരി, ചാത്തന്നൂർ, കിഴക്കേപുറം, പൂവററൂർ കിഴക്ക്, പൂവററൂർ പടിഞ്ഞാറ്, തോട്ടകം ഏലയുടെ മേൽഭാഗം എന്നിവിടങ്ങളിലെ രണ്ടാംവിള നെൽകൃഷി ഉണങ്ങുന്നു. കൂടാതെ മൂന്നാം വിളയായി പച്ചക്കറി തുടങ്ങിയ കൃഷികൾ ചെയ്യാൻ കഴിയുന്നില്ല.

3 ആററുവാശ്ശേരി പാടശേഖരത്തിനും ഓരത്തിനാപ്പുഴ പാടശേഖരത്തിനും വളരെ പ്രയോജനം ചെയ്യുന്ന കുളക്കട ലിഫ്ററ് ഇറിഗേഷൻ വളരെകാലമായി പ്രവർത്തിക്കാതെ കിടക്കുന്നു.

4 കല്ലട ഇറിഗേഷൻ പദ്ധതി, ഏഴുറത്തുകുളക്കട യിലെ സാമൂഹ്യ ജലസേചന പദ്ധതി (കേര വിക സനം) എന്നിവ പൂർത്തീകരിക്കാതെ അനന്തമായി നീണ്ടുപോകുന്നു.

5 പാത്തല പട്ടികജാതി കോളനിയിൽ സ്ഥാപി ച്ചിട്ടുള്ള ജലസേചന പദ്ധതി പ്രവർത്തിക്കാതെ കിടക്കുന്നു.

6 വർഷകാലത്ത് നദിയിൽ വെള്ളപ്പൊക്കം ഉണ്ടായി തീരപ്രദേശത്തെ വിളകൾ നശിക്കുന്നു.

7 വട്ടമൺപാടത്ത് വെള്ളം കെട്ടികിടക്കുന്നതി നാൽ കൃഷിചെയ്യാൻ കഴിയുന്നില്ല.

## III വിളകളും വിളക്രമവും

1 റബ്ബർ ഒഴികെയുള്ള എല്ലാ വിളകളുടെയും വിസ്തൃതി കുറയുന്നു.

2 തെങ്ങിന്റെ രോഗം കൂടുതൽ വ്യാപിക്കുന്നു. വിളവുകുറയുന്നു.

3 പയർവർഗ്ഗങ്ങളുടെ കരകൃഷി ഇല്ലാതാകുന്നു.

4 കാച്ചിൽ, ചേമ്പ്, കിഴങ്ങ്, കൂർക്ക തുടങ്ങിയ കൃഷികൾ തീരെ കുറയുന്നു.

5 സമ്മിശ്രകൃഷി കുറയുകയും ഏകദാനവിള വർ ദ്ധിക്കുകയും ചെയ്യുന്നു.

6 വെററിലയുടെ രോഗം നിയന്ത്രിക്കാൻ കഴിയു ന്നില്ല.

7 പൊതുവേ കാർഷികവൃത്തിയോട് ജനങ്ങൾക്ക താല്പര്യകുറവനുഭവപ്പെടുന്നു.

## IV വിത്ത്, വളം, കീടനാശിനി

1 പ്രദേശത്തിനുയോജിച്ചതും ഗുണമേന്മയുള്ളതു മായ വിളകൾ, നടീൽവസ്തുക്കൾ എന്നിവ യഥാസമയങ്ങളിൽ ആവശ്യമുള്ളത്ര ലഭ്യമല്ല.

2 രാസവളം, കീടനാശിനി എന്നിവയ്ക്ക് അമി തമായ വിലയും ജൈവവളങ്ങളുടെ ലഭ്യത കുറവും അനുഭവപ്പെടുന്നു.

## V രോഗ/കീടബാധ

1 തെങ്ങ്, പച്ചക്കറി, വാഴ, നെല്ല് എന്നി വിളകൾക്ക് കൂടുതലായി രോഗങ്ങളുടെയും കീടങ്ങ ളുടെയും ആക്രമണം കാണുന്നു. ഉദാഹരണമായി തെങ്ങിന്റെ വേരുരോഗം (കാററുവീഴ്ച) വാഴയുടെ കുറുനാമ്പ് രോഗം, കൊക്കാൻരോഗം, പച്ചക്കറിക ളുടെ മുരടിപ്പ്, മഞ്ഞളിപ്പ് മുതലായവ.

## VI കൃഷിപണികളും തൊഴിലാളികളുടെ ലഭ്യതയും

1 സ്വയം കൃഷിപണികൾ ചെയ്യുന്ന കർഷകരുടെ എണ്ണം കുറയുന്നു.

2 കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

3 ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ കർഷക തൊഴിലാളികളുടെ കൂലിവളരെ കൂടുത ലാണ്. അവരുടെ സേവനനിലവാരം വളരെ കുറവുമാണ്.

5 ഉഴവുജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാ ളികൾ ഉഴവുമാടുകളെ പോററുന്നതിലുള്ള വർ ദ്ധിച്ച ചെലവുകാരണം ഈ ജോലിയിൽ നിന്നും പിന്മാറുന്നു.

5 കൃഷിപ്പണിക്കുള്ള യന്ത്രോപകരണങ്ങൾ ആവ ശ്യത്തിനനുസരിച്ച് ലഭ്യമല്ല.

6 ജലസേചന സൗകര്യം തീരെ കുറവായതിനാൽ മഴയെ ആശ്രയിച്ചാണ് കൃഷിപണികൾ നട ത്തുന്നത്.

## VII വിപണനം

1 കർഷകരുടെ ഉത്പന്നങ്ങൾക്ക് നിശ്ചിത വിലനിലവാരമില്ല. അതുമൂലം ഉത്പന്നങ്ങ ളുടെ സീസണിൽ കർഷകർക്ക് വില വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളു.

2 ഉത്പന്നങ്ങൾ മാർക്കററിൽ എത്തിക്കുന്നതിനു സംവിധാനമില്ല.

ലാഭം മുഴുവൻ ഇടനിലക്കാരാണ് തട്ടിയെടുക്കുന്നത്.

4 റബ്ബർ ധാരാളം ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ഇതുകൊണ്ടുള്ള വ്യവസായങ്ങൾ ഇല്ല.

## VIII മററുള്ളവ

1 കാർഷിക വായ്പകൾ വാങ്ങുന്നെങ്കിലും കർഷകർ അവ മററാവശ്യങ്ങൾക്കു ഉപയോഗിക്കുന്നു.

2 ജലസേചനത്തിനായി സർക്കാർ ധനസഹായത്തോടെ പമ്പുസെററുകൾ സ്ഥാപിക്കുകയും കിണർ കുഴിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവ കേവലം കുടിവെള്ളത്തിനുമാത്രം ഉപയോഗിക്കുന്നു.

3 ഗുണനിലവാരം കുറഞ്ഞ വളം, കീടനാശിനികൾ എന്നിവ വിൽപന നടത്തുന്നു.

4 കൃഷിഭവനിലൂടെ കർഷകർക്കുകിട്ടുന്ന സഹായങ്ങൾ പര്യാപ്തമല്ല. കൂടാതെ വിവിധ പദ്ധതികളെപ്പററി കർഷകർക്ക് യഥാസമയം അറിവു ലഭിക്കുന്നതിനു് ഇന്നുള്ളമാർഗ്ഗങ്ങൾ പര്യാപ്തമല്ല.

5 നെൽകൃഷി തുടങ്ങിയ ഹ്രസ്വകാല വിളകൾ സ്ഥിരമായി കൃഷി ചെയ്യുന്ന സ്ഥലത്തിനു വളരെ അടുത്തായി റബ്ബർ തുടങ്ങിയ ദീർഘകാല വിളകൾ കൃഷി ചെയ്യുന്നു.

6 ചില ജലസ്രോതസുകൾ വർഗീയ, സംഘടനകൾ സ്വന്തം അധീനതയിൽ വയ്ക്കുകയും ജലസേചനത്തിനു തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

7 മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കാത്തതുമൂലം സാധാരണ കർഷക കുടുംബങ്ങളിലെ പുരുഷൻമാർ മദ്യത്തിനടിമയാവുകയും അദ്ധ്വാനഫലം മുഴുവൻ ഇതിനായി ചെലവഴിക്കുകയും ചെയ്യുന്നു. തന്മൂലം സ്ത്രീകളും കുട്ടികളും പീഡനം അനുഭവിക്കുന്നു. സാമ്പത്തികവും സാംസ്കാരികവുമായി കുടുംബം തകരുന്നതോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസവും താറുമാറാകുന്നു.

8 വില്ലേജ് ഓഫീസുകളിൽ ഭൂമിയുടെ നികുതി അടയ്ക്കുമ്പോൾ കിട്ടുന്ന രസീതിൽ നിലം പുരയിടം എന്നു പ്രത്യേകം കാണിക്കാത്തതിനാൽ കർഷകരുടെ പല ആവശ്യങ്ങൾക്കും ഈ രസീതു പര്യാപ്തമല്ലാതെ വരുന്നു

9 ചില പാടശേഖരങ്ങളിൽ വളം എത്തിക്കുന്നതിനും കൊയ്തകററ കൊണ്ടുപോകുന്നതിനും റോഡു സൗകര്യമില്ല.

10 പാണ്ടറ കശുവണ്ടി ഫാക്ടറി (വെണ്ടർ) യിൽ നിന്നും നെൽപാടങ്ങളുടെ മലിന ജലം ഒഴുകി നെൽകൃഷി നശിക്കുന്നു.

# സാദ്ധ്യതകൾ

## I മണ്ണ്

1 **ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.**

(a) സാദ്ധ്യമായ വീടുകളിലെല്ലാം പശുവിനേയോ ആടിനേയോ വളർത്തുക.

(b) എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴി കഴിച്ച് ജൈവവളം ഉല്പാദിപ്പിക്കുക.

(c) പാടങ്ങളിൽ നെൽകൃഷിയ്ക്കുമുമ്പായി പച്ചില വളച്ചെടിയുടെ വിത്തു വിതയ്ക്കുക.

(d) തെങ്ങിൻ തോട്ടങ്ങളിൽ പച്ചില വളച്ചെടി വിത്തു വിതയ്ക്കുക.

2 **മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക**

(a) ഭൂപ്രകൃതിക്കനുയോജ്യമായ വിളക്രമങ്ങൾ അനുവർത്തിക്കുക

(b) കോണ്ടൂർ ബണ്ടുകൾ കെട്ടുക

(c) മൺ കയ്യാലകളിൽ സുബാബുൾ, ചിററരത്ത, രാമച്ചം മുതലായ വിവിധ ഉപയോഗമുള്ള ചെടികൾ നട്ടു വളർത്തുക

3 നെൽപാടങ്ങൾ നികത്തുക, കഴിച്ച മണ്ണുമാററുക, അശാസ്ത്രീയമായി നദിയിൽ നിന്നും മണൽ വാരുക എന്നിവ നിയമംമൂലം തടയുക എല്ലാത്തരം ഭൂവികസന പദ്ധതികളും നീർത്തട വികസന പദ്ധതി (Watershed Programme) യിൽ ഉൾപ്പെടുത്തി ചെയ്യുക.

## II ജലം

1 **നീർത്തട വികസന പദ്ധതി നടപ്പിലാക്കുക**

2 (a) നിലവിലുള്ള കുളങ്ങൾ ആഴവും വിസ്തൃതിയും കൂട്ടി പമ്പുസെററുകൾ സ്ഥാപിക്കുക

(b) എല്ലാ പാടശേഖരങ്ങളുടെയും ഉയർന്ന ഭാഗത്ത് കുളങ്ങൾ കഴിച്ച് പമ്പുസെററുകൾ സ്ഥാപിക്കുക

3 കുളക്കടെ ലിഫ്ററ് ഇറിഗേഷൻ, ഏററുകളക്കടെ സാമൂഹ്യ ജലസേചന പദ്ധതി, പാത്തല ജലസേചന പദ്ധതി, കല്ലട ഇറിഗേഷൻ പ്രോജക്ട് എന്നിവ പ്രവർത്തിപ്പിക്കുക.

4 വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കുന്നതിനുതകുന്ന താഴത്തുകുളക്കടെ ബണ്ടിന്റെ ചീപ്പ് പ്രവർത്തന ക്ഷമമാക്കുക.

5 എല്ലാ പാടശേഖരങ്ങളിലും ജലസേചനത്തിനുതകുന്ന തോടുകൾ ആഴം കൂട്ടുകയും സൈഡ് കെട്ടുകയും ചെയ്യുക.

6 എല്ലാ പാടശേഖരങ്ങളിലും ട്രാക്ടർ ഇറക്കുന്നതിനായി റാമ്പു കെട്ടുക.

7 പട്ടമൺ പാടത്തെ തോടുകൾ ആഴം കൂട്ടി വെള്ളക്കെട്ട് ഒഴിവാക്കുക.

## III വിളകളും വിളക്രമവും

1 പൊതുവേ ജനങ്ങൾക്ക് കൃഷിയോട് താല്പര്യക്കുറവ്, റബ്ബറിന്റെ വിസ്തൃതി കൂടുക, മററു വിളകളുടെ വിസ്തൃതി കറയുക എന്നീ പ്രശ്നങ്ങൾക്ക് പല കാരണങ്ങളുണ്ട്. ഇവയെല്ലാം ഒററയടിക്ക പരിഹാരമില്ല. മററെല്ലാ കൃഷികളും ആദായകരമാക്കുകയും അവയിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതോടൊപ്പം ഒരു സ്വാശ്രയ പഞ്ചായത്ത് രൂപപ്പെടുത്തുന്നതിനുള്ള ബോധവത്കരണവും ആവശ്യമാണ്.

2 രോഗം ബാധിച്ചതും ആദായകരമല്ലാത്തതുമായ മുഴവൻ തെങ്ങുകളും ഒന്നിച്ച തന്നെ വെട്ടിമാററുകയും ശേഷിക്കുന്ന തെങ്ങുകൾക്ക് കൃത്യമായി വർഷത്തിൽ രണ്ടു പ്രാവശ്യം ബോർഡോമിക്സ്ചർ സ്പ്രേ ചെയ്യുന്നതിനുള്ള പദ്ധതി ഉണ്ടാക്കുകയും ചെയ്യുക

3 തെങ്ങുകളുടെ ചുവട്ടിൽ ഈർപ്പം നിലനിർത്തുന്നതിന് ചുവട്ടിൽ തൊണ്ടടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

4 എല്ലാ വിളകൾക്കും ജൈവവളം ധാരാളം ഉപയോഗിച്ചുള്ള വളപ്രയോഗ രീതി നടപ്പിലാക്കുക.

5 മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളം ഉപയോഗിക്കുക.

6 ജീവാണുവളം ഉപയോഗിക്കുക.

7 ജൈവവൈവിദ്ധ്യം നിലനിർത്തുന്ന തരത്തിലുള്ള കൃഷിരീതിക്കു പ്രചാരം നൽകുക.

8 ഇന്നനുവർത്തിച്ചുവരുന്ന അമിതമായ രാസവള പ്രയോഗം നിർത്തി ശാസ്ത്രീയമാഗ്ഗം അവലംബിച്ച് വെററിലയുടെ രോഗം നിയന്ത്രണ വിധേയമാക്കുക.

IV 1 ഇവിടത്തേക്കുവേണ്ട വിത്തുകളും നടീൽ വസ്തുക്കളും ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ ശ്രമിക്കുക.

2 രജിസ്റ്റേഡ് വിത്തുല്പാദക പദ്ധതി (നെല്ല്) പ്രായോഗികമായി നടപ്പിലാക്കുക.

3 ഈ പ്രദേശത്തിനനുഗുണമായതും രോഗം ബാധിക്കാത്തതുമായ ഇന്നാട്ടിലെ തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ ശേഖരിച്ച് തൈകൾ ഉത്പാദിപ്പിക്കുക.

4 ടിഷ്യൂകൾച്ചർ മൂലം ഉത്പാദിപ്പിക്കുന്ന തൈകൾ നടുക.

5 രാസവളവും കീടനാശിനികളും വില കുറച്ചു കർഷകർക്കു നൽകുക.

6 ജൈവ കീടനാശിനികൾ വ്യാപിപ്പിക്കുക

## V രോഗ / കീടബാധ

1 പ്രതിരോധശേഷിയുള്ള ഇനങ്ങൾ പ്രചരിപ്പിക്കുക.

2 നെൽകൃഷി ഗ്രൂപ്പുഫാമിംഗ് സമ്പ്രദായം വ്യാപകമായി നടപ്പിലാക്കുക.

3 കാർഷിക യൂണിവേഴ്സിററിയിലെ ശാസ്ത്രജ്ഞരുടെ നിർദ്ദേശം സ്വീകരിക്കുക.

## VI കൃഷിപണികളും തൊഴിലാളികളുടെ ലഭ്യതയും

1 കർഷക കുടുംബങ്ങളിലെ യുവാക്കളുടെ കൃഷിയോടുള്ള അവജ്ഞത ഇല്ലാതാക്കുകയും അത്തരം യുവാക്കളുടെ കായിക ശേഷി തങ്ങളുടെ കുടുംബത്തിലെ കാർഷിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുക

2 രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലുള്ള കർഷക തൊഴിലാളികളുടെ കൂലി ഉല്പാദനവുമായി ബന്ധപ്പെടുത്തി പുനർ നിർണ്ണയിക്കുക.

3 പൊതുവിപണിയിലെ വില നിലവാരം കുറച്ച് കർഷകർക്കു തങ്ങളുടെ ജീവിത വൃത്തിയിൽ ഉറച്ചുനിൽക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.

4 പഞ്ചായത്തിലെ മുഴവൻ പാടശേഖരത്തിലും കൃഷിപ്പണികൾക്ക് ഉപയുക്തമാകമാറ് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുക.

## കാർഷിക യന്ത്രങ്ങൾ ആവശ്യപ്പെട്ടിട്ടുളള ഗ്രൂപ്പുഫാമിംഗ്

| ക്രമ നമ്പർ | പാടശേഖര സമിതിയുടെ പേര് | ആവശ്യമുള്ള യന്ത്രം |
|---|---|---|
| 1 | ശാസ്തമംഗലം ഗ്രൂപ്പ്ഫാമിംഗ് സമിതി | ടില്ലർ |
| 2 | തോട്ടകം ” | ട്രാക്ടർ |
| 3 | വെണ്ടോർ ” | ട്രാക്ടർ |
| 4 | പൂവററൂർ പടിഞ്ഞാറ് ” | ടില്ലർ |
| 5 | നടുവത്തറ ” | ട്രാക്ടർ |

## VII വിപണനം

1 ഓരോ വിളകൾക്കും നിശ്ചിത വില നിശ്ചയിക്കണം.

2 എല്ലാ ചന്തദിവസവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ പോകുന്ന തരത്തിൽ ഒരു ടെമ്പോ സർവ്വീസ് സംഘടിപ്പിക്കണം. ഇതുപയോഗിച്ച് കർഷകർക്കു തങ്ങളുടെ ഉല്പന്നങ്ങൾ മാർക്കററിൽ എത്തിക്കാം.

3 മാർക്കററിൽനിന്നും ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കണം

4 കലയപുരം, പുത്തൂർ എന്നീ മാർക്കററുകളിലെ അമിതമായ ഉല്പന്ന പിരിവു നിയന്ത്രിക്കണം.

5 കലയപുരം മാർക്കററ് രാവിലെ 6 മണിക്കു മാത്രം തുറന്നു വ്യാപാരം തുടങ്ങുക

6 സർവ്വീസ് സഹകരണ ബാങ്കുകളിൽ കൂടി കർഷകർക്കു തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനുള്ള നടപടി സ്വീകരിക്കുക

7 റബ്ബർ വ്യവസായ ശാലകൾ ആരംഭിക്കുക

## VIII മററുള്ളവ

1 കർഷകർക്കുനൽകുന്ന വായ്പകൾ യഥാർത്ഥ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നു എന്നുറപ്പു വരുത്തുക

2 ജലസേചനത്തിനായി നല്കുന്ന കിണറും പമ്പുസെററുകളും ജലസേചനത്തിനു തന്നെ ഉപയോഗിക്കുന്നു എന്നുറപ്പാക്കുക

3 വളം, കീടനാശിനി ഡിപ്പോകളിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ മാത്രം വില്ക്കുന്നു എന്നുറപ്പു വരുത്തുക.

4 കൃഷിഭവനിലേയും മററ് ഓഫീസുകളിലേയും വിവരങ്ങൾ യഥാസമയം കർഷകർക്ക് അറിയുന്നതിനായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക

5 ഹ്രസ്വകാലവിളകൾ, ദീർഘകാല വിളകൾ എന്നിവ അന്യോന്യം ദോഷം ചെയ്യാത്തവിധത്തിൽ കൃഷി ചെയ്യുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും കാലാനുസൃതമായി നടപ്പിലാക്കുകയും ചെയ്യുക

6 പൊതുജനങ്ങൾക്കുപയോഗിക്കേണ്ട വസ്തുക്കൾ വ്യക്തികളോ സംഘടനകളോ കയ്യേറുന്നില്ല എന്നുറപ്പു വരുത്തുക

7 മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കുക. ഒപ്പംതന്നെ മദ്യത്തിൻെറ ദൂഷ്യവശങ്ങളെക്കുറിച്ചു ജനങ്ങൾക്കു ബോധവത്കരണം നടത്തുകയും ചെയ്യുക

8 ഭൂമിയുടെ നികുതി അടയ്ക്കുമ്പോൾ വില്ലേജാഫീസിൽ നിന്നും കരയും നിലവും തിരിച്ചെഴുതി രസീതു നൽകാനു നടപടി എടുക്കുക

9 പാടശേഖരങ്ങളുടെ നടുവിലൂടോ അരികിലൂടോ വാഹനങ്ങൾ പോകത്തക്കവണ്ണം റോഡ് ഉണ്ടാക്കുക (ആവശ്യമുള്ള ഭാഗങ്ങളിൽ)

10 പാണ്ടറ കശുവണ്ടിഫാക്ടറിയിൽ നിന്നും വരുന്ന മലിനജലം പാടത്തുകൂടെ ഒഴക്കാതെ കഴി കുഴിച്ച് അതിലേക്ക് തിരിച്ചുവിട്ട് സ്ലാബിട്ടു മൂടുക.

11 കല്ലടയാററിൽ ആവശ്യമുള്ള ഭാഗങ്ങളിൽ ചെക്കുഡാം, പുലിമുട്ടുകൾ എന്നിവ കെട്ടുക.

12 പഞ്ചായത്തിലെ കഴിയുന്ന എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുക.

13 കൂടുതലായി കരയിടിച്ചിൽ ഉണ്ടാകുന്ന കല്ലടയാററിൻെറ തീരങ്ങൾ പാറയിട്ടുകെട്ടി സംരക്ഷിക്കുക.

14 താഴത്തുകുളക്കട S. C. B. യിലെ വളം ഡിപ്പോയുടെ ഒരു ബ്രാഞ്ച് ആററുവാശേരി കള്ളാട്ടുമുക്കിൽ ആരംഭിക്കുക.

15 തെങ്ങുകയററ തൊഴിലാളികൾക്ക് പരിശീലനം നൽകി ഒരു മരുന്നുതളി സ്ക്വാഡ് ഉണ്ടാക്കി അവരെക്കൊണ്ട് ഈ പഞ്ചായത്തിലെ തെങ്ങുകൾക്കു മരുന്നു തളിക്കുക.

16 കർഷക തൊഴിലാളികൾക്ക് പരിശീലനം നൽകി സ്പ്രേയർ സൗജന്യ നിരക്കിൽ നൽകി അവരെക്കൊണ്ട് നെൽകൃഷിക്കു മരുന്നു തളിപ്പിക്കുക.

17 പ്രകൃതി ക്ഷോഭ ദുരിതാശ്വാസത്തിനു വേണ്ടി പഞ്ചായത്തിൽ ഒരു സ്ഥിരം ഫണ്ട് രൂപീകരിക്കുക.

18 ഔഷധ ചെടി കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

19 ടാപ്പിംഗ് തൊഴിലാളികൾക്ക പരിശീലനം നൽകി കുററമററ രീതിയിൽ ടാപ്പു ചെയ്യുന്ന അവരെ പ്രാപ്തരാക്കുക.

20 പെരുംകുളത്ത് പൂവററൂർ കിഴക്ക സഹകരണ ബാങ്കിൻെറ ഒരു ശാഖ തുറന്നു പ്രവർത്തിക്കുക.

21 വിളയിൽഭാഗം അംബദ്കർ സ്മാരക ഹരിജൻ കോളനിയിലെ യന്ത്ര സാമഗ്രികളും മററും റിപ്പയർ ചെയ്ത് പൂർണ്ണതോതിൽ പ്രവർത്തിക്കാൻ വേണ്ട നടപടി എടുക്കുക.

22 കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

23 കർഷിക യന്ത്രങ്ങൾ സൗജന്യനിരക്കിൽ വ്യക്തികൾക്ക നൽകുക.

24 നെൽപ്പാടങ്ങളിൽ റബ്ബർ മുതലായ ദീർഘകാലവിളകൾ കൃഷിചെയ്യുന്നതിനെ നിയമംമൂലം തടയുക.

25 നെൽപാടങ്ങളിൽനിന്നും 10 മീററർ അകലെ മാത്രമേ റബ്ബർ കൃഷി ചെയ്യാവൂ എന്നതിന് നിയമം കൊണ്ടുവന്ന് നടപ്പിലാക്കുക.

26 ഏറത്തുകുളക്കട ലക്ഷം വീട് മുക്കിൽനിന്നും കററ തോയിത്തല ഭാഗത്ത് റോഡിൽ നിന്നും യഥാക്രമം കാക്കത്തോട്, തോയിത്തല പാടത്തേക്ക് വെള്ളപ്പാച്ചിൽഉണ്ടായി കൃഷി നശിക്കുന്നതിനാൽ ഇവിടങ്ങളിൽ തോടു കഴിച്ചുകെട്ടി വെള്ളം തിരിച്ചു വിടുക.

# II മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക ഗ്രാമമായ കുളക്കട പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ട ഒരു മേഖല തന്നെയാണ് കാലിവളർത്തൽ. കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ് എന്ന നിലയിലും, കൃഷിയിടങ്ങളിൽ ഉഴവുമാടുകളായും വണ്ടിവലിക്കുന്നതിനും പാൽ ഉൽപ്പാദനത്തിനും കന്നുകാലികളെ നമ്മുടെ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വളർത്തിയിരുന്നു. എന്നാൽ ഈ രണ്ടു മൂന്നു ദശാബ്ദക്കാലമായി ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വളർച്ച നമ്മുടെ മൃഗപരിപാലന രംഗത്തുമുണ്ടായി. തത്ഫലമായി ജൈവവളങ്ങളേക്കാൾ രാസവള ഉപയോഗം കൂടി. അതുപോലെ ഉഴവുമാടുകളുടെ സ്ഥാനത്ത് ട്രാക്ടറും, ട്രില്ലറും വണ്ടിക്കാളകൾക്ക് പകരം മോട്ടോർ വാഹനങ്ങളും രംഗത്തുവരികയും ചെയ്തു. എന്നിരുന്നാലും ഈ പഞ്ചായത്തിന്റെ ചില ഏലാകളിൽ ഇപ്പോഴും ഉഴവുമാടുകളെ ഉപയോഗിക്കുന്നുണ്ട്. ശാസ്ത്ര രംഗത്തുണ്ടായ വളർച്ച ഏററവും കൂടുതൽ പ്രത്യക്ഷമായത് പാൽ ഉൽപ്പാദനരംഗത്തും പശുപരിപാലന രംഗത്തുമാണ്, കാലങ്ങളായി നാം വളർത്തിപ്പോന്ന നാടൻ കാലികളുടെ സ്ഥാനത്ത് അത്യുല്പ്പാദനശേഷി ഉള്ള സങ്കരയിനങ്ങളുടെ വ്യാപനവും ആണ് എടുത്തു പറയത്തക്കത്.

അതുപോലെ കാലിവളർത്തൽ രംഗത്തുണ്ടായ മാററം. പണ്ടു കാലികളെ മേയ്ക്കുന്ന ഒരു രീതി ആയിരുന്നു നിലവിലിരുന്നത്. ഇങ്ങനെ കാലിമേച്ച് ജീവിച്ചിരുന്ന ഒരു വിഭാഗം ഇവിടെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതുമാറി. കാലികളെ മേയ്ക്കാൻ സ്ഥലം ഇല്ലാതായി. ഇവിടെ കൃഷി ചെയ്യാൻ പോലും സ്ഥലം ഇല്ല. ഉള്ള സ്ഥലം റബ്ബർ പ്ലാന്റേഷൻ ആയി. ആയതിനാൽ ഇപ്പോൾ മിക്ക കർഷകരും കാലികളെ കെട്ടിയിട്ട് കൈ തീററ കൊടുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വന്നു. അങ്ങനെ കാലിത്തീററയെ കൂടുതൽ ആശ്രയിക്കേണ്ട അവസ്ഥ വന്നു. തത്ഫലമായി കാലിത്തീററയുടെ വില വർദ്ധിക്കാൻ കാരണമായി. അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനങ്ങളുടെ വ്യാപനം മൂലം പാലുൽപ്പാദന രംഗത്ത് ഒരു വിപ്ലവം തന്നെയുണ്ടായി. രണ്ടു ദശാബ്ദത്തിനു മുമ്പ് ശരാശരി ഒരു പശുവിൽ നിന്നും ഒന്നും രണ്ടും ലിററർ പാൽ മാത്രം കിട്ടിക്കൊണ്ടിരുന്നിടത്ത് ഇന്ന് ആറും ഏഴും ലിററാക്കാൻ നമ്മുടെ ക്ഷീര കർഷകർക്ക് കഴിഞ്ഞു. തത്ഫലമായി നാടൻ പശുക്കൾ സാവധാനം നാട്ടിൽ നിന്നു അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. എന്നാലും നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങ് നാടൻ കന്നുകാലികളെ വളർത്തുന്നുണ്ട്.

ഉൽപ്പാദന ക്ഷമത കൂടിയതനുസരിച്ച് പാൽ വിപണന രംഗവും ഊർജ്ജസ്വലമായി. പണ്ട് കർഷകർ ഉൽപ്പാദിപ്പിച്ചിരുന്ന പാൽ നമ്മുടെയൊക്കെ വീടുകളിലും കടകളിലും നൽകിയിരുന്നപ്പോൾ അവർക്ക് അതിന് വേണ്ടത്ര വില കിട്ടിയിരുന്നില്ല. എന്നാൽ ഇന്ന് ഈ അവസ്ഥയ്ക്ക് മാററം സംഭവിച്ചു. ഈ മാററത്തിന് പ്രധാന കാരണം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശത്ത് നിലവിൽ വന്ന മിൽക്ക് മാർക്കററിങ്ങ് സൊസൈററികളാണ്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നാല് അപ്കോസ് സൊസൈററികളുണ്ട്. ക്ഷീര വിപണന രംഗത്ത് ഇവ കൊണ്ടുവന്ന മാററം നാം എടുത്തുപറയത്തക്കതാണ്.

പശുക്കളിൽ 85% സങ്കരയിനത്തിൽപ്പെട്ടവയാണ്. 15% നാടൻ പശുക്കളും. 1996-ലെ സെൻസസ് പ്രകാരം 6000 ലിററർ പാൽ ഉൽപ്പാദിപ്പിക്കുന്നു. ഇതിൽ 1000 ലിററർ പാൽ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് APCOS ക്ഷീര സംഘങ്ങൾ ശേഖരിക്കുന്നു. ഇതിൽ 100 ലിററോളം പ്രാദേശികമായി വിൽപ്പന നടത്തുന്നു. 500 ലിററർ പാൽ മററ് ഏജൻസികൾ മുഖാന്തിരം ശേഖരിക്കുന്നു. ബാക്കി 4500 ലിററർ പാൽ ഇവിടെ തന്നെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. 30000 നും പുറത്തു വരുന്ന മൊത്തം ജനസംഖ്യയുടെ പാലിന്റെ പ്രതി

ശീർഷ ഉപഭോഗം 150 മി. ലിററാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 210 gm ആകുന്നു പ്രതിശീർഷ ഉപഭോഗം. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിശീർഷ ഉപഭോഗം 60 മി ലിററർ കുറവാണ്. ഈ രംഗത്ത് പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ എരുമകളുടെ എണ്ണം വളരെ കുറവാണ്. ഏകദേശം പതിനേഴോളം എരുമകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പാടശേഖരം ഉഴുന്നതിനായി ട്രാക്ടറുകളും ട്രില്ലറുകളും പരിമിതമായിട്ടെങ്കിലും വന്നതോടു കൂടി ഉഴവുമാടുകൾ അപ്രത്യക്ഷമായി. ഇപ്പോൾ ഏകദേശം 20 കാളകളും 60 ഓളം പോത്തും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇപ്പോഴും നമ്മുടെ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഉഴവുമാടുകളെ ഉപയോഗിക്കുന്നുണ്ട്.

പട്ടിക–1 വളർത്തുമൃഗപക്ഷി സംഖ്യ

| | | |
|---|---|---|
| പശുക്കൾ | നാടൻ | 442 |
| | കറവയുള്ളത് | 225 |
| | സങ്കരയിനം | 2490 |
| | കറവയുള്ളത് | 1233 |
| | ആകെ | 2932 |
| എരുമ | | 17 |
| പോത്ത് | | 56 |
| കാളകൾ | | 23 |
| ആടുകൾ | | 1074 |
| നായ്ക്കൾ | | 1031 |
| കോഴികൾ | പൂവൻ | 632 |
| | പിടക്കോഴി | 18756 |
| താറാവ് | | 330 |

കുറിപ്പ്:– പട്ടിക ഒന്ന് നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും കണക്കുകൾ കാണിക്കുന്നു. അവലംബം–ലൈവ് സ്റ്റോക്ക് സെൻസസ്, 1996 കന്നുകാലി സെൻസസ്, സാമൂഹിക സാമ്പത്തിക സർവ്വേ.

കാലിവളർത്തൽ രംഗം പോലെ തന്നെ നമ്മുടെ പഞ്ചായത്തിൽ ആടുവളർത്തൽ ഉപജീവനമാക്കിയ നിരവധി കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇന്ന് അതൊക്കെ പതുക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കാലിവളർത്തൽ രംഗത്തുണ്ടായ മാററം എന്തുകൊണ്ടോ നമ്മുടെ ആടുകൃഷി രംഗത്ത് കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടില്ല. ഇപ്പോഴും നാടൻ ആടിനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽവളർത്തുന്നത്. ഈ ആടിനത്തിന് പാൽ ഉൽപ്പാദനശേഷി വളരെ കുറവാണ്. പിന്നെ ഇറച്ചിആട് (മുട്ടനാട്) ഒരു വിധം ലാഭമാണ്.

കുളക്കട ഗ്രാമപഞ്ചായത്തിലെ വളർത്തുപക്ഷി സംഖ്യയിൽ 98 % കോഴികളാണ് നമ്മുടെ ഗ്രാമത്തിലെ മിക്കവീടുകളിലും കോഴിവളർത്തൽ ഉണ്ട്. ചില വീടുകളിലെങ്കിലും ഇത് ഒരുകച്ചവടമായി നടത്തുന്നുമുണ്ട്. അതുപോലെ നമ്മുടെപഞ്ചായത്തിൽഒരുപൗൾട്രിഫാമും നിലവിൽഉണ്ട്. ഇപ്പോൾ അതിന്റെപ്രവർത്തനം കാര്യക്ഷമമല്ല. ഇറച്ചിക്കോഴി ഉൽപ്പാദനംലാഭകരമായ ബിസ്സിനസ്സ് ആണ്, നിർഭാഗ്യവശാൽ നമ്മുടെ,പഞ്ചായത്തിൽ ഇറച്ചിക്കോഴികളുടെ ഒരു യൂണിററുപോലുമില്ല. അതുപോലെ തന്നെ താറാവുവളർത്തലും ഈപഞ്ചായത്തിൽ നിർജ്ജീവമാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും മൂന്ന് (I. C. D. P)സബ് സെൻററുകളും നിലവിൽ ഉണ്ട്. മൃഗാശുപത്രി പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ ഏറത്തുകുളക്കടയിലും I. C. D. P centreകൾ ചുങ്കത്തറ, മാവടി, കലയപുരം എന്നിവിടങ്ങളിലുമാണ്. ചുങ്കത്തറസെൻറർ 1958 ൽ Key Villege Sub-Centre ആയിതുടങ്ങി. 1681 ൽ ICDP Centreആക്കി. മാവിടിയിലേത് 1991ലും കലയപുരത്ത് 1982ലുമാണ് തുടങ്ങിയത്. മൃഗാശുപത്രിയിൽ ഇപ്പോൾ ഡോക്ടറും ഒരു അററൻററുമേ ഉള്ളൂ. ആശുപത്രിയുടെ സേവനം ഈ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തുന്നില്ല. സബ് സെൻററുകൾ മുഖേന കൃത്രിമ ബീജസങ്കലനം മാത്രമേ നടക്കുന്നുള്ളൂ.

നമ്മുടെ കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. രോഗപ്രതിരോധ നടപ്പടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിൽസിച്ച് മാററുന്നതിന് തടസ്സമാകാറുണ്ട്.

കുളക്കട പഞ്ചായത്തിൽ ഇരുപത്തഞ്ച് ഗോബർ ഗ്യാസ് പ്ലാൻറുകളുണ്ട്. ഇതിൽ പലതും പ്രവർത്തന ക്ഷമമല്ല. കൃഷിയ്ക്ക് ആവശ്യമായ ജൈവവളത്തിന്റെ 25 % വും കാലിവളർത്തലിൽ കൂടിയേ പരിഹരിക്കാൻ പററുള്ളൂ.

## പ്രശ്നങ്ങൾ (Problems)

1 ഉരുക്കൾക്ക് അമിതമായ വില വർദ്ധനവ്
2 ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം വാണിജ്യബാങ്കുകളും സഹകരണബാങ്കുകളും മററു ക്ഷീരകർഷകരുടെ വായ്പ അനുവദിക്കുന്നതിൽ വിമുഖത കാട്ടുന്നു.
3 കാലിത്തീററയുടെ വില വർദ്ധനവ്
4 ജലസേചന സൗകര്യക്കുറവ്
5 രോഗപ്രതിരോധങ്ങൾക്കുപയോഗിക്കുന്ന മരുന്നുകളുടെ അമിത വിലവർദ്ധനവ്
6 രോഗംവന്നാൽ ഡോക്ടറെ കണ്ടുപിടിച്ച് യഥാസമയം ചികിത്സിക്കാനുള്ള ബുദ്ധിമുട്ടുണ്ട്
7 പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
8 ആശുപത്രിയിലെ അസൗകര്യങ്ങൾ
മരുന്നുകൾ സൂക്ഷിക്കാനുള്ള ഉപകരണമില്ലായ്മ
ഫോൺ, വാഹനങ്ങൾ എന്നിവയില്ല
9 ക്ഷീരകർഷകന് ഉൽപ്പാദന ചിലവിനനുസരിച്ചുള്ള വില ലഭ്യമല്ല
10 ശാസ്ത്രീയമായ തൊഴുത്തുകളുടെ അഭാവം
11 കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള ചിലവ് വർദ്ധനവ്
12 പക്ഷി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം
13 പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ക്ഷീര വിപണനത്തിന്റെ അസൗകര്യങ്ങൾ

14 ക്ഷീര വികസനവകുപ്പിൻെറ പദ്ധതികൾ അർഹമായ കൃഷിക്കാർക്ക് ലഭിക്കുന്നില്ല
15 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ പേപ്പട്ടിവിഷബാധ അനുഭവപ്പെടുന്നു
16 റബ്ബർ കൃഷിയുടെ വളർച്ചയോടുകൂടി നാട്ടിൻപുറങ്ങളിലെ കുററിക്കാടുകൾ അപ്രത്യക്ഷമാവുകയുംആടുവളർത്തൽ ചുരുങ്ങുകയും ചെയ്തു
17 നല്ലയിനം വളർച്ചയുള്ള മുട്ടനാടുകളുടെ കുറവ് ഒരു പ്രശ്നമായി
18 നല്ലയിനം കോഴികളുടെയും താറാവുകളുടെയും കുഞ്ഞുങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട്
19 വിവിധ ഏജൻസികളുടെ മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ
20 സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ
21 ഈ മേഖലയിലെ കുറഞ്ഞ വനിതാപങ്കാളിത്തം

## സാദ്ധ്യതകൾ (നിർദ്ദേശങ്ങൾ)

1 പശുവളർത്തൽ ആദായകരമായി ചെയ്യുന്ന ഇടത്തരംകർഷകർക്ക് കുറഞ്ഞപലിശയിലും. സബ്സിഡി അനുവദിച്ചുകൊണ്ട് ബാങ്കുകളിൽനിന്നു വായ്പ അനുവദിക്കുക
2 പഞ്ചായത്തിലെ മുഴുവൻ പശുക്കുട്ടികളേയും കന്നുക്കുട്ടിപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിസൗജന്യനിരക്കിൽ കാലിതീററ വിതരണം ചെയ്യുക
3 പഞ്ചായത്ത് വക കുളങ്ങളുടെ ഭാഗംതിരിച്ച് കാലികളെ കുളിപ്പിക്കാൻ സൗകര്യം ലഭ്യമാക്കുക
4 കാലിരോഗങ്ങൾക്കുള്ള എല്ലാമരുന്നുകളും മൃഗാശുപത്രിയിൽ ലഭ്യമാക്കുക അതുപോലെകാലികളുടെ അപ്രധാനരോഗങ്ങൾക്കുള്ള മരുന്നുകൾ Apcos വഴിവിതരണം ചെയ്യുക
5 ഈ പഞ്ചായത്തിലെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രി പഞ്ചായത്തിലെ എല്ലാ വിഭാഗം, കർഷകർക്കും പ്രയോജനപ്പെടുന്നില്ല. ആയതിനാൽ മാവടിയിൽ പ്രവർത്തുക്കുന്ന സബ് സെൻറർ മൃഗാശുപത്രിയായി ഉയർത്തുക. അതുപോലെ വെണ്ടാറിൽ ആരംഭിച്ച ക്യാമ്പ് ഡിസ്പൻസറി ഒരു I C D P സബ് സെൻറർ ആയി ഉയർത്തുക.
6 പഞ്ചായത്തിൻെറ സ്ഥലങ്ങളിലും കനാൽ സൈഡുകളിലും കർഷകർക്ക് പുൽകൃഷിക്കും, പീലി വാകനട്ടു പിടിപ്പിക്കുന്നതിനും വിട്ടുകൊടുക്കുക.
7 ആശുപത്രികളിൽ ആവശ്യാനുസരണം മരുന്നും ഉപകരണങ്ങളും വിതരണംചെയ്യുക. ഒഴുവുള്ള സ്ററാഫുകളെ നിയമിക്കുക
8 ക്ഷീരകർഷകർക്ക് പാലിൻെറ യഥാർത്ഥ വിലകിട്ടാതെ വിലങ്ങുതടിയായി നിൽക്കുന്നമേഖലയൂണിയൻ പിരിച്ചുവിടുക
9 കൃത്രിമ ബീജസങ്കലനത്തിൻെറ ഫീസ്‌വർദ്ധനവ് എടുത്തുകളയുക
10 ക്ഷീരവികസനവകുപ്പിൻെറ പദ്ധതികൾ അർഹമായ കൃഷിക്കാർക്ക് ലഭ്യമാക്കുക
11 നല്ലയിനം വളർച്ചയുള്ള മുട്ടനാടുകളെ ലഭ്യമാക്കുക
12 കൂടുതൽ Powltry Unit കൾ തുടങ്ങി നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ഇനങ്ങൾലഭ്യമാക്കുക
13 പഞ്ചായത്തിലെ എല്ലാപക്ഷിമൃഗാദികൾക്കും മാസ്ററർ പോളിസിവഴി ഇൻഷ്വറൻസ്സംരക്ഷണം ഉറപ്പുവരുത്തുക
14 മൃഗാശുപത്രിയോടനുബന്ധിച്ച് ക്ഷീരകർഷകരുടെ ആഭിമുഖ്യത്തിൽ മൃഗാശുപത്രിവികസനസമിതി രൂപീകരിക്കുക

# സാദ്ധ്യതകൾ

1 പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീററ നിർമാണ യൂണിററാരംഭിക്കുക. ഇതുമൂലം അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിതവിലയ്ക്ക് ഗുണനിലവാരമുള്ള തീററ ലഭിക്കുന്നതിനും, പ്രാദേശികമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതു സഹായിക്കും.

2 **പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി:-**

ഈ പരിപാടിയുടെ ആനുകൂല്യം ഒരുവിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ ഈ പരിപാടിയിൽ പഞ്ചായത്തിലെ എല്ലാ കന്നുകുട്ടികളേയും ഉൾപ്പെടുത്തുക.

3 പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലങ്ങൾ ഉപയോഗിച്ചും കനാൽപുറംപോക്കുകൾ ഉപയോഗിച്ചും തീററപ്പുൽകൃഷി പ്രോൽസാഹിപ്പിക്കുക.

4 പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പു വരുത്തുകയും ചെയ്യുക.

5 നമ്മുടെ പഞ്ചായത്തിന്റെ പുഴയോരങ്ങളിൽ താമസിക്കുന്ന ക്ഷീരകർഷകർക്ക് എരുമ വളർത്തൽ ആദായകരമായി നടത്താവുന്നതാണ്.

6 വർഗോദ്ധാരണത്തിന് വേണ്ടി ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലനകേന്ദ്രം തുടങ്ങുക.

7 **പേവിഷ നിയന്ത്രണ പദ്ധതി:-**

പ്രതിരോധ കുത്തിവയ്പ്പ് ഇപ്പോൾ നിർബന്ധമല്ല പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കി പ്രതിരോധ കുത്തിവയ്പ്പും നിർബന്ധമാക്കുക.

8 **ആടുവളർത്തൽ പദ്ധതി:-**

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. നമ്മുടെ പഞ്ചായത്തിന്റെ ഭൂസ്ഥിതിയിൽ ആടുവളർത്തൽ വളരെ ലാഭകരമായ ഒന്നാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ആടുവളർത്തൽ യൂണിററുകൾ ആരംഭിക്കാൻ ഉള്ള പ്രോൽസാഹനം നൽകുക അതുപോലെ സർക്കാരിന്റെ സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിനുവേണ്ട പച്ചിലത്തീററ (പ്ലാവ് സുബാബുൾ) കൂടുതൽ പ്രചരിപ്പിക്കുക.

9 നമ്മുടെ പഞ്ചായത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിററുകൾ ഇതുവരേയും ഇല്ല. അതിനാൽ ഈ മേഖലയിലേയ്ക്ക് കൂടുതൽ ആൾക്കാരെ ആകർഷിക്കാൻ കഴിയും. ഈ മേഖല അസംഘടിതമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും തീററയും പഞ്ചായത്തു തലത്തിൽ ലഭ്യമാക്കുക.

10 **അടുക്കള മുററത്തെ കോഴിവളർത്തൽ:-**

ഈ പദ്ധതി വമ്പിച്ച വിജയ സാദ്ധ്യത ഉള്ള ഒന്നാണ്. പഞ്ചായത്ത് നേരിട്ട് കർഷകർക്ക് കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ നിന്നു ലഭ്യമാക്കണം ഇപ്പോൾ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമല്ല.

11 താറാവു വളർത്തലും വളരെയേറെ സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇപ്പോൾ താറാവ് വളരെ പരിമിതമാണ് നമ്മുടെ പഞ്ചായത്തിൽ.

12 പന്നി, മുയൽ വളർത്തൽ യൂണിററ് തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക,

13 **വനിതാ പങ്കാളിത്തം:-**

വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ മഹിളാസംഘങ്ങൾ വഴി പശു വളർത്തുന്ന പദ്ധതി ഇറച്ചിക്കോഴി വളർത്തൽ യൂണിററ്-ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിററുകൾ മഹിളി

സംഘങ്ങൾ വഴിനടപ്പാക്കുന്ന പദ്ധതി,സംസ്ക്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങൾ വഴി നടത്താവുന്നതാണ്.

14 **സ്കൂൾ പൗൾട്രി ക്ലബ്:-**

സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപ്പര്യവും ജനിപ്പിക്കുന്നതിനുവേണ്ടി രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

15 **എഗ്ഗർ നഴ്സറി:-**

പഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ കോഴിക്കുഞ്ഞു വിതരണപരിപാടികൾക്ക്, ഈ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടോ മൂന്നോ എഗ്ഗർ നഴ്സറി ഗവ: സഹായത്തോടെ സ്ഥാപിക്കേണ്ടതാണ്.

## മാംസോൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിലെ മാംസ ഉൽപ്പാദനരംഗം പൊതുവേ ശുഷ്ക്കമാണ്. നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ഒരു അറവുശാലയില്ല. എന്നാൽ മൂന്ന് മാംസക്കടകൾ ഉണ്ട് ഇവിടെ ഉപയോഗിക്കുന്ന മൃഗങ്ങളിൽ 90% പുറത്തുനിന്നു കൊണ്ടുവരുന്നതാണ്. അതുപോലെ ഇവിടുത്തെ അപരിഷ്കൃതമായ രീതിയിലുള്ള മാംസസംസ്കരണം പരിസര മലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

## നിർദ്ദേശങ്ങൾ (സാദ്ധ്യതകൾ)

മാംസോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആടുവളർത്തൽ. പന്നിവളർത്തൽ. കാളക്കുട്ടി പരിപാലനം, മുതലായ മേഖലകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. പഞ്ചായത്തിൽ സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ കോൾഡ് സ്റ്റോറേജ് തുടങ്ങാൻ പ്രോൽസാഹനം നൽകുക.

വർഗ്ഗഗുണമുള്ള ആണാടുകളെ തെരഞ്ഞെടുത്ത് വിതരണം ചെയ്യുക.

ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

### മുൻ-പിൻ മാംസപരിശോധന നിർബന്ധമാക്കുക

## മൽസ്യബന്ധനം

ഒരു ഉൾനാടൻ ഗ്രാമമായ കുളക്കടപഞ്ചായത്തിൽ മൽസ്യബന്ധനം നിലവിലില്ല എന്നാൽ മത്സ്യകൃഷിയുടെ സാധ്യതകൾ ഏറെയുണ്ട് എന്നിരുന്നാലും മൽസ്യഉപഭോഗത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾ മുൻപന്തിയിലാണ് മൽസ്യ വിപണനത്തിനുള്ള മർക്കററ് സൗകര്യങ്ങൾ പരിമിതമാണ് അയില, മത്തി, നന്തൽ, ചൂട, ആവോലി എന്നീമീനുകൾ ജനങ്ങൾധാരാളംഉപയോഗിക്കുന്നു. നമ്മുടെപഞ്ചായത്തിൽ മൽസ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 15 ഓളംതൊഴിലാളികൾഉണ്ട്:

## സാദ്ധ്യതകൾ

ഉൾനാടൻ മൽസ്യകൃഷി നടത്താൻ എന്തുകൊണ്ടും പ്രയോജനപ്പെടുത്താവുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്പഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുകുളങ്ങളിൽഉൾനാടൻ മൽസ്യകൃഷിആരംഭിക്കുവാൻജനങ്ങളെപ്രോൽസാഹിപ്പിക്കുക. അതുപോലെഇഷ്ടികനിർമ്മാണത്തിനുവേണ്ടിമണ്ണെടുത്ത പ്രദേശങ്ങൾ ഇപ്പോൾകുളങ്ങളായി മാറിയിട്ടുണ്ട് ഇങ്ങനെയുള്ള താഴത്തുകുളക്കട, ആററുവാശേരി, തെങ്ങാംമ്പുഴ പടിഞ്ഞാറെഏലകളിൽ ജനപങ്കാളിത്തത്തോടെയുള്ള ഉൾനാടൻമൽസ്യ ചെമ്മീൻകൃഷിനടത്താവുന്നതാണ് അതുപോലെ സ്വകാര്യവ്യക്തിയുടെകുളങ്ങുിലും ഉൾനാടൻമൽസ്യകൃഷിയ്ക്ക് സാദ്ധ്യതകൾഉണ്ട് നമ്മുടെ പഞ്ചായത്തിലെ പുന്നൂർ മൈലംകുളം വാർഡിൽ പുത്തൂർഞാങ്കടവ്റോഡിന്റെ അരികിലായി ഒരുഏക്കർ90 സെൻററ്സ്ഥലം പഞ്ചായത്തിന്ഉണ്ട്. ഇവിടെഒരുമൽസ്യകൃഷി യൂണിററും മൽസ്യസംസ്കരണയൂണിററുംതുടങ്ങാനുള്ളസാധ്യതകൾഏറെയാണ്അതുവഴിനിരവധിതൊഴിൽഅവസരങ്ങൾസൃഷ്ടിക്കാനുംകഴിയുംഇത്ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇവിടെ ഒരു സമ്മിശ്ര കൃഷിനടത്താനുള്ളസാധ്യതയും ഉണ്ട് സമ്മിശ്രകൃഷിയായി കുളത്തിൽമീൻവളർത്തുകയും മുകളിൽ പില്ലർകെട്ടി കോഴിവളർത്തൽയൂണിററുനടത്താവുന്നതാണ്.

# വിദ്യാഭ്യാസം - കുളക്കട പഞ്ചായത്തിൽ

ദേശീയ സമരത്തിന്റെ ഭാഗമായുണ്ടായ ഉണർവ്വ് കുളക്കട പഞ്ചായത്തിലും ഉണ്ടായിരുന്നു. അത് സാമൂഹിക പുരോഗതിക്ക് കാരണമായി. സാമൂഹിക വികസനം വിദ്യാഭ്യാസ പുരോഗതിയോടു കൂടിയാണല്ലോ സംഭവിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് ഈ നൂററാണ്ടിന്റെ ആദ്യം തന്നെ ചലനാത്മകമായ പല സംഭവങ്ങളുമുണ്ടായി. കേരളത്തിലാകമാനം മലയാളം പള്ളിക്കൂടങ്ങളും ഇംഗ്ലീഷ് സ്ക്കൂളുകളും പ്രചുരമായി പ്രചരിച്ചിരുന്നപ്പോൾതന്നെ കുളക്കട പഞ്ചായത്തിലും ഇത്തരം സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. കുളക്കടയിൽ ബ്രാഹ്മണർക്ക് ഓത്ത് പഠിക്കുവാൻ (വേദം ചൊല്ലി പഠിക്കുവാൻ) വേണ്ടി നമ്പി മഠത്തിന്റെ അധീനതയിൽ ഒരു ഓത്തുപള്ളിക്കൂടം ഉണ്ടായിരുന്നു. അതാണ് ബ്രാഹ്മണർക്ക് മാത്രം പ്രവേശനമുണ്ടായിരുന്ന സ്പെഷ്യൽ ഇംഗ്ലീഷ് സ്ക്കൂളായിതീർന്നത്, അതിന് കിഴക്ക് ഭാഗത്തായി നാനാജാതി മതസ്ഥർക്ക് വേണ്ടി ഒരു മലയാളം സ്ക്കൂളും ഉണ്ടായിരുന്നു. പക്ഷേ ഇവിടെ അവർണർ പഠിക്കാനെത്തുക പതിവില്ലായിരുന്നു. ശൂദ്രന് അക്ഷരം നിഷിദ്ധമായ ഭൂതകാലത്തിന്റെ ഭയപ്പെടുത്തുന്ന ഓർമ്മകൾ ഹീനജാതിക്കാരനെ മലയാളം സ്ക്കൂളിന്റെ പരിസരങ്ങളിൽ നിന്നും അകററിനിർത്തി. ഇതേ സമയത്ത് തന്നെയാണ് പുത്തൂർ ആൺ പള്ളിക്കൂടവും പെൺപള്ളിക്കൂടവും നിലവിൽ വന്നത്. നിലത്തെഴുത്താശാന്മാരുടെ കുടിപള്ളിക്കൂടങ്ങളുടെ പൂഴി മണ്ണിൽ നിന്നും കൈവിരലുകൾ പെൻസിലും പേനയും ഏററു വാങ്ങുന്നത് മേൽപ്പറഞ്ഞ വിദ്യാലയങ്ങളുടെ വരവോടുകൂടിയാണ്. സംസ്കൃത മുൻഷിമാരുടെ ഒരു പാരമ്പര്യമായിരുന്നു ഇവിടുത്തെ ഉന്നത വിദ്യാഭ്യാസരംഗത്തിന് അതുവരെ അവകാശപ്പെടാനുണ്ടായിരുന്നത്. ഇക്കാലത്ത് പൂവററൂർ കിഴക്ക് കേന്ദ്രീകരിച്ച് ഒരു സംസ്കൃത വിദ്യാലയം പ്രവർത്തിച്ചിരുന്നു. വർണ്ണം നോക്കി വരമൊഴി നൽകുന്ന സംസ്കൃത പാരമ്പര്യത്തെ പിൻതള്ളികൊണ്ട് ജാതിഭേദം കൂടാതെ എല്ലാവർക്കുമായി അവിടെ പ്രവേശനം നൽകിയിരുന്നു. ഈ നൂററാണ്ടിന്റെ മധ്യത്തോടുകൂടി പഞ്ചായത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമായിത്തീർന്നു. അക്കാലത്താണ് ബ്രാഹ്മണർക്ക് മാത്രം പ്രവേശനമുണ്ടായിരുന്ന കുളക്കട സ്പെഷ്യൽസ്കൂൾ നാനാജാതി മതസ്ഥർക്കായി തുറന്നു കൊടുത്തത്, 1920 കളിൽതന്നെ വിപ്ലവകരമായ പുരോഗമനാശയങ്ങൾ കുളക്കടയുടെ ഫ്യൂഡൽ ഹൃദയത്തിൽ മുഴങ്ങിക്കേട്ടിരുന്നു. കുളക്കട സ്പെഷ്യൽ സ്ക്കൂളിലെ അദ്ധ്യാപകനായിരുന്ന മലയാളത്തിലെ പ്രമുഖ കവിയും സാമൂഹ്യപരിഷ്ക്കർത്താവുമായ സി. എസ്. സുബ്രഹ്മണ്യൻപോററി ഒരു സമൂല പരിവർത്തന വാദിയായി രംഗത്തുവരുന്നത് താമരശ്ശേരി നമ്പിമഠത്തിൽവച്ച് 1921 ൽ കൂടിയ യോഗക്ഷേമ സഭയുടെ വാർഷിക യോഗത്തിലാണ്. അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട്, ഫ്യൂഡൽ ജീവിതത്തിന്റെ തിരുശേഷിപ്പു പോലെ ഇവിടെ ഉണ്ടായിരുന്ന സ്പെഷ്യൽ സ്ക്കൂളെന്ന ബ്രാഹ്മണ വിദ്യാലയം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ പിന്നെയും വർഷങ്ങളെടുത്തെന്നത് ചരിത്രം. ഇതോടുകൂടി നിരവധി എൽ. പി. സ്ക്കുളുകളും യു. പി. സ്ക്കൂളുകളും പഞ്ചായത്തിലുണ്ടായി 1951 ൽ കുളക്കട സ്ക്കൂൾ ഹൈസ്ക്കൂളായി പ്രവർത്തനവുമാരംഭിച്ചു. ഏതാനും വർഷങ്ങൾക്കകം പുത്തൂർ സ്ക്കൂളും ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 80 നോടടുത്താണ് വെണ്ടാർ ഹൈസ്ക്കൂൾ നിലവിൽ വരുന്നത്. ആ ദശകത്തിൽ തന്നെ പൂവററൂർ യു. പി. എസ്. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കി കുളക്കട H.S. നോടനുബന്ധിച്ച് V. H. S. S. ആരംഭിക്കുകയും അവിടെ ഒരു B. Ed Centre തുടങ്ങുകയും ചെയ്തത് 90 കളിലാണ്. തുടർന്ന് വെണ്ടാർ H.S. നോടു ചേർന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ഥാപിക്കപ്പെട്ടു. പുത്തൂർമുക്ക് കേന്ദ്രീകരിച്ച് ഹരിജനങ്ങൾക്ക് കൈത്തൊഴിൽ പരിശീലനത്തിനായി ഒരു ട്രെയിനിംഗ് സെൻറർ ദശകങ്ങൾക്ക് മുമ്പുതന്നെ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ഇതാണ് തൊണ്ണൂറുകളിൽ ഹരിജൻ വെൽഫയർ ഐ. ററി. സി. യായി ഉയർത്തപ്പെട്ടത്.

ഇന്ന് കുളക്കട പഞ്ചായത്തിൽ 12 എൽ പി. സ്കൂളുകളും 5 യൂ. പി. എസ്സുകളും 4 ഹൈസ്ക്കൂളുകളും ഉൾപ്പെടെ 21 സ്കൂളുകളുണ്ട്. ഇതിനു പുറമേ മൂന്നിലധികം **Pre - Primary School** കളും **V. H. S, S**ഉം ഒരു **B. Ed Centre** ഉം ഒരു ഐ. ററി. സി. യും അനേകം അംഗൻവാടികളും നിരവധി ട്യൂട്ടോറിയൽ കോളേജുകളും ഇവിടുത്തെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ഉന്നതശ്രേണിയിൽ വർത്തിക്കുന്നവരും നിരവധി അധ്യാപകരും ഐ. എ. എസ്. ഐ. പി. എസ്. കേഡറിലുള്ളവരും ഒട്ടനേകം എഞ്ചിനീയർമാരും ഈ പഞ്ചായത്തിന്റെ സന്തതികളായി ഇന്നുണ്ട്. എന്നാലും കേരളത്തിന്റെ ആകെയുള്ള വിദ്യാഭ്യാസ വികസനവുമായി തട്ടിച്ചുനോക്കുമ്പോൾ നാം വളരെ പിന്നിലല്ലേ എന്നാണ് കണക്കുകൾ പറയുന്നത്.

ഇവിടുത്തെ വിദ്യാഭ്യാസ പുരോഗതി പിന്നോക്കമാണെന്ന് തിരിച്ചറിയുന്ന നാം അതിന്റെ വികാസത്തിന് പലകാര്യങ്ങളും ചെയ്യേണ്ടതുണ്ട്. അതിനാദ്യം വേണ്ടത് ഈ പഞ്ചായത്തിലെ സ്കൂളുകളുടെ സ്ഥിതിയും കുട്ടികളുടെ പഠനനിലവാരവും വിലയിരുത്തുകയാണ്.

നാലു ഹൈസ്കൂളുകളിലായി 3147 കുട്ടികളാണിവിടെ പഠിക്കുന്നത്. ഇതിൽ 1701 പേർ ആൺകുട്ടികളും 1446 പേർ പെൺകുട്ടികളുമാണ്. അപ്പർ പ്രൈമറി തലത്തിൽ 2728 കുട്ടികൾ പഠിക്കുന്നതിൽ 1472 പേർ ആൺകുട്ടികളും 1256 പേർ പെൺകുട്ടികളുമാണ്. ലോവർ പ്രൈമറിയിൽ 1960 കുട്ടികളേ മൊത്തം ഉള്ളൂ. അതിൽ 959 പേർ ആൺകുട്ടികളും 1004 പേർ പെൺകുട്ടികളുമാണ്. ഹൈസ്കൂളുകളിൽനിന്നും ലോവർ പ്രൈമറിയിലേക്ക് വരുമ്പോൾ കുട്ടികൾ നേർപകുതിയായി കുറയുന്നതായാണ് കാണുന്നത്. കുടുംബാസൂത്രണരംഗത്തുണ്ടായ വിജയം ഇതിനൊരുകാരണമാണ്. മറ്റൊന്ന് ഈ പിന്നോക്ക പഞ്ചായത്തിൽനിന്ന് കൂടുതൽ നല്ല ഇംഗ്ലീഷ് പഠിപ്പിക്കുന്ന സ്കൂളുകളിലേക്ക് കുട്ടികളെ കുടിയിരുത്തുന്നതുമാവാം. വിദ്യാഭ്യാസ വിൽപനക്കാരുടെ വാഹനങ്ങൾ എത്തി കുട്ടികളെഅടച്ചു പൂട്ടികൊണ്ടുപോകുന്നത് ഇവിടുത്തെ ഒരു സാധാരണക്കാഴ്ചയാണ്. അധ്യാപകരും ഉദ്യോഗസ്ഥരുമായ രക്ഷാകർത്താക്കളുടെ കുട്ടികളാണ് കൂടുമാറിപ്പെടുന്ന ഇവരിലധികവും എന്നതൊരു നഗ്നയാഥാർത്ഥ്യവുമാണ്. ഇത് കുളക്കട പഞ്ചായത്തിലെ പല സാദാ സ്കൂളുകളേയും അൺ എക്കണോമിക്കുകളാക്കുന്നുവെന്നുമാത്രംകഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സ്കൂളുകളിൽ ആനുപാതികമായി ആൺകുട്ടികളെക്കാൾ പെൺകുട്ടികൾ കൂടുതൽ ചേരുന്നതായാണ് കണക്ക്. ഹൈസ്കൂളിൽ ആൺകുട്ടികൾ കൂടുതലായിരിക്കുമ്പോൾ പ്രൈമറി സ്കൂളുകളിൽ പെൺകുട്ടികളാണ് കൂടുതൽ. ഇത് സൂചിപ്പിക്കുന്നത് അടുത്ത കാലത്തായി പഞ്ചായത്തിൽ കൂടുതൽ പെൺകുട്ടികൾ ഉണ്ടാവുന്നുവെന്നല്ല. പെൺകുട്ടികൾ നിർബന്ധമായും വിദ്യാഭ്യാസം ചെയ്തിരിക്കണം എന്ന് അച്ഛനമ്മമാർക്ക് ബോധ്യം വന്നിരിക്കുന്നു എന്നതാണ്. പട്ടിക ജാതിക്കാരുടെകുട്ടികളിലും പെൺകുട്ടികൾ തന്നെയാണ് പ്രൈമറി ക്ലാസുകളിൽ കൂടുതലുള്ളത്.

കഴിഞ്ഞ പത്തോളംവർഷങ്ങളായി ഇവിടുത്തെ വിദ്യാഭ്യാസ നിലവാരം നേരിയ തോതിൽ ഉയരുന്നതായാണ്കാണുന്നത്. അത്പട്ടികജാതിക്കാരുടെ ഇടയിലും മററുപിന്നോക്ക ജാതിക്കാരുടെ കാര്യത്തിലും ശരിതന്നെയാണ്. കൊഴിഞ്ഞുപോക്ക് പത്താം തരത്തിലെത്തുന്നതിനു മുമ്പ് പഠനം നിർത്തിപോകൽ കുറഞ്ഞുകുറഞ്ഞു വരുന്നു. ഹൈസ്കൂളിൽനിന്നും പഠനം നിർത്തിപോകുന്നവരുടെ എണ്ണം 44 ആണ്. എന്നാൽ അപ്പർ പ്രൈമറി തലത്തിൽ ഇത് 21 മാത്രം ലോവർ പ്രൈമറിയിൽനിന്നും 3 പേരാണ് പഠനംനിർത്തിപ്പോയത് കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിൽ പട്ടികജാതിക്കാരും അല്ലാത്തവരും തമ്മിൽ വലിയ ഭേദമൊന്നുമില്ല.

തോററു പഠിക്കുന്നവരുടെ എണ്ണവും വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഹൈസ്കൂളിൽ 215 പേർ തോററു പഠിക്കുമ്പോൾ (Stagnation) അപ്പർ പ്രൈമറിയിൽ അത് 144 പേർ മാത്രമാണ്. ലോവർ പ്രൈമറിയിൽ അത് 88 പേരായി ചുരുങ്ങുന്നു. S. S. L. C. വിജയശതമാനവും അത്രയൊന്നും പിന്നോട്ടല്ല എന്നതാണ് സത്യം. 91–92 ൽ 48 % പേർ പത്താംതരം പാസായെങ്കിൽ 95–96 ൽ 59% പേരായി അത് വർദ്ധിക്കുകയാണ് ചെയ്തത്. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർന്നിട്ടുണ്ട് എന്നു സൂചിപ്പിക്കുന്ന കണക്കുകൾ ഇനിയുമുണ്ട്. 9–ാം ക്ലാസിൽ 60% ലധികം മാർക്കുവാങ്ങുന്ന കുട്ടികൾ 1127 പേരിൽ 169 ഉള്ളപ്പോൾ മൂന്നാം ക്ലാസിൽ 409 കുട്ടികളിൽ 139 പേരുണ്ട്. പട്ടിക – 1 കാണുക.

# അക്കാദമിക് നിലവാരം

പട്ടിക 1

| ക്ലാസ് | ആകെ കുട്ടികൾ | കുട്ടികളുടെ പൊതുനിലവാരം: 30%നു താഴെ മാർക്കു നേടുന്നവർ | 30–40 | 40–50 | 50–60 | 60%നു മുകളിൽ മാർക്ക് നേടുന്നവർ | S. S. L. C. വിജയ ശതമാനം: 91—92 | 92—93 | 93—94 | 94—95 | 95—96 | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 402 | 19 | 36 | 56 | 52 | 239 | 77% | 80% | 83% | 81% | 88% | S. V. M. M. H. S |
| 2 | 391 | 29 | 34 | 47 | 79 | 202 | 24% | 45% | 28% | 63% | 71% | H. S. Puthoor |
| 3 | 409 | 48 | 80 | 60 | 82 | 139 | 42% | 46.5% | 42% | 41% | 32.9% | V. H. S. Kulakkada |
| 4 | 454 | 53 | 78 | 86 | 95 | 142 | 49% | 54% | 60% | 49% | 43 % | H. S.Puvattoor |
| 5 | 668 | 125 | 114 | 158 | 122 | 149 | | | | | | |
| 6 | 755 | 173 | 153 | 143 | 139 | 147 | | | | | | |
| 7 | 1064 | 177 | 294 | 237 | 198 | 158 | 48% | 55% | 53% | 57% | 57% | Percentage of Kulakkada Panchayathu |
| 8 | 1070 | 275 | 345 | 182 | 116 | 152 | | | | | | |
| 9 | 1127 | 275 | 375 | 206 | 102 | 169 | | | | | | |
| 10 | 949 | 374 | 182 | 132 | 129 | 132 | | | | | | |
| S.S.L.C. പരീക്ഷ എഴുതിയവർ | | | | | | | | | | | | |

കാലാനുഗതമായ പുരോഗതി പൂർണ്ണമായും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കുളക്കട പഞ്ചായത്തിലും വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനുള്ള ലക്ഷണങ്ങളാണ് മേൽപ്പറഞ്ഞതിൽനിന്നും നമുക്ക് കാണാൻ കഴിയുന്നത്. എന്നാൽ അതിദ്രുതം മുന്നേറുന്ന ഒരു ലോകത്തിലേക്ക് എടുത്തെറിയപ്പെട്ട നാം മന്തുകാലുമായി നടന്നു നീങ്ങുന്നത് അഭിഗാമ്യമല്ല. റാണാപ്രതാപന്റെ ചേതക്കിനെപ്പോലെ കാലത്തിന്റെ കുളമ്പടികൾക്കൊത്തു നമുക്ക് നീങ്ങാൻ കഴിയണം. അതിന് വിഘാതമായി കുളക്കടപഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെയുണ്ടോ അവയെ പിന്നിലേക്ക് തള്ളിനീക്കാനുള്ള ശക്തി നാം നേടിയെടുക്കണം.

**പരാധീനതകൾ:–**

നമ്മുടെപഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം വളരെ മോശമാണ്. പല സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ല. ആവശ്യത്തിന് മുറികളില്ല. ഉള്ളവയാണെങ്കിൽ സുരക്ഷിതമോ ബന്തവസ്സോ അല്ലതാനും. മൂത്രപ്പുരയും, കക്കൂസും, കുടിവെള്ളസൗകര്യവും വേണ്ടവിധമില്ല. പൈപ്പും വൈദ്യുതിയും എത്താത്ത എത്രയോ സ്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. സ്റ്റാഫ് റൂമും പാചകമുറിയുമില്ല. ഡസ്ക്, ബെഞ്ച്, മേശ, കസേര തുടങ്ങിയ ഫർണിച്ചറുകൾ മതിയാവോളമിന്നില്ല. ഇല്ലായ്മയുടെ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമെങ്കിൽ എണ്ണം | അതിനാവശ്യമായ ഭൂമി ഉണ്ട് (A) ഇല്ല / (B) | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഒരേസമയം ടി പുരകൾ കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം (A)/(B) പൈപ്പ്/കിണർ | വൈദ്യുതീകരണം ഉണ്ട് (A) ഇല്ല (B) | പാചകപ്പുര ഉണ്ട് (A) ഇല്ല (B) | സ്റ്റോർ റൂം ഉണ്ട് (A) ഇല്ല (B) | നിലവിലുള്ള ഫർണിച്ചർ മതിയാകും (A) ഇല്ല (B) | ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അസ്ഥിരം | താൽക്കാലികം | സ്ഥിരം | അസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| Govt: L.P.S. Poovattoor | δ | 1 | — | — | 5 | - | -- | 5 | A | 2 | 10 | 1 | 1 | - | A | B | A | B | B | 30 | 25 | 3 | 7 | 2 |
| D.V.L.P.S. Kulakkada (Thazhathukulakkada) | 4 | — | 1 | — | 1 | 1 | 1 | 3 | A | 1 | 10 | 1 | 1 | - | B | B | B | B | B | - | 6 | - | 2 | 3 |
| W.L.P.S. Kulakkada East | 7 | — | 1 | — | - | 9 | | B | B | B | 3 | B | B | B | B | B | B | B | B | 20 | 20 | 4 | 7 | 1 |
| L.M.S.L.P.S. Kalayapuram (Poovattoor East) | 4 | 1 | — | — | 5 | - | - | B | B | 2 | 20 | B | 1 | B | A | B | A | A | b | - | - | - | - | 2 |
| L.P.S. Poovattoor East | 4 | 1 | — | — | 5 | - | - | B | - | 1 | - | 2 | 1 | - | A | B | B | B | b | 10 | 10 | 2 | 4 | 4 |
| W.L.P.S. Kulakkada (Puthoormukku) | 5 | 1 | - | | 5 | - | — | 2 | A | B | B | 1 | B | B | A | B | A | b | b | 6 | — | — | — | 1 |
| Govt: H.S. Puthoor | 18 | 6 | 3 | 1 | 38 | 6 | | B | B | 3 | 10 | — | — | 2 | A | A | B | A | b | 100 | 100 | 15 | 15 | 3 |
| Bethel M.T.L.P.S. Kulakkada East | 4 | 1 | - | | 1 | - | — | — | B | 1 | B | 2 | B | — | A | A | B | A | b | 12 | — | — | — | — |
| L.P.S. Kulakkada (Erathukulakkada) | 5 | B | B | | 4 | B | — | 5 | A | 1 | 10 | 1 | B | 1 | A | B | A | b | b | 15 | — | — | — | — |
| Govt: L.P.S. Poovattoor-West (Mavadi) | 4 | 1 | - | | 2 | - | | — | — | 1 | 10 | 1 | 1 | B | A | B | B | b | b | 8 | — | — | — | 2 |
| W.L.P.S. Vendar | 4 | - | 1 | | - | 5 | — | B | B | 1 | 5 | 1 | 1 | 1 | A | B | b | b | b | 21 | 10 | 2 | 2 | 1 |
| W.L.P.S. Perumkulam | 4 | 1 | - | | 5 | - | — | — | — | 1 | 4 | | B | — | A | B | A | b | b | 10 | 20 | 5 | 5 | 1 1 |
| L.P.S. Vendar | 5 | 2 | - | | 7 | - | — | B | A | 1 | 2 | 1 | B | b | A | A | 1 | b | b | 20 | 20 | 2 | 2 | 1 |

# സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | അത്യാവശ്യമായ ഭൂമി ഉണ്ട് (A) ഇല്ല/(B) | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഒരേസമയം ടി എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരയുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം (A)/(B) പൈപ്പ്/കിണർ | വൈദ്യുതീകരണം ഉണ്ട് (A) ഇല്ല (B) | പാചകപ്പുര ഉണ്ട് (A) ഇല്ല (B) | സ്റ്റാഫ് റൂം ഉണ്ട് (A) ഇല്ല (B) | നിലവിലുള്ള ഫർണിച്ചർ മതിയാകും (A) ഇല്ല (B) | ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അസ്ഥിരം | താൽക്കാലികം | സ്ഥിരം | അസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| Govt. V. H. S. S. Kulakkada. | 31 | 11 | – | | 68 | – | — | | | 5 | 100 | | 3 | | A | A | B | A | B | 100 | 100 | 15 | 15 | 5 |
| S. V. M. M. H. S. Vendar. | 52 | 1 | 5 | | 46 | 14 | | | | 4 | 120 | 2 | 6 | | A | A | A | A | A | — | — | — | — | — |
| H. S. Poovattoor. | 32 | 6 | 3 | | 25 | 19 | — | — | — | 3 | 15 | — | 3 | | A | A | B | A | B | — | — | — | — | — |
| S. V. N. S. S, U. P. S. Attuvasseri. | 7 | 1 | – | | 17 | – | — | — | — | 2 | 10 | — | | | A | A | A | A | A | — | — | — | — | — |
| D. V., U. P. S. Thazhathukulakkada. | 3 | 1 | 2 | | 9 | 3 | | | — | 2 | 10 | | 1 | | A | A | B | A | A | — | — | — | — | — |
| L. F. U. P. S, Puthoor | 8 | 4 | 1 | | 10 | 3 | — | — | — | 2 | 10 | — | 2 | 1 | A | A | A | A | A | — | — | — | — | — |
| St. Theresas U. P. S. Kalayapuram. | 15 | 1 | – | | 16 | – | — | | | 2 | 20 | | 3 | | A | A | B | A | B | — | — | — | — | — |
| D. V. U. P. S. Vendar. | 3 | – | – | | 9 | – | — | — | | 1 | 20 | 1 | | | A | A | B | A | B | — | — | — | — | — |

7

അധ്യാപക വിദ്യാർത്ഥി അനുപാതം തന്നെ ആരോഗ്യകരമായ വിദ്യാഭ്യാസത്തിന് പററിയതല്ല. ഒരു ക്ലാസിൽ 50 ഉം 60 ഉം കുട്ടികൾ ഇരുന്ന് പഠിക്കേണ്ട ഗതികേടിവിടെയുണ്ട്. ചൂടുള്ള ഈ സംസ്ഥാനത്ത് ആസ് ബസ്ററോസ് ഷീററിനു കീഴിൽ ബഞ്ചിൽ 6 ഉം 7 ഉം കുട്ടികൾ തിങ്ങി വിയർത്തിരുന്ന് അധ്യാപകനെ കേൾക്കുന്നത് ഇവിടുത്തെ സാധാരണ കാഴ്ചയാണ്, വേണ്ടത്ര കളി സ്ഥലമില്ലാതെയും അതിനുള്ള ഉപകരണങ്ങൾ ഇല്ലാതെയും കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ മുരടിക്കുന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ ഒരു ശാപം, സ്ക്കൂളിന്റെ പൊതു വിവരം പട്ടിക 3 ൽ

പട്ടിക—3

# സ്കൂളിന്റെ പൊതുവിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | Hs UP LP | ഉടമസ്ഥത സർക്കാർ (G) എയ്ഡഡ് (A) അൺഎയ്ഡഡ് (U A) അംഗീകാരം ഇല്ലാത്തത് (N A) | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവുകൾ | ദീർഘകാലാവധിയിലുള്ളവർ | സ്കൂൾ കാമ്പസിന്റെ മൊത്തവിസ്തീർണ്ണം (സെന്റ്) | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം (സെന്റ്) | ഉപയോഗിക്കാത്ത സ്ഥലം (സെന്റ്) | കുറിപ്പുകൾ ചുറ്റുമതിൽ ഉണ്ട് (1) ഇല്ല (2) അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട് (3) നടത്തേണ്ട (4) പൂർണ്ണമായി ... ആവശ്യമുണ്ട് (5) ഇല്ല (6) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ബഥേൽ MTLPS ക:കി: | LP | A | 33 | 36 | 69 | 4 | 4 | ഇല്ല | ഇല്ല | 5 | ഇല്ല | ഇല്ല | 2,3 |
| 2 | WLPS ,, | ,, | G | 71 | 106 | 177 | 7 | 7 | ,, | ,, | 15 | ടി | ടി | 2,4 |
| 3 | LPS കുളക്കട ★ | ,, | G | 74 | 76 | 150 | 4 | 4 | ,, | ,, | 50 | 30 | ടി | 2,4,6 |
| 4 | WLPS കുളക്കട | ,, | G | 42 | 62 | 104 | 5 | 5 | ,, | ,, | 50 | 30 | ടി | 2,4 |
| 5 | LMS LPS കലയപുരം | ,, | A | 52 | 44 | 96 | 4 | 4 | ,, | ,, | 30 | ഇല്ല | ടി | 1 |
| 6 | GLPS പൂവ: കിഴക്ക് | ,, | G | 23 | 39 | 62 | 3 | 3 | ,, | ,, | 20 | ടി | ടി | 2,4 |
| 7 | WLPS പെരുംകുളം | ,, | G | 55 | 53 | 108 | 4 | 4 | ,, | ,, | 25 | ടി | ടി | 2 |
| 8 | WLPS വെണ്ടാർ | ,, | G | 50 | 53 | 103 | 4 | 4 | ,, | ,, | 20 | ടി | ടി | 2,3,6 |
| 9 | LPS വെണ്ടാർ | ,, | A | 78 | 78 | 156 | 5 | 5 | ,, | ,, | 150 | 50 | ടി | 2,3,6 |
| 10 | GLPS പൂവറ്റൂർ | ,, | G | 161 | 160 | 321 | 9 | 9 | ,, | ,, | 84 | 50 | ടി | 2,4,6 |
| 11 | GLPS മാവടി | ,, | G | 52 | 48 | 100 | 4 | 4 | ,, | ,, | 25 | ഇല്ല | ടി | 2,4,6 |
| 12 | DVLPS താ: കുളക്കട | ,, | G | 51 | 52 | 103 | 4 | 5 | ,, | ,, | 25 | ടി | 15 | 2,3 |
| 13 | സെന്റ് തെരേസാസ് UPS കലയപുരം | UP | UA | 201 | 202 | 403 | 11 | 11 | ,, | ,, | 153 | 100 | ഇല്ല | 1 |
| 14 | DVUPS വെണ്ടാർ | ,, | A | 36 | 44 | 80 | 3 | 5 | ,, | ,, | 350 | ഇല്ല | ടി | 2 |
| 15 | LFUPS പുത്തൂർ | ,, | A | 143 | 121 | 264 | 10 | 10 | ,, | ,, | 220 | 75 | ടി | 2 |
| 16 | SV NSS UPS ആറ്റുവാശ്ശേരി | ,, | A | | | 212 | 10 | 7 | 3 | ,, | 150 | 50 | ടി | 2 |
| 17 | DV UPS താഴ: കുളക്കട | ,, | A | 54 | 31 | 85 | 5 | 5 | ഇല്ല | ,, | 150 | 50 | ടി | 2,3 |
| 18 | GV HSS കുളക്കട | HS | G | 658 | 562 | 1220 | 51 | 51 | ,, | ,, | 636 | | ടി | 2,3,6 |
| 19 | HS പൂവറ്റൂർ | ,, | A | 628 | 613 | 1241 | 48 | 48 | ,, | ,, | 600 | 100 | | 2 |
| 20 | SVMMVHS വെണ്ടാർ | ,, | A | 1219 | 925 | 2144 | 77 | 77 | ,, | ,, | 500 | 100 | ഇല്ല | 2 |
| 21 | GHS പുത്തൂർ | ,, | G | 333 | 306 | 639 | 28 | 26 | 2 | ,, | 600 | 75 | 200 | 2 |

★ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

അക്കാദമികൾ സൗകര്യങ്ങൾ നമ്മുടെ സ്കൂളുകളിൽ ഇൻസ്പെക്ഷന് കാണിക്കാൻ വേണ്ടി മാത്രമേയുള്ളു. അതും ചിലതുമാത്രം. ലബോറട്ടറി സൗകര്യങ്ങളും പഠനോപകരണങ്ങളും അപര്യാപ്തമാണ്. മിക്ക സ്കൂളുകളിലും റേഡിയോയും ടേപ്പും ഉണ്ട്. പക്ഷേ അവയൊന്നും പ്രവർത്തനക്ഷമമല്ല. ടി. വി, V. C. R. സിനിമാ പ്രോജക്ടർ കമ്പ്യൂട്ടർ ഇവയൊക്കെ നമ്മുടെ സ്കൂളുകൾക്ക് സങ്കല്പങ്ങൾ മാത്രമാണ്. ഇതുമൂലം ശരിയായ ബോധനം (Learning) നടക്കുന്നില്ലെന്ന് ഉറപ്പിക്കാവുന്നതാണ്. അക്കാദമിക് സൗകര്യങ്ങളുടെ ഇന്നത്തെ സ്ഥിതി പട്ടിക 4 ൽ നിന്ന് മനസിലാക്കാം:

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നു/പ്രവർ: ഇല്ല | ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർ:ഇല്ല | പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബ്) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ: റേഡിയോ | ടേപ്പ് റിക്കാർഡർ | TV സെറ്റ് | VCR/VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | എണ്ണം: കമ്പ്യൂട്ടർ | B: ആവശ്യമുള്ളത് | B: നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതുഅവധികളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ്തല PTA കൾ പ്രവർത്തിക്കുന്നു/പ്രവർ: ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| DVUPS Vendar | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 5 | 194 | ഇല്ല | 5 | സജീവം | പ്രവർത്തിക്കുന്നു |
| St Tharesas UPS & LP School Kalaya: | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | വേണ്ടത്ര ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 6 | 192 | ഇല്ല | 8 | സജീവം | ഇല്ല |
| LF UP School Puthoor | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 10 | 194 | ഇല്ല | ഇല്ല | ഉണ്ട് | പ്രവർത്തിക്കുന്നു |
| DVUPS Thazhathukulakada | ഉണ്ട് | ഉണ്ട് ഭാഗികം | ഇല്ല | ഉണ്ട് | ഉ്: ശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 182 | ഇല്ല | ഇല്ല | അല്ല | ഉണ്ട് |
| SVNSS UPS Attuvassery | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 7 | 191 | 6 | 3 | ഉണ്ട് | പ്രവർത്തിക്കുന്നു |
| HS Poovattor | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 33 | 33 | 194½ | ഇല്ല | 4 | അല്ല | പ്രവർത്തിക്കുന്നു |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നു/പ്രവർ: ഇല്ല | ലബോറട്ടറി സജ്ജീകരണങ്ങൾ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർ:ഇല്ല | പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബ്) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ — എണ്ണം: റേഡിയോ | ടേപ്പ് റിക്കാർഡർ | TV സെറ്റ് | VCR /VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | B ആവശ്യമുള്ളത് | B നിലവിലുള്ളത് | 95–96 ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതുഅവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ്സ്തലം PTA കൾ പ്രവർത്തിക്കുന്നു/പ്രവർ: ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| SV M Model VHSS Venar | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | വേണ്ടത്ര ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 52 | 52 | 184 | 5 | 4 | സജീവം | പ്രവർത്തിക്കുന്നു |
| Govt VHSS Kulakakkda | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 35 | 35 | 173 | 12 | 6 | ടി | School PTA മാത്രം |
| Vendar LPS | ഉണ്ട് | ല: ഇല്ല സയൻസ് : ഭാഗികം | ഗ്ലോ: മാത്രം ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 193 | ഇല്ല | 4 | ടി | ഉണ്ട് |
| Govt LPS Kulakkda | ഉണ്ട് | സയൻസ് കോർണർ | വേണ്ട: ഇല്ല | ഉണ്ട് പ്ര:ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 7 | 191 | 2 | 8 | ടി | ടി |
| Bethel MTLPS Kulakada | ഉണ്ട് പ്രവർത്തിക്കുന്നു | ല: ഉണ്ട് പ്രവർത്തിക്കുന്നു | ടി | ഉണ്ട് | ടി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 194 | ഇല്ല | 6 | ടി | ടി |
| Govt HSPuthoor | ടി | ല: ഉണ്ട് | ടി | ഉണ്ട് ശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് ഉ:ശൂന്യം | | ഉണ്ട് | ഇല്ല | 20 | 20 | 193 | ഇല്ല | 5 | ടി | ടി |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | ലബോറട്ടറി/സയ: കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | പഠനോപകരണ: (മാപ്പ്, ചാർട്ട്, ഗ്ലോ:) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ | | | | | | | എണ്ണം | ബ്ലാക്ക് ബോർഡ് | | 95_96ൽ ലഭിച്ച അധ്യയനദിവസം | സമരംമൂലം നഷ്ടപ്പെട്ട അധ്യയനദിവസം | പ്രത്യേകമായി നഷ്ടപ്പെട്ട അധ്യ: ദിനം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് PTA കൾ പ്രവർത്തിക്കുന്നു/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കാർഡർ | T V സെറ്റ് | VCR/VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| W L P S Kulakkada | ഇല്ല | Lab kitt മാത്രമേ ഉള്ളൂ | ഉപയോഗശൂന്യം Map ഇല്ല | ഉണ്ട് ഉപയോഗശൂന്യം | ഉണ്ട് ഉപയോഗശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 5 | 5 കേട് പാട് | 195 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |
| Poovattoor East LPS Kalayapuram | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഉണ്ട് | ഇല്ല | | | | ,, | | | 3 | 3 | 194 | | 6 | ഉണ്ട് | PTA ഉണ്ട് |
| L. M. S. L P S Kalayapuram | | | | ,, | ,, | ,, | ,, | | ,, | | | 4 | 4 | 192 | ,, | — | പ്രവർത്തിക്കുന്നു | ക്ലാസ് PTA ഇല്ല സ്കൂൾ PTA ഉണ്ട് |
| Govt: L P S Poovattoo | പ്രവർത്തനക്ഷമമല്ല | സയൻസ് കിറ്റുണ്ട് | ഗ്ലോബും മാപ്പും ഇല്ല | ഇല്ല | ,, | ,, | | ,, | | | | 7 | 6 | 193 | 2 | 3 | ഉണ്ട് | ഉണ്ട് |
| W L P S Kulakkada East | ഇല്ല | ഉണ്ട് പ്രവർത്തിക്കുന്നു | 5 മാപ്പ് 12 ചാർട്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | 7 | 3 | 195 | 2 | 2 | സജീവം | ഉണ്ട് |
| D V L P S Kulakkada | ഉണ്ട് പ്രവർത്തനം ഭാഗികം | സയ: കോർണർ ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് ഉപയോഗശൂന്യം | ഉണ്ട് ഉപയോഗശൂന്യം | ,, | ,, | ,, | ,, | ,, | ,, | ബോർഡ് 1 | 5 | 196 | 4 | 4 | സജീവം | ഇല്ല |

കേരളത്തിലെ വിദ്യഭ്യാസത്തിന്റെ ഗുണനിലവാരത്തെ താഴ്ത്തുന്ന മിക്കഘടകങ്ങളും കുളക്കട പഞ്ചായത്തിന്റെ ദൈന്യാവസ്ഥയ്ക്കും കാരണമായി തീർന്നിട്ടുണ്ട്. പത്താംക്ലാസ് വരെയുള്ള വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളും അവയുടെ പരിമിതികളുമാണ് നാം ഇവിടെ കണ്ടത് കോളേജുകൾ ഒന്നും തന്നെ — ഒരു ട്രെയിനിംഗ് കോളേജ് ഒഴിച്ച് — ഈ പഞ്ചായത്തിലില്ല പത്താംക്ലാസ് കഴിഞ്ഞ 60 % ത്തിൽ അധികം കുട്ടികളും മററു തൊഴിലുകളിലേക്ക് തിരിഞ്ഞുപോകുന്നതാണ് ഇവിടുത്തെ പതിവ്. എല്ലാം വിഭാഗത്തിലുപ്പെട്ട ആളുകൾ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഈ പഞ്ചായത്തിൽ അക്ഷരത്തേക്കാൾ അന്നത്തിന് ഇവിടുത്തുകാർ പ്രാധാന്യം കൽപ്പിക്കുന്നതിൽ തെല്ലും അതിശയിക്കാനില്ല. ഇഷ്ടികക്കളങ്ങളിലേക്കും കശുവണ്ടി ഫാക്ടറികളിലേക്കും സ്കൂൾ വിദ്യാഭ്യാസം മതിയാക്കി കുട്ടികൾ ചുവടുമാറുന്നതിന് മുമ്പ് പറഞ്ഞ സാമ്പത്തിക പരാധീനതയാണ് കാരണം. പലതുകൊണ്ടും ആസൂത്രിതമല്ലാത്ത ഒരു വിദ്യാഭ്യാസപദ്ധതി നിലവിലിരിക്കുന്ന ഈ രാജ്യത്ത്, ഉന്നത ബിരുദമുള്ളവർ തൊഴിൽ രഹിതരായി അലയുന്നിടത്ത് അന്നന്നുള്ള അഷ്ടിക്ക് വകതേടി വിദ്യാഭ്യാസം നിർത്തുന്നതിനെ നമുക്ക് കുററപ്പെടുത്തുവാനാകുമോ ?

1 അടിസ്ഥാനം നന്നായെങ്കിലെ മാളിക നന്നാവൂ എന്നാണല്ലോ. പ്രാഥമിക വിദ്യാഭ്യാസം നന്നാക്കലാണ് നമ്മുടെ വിദ്യാഭ്യാസരംഗത്തെ നിലവാരപ്പെടുത്തുവാനും ലക്ഷ്യബോധമുള്ളതാക്കാനും പററിയ ആദ്യത്തെ ചുവട്. ഒന്നാം ക്ലാസിൽ എത്തിച്ചേരുന്ന കുട്ടികളുടെ അനുഭവസമ്പന്നതയിലെ വൈജത്യം ഒഴിവാക്കുന്നതിന് 3 വയസുമുതലുള്ള കുട്ടികളെ പ്രീപ്രൈമറി വിദ്യാലയങ്ങളിലാക്കണം. പ്രകൃതിയുമായി ഇണങ്ങി ആരോഗ്യകരമായ ശാരീരികവും മാനസികവുമായ വികസനത്തിന് ഇതിന് അത്യാവശ്യമാണ്. ആരോഗ്യം, ശീലങ്ങൾ, അച്ഛനമ്മമാരുടെ ദുഷ്പ്രവണതകളെ അനുകരിക്കുന്നതിനുള്ള തടസം, മററുകുട്ടികളുമായി ഇടപഴകുന്നതിനുള്ള മനോഭാവ വികസനം ഇവ ശീലിക്കേണ്ടത് ഈ പ്രായത്തിലാണ്. 5 വയസുവരെയുള്ള സമയത്താണ് ഒരു കുട്ടിയുടെ വ്യക്തിത്വം രൂപപ്പെടുന്നത്. ഇതിന് ഇന്നത്തെ നിലയിലുള്ള നേഴ്സറികളും അംഗനവാടികളും പര്യാപ്തമല്ല. അവരുടെ മനസിലേക്ക് അക്ഷരങ്ങളുടെ അപായചിഹ്നം എറിയുകയാണ് ഇന്ന് **L. K. G. U. K. G.** കളിൽ ചെയ്യുന്നത് ഇത് നിർത്തലാക്കി എല്ലാം പ്രൈമറി സ്കൂളുകളോടും ചേർന്ന് P. T A യുടെ ആഭിമുഖ്യത്തിൽ Pre – Primary തുടങ്ങണം. കഥകളിലൂടെയും കളികളിലൂടെയും സഹവാസത്തിലൂടെയും പ്രകൃതിയുടെ പാഠങ്ങൾ നിരീക്ഷിച്ച് പഠിക്കാൻ അവരെ ഉത്സുകരാക്കണം. Pre - Primary Education ശാസ്ത്രീയമാക്കി Curriculam നിശ്ചയിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്ക് മനശാസ്ത്രജ്ഞരുടേയും ഡോക്ടർമാരുടേയും നേഴ്സറി ടീച്ചർമാരുടേയും സേവനം ഉപയോഗപെടുത്തണം. ഇനിയുള്ള കാലം പിഞ്ചുകുട്ടികൾക്കുള്ളതാണെന്ന് തിരിച്ചറിഞ്ഞ് അവരെ ഇടുങ്ങിയ മുറികളിൽനിന്ന് പുറത്തേക്ക് വിടുന്നതാവും നല്ലത്.

2. പ്രൈമറി ക്ലാസുകളിൽ ബോധനം നിർബന്ധമായും മാതൃഭാഷയിലായിരിക്കണം. ശിശു കേട്ടും കണ്ടും അനുഭവിച്ചും അറിഞ്ഞ മാതൃവാണി തൻ ദുഗ്ദ്ധം തന്നെ നുകർന്നാലേ ആരോഗ്യമുള്ള അധ്യയനം സംഭവിക്കൂ. നോം ചോംസ്കിയെപ്പോലുള്ള വിഖ്യാതരായ ലിംഗ്വിസ്ററുകൾ ഫസ്ററ് ലാംഗ്വേജ് എന്നു വിളിക്കുന്ന മാതൃഭാഷയുടെ പ്രധാന്യം ബോധന (Learning) ത്തിലെ എത്രത്തോളമാണെന്ന് പറഞ്ഞാൽ പൂർത്തിയാവില്ല. ശാസ്ത്ര ലോകത്തും സാംസ്കാരിക ലോകത്തും അതുല്യ പ്രതിഭകളായി നാം കരുതുന്നവരെല്ലാം സ്വന്തം ഭാഷയിലൂടെ പഠിച്ചവരാണ്. ഭാഷകൾ പഠിക്കാൻ തലച്ചോറ് പ്രാപ്തിയായി കഴിഞ്ഞാൽ എത്ര ഭാഷകൾ വേണമെങ്കിലും കുട്ടികൾ പഠിച്ചോട്ടെ പക്ഷേ മാധ്യമഭാഷ (Link Language) മലയാളം തന്നെ വേണം. ലോവർ പ്രൈമറിതലത്തിൽ ഇംഗ്ലീഷ് അടിച്ചേൽപ്പിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്തിന് നടപടിയെടുക്കാൻ കഴിയണം. ഇന്ന് പ്രൈമറി വിദ്യാഭ്യാസം തകർന്നിരിക്കുകയാണ്. അക്ഷരമറിഞ്ഞുകൂടാത്തവരും ചതുഷ്ക്രിയകൾ വശമില്ലാത്തവരും ആയിരിക്കുന്നു പ്രൈമറി വിദ്യാർത്ഥികൾ.

3. സ്കൂളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അപകടകരമാണെന്ന് മുമ്പു തന്നെ സൂചിപ്പിച്ചുകഴിഞ്ഞു. 1: 25 ആക്കി നിജപ്പെടുത്തണം ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഇതത്യാവശ്യമാണ്.

4. പലതുകൊണ്ടും മെച്ചപ്പെട്ട സ്കൂൾ സമയം 8 A.M. മുതൽ 1 P. M. വരെയാണ് ഇത് നടപ്പിലാക്കി. ബാക്കിയുള്ള സമയം കുട്ടികൾക്ക് ഉല്ലാസത്തിനും ക്രിയാത്മക പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കാൻ നൽകണം. നിർബന്ധമായും ഈ സമയം നടപ്പിലാക്കണം.

5 പത്താംതരം വരെയുള്ള ക്ലാസുകളിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒട്ടുവളരെ കുട്ടികളുണ്ട്. ആവശ്യമുള്ളവർക്കെല്ലാം പോഷക സമൃദ്ധമായ ഭക്ഷണം നല്കുവാനുള്ള നടപടിയുണ്ടാകണം. വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുക ഒരു നഷ്ടമല്ലെന്ന് തിരിച്ചറിയണം.

6. സ്ക്കൂളുകൾ അധ്യയനത്തിന് വേണ്ടത്ര സൗകര്യമുള്ളതാവണം. ലൈബ്രറി കൂടാതെ ഒരു റീഡിംഗ് കം T. V. Cum Conference Hall (25×5) മീററർ വലുപ്പത്തിൽ 60 സെ. മീ. ഉയരത്തിലുള്ള സ്റേറജോടുകൂടി എല്ലാ സ്ക്കൂളുകളിലും ഉണ്ടാവണം. T. V. യും റേഡിയോയിലും ഉള്ള ക്ലാസ് ഒരദ്ധ്യാപകൻെറ മേൽനോട്ടത്തിൽ പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യമുണ്ടാവണം.

7 ഓരോ രംഗത്തും ഉള്ള പ്രതിഭകളെ കണ്ടെത്തി സമ്മർ കോഴ്സുകൾ (Electronics), കമ്പ്യൂട്ടർ, കൃഷി, ആരോഗ്യം, മനഃശാസ്ത്രം, നിയമം, വ്യവസായം, പരിസ്ഥിതി തുടങ്ങിയവയിലെ നൂതന പ്രവണതകളെപ്പററി അദ്ധ്യാപകർക്കുവേണ്ടി ക്ലാസുകൾ നടത്തുക. ഇത് സമർപ്പിതമായ പ്രവർത്തനമാകണം. കുട്ടികൾക്കുവേണ്ട വിവരങ്ങൾ നൽകാൻ അദ്ധ്യാപകർക്ക് ഇതാവശ്യമാണ്. പഞ്ചായത്തടിസ്ഥാനത്തിലായിരിക്കണം ഇത് ചെയ്യേണ്ടത്.

8 വ്യക്തിഗതമോ രാഷ്ട്രീയമോ ആയ പരിഗണനകളില്ലാതെ അദ്ധ്യാപനത്തിലും സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനത്തിലും ഒരുപോലെ അർപ്പണബോധം കാണിക്കുന്ന അദ്ധ്യാപകരെ പഞ്ചായത്ത് തലത്തിൽ ആദരിക്കുവാനുള്ള സംരംഭങ്ങൾ ഉണ്ടാവുക.

9 ഓരോ വിഷയത്തിനും പൊതുപരീക്ഷയിൽ ഏററവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിയെ അനുമോദിക്കുക.

10. P. T. A. കളുടെ ഇടപെടൽ ഇന്നത്തേതിൽ കൂടുതൽ ശക്തവും ക്രിയാത്മകവുമാക്കുക, ഇന്ന് P.T.A. കൾ പേരിന് മാത്രമേയുള്ളു.

11 സ്ക്കൂൾ എജ്യൂക്കേഷൻ കമ്മിററികൾ വാർഡ് എജ്യൂക്കേഷൻ കമ്മിററികൾ, പഞ്ചായത്ത് എജ്യൂക്കേഷൻ കമ്മിററികൾ, (Panchayath standing Committee on Education) എന്നിവ ഉണ്ടാക്കുക. ഇതിൽ പ്രദേശത്തെ വിദ്യാഭ്യാസരംഗത്തെ ഉന്നത വ്യക്തികളെ ഉൾപ്പെടുത്തുക. ഇവയ്ക്ക് സ്ററാററ്യൂട്ടറി പവർ ഉണ്ടായിരിക്കണം.

12. CABE ൻെറ ശുപാർശകൾ നടപ്പിലാക്കുക. (CENTRAL ADMINISTRATIVE BOARD OF EDUCATION)

13 ഒരു വാർഡിലേയോ ഒരു പ്രദേശത്തെയോ ഒരു ഹൈസ്ക്കൂൾ കേന്ദ്രമാക്കികൊണ്ട് ഏതാനും പ്രൈമറി സ്ക്കൂളുകളെ ചേർത്ത് സ്ക്കൂൾ കോംപ്ലക്സുകൾ ഉണ്ടാക്കുക. സബ്ജക്ട് എക്സ്പ്പെർട്ടുകളടേയും ലബോറട്ടറികളുടേയു് മററു പഠനോപകരണങ്ങളുടേയും സഹായത്താൽ ആ കോംപ്ലക്സിൽ ശരിയായ പഠനം നടത്തുവാൻ കഴിയും. പുറത്തുനിന്നും വിദഗ്ധരെ വിളിച്ച് ക്ലാസുകൾ എടുപ്പിക്കുവാനുള്ള നടപടികൾ ഉണ്ടാവണം. ഇതിനോടനുബന്ധിച്ച് സ്ക്കൂളുകളിലും പഞ്ചായത്തുതലത്തിലും എജ്യൂക്കേഷൻ സെമിനാറുകൾ നടത്തണം.

14 ഒരു പ്രദേശത്തുള്ള കുട്ടികൾ തൊട്ടടുത്തുള്ള സ്ക്കൂളുകളിൽ പഠിക്കാനുള്ള സൗകര്യമുണ്ടാക്കണം. [നേററീവ് സ്ക്കൂൾ സിസ്ററം] നടപ്പിലാക്കണം.

15 അധ്യാപകർക്ക് വേണ്ടത്ര ട്രെയിനിംഗുകൾ നല്കുന്നതോടൊപ്പം പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് റെമഡിയൽ ടീച്ചിംഗ് നല്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

16 കുട്ടികൾക്ക് ഓവർലോഡ് നല്കുന്നവയാണ് മിക്ക അൺ എയ്ഡഡ് സ്ക്കൂളുകളും രക്ഷാകർത്താക്കളുടെ മോഹങ്ങളെ ചൂഷണം ചെയ്യാൻ വേണ്ടിയാണ് കൂടുതൽ കാര്യങ്ങൾ സിലബസിൽ ഇവർ ഉൾപ്പെടുത്തുന്നത്. പിൽക്കാലത്ത് കുട്ടികൾ മന്ദന്മാരാവാൻ സഹായിക്കുന്ന ഇത്തരം സ്ക്കൂളുകൾ നിർത്തലാക്കുകയോ സിലബസ് ഏകീകരിക്കുകയോ ചെയ്യണം.

17 അധ്യാപക നിയമനം പഞ്ചായത്തുകളിലൂടെ നടക്കുകയും മെറിററ് മാത്രം മാനദണ്ഡമാക്കുകയും ചെയ്യണം. പഞ്ചായത്തുകൾക്ക് സ്ക്കൂൾ മനേജ്മെൻറ് അവകാശം ഉണ്ടാവണം.

18 പരീക്ഷാ സമ്പ്രദായം പുനഃക്രമീകരിക്കണം ഓർമ്മ പരിശോധിക്കൽ (Memory testing) മാത്രമാവാറുണ്ട്. ഇപ്പോൾ പരീക്ഷകൾ പലതും കുട്ടികളുടെ ഗ്രഹണശക്തിയെയും പ്രയോഗക്ഷമതയേയും പരിശോധിക്കുവാനുള്ള ഘടകങ്ങൾ ഉണ്ടാക്കണം. ഒപ്പം പാഠേതര പ്രവർത്തനം എന്നപദം തന്നെ ഉപേക്ഷിക്കണം. കലയും വിനോദവും കായികരംഗവും എല്ലാം പഠനപ്രവർത്തനമാക്കികൊണ്ടുള്ള മികവിൻെറ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്ന മെറിററ ക്രഡി രൂപപ്പെടുത്തണം.

20 ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ശേഷിയില്ലാത്ത മിടുക്കരായ 5 കുട്ടികളെ പഞ്ചായത്ത് ദത്തെടുത്തു പഠിപ്പിക്കണം.

20 ആർട്ട്സ് എഡ്യൂക്കേഷൻ നിർബന്ധിതമാക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ കലാകേന്ദ്രങ്ങൾ സ്ഥാപിച്ച് അഭിരുചിയുള്ള പാവപ്പെട്ട കുട്ടികൾക്ക് ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, നാടൻകലകൾ തുടങ്ങിയവ അഭ്യസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.

21 പഞ്ചായത്തിൽ മതിയായ സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക.

22 സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളുണ്ടാക്കുക.

23 വിദ്യാഭ്യാസ കലണ്ടർ പഞ്ചായത്തടിസ്ഥാനത്തിൽ രൂപപ്പെടുത്തുക.

24 എല്ലാ ഹൈസ്കൂളുകളോടും ചേർന്ന് ഹയർ സെക്കൻററി അനുവദിക്കുക. തൊഴിൽ വിദ്യാഭ്യാസത്തോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. പ്രദേശാനുസൃതമായ കരിക്കുലം ഇതിന് രൂപപ്പെടുത്തണം.

വിദ്യാഭ്യാസത്തെ വികസന പ്രക്രിയയിലെ മൂന്നാംകിട പരിപാടിയായി കാണുന്ന രീതിയാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. ദീർഘവീക്ഷണമില്ലാത്ത രാജനൈതികർ (Politicions) വിദ്യാഭ്യാസ ചെലവുകളെ പ്രത്യുല്പാദനപരമല്ലാത്തവ ആയാണ് കരുതുന്നത്. നൂറുമേനി കൊയ്യുന്ന കൃഷിയാണ് വിദ്യാഭ്യാസരംഗത്തുള്ള മുതലിറക്കെന്ന് തിരിച്ചറിയുന്ന ഒരു ഭരണകൂടത്തിന്റെ കാത്തിരിപ്പിന് മുമ്പിൽ ഇല്ലായ്മകളും ആവലാതികളും നിറഞ്ഞ കുളക്കട പഞ്ചായത്തിന്റെ വിദ്യാഭ്യാസ റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

★

# കുളക്കട ഗ്രാമ പഞ്ചായത്ത്

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| Std. | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോററു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | |
| | M | F | ആകെ | M | F | ആകെ | M | F | ആകെ | M | F | ആകെ | M | F | ആകെ | M | F | ആകെ | |
| 1 | 223 | 232 | 455 | 41 | 51 | 91 | | | | | | | | | | 1 | | 1 | 1 |
| 2 | 236 | 244 | 480 | 42 | 49 | 91 | 2 | 2 | 4 | 7 | 7 | 14 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 255 | 259 | 514 | 37 | 59 | 96 | 0 | 4 | 4 | 6 | 5 | 11 | 0 | 1 | 1 | 1 | 0 | 1 | 1 |
| 4 | 235 | 276 | 511 | 38 | 45 | 83 | 4 | 4 | 8 | 5 | 8 | 13 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | 455 | 394 | 849 | 87 | 76 | 163 | 14 | 3 | 17 | 21 | 2 | 23 | 0 | 0 | 0 | 5 | 2 | 7 | 7 |
| 6 | 485 | 411 | 896 | 101 | 80 | 181 | 11 | 7 | 18 | 21 | 23 | 44 | 1 | 0 | 1 | 3 | 1 | 4 | 5 |
| 7 | 532 | 451 | 983 | 109 | 89 | 198 | 13 | 12 | 25 | 47 | 30 | 77 | 5 | 1 | 6 | 4 | 0 | 4 | 10 |
| 8 | 619 | 510 | 1129 | 131 | 102 | 233 | 27 | 14 | 41 | 48 | 26 | 74 | 1 | 4 | 5 | 9 | 2 | 11 | 16 |
| 9 | 608 | 507 | 1115 | 151 | 104 | 255 | 27 | 12 | 39 | 41 | 21 | 62 | 8 | 3 | 11 | 9 | 3 | 12 | 23 |
| 10 | 474 | 429 | 903 | 57 | 80 | 137 | — | — | — | — | — | — | 2 | 0 | 2 | 3 | 0 | 3 | 5 |
| | | | | | | | 8 | 58 | 156 | 196 | 122 | 318 | 17 | 9 | 25 | 35 | 8 | 43 | 69 |

## സഹകരണം

### അവലോകനം

ഈ പഞ്ചായത്തിൽ 3 സർവ്വീസ് സഹകരണ ബാങ്കുകളും 5 ക്ഷീരോല്പാദക സഹകരണ സംഘങ്ങളും 6 സ്കൂൾ സഹകരണ സംഘങ്ങളും ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘവും ഒരു ഉപഭോക്തൃ സഹകരണ സംഘവുമാണുള്ളത്. ഇതിൽ സർവ്വീസ് സഹകരണ മേഖലയാണ് പഞ്ചായത്തു തലത്തിൽ ഏററവും പ്രാധാന്യം അർഹിക്കുന്നത്. സാധാരണ ഗതിയിൽ ഒരു പഞ്ചായത്തു പ്രദേശമായിരിക്കും ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല. എന്നാൽ കുളക്കട പഞ്ചായത്തിൽ 3 സർവ്വീസ് സഹകരണബാങ്കുകളാണുള്ളത്. കൂടാതെ പഞ്ചായത്തിന്റെ പുത്തൂർ-മൈലംകുളം വാർഡ് പഞ്ചായത്തിനു പുറത്തു സ്ഥിതിചെയ്യുന്ന പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലയിലുമാണ്.

ഈ പഞ്ചായത്തിൽ ആദ്യം രൂപംകൊണ്ടത് 236-ാം നമ്പർ വെണ്ടാർ സർവ്വീസ് സഹകരണ ബാങ്കാണ്. ഉദ്ദേശം 76 വർഷങ്ങൾക്കു മുമ്പ്, കൃത്യമായി പറഞ്ഞാൽ കൊല്ലവർഷം 1096 മിഥുന മാസം 6-ാം തീയതി "പരസ്പര സഹായ സഹകരണ സംഘ"മെന്ന പേരിൽ ഈ സ്ഥാപനം രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

മനുഷ്യജീവിതം സഹകരണത്തിലധിഷ്ഠിതമാണെന്നും കൊണ്ടും കൊടുത്തും മാത്രമേ ജീവിതം പൂർണ്ണമാവുകയുള്ളൂവെന്നും വ്യക്തമായി തിരിച്ചറിഞ്ഞ ഒരു കൂട്ടം ചെറുപ്പക്കാർ വെണ്ടാററുള്ള ഓറേത്തു പള്ളിക്കൂടത്തിൽ ഒത്തുകൂടി. പരാശ്രയമില്ലാതെ ഒരു മനുഷ്യനും ഭൂമുഖത്തു ജീവിക്കുവാൻ സാധിക്കുകയില്ലെന്നുള്ള പ്രകൃതി നിയമം ജീവിതക്രമമാക്കിമാററിയ അവർ ഇൻഡ്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് സ്വദേശി പ്രസ്ഥാനത്തിലൂടെ നൂൽനൂല്പു കേന്ദ്രങ്ങളെ സഹായിക്കുന്നതിനു വേണ്ടിയാണ് ഈ സംഘം രൂപീകരിച്ചത്. സർവ്വശ്രീ. ചേറുകാട്ടു വീട്ടിൽ P. K. ഗോവിന്ദപ്പിള്ള, ചെറുകോട്ടഴികത്തു P. ഗോവിന്ദപ്പിള്ള, കിഴക്കേതിൽ കൃഷ്ണപിള്ള, കരിമ്പിയിൽ നാണുപിള്ള, കാട്ടുവിള നാണു, കുളക്കട പഞ്ചായത്ത് മുൻപ്രസിഡൻറ് P. K. നാരായണപിള്ള തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തകർ. സ്ഥാപക പ്രസിഡൻറ് ശ്രീ. പി. കെ. ഗോവിന്ദപ്പിള്ളയും സെക്രട്ടറി ശ്രീ. K. ഗോവിന്ദപ്പിള്ളയും ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനത്തിനു പോലും നൂററുകൊല്ലത്തെ ചരിത്രമേയുള്ളൂ എന്നറിയുമ്പോഴാണ് 76 വർഷത്തെ ചരിത്രം അവകാശപ്പെടുന്ന ഈ സംരംഭത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോദ്ധ്യപ്പെടുക. നാട്ടു കൂട്ടങ്ങൾ നടത്തി നൂൽ വിതരണം ചെയ്ത് സ്വദേശി പ്രസ്ഥാനത്തെ സഹായിക്കുന്നതോടൊപ്പം അംഗങ്ങളുടെ സർവ്വതോമുഖമായ പുരോഗതിയും അവർ ലക്ഷ്യമിട്ടിരുന്നു. 5 രൂപയുടെ ഓഹരിയെടുത്താൽ 25 രൂ. യുടെ നൂൽ വിതരണം ചെയ്യും. ഇങ്ങനെയായിരുന്നു വായ്പ വിതരണ രീതി.

1930 ൽ അന്നത്തെ M. L. C. യായിരുന്ന ശ്രീ. സി. പി. കൊച്ചു കുഞ്ഞുപിള്ളയുടെ നേതൃത്വത്തിൽ ഈ സ്ഥാപനത്തിൽ അഞ്ഞൂറോളം ദേശാഭിമാനികൾ ഒത്തുചേർന്ന്, തക്ലികൊണ്ട് നൂൽ നൂർത്ത് ബ്രിട്ടീഷുകാർക്കെതിരായി കൊട്ടാരക്കര വരെ ജാഥ നടത്തിയതായി പഴമക്കാർ പറയുന്നു.

തുടർന്ന് 1949 ൽ വിവിധോദ്ദേശ സഹകരണ സംഘമായും 1972 മുതൽ സർവ്വീസ് സഹകരണ സംഘമായും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനത്തിലെ വൈകല്യം കൊണ്ടോ നിഷ്ക്രിയതയാലോ നെടുനാൾ ദീർഘനിദ്രയിലാണ്ട ഈ സ്ഥാപനം 1985 മുതൽ സാമാന്യം ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും കേവലം രണ്ടു വാർഡുകളുടെ പ്രവർത്തനപരിധിയുമായി ബാലാരിഷ്ടത താണ്ടി വരുന്നതേയുള്ളൂ. ഇങ്ങനെ ദേശീയ പ്രസ്ഥാനവുമായി അഭേദ്യബന്ധം പുലർത്തുന്നതാണ് ഈ ബാങ്കിന്റെ പൂർവ്വകാല ചരിത്രം. ഇതിന്റെ ആദ്യകാല പ്രസിഡൻറ് പേറുകാട്ട് ശ്രീ. നാരായണപിള്ളയും സെക്രട്ടറി ശ്രീ. ശിവശങ്കരപിള്ളയും ആയിരുന്നു.

ഈ പഞ്ചായത്തിൽ അംഗങ്ങളുടെ വൈപുല്യം കൊണ്ടും, നിക്ഷേപ സമൃദ്ധിയാലും, വായ്പാവിതരണത്തിലുള്ള വൈവിധ്യം കൊണ്ടും ഒന്നാമതായി നിൽക്കുന്നത് 3503-ാം നമ്പർ പുവററൂർ കിഴക്ക് സർവ്വീസ് സഹകരണബാങ്കാണ്. 1954 ൽ വിവിധോദ്ദേശ സഹകരണസംഘമായി രജിസ്ററർ ചെയ്ത് 16-1-1955 ൽ പ്രവർത്തനം ആരംഭിച്ചു. 1962 ൽ സർവ്വീസ് സഹകരണസംഘമായി. ഇതിന്റെ ആദ്യകാല പ്രവർത്തകർ പൂവററൂർ കിഴക്ക് വാഴപ്പള്ളിൽ വടക്കേടത്തുതാഴതിൽ വി. കൃഷ്ണപിള്ള, കിഴക്കെടത്തു വീട്ടിൽ എം. ഗോപാലപിള്ള, മുളയ്ക്കൽ V. ചെല്ലപ്പൻപിള്ള, പൂവണ്ണംമൂട്ടിൽ G. രാമകൃഷ്ണപിള്ള, ശ്രീരംഗത്തുവീട്ടിൽ R. രാഘവൻപിള്ള, ചാങ്ങയിൽവീട്ടിൽ ഗോപാലപിള്ള,

അറപ്പുരവീട്ടിൽ കെ. ഭാസ്ക്കരൻനായർ, മേടയിൽ എ. ഉണ്ണുണ്ണി എന്നിവരാണ്. സ്വാതന്ത്ര്യാനന്തരകാലത്തുള്ള ബഹുജനപ്രസ്ഥാനങ്ങളുമായുള്ള ബന്ധംകൊണ്ടും ജനകീയ പിൻബലത്താലും കൃഷിക്കാരുടെ ക്ഷേമത്തിനായി രൂപംകൊണ്ടുപ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം സഹകാരികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നുവരുന്നു.

ഈ പഞ്ചായത്തിലെ സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് 11-7-58 ൽ പ്രവർത്തനം ആരംഭിച്ച 4299-ാം നമ്പർ കുളക്കട സർവ്വീസ് സഹകരണ ബാങ്ക്. ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘമായിട്ടാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. സഹകാരികളുടെ വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമല്ലെങ്കിലും പ്രതിസന്ധികളെ തരണംചെയ്തു മുന്നോട്ടു പോകുന്നുണ്ട്. ഇതിന്റെ ആദ്യകാല പ്രസിഡന്റ് അയണിയാട്ടു പടിഞ്ഞാറ്റതിൽ ശ്രീ. എം. ഗോപാലൻനായരും, സെക്രട്ടറി ശ്രീ. P. N. രാഘവൻനായരും ആയിരുന്നു.

ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ ക്രെഡിറ്റ് മേഖല എന്നും നോൺ ക്രെഡിറ്റ് മേഖല എന്നും രണ്ടായി തരംതിരിക്കാം.

## (a) ക്രെഡിറ്റ് സംഘങ്ങൾ

( പട്ടിക 1 )

| ക്രമനമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ / നഷ്ടമോ |
|---|---|---|---|---|---|---|---|
| 1 | വെണ്ടാർ S C B. L N No. 236 | 6-11-1096 (M. E.) | 3843 | 4 | 444047 | 17471229 | നഷ്ടം |
| 2 | പുവറ്റൂർ കിഴക്ക് S C B L N No. 3503 | 16-1-1955 | 8651 | 9 | 1116200 | 71500000 | ,, |
| 3 | കുളക്കട S C B. L N No. 4299 | 11 7-1958 | 3775 | 5 | 465075 | 17000000 | ,, |
| 4 | കുളക്കട പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം Q 450 | 24 3-1973 | 951 | 1 | 74140 | 43000 | ,, |

ഈ പഞ്ചായത്തിലെ 3 സർവീസ് സഹകരണ ബാങ്കുകളിലുമായി ആകെ 20,291,621 രൂ. നിക്ഷേപമുണ്ട്. ഇതിൽ 17626714 രൂ സ്ഥിരം നിക്ഷേപമാണ്. ജില്ലാ സഹകരണബാങ്കിൽനിന്നും 1995-96 ൽ 9278753 രൂ. വായ്പ സ്വീകരിക്കുകയും, അംഗങ്ങൾക്ക് 23164719 രൂ. വായ്പ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 42,88,489 രൂ. കുടിശ്ശികയാണ്. നില്പു വായ്പയുടെ 18.5% കാർഷികമേഖലയിൽമാത്രം 4055891 രൂ. വായ്പ നൽകി 4,13,000 രൂ. സർക്കാർ ഓഹരിയാണ് തൻചിലവിനത്തിൽ 3,88,268 രൂപായും സിൽബന്തിചെലവിനത്തിൽ 7,76,143 രുപായും ചെലവഴിക്കുന്നുണ്ട്. 19 ജീവനക്കാർ പണിയെടുക്കുന്ന ഈ സ്ഥാപനങ്ങളിൽ 74,45,43,000 രൂ. വാർഷികടേണോവർ ഉണ്ട്.

നിക്ഷേപം സ്വീകരിക്കാൻ, ലോൺവിതരണം, ചിട്ടിനടത്തൽ, ഓണചന്ത, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത് സേവന രംഗങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നത് മൂലവും കുടിശ്ശിക പലിശ പിരിഞ്ഞു കിട്ടാനുള്ളതിനാലും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

## കുളക്കട പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണസംഘം Q 450

24-3-1973 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയും സംഘാംഗങ്ങളുടെ താല്പര്യക്കുറവും പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. 23 വർഷത്തെ പ്രവർത്തനഫലമായി കേവലം 951 അംഗങ്ങളെ മാത്രമേ ചേർക്കാൻ കഴിഞ്ഞുള്ളൂ. നിക്ഷപം സ്വീകരിച്ചും വായ്പവിതരണം ചെയ്തും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ആസൂത്രിത വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വളരെ വലുതാണ്. സഹകരണാടിസ്ഥാനത്തിൽ കാർഷിക പുരോഗതി കൈവരിച്ച ഇസ്രായേലും സഹകരണസംഘങ്ങളിലൂടെ ക്ഷീര വ്യവസായരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ച ഡെൻമാർക്കും വ്യവസായം സഹകരണാടിസ്ഥാനത്തിൽ വളർത്തിയെടുത്ത ചൈനയും നമുക്ക് മാതൃകകളാവണം.

നിത്യജീവിതത്തിൽ എല്ലാവർക്കും ഒരേപോലെ ആവശ്യമുള്ള, ആർക്കും ഒഴിവാക്കാനാവാത്ത ചില കാര്യങ്ങളുണ്ട്— ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം ഈ പ്രക്രിയകളുമായി ബന്ധപ്പെട്ടതാണ്. ഉല്പാദനക്ഷമത, കാര്യക്ഷമത, സേവന നിരതത്വം, മേൽനോട്ടം തുടങ്ങിയവ. താൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ നിലനില്പിനും, വളർച്ചയ്ക്കും മാത്രമല്ല തന്റേയും കുടുംബത്തിന്റേയും നിലനില്പും വളർച്ചയും അതുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു എന്നു യാഥാർത്ഥ്യം മാനേജുമെന്റിനും ജീവനക്കാർക്കും ബോധ്യപ്പെടണം. സഹകരണ പ്രസ്ഥാനത്തിന്റെ നാഡീഞരമ്പുകളായ ജീവനക്കാർ യഥാർത്ഥ സഹകാരികളാവണം. 'Every body's property is nobody's property' എന്ന ആലസ്യം കെടുകാര്യസ്ഥതയിലെത്തിക്കുന്നു.

ഗ്രാമതലത്തിൽ വേരൂന്നി പ്രവർത്തിക്കുന്ന സർവീസ് സഹകരണബാങ്കുകൾ ഗ്രാമീണരുടെ ഖജാൻജിയാണ്. സർക്കാരിന്റെ ഏതു ക്ഷേമ പദ്ധതികളും ചുരുങ്ങിയ കാലയളവിൽ ബഹുജനങ്ങളുടെയിടയിൽ നടപ്പിലാക്കാനുള്ള സംവിധാനം ഇവയ്ക്കുണ്ട്. തൊഴിലില്ലായ്മാ വേതന വിതരണം, വിവിധയിനം പെൻഷനുകൾ, സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കൽ തുടങ്ങിയവ ഭംഗിയായി ഏറ്റെടുത്തു നടപ്പിലാക്കാൻ ഈ മേഖല സുസജ്ജമാണ്. എന്നാൽ വായ്പാ വിതരണരംഗത്ത് സർവീസ് ബാങ്കുകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ വിശ്വാസം നേടി, ജനകീയ പിൻബലത്തോടെ സർവീസ് സഹകരണബാങ്കുകൾ നിക്ഷേപ സമൃദ്ധമായപ്പോൾ വായ്പാ വ്യവസ്ഥകളുമായി പൊരുത്തപ്പെടാനാവാതെ നട്ടം തിരിയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ജില്ലാ സഹകരണ ബാങ്കും മററു കേന്ദ്ര കൊമേഴ്സ്യൽ ബാങ്കുകളും സഹകരണ ബാങ്കുകളുടെ വ്യാപകാതിർത്തിയിൽ ശാഖകൾ തുറന്ന് വ്യക്തികൾക്കു നേരിട്ടു വായ്പ നൽകി സർവീസ് ബാങ്കുകളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. അതിനാൽ കാലാകാലങ്ങളിൽ കൃഷിക്കാർക്കു വേണ്ടി തുടങ്ങുന്ന സേവനസ്കീമുകൾ പരാജയത്തിൽ കലാശിക്കുന്നു.

ജില്ലാ സഹകരണ ബാങ്കിലെ നിക്ഷേപങ്ങളിൽ സിംഹഭാഗവും സർവീസ് സഹകരണ ബാങ്കുകളുടേതാണ്. സർവീസ് സഹകരണബാങ്കുകൾ ഉയർന്ന പലിശ നിരക്കിൽ സ്വരൂപിച്ച നിക്ഷേപത്തിന്റെ 25% തരളധനവും, സെക്യൂരിററിനിക്ഷേപങ്ങളും, കരുതൽ ധനവും, മിച്ചധനവും ജില്ലാബാങ്കിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ നിർബാധം ഒഴുകിയെത്തുന്ന സമ്പത്ത് സുഖമായി വ്യക്തികൾക്ക് വായ്പാ വിതരണം ചെയ്ത് ലാഭം കൊയ്തു കൂട്ടുകയാണ്. അംഗങ്ങൾക്കു മാത്രമേ വായ്പാ വിതരണം ചെയ്യാവൂ എന്ന സഹകരണതത്വവും ബലി കഴിക്കുകയാണിവിടെ, ഓഹരിയനുപാതം ആവശ്യമില്ലായെന്നുള്ളതും വായ്പക്കാർക്ക് ആശ്വാസം നൽകുന്ന ഗഹൻസ് സമ്പ്രദായവും വായ്പാക്കാരെ സഹകരണ ബാങ്കുകളിൽ നിന്നും അകററി തങ്ങളോട് അടുപ്പിക്കാൻ അത്തരം ബാങ്കുകൾക്കു കഴിയുന്നു. ഗഹൻസ് സമ്പ്രദായം (സിംപിൾ മോർട്ട് ഗേജ്) മൂലം ചാർജ്ജു സൃഷ്ടിച്ച് വായ്പ എടുക്കുന്ന അംഗങ്ങൾക്ക് എഴുത്തു ഫീസ്, രജിസ്ട്രേഷൻ ഫീസ്, മററു കഷ്ടനഷ്ടങ്ങൾ എന്നിവ ഒഴിവാക്കാനും കഴിയുന്നു. വായ്പ എടുക്കുന്നതിന് അംഗങ്ങൾക്ക് ചാർജ്ജു സൃഷ്ടിക്കുവാൻ സഹകരണ നിയമം 36-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യം പ്രാഥമിക സംഘത്തിലെ അംഗങ്ങൾക്ക് നിഷേധിക്കുന്നതു ന്യായമല്ല.

( പട്ടിക 2 )

| നോൺ ക്രഡിററ് സംഘങ്ങരം | | | |
|---|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണസംഘം | Apcos | ആററുവാശ്ശേരി |
| 2 | ,, | | കലയപുരം |
| 3 | ,, | | പൂവററൂർ |
| 4 | ,, | | കുളക്കട |
| 5 | ,, | | വെണ്ടാർ |
| 6 | സ്ക്കൂരം സൊസൈററി | ഏറത്തുകുളക്കട L P S | |
| 7 | ,, | കുളക്കട H S | |
| 8 | ,, | പൂവററൂർ H S | |
| 9 | ,, | വെണ്ടാർ S V M M H S | |
| 10 | ,, | വെണ്ടാർ L P S | |
| 11 | ,, | പുത്തൂർ H S | |
| 12 | കൺസ്യൂമർ സഹകരണസംഘം പുവററൂർ No. Q 982 | | |

### 1 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ 5 ക്ഷീരോല്പാദക സഹകരണസംഘങ്ങളാണുള്ളത്. പാലിൻെറ ഗുണനിലവാരവും വില നിലവാരവും ഉറപ്പു വരുത്തുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. റിപ്പോർട്ടിൽ ആദ്യം പരാമർശിക്കുന്നതിനാൽ വിശദീകരിക്കുന്നില്ല.

### 2 സ്കൂൾ സൊസൈററികൾ

എല്ലാ സ്കൂരം സൊസൈററികളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത് അവ പുസ്തക വിതരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തി വരുകയാണ്. വിദ്യാർത്ഥികരംക്കാവശ്യമായ നോട്ടുബുക്കുകരം, മററു പഠനോപകരണങ്ങരം തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

### 3 പൂവററൂർ കൺസ്യൂമർ സഹകരണ സംഘം No. Q. 982

ഈ പഞ്ചായത്തിൽ കൺസ്യൂമർ രംഗത്തുള്ള ഏക സഹകരണസംഘമാണിത്. പൂവററൂർ കേന്ദ്രമാക്കി പ്രവർത്തിച്ചു വന്ന ഈ സംഘം ഇപ്പോരം പ്രവർത്തന ക്ഷമമല്ല. കൺസ്യൂമർ സ്റേറാറിലേക്കാവശ്യമായ സാധനങ്ങരം കേരളാ സ്റേററ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ 1991 മുതൽ ടി സാധനങ്ങരം ലഭ്യമാകാതിരുന്നതിനാൽ ഇതിൻെറ പ്രവർത്തനം നിന്നിരിക്കുകയാണ്.

കൺസ്യൂമർ സ്റേറാറുകരം സിവിൽ സപ്ലൈസിനെ മാത്രം ആശ്രയിച്ചു പ്രവർത്തിക്കുന്നതു ശരിയല്ല. അംഗങ്ങളല്ലാത്തവർക്കും സേവനം നടത്തുന്നതു കൊണ്ടാണ് അത് തകർച്ചയെ നേരിടുന്നത്. ഒരു സഹകരണ സ്റേറാറിൽ നിന്നും അതിലെ അംഗങ്ങരംക്കു മാത്രമേ വില്പന നടത്തുകയുള്ളൂ എന്നു വന്നാൽ അംഗങ്ങരംക്കു താനേ സ്ഥാപനത്തോടു സ്നേഹവും ആദരവും തങ്ങളുടേത് എന്ന ബോധവും ഉണ്ടാകും അംഗങ്ങളല്ലാത്തവരെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കി അംഗങ്ങരംക്കു കൊടുക്കുന്നതും അംഗങ്ങളല്ലാത്തവർക്കു വിതരണം ചെയ്തു നഷ്ടമുണ്ടാക്കി അംഗങ്ങരംക്കു ബാദ്ധ്യത ഉണ്ടാക്കുന്നതും സഹകരണതത്വങ്ങരംക്കു നിരക്കുന്നതുമല്ല. എംപ്ലോയീസ് സഹകരണ സ്റേറാറുകളും സ്കൂരം സഹകരണ സ്റേറാറുകളും നല്ല നിലയിൽ നടക്കുന്നതിൻെറ കാരണം ഇവ അംഗങ്ങരംക്കും മാത്രം സേവനം ചെയ്യുന്നു എന്നതു കൊണ്ടാണ്.

### പ്രശ്നങ്ങൾ

1 ജില്ലാ സഹകരണബാങ്കുകളുടെ പ്രവർത്തനം സർവീസ് സഹകരണബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. അവയുടെ ഉയർന്ന മാർജിൻ നിരക്കാ

കാരണം സഹകരണബാങ്കുകളുടെ വായ്പാ പലിശ നിരക്ക് ഉയരുന്നു. പലിശ നിരക്ക് കുറഞ്ഞത് 6% എങ്കിലും ലഭിച്ചെങ്കിലേ സർവീസ് സഹകരണസംഘങ്ങൾക്കു നിലനില്ക്കാനാവൂ എന്ന് റിസർവ് ബാങ്ക് നിയോഗിച്ച അഗ്രിക്കൾച്ചറൽ ക്രെഡിക്റ്റ് റിവ്യൂ കമ്മറ്റി സമർപ്പിച്ചറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ 2% മാർജിൻ മാത്രമേ ലഭിക്കുന്നുള്ളൂ.

2 ഭരണസമിതിയുടെ കുറഞ്ഞ കാലാവധി ഭീമമായ ചെലവുകളെ കൂടെക്കൂടെ വരുത്തിവയ്ക്കുകയും ഭരണസമിതിക്ക് ദീർഘമായ ആസൂത്രണം നടത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

3 മൂലധനത്തിന്റെ അഭാവവും അനിയന്ത്രിതമായ തൻ ചെലവുകളും സംഘം പ്രവർത്തനത്തെ തടസപ്പെടുത്തുന്നു.

4 പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ.

5 ദീർഘകാല നിക്ഷേപങ്ങൾക്ക് പലിശ നിരക്കു കുറഞ്ഞതു കാരണം വൻ നിക്ഷേപങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും ഒഴിയുന്നു. ആകർഷകമായ മററു മേഖലകൾ നിക്ഷേപകർ കണ്ടെത്തുന്നു.

6 സഹകരണ വിദ്യാഭ്യാസത്തിന്റേയും ബോധവൽക്കരണത്തിന്റേയും അഭാവം.

7 പിഴപ്പലിശാ സമ്പ്രദായം സഹകാരികൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു. കോമേഴ്സ്യൽ ബാങ്കുകൾ ഇത് ഈടാക്കുന്നില്ല.

8 വായ്പാ വ്യവസ്ഥകളുടെ കർക്കശ്യം

9 വിദേശ നാണ്യ വിനിമയ സൗകര്യത്തിന്റെ (ഉദാ: NRI നിക്ഷേപങ്ങൾ) അഭാവം മൂലധനവർദ്ധന തടയുന്നു.

10 കർഷകരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നതുമൂലം ന്യായ വില ലഭ്യമാകാതിരിക്കുകയും വായ്പതുക തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

11 പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള കാലതാമസം തിരിച്ചടവിനെ സാരമായി ബാധിക്കുന്നു.

12 ബ്ലേഡു കമ്പനികളുടെ പ്രവർത്തനം സഹകരണസംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

13 പല നിസാരകാര്യങ്ങളിലും പൊതുയോഗത്തിനുമേലുള്ള രജിസ്ററാറുടെ അധികാരം സംഘം പ്രവർത്തനത്തെ ദോഷമായി ബാധിക്കുന്നു.

14 ബാങ്കുകൾ തമ്മിലുള്ള നിസഹകരണം.

15 പരിമിതമായ വ്യാപാര വ്യാപ്തി.

16 സഹകാരികളോടുള്ള നല്ല പെരുമാററത്തിന്റെ അഭാവം.

17 ചെക്കുകൾ ഡ്രഫ്ററുകൾ മാറിക്കൊടുക്കുന്നതിനുള്ള കാലവിളംബവും കളക്ഷൻ ചാർജിന്റെ ഏകീകരണമില്ലായ്മയും.

18 വിപണനസംഘങ്ങളുടെ അഭാവം

19 പുനർ വായ്പാ വിതരണത്തിലെ കാലതാമസം

20 കാലഹരണപ്പെട്ട ആഡിററ് സമ്പ്രദായം

21 കാർഷിക വായ്പയുടെ കുറഞ്ഞപരിധി

22 ആർബിട്രേഷൻ നടപടികളുടെ കാലതാമസം

## സാധ്യതകൾ

1 സഹകരണ ബാങ്കിംഗ് രംഗത്ത് 2 ടയർ സമ്പ്രദായം നടപ്പിൽ വരുത്തി സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിലപ്പെടുത്തണം

2 ജില്ലാ സഹകരണബാങ്കിലെ അംഗങ്ങൾ അതിൽ അഫിലിയേററു ചെയ്തിട്ടുള്ള പ്രാഥമിക സംഘങ്ങളാണ്. എന്നാൽ അംഗങ്ങളല്ലാത്ത വ്യക്തികൾക്ക് കൊടുക്കുന്ന വായ്പകൾ നിർത്തൽ ചെയ്യാൻ ഉത്തരവ് ഉണ്ടാകണം

3 ഭരണസമിതിയുടെ കാലാവധി 5 വർഷമായി പുനഃസ്ഥാപിക്കണം

4 പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ പ്രവർത്തന മേഖലകളിൽ കടന്നു കയറണം

5 NRI നിക്ഷേപം സ്വീകരിക്കാൻ അനുവദിക്കണം

6 ദീർഘകാല നിക്ഷേപങ്ങളുടെ പലിശ നിരക്ക് കൂട്ടണം

7 ജീവനക്കാർ, ഭരണസമിതിയംഗങ്ങൾ, സഹകാരികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം ബോധവൽക്കരണം നടത്തണം

8 പ്രൊഫഷണൽ മാനേജ്മെൻറു സമ്പ്രദായം നടപ്പിൽ വരുത്തണം

9 സർവീസ് സഹകരണ ബാങ്കുകളിൽ മാത്രം നിലവിലുള്ള പിഴപ്പലിശ സമ്പ്രദായം നിർത്തൽ ചെയ്യണം

10 വായ്പാ വ്യവസ്ഥകൾ ഏകീകരിക്കണം ഗഹാൻസ് സമ്പ്രദായം സർവീസ് സഹകരണ ബാങ്കുകളിലും പ്രാവർത്തികമാക്കണം

11 വിപണനസംഘങ്ങൾ, വനിതാസഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട്സംഘം എന്നിവ രജിസ്ററർ ചെയ്ത് പ്രവർത്തനം തുടങ്ങണം

12 വായ്പാത്തുക കൃത്യമായി തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പലിശ സബ്സിഡി വിതരണം ചെയ്യണം

13 വ്യാപാരത്തിൻെറ വ്യാപ്തി വർദ്ധിപ്പിക്കുകയും തൻചെലവുകൾ പരമാവധി കുറയ്ക്കുകയും ചെയ്യണം

14 സ്വയം തൊഴിൽ പദ്ധതികൾ ഏർപ്പെടുത്തി അതിൻെറ വിനിയോഗവും മേലന്വേഷണവും നടത്തി വായ്പ നൽകണം

15 സ്വയം തൊഴിൽ കണ്ടെത്താൻ സ്ത്രീകൾക്കു പ്രത്യേകം പദ്ധതികൾ ഏർപ്പെടുത്തണം. തിരിച്ചടവിനുള്ള ശേഷിക്ക് വിധേയമായി അനൗപചാരിക ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്തണം. സ്ത്രീകൾ എടുക്കുന്ന വായ്പയുടെ തിരിച്ചടവ് താരതമ്യേന തൃപ്തികരമായിരിക്കും

16 IMBP നിക്ഷേപത്തിൻെറ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം

17 സംഘങ്ങളിലൂടെ തൊഴിലില്ലായ്മ വേതനവും പെൻഷൻ പദ്ധതികളും വിതരണം ചെയ്യണം

18 കൃഷി വായ്പയുടെ പലിശനിരക്ക് കുറയ്ക്കണം 10% ത്തിൽ കൂടാൻ പാടില്ല

19 സഹകരണസംഘങ്ങളിൽ ഗവൺമെൻറ് ഓഹരി വർദ്ധിപ്പിക്കുകയും സേവന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കുകയും ചെയ്യണം

20 കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് പൊതു പ്രവർത്തകരുടെ സഹായം തേടണം.

21 പൊതുയോഗത്തിൻെറ അധികാരം വർദ്ധിക്കുകയും രജിസ്ററാറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യണം.

22 ഗ്രൂപ്പ് ഫാമിംഗ് സൊസൈററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

23 തകർച്ചയെ നേരിടുന്ന ബാങ്കിനെ നന്നായി പ്രവർത്തിക്കുന്ന മററൊരു സഹകരണ ബാങ്കിൻെറ ചുമതലയിൽ പ്രവർത്തിക്കണം.

24 സൗകര്യമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്ത് കർഷകരുടെ സഹായത്തോടെ പച്ചക്കറി കൃഷിനടത്തണം. കൂടാതെ വിത്ത്, വളം, കീടനാശിനികൾ എന്നിവ സൗജന്യമായി ഓരോ വീട്ടിലും എത്തിക്കണം. പൊതു പ്രവർത്തകർ ഭവനസന്ദർശന പരിപാടികൾ നടത്തി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യണം. പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്യണം പഞ്ചായത്ത് ഏറെറടുക്കണം. ജനകീയ കമ്മററി രൂപവൽക്കരിച്ച് പ്രവർത്തനം സുതാര്യമാക്കണം. പാഴായി കൊണ്ടിരിക്കുന്ന ഗ്രാമീണ മേഖലയിലെ വിഭവശേഷി എല്ലാവർക്കും ഗുണപ്രദമായ രീതിയിൽ ഉല്പാദന മേഖലയിലേക്കു തിരിച്ചുവിടാൻ ഇതുവഴി കഴിയും

25 സംഘത്തിൻെറ ചുമതലയിൽ മെഴുകുതിരി സാമ്പ്രാണിത്തിരി, റെഡിമെയ്ഡ് ഗാർമെൻറ്സ് തുടങ്ങിയ ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കണം. പഞ്ചായത്തിൻെറ സഹായം ലഭ്യമാക്കണം

26 സഹകരണ മാവേലിസ്റേറാറുകളെ സ്ഥിരം മാവേലി സ്റേറാറാക്കി പ്രവർത്തിപ്പിക്കണം

27 കളക്ഷൻ ചാർജ് സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ പുറപ്പെടുവിക്കണം

28 പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. പവർടില്ലറോ, ട്രാക്ടറോ വിതരണം ചെയ്യണം.

# XI പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 26% ത്തോളം പട്ടികജാതി–വർഗ്ഗ വിഭാഗമാണ്. ഏകദേശം 1750ൽ പരം കുടുംബങ്ങളിലായി 7856 ഓളം ജനങ്ങളുണ്ട് ഇവർ വിവിധ കോളനികളിലായും അല്ലാതേയും താമസിക്കുന്നു.

രാജ്യവ്യാപകമായി പുത്തൻ മാററങ്ങൾക്കുവേണ്ടി എല്ലാ മേഖലകളിലും വേലിയേററങ്ങൾ ഉണ്ടാകുമ്പോഴും കാര്യമായ വ്യതിയാനങ്ങൾ ഉൾക്കൊള്ളാതെ ഇന്നും നിലനിന്നു വരുന്ന സമൂഹമാണ് പട്ടികജാതി ജനവിഭാഗം. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഗവൺമെൻറുകൾ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും താഴേത്തട്ടിലെത്തുമ്പോഴേക്കും ലക്ഷ്യം പൂർണ്ണമായും നിറവേററപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ ഈ വിഭാഗങ്ങളിലേക്ക് ഇനിയും കടന്നുചെല്ലേണ്ടിയിരിക്കുന്നു. അതുപോലെ സാങ്കേതിക മികവു വേണ്ട തൊഴിൽ പരിശീലിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പൊതുവേ ചെറുപ്പക്കാരുടെ ഇടയിൽ നിരക്ഷരർ ഇല്ലെങ്കലും അഭ്യസ്തവിദ്യരുടെ എണ്ണം കുറവാണ്. രക്ഷകർത്താക്കൾ കുട്ടികൾക്കു വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല. ഇതിനുകാരണം കുടുംബ ബാദ്ധ്യതയും സാമൂഹിക ചുററുപാടുമാണ്. ഭൂരിഭാഗവും കാർഷിക, കശുവണ്ടി, ഇഷ്ടികഎന്നീമേഖലകളിൽ തൊഴിലെടുത്ത് ഉപജീവനം നടത്തി വരുന്നു. ഇവർക്ക് കാർഷികമേഖലയിലെതൊഴിൽ നഷ്ടപ്പെടുന്നതു കൊണ്ട് മററു തൊഴിൽ കണ്ടെത്തുവാൻ നിർബന്ധിതരാകുന്നു. ഇതിനുകാരണം പ്ലാൻേറഷൻ കൃഷി സമ്പ്രദായവും നിലംനികത്തലും ചെളിയെടുപ്പുമാണ്.

## പട്ടികജാതി വികസനം– നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച ലഘുവിവരങ്ങൾ:–

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി സമൂഹത്തിന്റെ ഏററവുംപിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെ പരിരക്ഷക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി പ്രമുഖ വികസന പരിപാടികൾ നടപ്പാക്കി വരുന്നു.

### 1 ഓല മേയുന്നതിനുള്ള ധനസഹായം:–

ഓല മേഞ്ഞ വീടുകളുടെ മേൽക്കൂര കെട്ടിമേയുന്നതിന് ഒരു വീടിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

### 2 ഓടു മേയുന്നതിനുള്ള ധനസഹായം:–

8000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് മേൽക്കൂര ബലപ്പെടുത്തി വീട് ഓടു മേയുന്നതിന് 3000 രൂപ ധനസഹായമായി നൽകി വരുന്നു.

## 3 വിവാഹ ധനസഹായം:—

8000 രൂപ വരെ വാർഷിക വരുമാനമുള്ള നിർധനരായ പട്ടിക ജാതി രക്ഷകർത്താക്കൾക്ക് അവരുടെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കാൻ 2000 രൂപ ധന സഹായമായി നൽകുന്നു.

## 4 ചികിൽസാ ധനസഹായം:—

8000 രൂപ വരെ വാർഷിക വരുമാനമുള്ള ഏററവും നിർധനരായ പട്ടികജാതിക്കാർക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാല ചികിൽസയ്ക്കായി ഒരു വ്യക്തിക്ക് 1000 രൂപ ധനസഹായം നൽകുന്നു.

## 5 എഴുത്തുപരീക്ഷ/ഇൻറർവ്യൂവിന് ധനസഹായം:—

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെൻറ് എക്സ്ചെയിഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേക്ക് എഴുത്തുപരീക്ഷ/ ഇൻറർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലംവരെ പോയി മടങ്ങിവരുവാൻ യാത്രബത്ത നൽകിവരുന്നു.

## 6 നേഴ്സറിസ്കൂളുകൾ:—

പട്ടികജാതി വികസനവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിൽ പ്രതിദിനം 5 രൂപാ വീതം ഭക്ഷണച്ചെലവിനും 200 രുപാ രണ്ടുജോഡി വ സ് ത്ര ങ്ങൾ ക്കും നൽകിവരുന്നു.

## പ്രശ്നങ്ങൾ

ഈ വിഭാഗത്തിൽപ്പെട്ട ആളുകളിൽ ഏകദേശം 68 ശതമാനത്തോളം സ്ത്രീകളാണ്. ഇവരിൽ 96 ശതമാനത്തോളംപേരും, പത്താംക്ലാസിനു താഴെമാത്രം വിദ്യാഭ്യാസം നേടിയവരാണ്. അഭ്യസ്തവിദ്യരിൽ ഭൂരിഭാഗവും തൊഴിൽരഹിതരാണ്.

പുരുഷൻമാരിൽ 98 ശതമാനവും പത്താംതരത്തിൽവച്ച് വിദ്യാഭ്യാസം നിർത്തുവാൻ നിർബന്ധിതരാകുന്നു. ഇതിനുള്ള മുഖ്യകാരണം കുടുംബത്തിൻെറ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാൻ ഇവർ നിർബന്ധിതരാകുന്നു.

പൊതുവിൽ ഈ വർഗ്ഗത്തിലെ ആളുകൾ ദാരിദ്ര്യ രേഖക്കു താഴെയുള്ളതാണ്. തൻമൂലം ഈ മേഖലകളിൽ ദാരിദ്രവും നിത്യരോഗവും സാധാരണമാണ്.

ഈ പഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനുതകുന്നതരത്തിൽഒരു പരിശീലനകേന്ദ്രം ഇല്ല.

പട്ടികജാതി വികസനവകുപ്പിൻെറകീഴിൽ പ്രവർത്തിക്കുന്ന ITC കളിലെപരീക്ഷ NCVT അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് അവിടെനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ നിഷേധിക്കപ്പെടുന്നു.

ഈ പഞ്ചായത്തിലെ താമസക്കാരായ പട്ടികജാതികുടുംബങ്ങളിൽഭൂരിഭാഗവും കൂടികിടപ്പ് അവകാശം ലഭിച്ച നിർധനരാണ്. ഇതിൽഅധികവും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ് കാരണം പ്രാധമികസൗകര്യകുറവാണു (ശുദ്ധജലം, കക്കൂസ്, വൈദ്യുതി)

പട്ടികജാതി കോളനികളിലും ഈ ആരംക്കാർത്തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും പൊതുവഴി കളില്ല. തൻമൂലം ഈ പ്രദേശങ്ങളിലെആളുകരംക്ക് വിദ്യാഭ്യാസം, സാസ്കാരികം, സാമ്പത്തികം എന്നീ മേഖലകളിൽ പിന്നോക്കവസ്ഥയുണ്ട്

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും പ്രത്യേകിച്ച് പട്ടികജാതി മേഖലകളിൽസാക്ഷരത പ്രവർത്തനം ഊർജ്ജിതമാക്കുക.

വിദ്യാഭ്യാസപരവും സാമൂഹികവുംസാംസ്കാരികവുമായ പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ പട്ടികജാതികോളനികളിലും വായനശാലയും T.V സെൻററും അത്യാവശ്യമാണ്.

പട്ടികജാതിക്കാരുടെ പ്രതിശീർഷവരുമാനം ഉയർത്തത്തക്കതരത്തിൽ ഗ്രാമതലങ്ങളിൽ ചെറുകിട വ്യവസായയൂണിററുകരം അനുവദിക്കുക.

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതിവികസന സർവ്വീസ് സഹകരണസംഘത്തെ പഞ്ചായത്തിലെമുഴുവൻപട്ടിവജാതിക്കാർക്കും പ്രയോജനപ്പെടും വിധത്തിൽവിപുലീകരിക്കണം കൂടാതെ ജില്ലാസഹകരണബാങ്കിൻെറ അഫിലിയേഷൻ കൂടി ഉണ്ടാകണം

ഈ പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യസെൻററിൻെറ പ്രവർത്തനംമുഴുവൻആളുകരംക്കും പ്രയോജനപ്പെടും വിധത്തിൽ വിപുലീകരിക്കുകയും ഒപ്പം ഇതിൻെറ നിയന്ത്രണം പഞ്ചായത്തുകമ്മററിനേരിട്ടു ശ്രദ്ധിക്കുക.

പട്ടികജാതി വിഭാഗങ്ങരംക്ക് 25,000 രൂപയിൽകുറയാത്ത പ്രത്യേകഅപകട ഇൻഷ്വറൻസ ഏർപ്പെടുത്തണം കൂടാതെ 60 വയസിനുമുകളിൽ പ്രായമുള്ള മുഴുവൻ പട്ടികജാതിക്കാർക്കും കർഷ തൊഴിലാളിപെൻഷൻ ഏർപ്പെടുത്തണം

പട്ടികജാതിക്കാർക്കും നിർധനരായ മററാളുകരംക്കും വിധവകരംക്കും ഇവരുടെ പെൺമക്കരംക്കും വിവാഹധനസഹായം 25, 000 രൂപയായി വർദ്ധിപ്പിക്കണം കൂടാതെ ഈ തുക വിവാഹത്തിനുമുൻപായി വിതരണം ചെയ്യണം

പട്ടികജാതിക്കാരുടെ പിന്നോക്കവസ്ഥയ്ക്കും ദാരിദ്ര്യത്തിനും പരിഹാരമായി വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവുമാക്കുന്നതിലേക്കും പട്ടികജാതിവിദ്യാർത്ഥികരംക്ക് ആവശ്യമായപഠനോപകരണങ്ങളും യൂണിഫോമുകളും സൗജന്യമായി നൽകുക വിദ്യാഭ്യാസത്തിൻെറ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈവിഭാഗത്തെബോധവൽക്കരിക്കുകയുംചെയ്യണം.നിലവിലുള്ളവിദ്യാഭ്യാസആനുകൂല്യങ്ങരംപരിമിതമാണ് ഇത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികരം സ്വീകരിക്കണം

ഈ പഞ്ചായത്തിലെപട്ടികജാതി വിദ്യാർത്ഥികരംക്ക് ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽഒരു പരിശീലനകേന്ദ്രം ആരംഭിക്കുക.

പട്ടികജാതി വികസനവകുപ്പിൻെറ കീഴിൽപ്രവർത്തിക്കുന്ന ITCകളിൽ നടത്തുന്ന പരീക്ഷകരം NCVT അടിയന്തിരമായി അംഗീകരിക്കുക കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ITC യിൽകൂടുതൽവിദ്യാർത്ഥികരംക്ക് പഠിക്കുവാൻ ഉതകുന്നതരത്തിൽ കൂടുതൽ Trade കരംഅനുവദിച്ച് സീററുകരം വർദ്ധിപ്പിക്കുക

ഈ മേഖലയിലെ അഭ്യസ്തവിദ്യരായ മുഴുവൻ ആളുകരംക്കും തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നടപടികരം സ്വീകരിക്കുക.

പട്ടികജാതിക്കാരുടെ അവസരങ്ങളും ആനുകൂല്യങ്ങളും ഈ വിഭാഗക്കാർക്കു തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയത്തെ കുറിച്ച് ഇവർക്ക് ബോധവൽക്കരണം നടത്തണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന് താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഉപകാരപ്പെടും വിധത്തിൽ ഈ പഞ്ചായത്തിൽ അടിയന്തിരമായി ഒരു പട്ടികജാതി വെൽഫയർ ഹോസ്റ്റൽ അത്യാവശ്യമാണ്.

മാറാരോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന നിർധനരായ ആളുകൾക്ക് അടിയന്തിര ചികിൽസ ധന സഹായം നൽകണം.

വിലാംഗർക്ക് വിദ്യാഭ്യാസ സഹായവും സൗജന്യ റേഷനും അനുവദിക്കുക. ഇവരെ പുനരധിവസിപ്പിക്കുകയും, ഒപ്പം ഇവർക്കനുയോജ്യമായ തൊഴിൽ നൽകുക.

പട്ടികജാതിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥകളിലും സ്വന്തം ജാമ്യത്തിൽ മദ്ധ്യ-ദീർഘകാല ബാങ്കുവായ്പകളും വ്യവസായ വായ്പകളും ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. സ്വന്തമായി കൃഷിഭൂമിയോ വീടോ ഇല്ലാത്ത ഈ വിഭാഗക്കാർക്ക് അടിയന്തിരമായി ഇതിനുള്ള സഹായം അനുവദിക്കുക അതോടൊപ്പം ഈ രംഗത്ത് നിലവിലുള്ള നിബന്ധനകൾ ലഘൂകരിക്കുകയും വേണം. കൂടാതെ ഇവർക്ക് കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

പരമ്പരാഗത തൊഴിൽ രംഗങ്ങളിൽ തൊഴിലെടുക്കുന്ന പട്ടികജാതിക്കാർക്ക് ആവശ്യമായ പരിശീലനവും സഹായവും നൽകണം. ഈ വിഭാഗങ്ങളുടെ വികസനത്തിന് വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽ കോൺട്രാക്ട്സ് സഹകരണസംഘം രൂപീകരിക്കണം.

ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടേയും ക്ഷേമത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ പ്രസിഡന്റ് ചെയർമാനും പട്ടികജാതി പ്രതിനിധി കൺവീനറുമായുള്ള ഒരു സമിതി രൂപീകരിക്കണം.

പഞ്ചായത്തിലെ മുഴുവൻ കോളനികളും കോളനി ഇതര വീടുകളും അടിയന്തിരമായി അററകുററപണി നടത്തുന്നതിനുള്ള സഹായം അനുവദിക്കണം.

പഞ്ചായത്തു വഴി പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന വീടുകൾ, കക്കൂസുകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കുക. അതോടൊപ്പം ഇതിനുള്ള ഗ്രാന്റും വർദ്ധിപ്പിക്കണം.

മെച്ചപ്പെട്ട ജീവിതനിലവാരം കരുപ്പിടിപ്പിക്കുവാൻ പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി ആട്, പശു, കോഴി, തേനീച്ച എന്നിവയുടെ യൂണിററുകൾ തുടങ്ങുന്നതിനുള്ള സഹായം അനുവദിക്കുക.

പട്ടികജാതിക്കാരുടെ നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുക

നിലവിലുള്ള ഉദ്യോഗ, വിദ്യാഭ്യാസ സംവരണം അപര്യാപ്തമാണ്. അതിനാൽ സംവരണ മാനദണ്ഡം ഉയർത്തുക.

*

# XII വിഭവസമാഹരണം

കുളക്കട ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ കൃഷിയിലും വ്യവസായത്തിലും അധിഷ്ഠിതമാണ്. 29.18 ചതുരശ്ര കിലോ മീററർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മുപ്പത്തി ഓരായിരത്തി അഞ്ഞൂററി പതിനഞ്ച് ആളുകൾ അധിവസിക്കുന്നതായാണ് ഏററവും ഒടുവിലത്തെ കാനേഷുമാരി കണക്കുകൾ കാണിക്കുന്നത്. ഈ ഭൂപ്രദേശത്തിന്റെ മൂന്നിൽരണ്ട് ഭാഗം മാത്രമേ കൃഷിക്ക് ഉപയോഗിക്കുന്നുള്ളു. ഇവിടെയുള്ള പ്രധാന വ്യവസായങ്ങൾ ഇഷ്ടികനിർമ്മാണവും കശുവണ്ടി, കരിങ്കൽ മേഖലയുമാണ്. പല കാരണങ്ങളാലും കാർഷികരംഗത്തേക്ക് ആളുകൾ ആകർഷിക്കപ്പെടുന്നില്ല. എന്ന് മാത്രമല്ല പ്രസ്തുത രംഗത്തുനിന്നും പലരും ഇതര മേഖലകളിലേക്ക് ചേക്കേറുന്ന പ്രവണതയാണ് കാണപ്പെടുന്നത്. കൃഷി ഭൂമിയുടെ അനാശാസ്യമായ പരിവർത്തനവും ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു യുവതലമുറയുടെ കൃഷിഭൂമിയിലുള്ള ആഭിമുഖ്യക്കുറവ് ഈ മേഖലയുടെ തകർച്ച ത്വരിതപ്പെടുത്തുന്ന ഘടകമായി വർദ്ധിക്കുന്നു. നിലവിലുള്ള പ്രധാന വ്യവസായമായ ഇഷ്ടിക നിർമ്മാണ രംഗം സാമൂഹിക-പരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്ന ഒരു ഘട്ടത്തിൽ എത്തിനില്ക്കുകയാണ്. തന്മൂലം ഈ രംഗത്തിന്റെ വളർച്ചയ്ക്ക് ശോഭനമായ ഒരു ഭാവികാണുന്നില്ല.

ജനങ്ങളുടെ വിവിധങ്ങളായ ദൈനംദിന പ്രശ്നങ്ങളിൽ മൗലികമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം പൂർണ്ണവും ഫലപ്രദവുമാകണമെങ്കിൽ സാമ്പത്തികസുസ്ഥിതി അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ തനിതു വരുമാനം പതിനേഴ്ലക്ഷത്തോളം രൂപയാണ്. എന്നാൽ വിവിധ പ്രവർത്തനങ്ങൾക്ക് നാല്പത്തിഒന്ന് ലക്ഷം രൂപയാണ് ചെലവാകുന്നത്. ഈ ചെലവിന്റെ സിംഹഭാഗവും ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവുകൾ തുടങ്ങി അടിസ്ഥാനപരമായ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. വിഭവശേഷിയുടെ കുറവുനിമിത്തം മൗലികമായ പല പ്രവർത്തനങ്ങളും തൃപ്തികരമായി നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

ഈ സാഹചര്യത്തിൽ തൃപ്തികരവും ഫലപ്രദവുമായ പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

# പ്രശ്നങ്ങൾ

## 1. പ്രാഥമികം

ഈ ഗ്രാമപഞ്ചായത്തിൽ എണ്ണായിരത്തിലധികം വീടുകളാണ് ഉള്ളത്. ഇതിൽ രണ്ടായിരത്തോളം വീടുകൾ വാസയോഗ്യമല്ലാത്ത സ്ഥിതിയിൽ ഉള്ളതാണ്. ഇത്തരം വീടുകളുടെയും ഭവനരഹിതരുടെയും എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ പാർപ്പിട പ്രശ്നം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നതും സത്വരമായി പരിഹൃതമാവേണ്ടതുമാണ്. സർക്കാർ ധനസഹായത്തോടെ മാത്രമാണ് ഇപ്പോൾ നാമമാത്രമായെങ്കിലും ഈ പ്രശ്നത്തിൽ പഞ്ചായത്തിന് ഇടപെടാൻ കഴിയുന്നത്. അതുപോലെ തന്നെ സാനിട്ടറികക്കൂസ്സുകളുള്ള വീടുകളുടെ എണ്ണം ആകെ വീടുകളുടെ നാല്പത് ശതമാനത്തിൽ താഴെ മാത്രമാണ് ഈ പ്രശ്നത്തിലും പഞ്ചായത്തിന് സ്വന്തം നിലയിൽ ഗണ്യമായ പ്രവർത്തനം നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് കുളക്കട ഗ്രാമപഞ്ചായത്ത് സ്വന്തമായി കിണർ ഇല്ലാത്ത ആയിരക്കണക്കിന് കുടുംബങ്ങൾ ഇവിടെയുണ്ട്. ഉള്ളതിൽ പകുതിയോളം കിണറുകൾ മുകൾ കെട്ടാത്തതും തന്മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്ന സ്ഥിതിയിലുള്ളതുമാണ്. ഇവിടെയും പഞ്ചായത്തിന്റെ ഇടപെടൽ അത്യാവശ്യമായിരിക്കുന്നു.

## 2. തൊഴിൽപരം

കാർഷികരംഗത്തെ ഇന്നുള്ള സന്നിദ്ധാ സ്ഥക്ക് വിരാമമിടുന്നതിനും ഈ മേഖലയ്ക്ക് അർഹിക്കുന്ന പോഷണം നൽകുന്നതിനും പഞ്ചായത്തിന് കഴിയാത്ത സാമ്പത്തിക ചുററുപാടുകളാണ് ഇന്നുള്ളത്. അതുപോലെ തന്നെ വ്യവസായികരംഗത്ത് തൃപ്തികരമായി ഇടപെടാനും കഴിയുന്നില്ല.

## 3. ഇതര പ്രശ്നങ്ങൾ

ഒരു പ്രദേശത്തിന്റെ വികസനം അവിടുത്തെ ഗതാഗത-ഊർജ്ജ സാദ്ധ്യതകളെ ആശ്രയിച്ചാണല്ലോ. കുളക്കട ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത് 122 കിലോ മീററർ റോഡുകളാണ്. ഇതിൽ ബഹുഭൂരിപക്ഷവും മൺറോഡുകളും വീതികുറഞ്ഞവയുമാണ്. 3 കിലോ മീററർ റോഡുമാത്രമാണ് മെററൽ ചെയ്യാൻ കഴിഞ്ഞത്. 14 കിലോ മീററർ റോഡുകൾ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും പലതിന്റെയും അററകുററപ്പണികൾ

യഥാസമയം നടത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും വൈദ്യുതി എത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യവസായിക ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത നിലയിൽ മതിയായ വോൾട്ടേജ് ലഭ്യമല്ല. ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രാൻസ്ഫോർമറുകൾ കാലപ്പഴക്കം ഉള്ളതും പ്രവർത്തന ക്ഷമമല്ലാത്തതുമാണ്.

## സാമൂഹ്യ പ്രശ്നങ്ങൾ

ഈ പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നു് വിദേശങ്ങളിൽ ജോലിചെയ്തുവരുന്നത് ഉദ്ദേശം മുന്നൂറിൽ താഴെ ആളുകൾ മാത്രമാണ്. അവരുടെ വരുമാനം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈ പഞ്ചായത്തിൽ കൊല്ലംജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളും രണ്ട് ദേശസാൽകൃത ബാങ്കുകളും രണ്ട് ഷെഡ്യൂൾഡ് ബാങ്കുകളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ അവയുടെ പ്രവർത്തനം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ സംഭാവന ചെയ്തുകാണുന്നില്ല. തൊഴിലില്ലായ്മയുടെ രൂക്ഷത ഈ പഞ്ചായത്തിലും വളരെ തീവ്രമാണ്.

പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

ക്രമാതീതമായ ഭരണച്ചെലവിലെ വർദ്ധനവ് കുറച്ചുകാണാൻ ആവാത്ത ഒരു പ്രശ്നമാണ്

വികസന പ്രവർത്തനങ്ങളിൽ കരാറുകാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണം ഒഴിവാക്കേണ്ടതാണ്. വായ്പകളുടെ ദുർവിനിയോഗം ഒരു വലിയ പ്രശ്നമായിരിക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങളിൽ ഉള്ള ജനങ്ങളുടെ താല്പര്യക്കുറവ് പദ്ധതി–പദ്ധതിയേതര പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1) റവന്യു വകുപ്പ് ചുമത്തി ഈടാക്കിവരുന്ന കെട്ടിടനികുതി അതാത് പഞ്ചായത്തുകൾക്ക് മുഴുവനായും കൈമാറുക.
2) അഞ്ചുലക്ഷം രൂപായിൽ കൂടുതൽ ചെലവാക്കി പുതിയതായി നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്ക് അഞ്ചുലക്ഷത്തിലധികരിക്കുന്ന തുകയുടെ പത്ത് ശതമാനത്തിൽ കുറയാത്തതുക ആഡംബര നികുതിയായി പഞ്ചായത്തിന് ഈടാക്കാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക.
3) ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിടരംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകൾ വഴി മാത്രം നടത്തേണ്ടതാണ്.
4) N. R. I നിക്ഷേപങ്ങളുടെ അഞ്ചുശതമാനം അടിസ്ഥാന ആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് നൽകാൻ നിയമനിർമ്മാണം നടത്തുക 5) വിവാഹ രജിസ്ട്രേഷനുകൾക്ക് നിശ്ചിത ഫീസ് ചുമത്തുകയും എല്ലാ വിഭാഗം ജനങ്ങളുടെയും വിവാഹങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ നിയമനിർമ്മാണം നടത്തുകയും ചെയ്യുക 6) എല്ലാ വിവാഹങ്ങളും ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ മാത്രം ബന്ധപ്പെട്ട മതാചാര പ്രകാരം നടത്തുന്നതിന് വേണ്ട നിയമനിർമ്മാണം നടത്തുകയും ഇതിലേക്ക് മിതമായ തുക ഗ്രാമപഞ്ചായത്തിൽ വധുവിന്റെ രക്ഷകർത്താക്കൾ ഏല്പിക്കുന്നതിന് വ്യവസ്ഥപ്പെടുത്തുകയും ചെയ്യുക. 7) പരസ്യനികുതി ചുമത്തി ഈടാക്കാൻ നടപടി സ്വീകരിക്കുക.
8) പാറ, മണ്ണ് എന്നീ പ്രകൃതി വിഭവങ്ങൾ ഖനനം നടത്തുന്നവരിൽ നിന്നും റോയൽററി ഈടാക്കുന്നതുക മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന് നൽകാതെ ലൈസൻസ് കൊടുക്കുന്നതിനും റോയൽററി ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും ലൈസൻസുകളിൽ നിന്നും തൊഴിൽനികുതിയും മററും ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക. 9) കെട്ടിടനിർമ്മാണം സംബന്ധിച്ച മുനിസിപ്പൽ ചട്ടങ്ങൾ കുളക്കട ഗ്രാമപഞ്ചായത്തിലും ബാധകമാക്കുക. 10) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള അനുമതി നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുക. 11) റബ്ബർ തുടങ്ങിയ നാണ്യവിളകൾ ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് നിന്നും ഉല്പാദിപ്പിക്കുന്നവർക്ക് തൊഴിൽ നികുതിനിയമം ബാധകമാക്കുക. 12) അഴിമതിയും ധൂർത്തും ഒഴിവാക്കുന്നതിന് സോഷ്യൽ ആഡിററ് ഫലപ്രദമാക്കുകയും സങ്കേതിക വിദഗ്ദ്ധരായ സന്നദ്ധ പ്രവർത്തകരേക്കൂടി ഉൾപ്പെടുത്തി വാർഡുതോറും വിജിലിയൻസ് സെല്ലുകൾ രൂപികരിക്കുകയും ചെയ്യുക. 13) ഫാക്ടറി തൊഴിലാളികളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുക. 14) വായ്പകളുടെ ദുർവിനിയോഗം തടയുന്നതിന് പ്രത്യേകം വിജിലിയൻസ് സെല്ലുകൾ രൂപികരിക്കുക. 15) പഞ്ചായത്തിലെ നികുതി–നികുതിയേതര സ്രോതസ്സുകൾ പൂർണ്ണമായും ചൂഷണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ ടി ജോലികൾ പ്രത്യേകം ഒരു റവന്യൂ ഓഫീസറുടെ കീഴിലാക്കുക. 16) വികസനപ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്ന ഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുക. 17) പൊതുജനങ്ങളിൽ നിന്നും ദീർഘകാല നിക്ഷേപങ്ങൾ സർക്കാർ ഗ്യാരണ്ടിയോടുകൂടി സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക. 18) വികസനപ്രവർത്തനങ്ങൾ ഏറെറടുത്ത് നടത്തുന്നതിനായി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ രൂപീകരിക്കുകയും മനുഷ്യപ്രയത്നത്തിന്റെ അൻപത് ശതമാനത്തിന് മാത്രം ഗ്രാമപഞ്ചായത്തുകൾ പ്രതിഫലം നൽകുകയും ഏററവും നല്ല സന്നദ്ധസംഘത്തിന് ജില്ലാടിസ്ഥാനത്തിലും പ്രവർത്തകന് പഞ്ചായത്തടിസ്ഥാനത്തിലും പൊതുചടങ്ങിൽ കാര്യമായ പാരിതോഷികവും അംഗീകാരവും നൽകുകയും ചെയ്യുക. 19) യഥാസമയം പഞ്ചായത്തുകളിൽ ഒടുക്കു വരുത്താത്ത നികുതി–ഫീസിനങ്ങൾക്ക് അഞ്ചു ശതമാനം പലിശ ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുക. 20) ഗ്രാമപഞ്ചായത്തുകൾക്ക് ഭരണാനുമതി നൽകാനുള്ള പരിധി ഒഴിവാക്കുകയും ഒരുലക്ഷം രൂപാവരെ ചെലവുവരുന്ന സാധാരണ പണികളും അമ്പതിനായിരം രൂപാവരെ ചെലവു വരുന്ന വിദഗ്ധപണികളും ചെയ്യുന്നതിനും ചെയ്യുന്നതിന് എസ്റ്റിമേററുകൾ തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് തന്നെ അധികാരം നൽകുക. 21) പഞ്ചായത്തുകളുടെ പ്രാഥമിക ചുമതലകൾ നിർവ്വഹിക്കാൻ പര്യപ്തമാംവണ്ണം വിവിധ ആവശ്യങ്ങൾക്ക് ചെലവാക്കാൻ പരിധികളില്ലാതെ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക. 22) ഗ്രാമപഞ്ചായത്തുകളിലെ കരാർ പണിക്കാർക്ക് രജിസ്ട്രേഷൻ നടത്തുകയും നിശ്ചിതഫീസ് ഈടാക്കുകയും ചെയ്യുക.

ഈ റിപ്പോർട്ട് ഒമ്പതാം പദ്ധതിയുടെ അടിത്തറയാവേണ്ടതായതിനാൻ ഇത് സെമിനാറിന്റെ സജീവപരിഗണനയ്ക്കും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

കുളക്കട
25–12–96

കുളക്കട ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണസമിതി

# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യ രക്ഷാരംഗത്ത് ശക്തമായ ഒരു പൊതുമേഖലാ സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ട്. സംസ്ഥാന ബഡ്ജററിന്റെ 17% ആരോഗ്യരക്ഷയ്ക്കു ചെലവാക്കുന്നു. പൊതുജനാരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്തിൽ വലിയ മാററമുണ്ട്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഇതു പ്രയോജനപ്പെടുത്തുന്നില്ല.

| | |
|---|---|
| പഞ്ചായത്തിലെ ജനസംഖ്യ (1995) | 31515 |
| പുരുഷന്മാർ | 15310 |
| സ്ത്രീകൾ | 16205 |
| ജനനം 1995 | 486 |
| ജനന നിരക്ക് | 15.42 |
| മരണം 1995 | 175 |
| മരണ നിരക്ക് | 5.55 |

ജനനമരണ നിരക്കുകൾ സംസ്ഥാനത്തെ അപേക്ഷിച്ച് കുറവാണ്. ശിശുമരണ നിരക്കും സംസ്ഥാനത്തെ അപേക്ഷിച്ചു കുറവാണ്.

31515 ജനങ്ങൾ അധിവസിക്കുന്ന കുളക്കട ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ അധികവും ഇടത്തരം കൃഷിക്കാരും പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവരുമാണ്. ജനങ്ങളുടെ ജീവിത നിലവാരം പൊതുവിൽ ശരാശരിയിൽ താഴെയാണ്. നിരവധി ആരോഗ്യ പ്രശ്നങ്ങളും മററു സാമൂഹിക പ്രശ്നങ്ങളും പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ജനങ്ങൾ സ്വയംപര്യാപ്തരല്ല. കുടിവെള്ളക്ഷാമം ആരോഗ്യരംഗത്തെ അപര്യാപ്തതകൾ, പ്രാഥമിക സൗകര്യങ്ങൾ ഇല്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രിതവും ദീർഘകാല ലക്ഷ്യത്തോടുകൂടിയതുമായ പദ്ധതികൾ അനിവാര്യമാണ്. ഇതിനു സഹായകരമായ ചർച്ചകളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട് ഓരോവാർഡിലും നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തു പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു.

## പൊതുജനാരോഗ്യം

വയറിളക്കം, വയറുകടി, മഞ്ഞപിത്തം തുടങ്ങിയ ജലജന്യരോഗങ്ങൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പിടിപെടാറുണ്ട്. വിശേഷിച്ചും മഴക്കാലത്ത്. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന രണ്ടുപേർ ഈപഞ്ചായത്തിലുണ്ട്. മലേറിയ രോഗം ഇവിടെയില്ലെങ്കിലും കേരളത്തിനുപുറത്തു പോയിട്ടുള്ളവർ രോഗം ബാധിച്ച് നാട്ടിൽ വരുന്നുണ്ട്. 1995ൽ ഇങ്ങനെ വന്ന ഈ പഞ്ചായത്തിലെ 23പേർ ചികിത്സയ്ക്കു വിധേയരായിട്ടുണ്ട്. ക്ഷയരോഗബാധിതരായി 9പേർ ഈ പഞ്ചായത്തിൽ ചികിത്സയിലുണ്ട്.

## സ്ഥാപനങ്ങളും സേവനങ്ങളും

കുളക്കട ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

| | | ആകെ ജീവനക്കാർ |
|---|---|---|
| 1 | കുളക്കട പ്രാഥമികാരോഗ്യകേന്ദ്രം | 30 |
| 2 | ഗവ. ആയുർവ്വേദ ഡിസ്പൻസറി കുളക്കട | 4 |
| 3 | ഗവ. ഹോമിയോ ഡിസ്പൻസറി | 4 |
| 4 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ-4 | 4 |

ഇവയിൽ എല്ലാംകൂടി 42 ജീവനക്കാരാണുള്ളത്

## പ്രൈവററ് ആശുപത്രികൾ

1. ബഥനി ആശുപത്രി പുത്തൂർ
2. C. S. I. ആശുപത്രി പൂവററൂർകിഴക്ക്
3. ഡോ: കരുണാകരൻസ് നഴ്സിംഗ്ഹോം കലയപുരം

## പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

### 1 ചികിത്സ

ഈ സ്ഥാപനത്തിൽ 3 ഡോക്ടർമാരും 7 ജീവനക്കാരുമാണ് ചികിത്സാരംഗത്തു പ്രവർത്തിക്കുന്നത്. OP വിഭാഗത്തിൽ 1995ൽ 30, 860 ആളുകളെ ചികിത്സിച്ചു. 3, 52, 809 രൂപയുടെ

മരുന്ന് ആ വർഷം ഈ സ്ഥാപനത്തിൽ ലഭിച്ചു. ഇതു മററു സർക്കാർ ആശുപത്രികളിൽ ലഭിച്ചതിനേക്കാൾ കൂടുതലാണ്. I P. വിഭാഗം വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. 1995ൽ 48 രോഗികളെയും 1996ൽ ഇതുവരെ 222 രോഗികളെയുമാണ് I. P. വിഭാഗത്തിൽ ചികിത്സിച്ചിട്ടുള്ളത്. രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല എന്നതാണ് ഏററവും വലിയ പോരായ്മ ഈ സ്ഥാപനത്തിലെ അപര്യാപ്തതകൾ മൂലം 10 കി. മീ. അകലെയുള്ള കൊട്ടാരക്കര താലൂക്ക് ആശുപത്രിയെയാണ് ഇപ്പോൾ ജനങ്ങൾ ആശ്രയിക്കുന്നത്. അവിടെയും സ്ഥിതി ആശാസ്യമല്ലാത്തതുമൂലം സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. സാമ്പത്തിക പരാധീനതമൂലം മിക്ക ആളുകൾക്കും ഇതിന് കഴിയുന്നില്ല. ചികിത്സാരംഗത്തെ ഈ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ടെന്നാണ് എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന ആവശ്യം.

കുളക്കട പ്രാഥമികാരോഗ്യകേന്ദ്രം അടിയന്തിരമായി ഒരു കമ്മ്യൂണിററി ഹെൽത്ത് സെൻറർ ആക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിന്നും നിർമ്മിച്ചു നൽകിയിട്ടുള്ള 10 കിടക്കകളുള്ള വാർഡ് ഉപയോഗ പ്രദമാക്കുകയും, മതിയായ ജീവനക്കാരെ നിയമിക്കുകയും, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സ്പെഷ്യലിസ്ററുകളുടെ സേവനം മാസത്തിൽ ഒരിക്കൽ ഈ സ്ഥാപനത്തിൽ ലഭ്യമാക്കുകയും അതിന് ആവശ്യമായ പ്രചരണം കൊടുത്ത് ജനങ്ങൾക്ക് അതിൻെറ പ്രയോജനം ലഭ്യമാക്കുകയും വേണം.

രോഗപ്രതിരോധ കേന്ദ്രങ്ങളായി പ്രവർത്തിക്കേണ്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാസൂത്രണ കേന്ദ്രങ്ങൾ മാത്രമായി മാറിയിരിക്കുകയാണ്. ഇന്നത്തെ നിലയിൽ കുടുംബാസൂത്രണത്തിനു പ്രാധാന്യം നൽകുന്നതിനേക്കാൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകുന്ന നിലയിലേക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും സബ്സെൻററുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുകയും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഇതിനായി പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സബ്സെൻററുകളുടെ പ്രവർത്തനം ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. സ്വന്തമായി കെട്ടിടമില്ലാത്ത പെരുംകുളം, തുരുത്തിലമ്പലം എന്നീ സബ്സെൻററുകൾക്ക് കെട്ടിടം ഉണ്ടാക്കണം. നിർമ്മാണ നടപടികൾ ആരംഭിച്ച താഴത്തുകുളക്കട സബ്സെൻറർ കെട്ടിടം പെട്ടെന്ന് പൂർത്തിയാക്കണം. സ്വന്തമായി കെട്ടിടമുള്ള ആററുവാശേരി സബ്സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## II ദേശീയാരോഗ്യപരിപാടികൾ

കുടുംബക്ഷേമം, രോഗപ്രതിരോധം, വിദ്യാലയാരോഗ്യപരിപാടി, മലമ്പനി നിർമ്മാർജന പരിപാടി, കുഷ്ഠരോഗ നിർമ്മാർജനപരിപാടി, എയ്ഡ്സ് ബോധവൽക്കരണം തുടങ്ങിയ ദേശീയാരോഗ്യപരിപാടികൾ I. C. D. S, M. S. S എന്നിവയുടെ സഹായത്തോടെ വളരെ ഫലപ്രദമായി നടപ്പാക്കിവരുന്നു.

1995 ഡിസംബർ 9, 1996 ജനുവരി 20 എന്നീ ദിവസങ്ങളിൽ നടന്ന ദേശീയ പോളിയോ നിർമ്മാർജ്ജനപരിപാടി ജനപങ്കാളിത്തത്തോടെ വമ്പിച്ച വിജയമാക്കാൻ കഴിഞ്ഞു. 39 കേന്ദ്രങ്ങളിൽ വച്ച് 3 വയസിനു താഴെയുള്ള 1550 കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകി.

മററുപകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ക്ഷയരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഇക്കപ്പോഴും സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല. വില കൊടുത്തു മരുന്നുവാങ്ങി കഴിക്കാൻ പാവപ്പെട്ട രോഗികൾക്കു കഴിയാതെ വരുകയും മരുന്ന് മുടക്കുകയും ചെയ്യുന്നു. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നമാണ്. ക്ഷയരോഗ ചികിത്സയ്ക്കുള്ള മരുന്ന് ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്.

കൊതുകു നശീകരണം, കിണറുകളിലെ വെള്ളം ശുദ്ധീകരിക്കൽ, ആരോഗ്യവിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ പൊതു ശ്മശാനം ഇല്ല. ഒന്നിലധികം സ്ഥലങ്ങളിൽ പൊതു ശ്മശാനം അനിവാര്യമാണ്.

വ്യാജചാരായത്തിന്റെ ലഭ്യത ഇവിടെ വളരെക്കൂടുതലാണ്. ഈ വിപത്ത് അടിയന്തിരമായി തടയേണ്ടതാണ്. ഇതിനായി എല്ലാ വാർഡുകളിലും ഫലപ്രദമായ ജനകീയ കമ്മററികൾ ഉണ്ടാവുകയും അവയുടെ ഇടപെടൽ കർശനമാക്കുകയും, ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും വേണം.

മാർക്കററുകൾ ശുചീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമല്ല. ആരോഗ്യ വകുപ്പിന്റെ കൂടി സഹകരണത്തോടെ ഈ പ്രവർത്തനം കാര്യക്ഷമമാക്കണം.

പാകം ചെയ്ത ഭക്ഷണസാധനങ്ങൾ വില്ക്കുന്ന ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പരിശോധന കർശനമായി നടപ്പാക്കേണ്ടതാണ്. മലിനജലം റോഡിലേക്ക് ഒഴുക്കുന്നതും മാലിന്യങ്ങൾ പൊതുനിരത്തിൽ കൊണ്ടുതള്ളുന്നതും കർശനമായി തടയേണ്ടതുണ്ട്. ഇതുകാര്യക്ഷമമായി നടപ്പാക്കാൻ നിലവിലുള്ള വരെ ഉപയോഗിച്ചു കൊണ്ടുതന്നെ ഹെൽത്ത് സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ പൊതുജനാരോഗ്യനിയമം കാലോചിതമായി പരിഷ്കരിക്കുകയും വേണം.

## പ്രശ്നങ്ങൾ

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സയില്ല. ഡോക്ടർമാരുടെ സേവനം മൂന്നോ നാലോ മണിക്കൂറേ ലഭിയ്ക്കുന്നുള്ളു. ക്ഷയരോഗ ചികിത്സയ്ക്കുള്ള മരുന്ന് മിക്കപ്പോഴും ലഭ്യമല്ല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടത്രപ്രാധാന്യം നൽകുന്നില്ല. നിലവിലുള്ള പ്രവർത്തനം തൃപ്തികരമല്ല. ഗൈനക്കോളജിസ്ററിന്റെ തസ്തികയില്ല. പൊതുശ്മശാനം ഇല്ല. വ്യാജമദ്യ വില്പന വ്യാപകമാണ്.

## സാദ്ധ്യതകൾ

കുളക്കട പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിററി ഹെൽത്ത് സെൻററായി ഉയർത്തണം. ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. ഗൈനക്കോളജിസ്ററിന്റെ തസ്തിക സൃഷ്ടിയ്ക്കുകയും, ഉടനെ നിയമിക്കുകയും, ആവശ്യമായ മററ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. കുടുംബക്ഷേമപ്രവർത്തനങ്ങളേക്കാൾ പ്രതിരോധപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം. പ്രതിരോധപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊതുകുനശീകരണം, കിണറുകളിലെ വെള്ളം ശുദ്ധിയാക്കൽ, പൊതുമാർക്കററുകൾ ശുചീകരിക്കൽ, ഹോട്ടലുകളിലും മററു സ്ഥാപനങ്ങളിലെയും പാകം ചെയ്തു വില്ക്കുന്ന ഭക്ഷണസാധനങ്ങളുടെ പരിശോധനകൾ തുടങ്ങിയവ നിർബന്ധമായും നടപ്പിലാക്കണം. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനം പ്രാധാന്യം കൊടുത്ത് നടത്തണം. പൊതുശ്മശാനം അടിയന്തിരമായി ഉണ്ടാവണം. വ്യാജമദ്യ വില്പന കർശനമായി തടയുന്നതിന് വാർഡുതലത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ജനകീയ കമ്മിററികൾ രൂപീകരിയ്ക്കുകയും, മദ്യക്കച്ചവടത്തിന്റെ പേരിൽ പിടികൂടുന്നവർക്ക് ജാമ്യ വ്യവസ്ഥ കൂടുതൽ കർശനമാക്കുകയും, വ്യക്തമായ ശിക്ഷ ലഭിയ്ക്കുന്നതരത്തിൽ ഉള്ള ചട്ടങ്ങൾ ഉണ്ടാവുകയും വേണം. ഇതോടൊപ്പം മദ്യപാനത്തിനെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായുള്ള ഹ്രസ്വകാല ചികിത്സ (6 മാസം) കൊല്ലം ജില്ലയിലും നടപ്പാക്കണം.

## കുടിവെള്ളം

ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്ത് എല്ലാവാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വെണ്ടാർ, പെരുംകുളം വാർഡുകളിലാണ് ജലക്ഷാമം ഏററവും കൂടുതൽ അനുഭവപ്പെടുന്നത്. ടി വാർഡുകളിൽ പ്രത്യേക ജലസംഭരണികൾ ആവശ്യമാണ്. ഡച്ച്/ഡാനിഷ് ഗവൺമെൻറ് സഹായത്തോടെ നടപ്പാക്കുന്ന "കുണ്ടറ പദ്ധതി" യിൽ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്തും. ഈ പദ്ധതി എത്രയും വേഗം പൂർത്തിയാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഏറെക്കുറെ പൂർണ്ണ

മായി പരിഹരിക്കാൻ കഴിയും. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ ആവശ്യമായ സ്ഥലങ്ങളിലേക്കു കൂടി നീട്ടുകയും, പെരുംകുളം വാർഡിലെ ഉയർന്ന സ്ഥലങ്ങളിൽ ഈ വെള്ളം എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പാക്കുകയും വേണം.

നിയന്ത്രണമില്ലാതെ ആറുകുഴിച്ച് മണൽ വാരുന്നതു മൂലം ആറുകുഴിയുന്നതുകൊണ്ടും, അനിയന്ത്രിതമായി ഭൂമികുഴിച്ച് ചെളി എടുക്കുന്നതുകൊണ്ടും കിണറുകൾ വേഗത്തിൽ വററുന്നു. മണൽ വാരുന്നതിനും ചെളിയെടുക്കുന്നതിനും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇതു പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിൽ ഏററവും കൂടുതൽ ജലക്ഷാമമുള്ള കൊടിതൂക്കുംമുകളിലും, പൂവററൂർ, കലയപുരം തുടങ്ങിയ സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിൽ വെള്ളമില്ല. ചില കുഴൽക്കിണറുകളിൽ നിന്നും ലഭിക്കുന്ന ജലത്തിൽ ഓര്, തുരുമ്പ് മുതലായവ കാരണം ഉപയോഗ്യമല്ല (കുളക്കട P H C യിലെ കുഴൽകിണർ..........................................

ഈ കുഴൽ കിണറുകളിൽ ശുദ്ധജലം ലഭ്യമാകുന്നവ പ്രവർത്തനക്ഷമമാക്കാനും, ശുദ്ധജലം ലഭ്യമാകുന്നിടത്ത് പുതിയ കുഴൽ കിണർ കുഴിച്ച് ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ എത്തിക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്.

## കക്കൂസ്

പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേററാനുള്ള സൗകര്യമില്ലായ്മ നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ദുർബല വിഭാഗങ്ങൾക്കിടയിലെ ഏററവും വലിയ സാമൂഹ്യപ്രശ്നമായി ഇതു മാറിയിട്ടുണ്ട്. സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ ശേഷിയില്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകേണ്ടത് സമൂഹത്തിൻെറ ആകെ ബാദ്ധ്യതയായി കാണണം. ഈ പ്രശ്നത്തിന് മുൻഗണന നൽകി പരിഹരിക്കണമെന്നതാണ്. എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന നിർദ്ദേശം.

1994 ലെ സാനിട്ടേഷൻ സർവേയിലെ വിവരങ്ങൾ (സോഷ്യോ എക്കണോമിക് യൂണിററ്)

| വാർഡ് | | ആകെ വീടുകൾ | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് എണ്ണം | |
|---|---|---|---|---|---|
| I, II | കുളക്കട കിഴക്ക് | 959 | 422 | 537 | 56% |
| III | ഏറത്തു കുളക്കട | 743 | 409 | 334 | 45% |
| IV | കോളനി | 642 | 519 | 123 | 19% |
| V | പൂവററൂർ കിഴക്ക് | 716 | 515 | 201 | 28% |
| VI | പെരുംകുളം | 790 | 363 | 427 | 54 % |
| VII | വെണ്ടാർ | 628 | 276 | 352 | 56 % |
| VIII | പൂവററൂർ പടിഞ്ഞാറ് | 739 | 449 | 290 | 39 % |
| IX | മാവടി | 496 | 315 | 181 | 36 % |
| X | പുത്തൂർ മൈലംകുളം | 638 | 284 | 354 | 55 % |
| XI | ആററുവാശ്ശേരി | 729 | 329 | 400 | 55 % |
| XII | താഴത്തുകുളക്കട | 597 | 477 | 120 | 20 % |
| | ആകെ | 7677 | 4358 | 3319 | 43 % |

ഇതിനുശേഷം സോഷ്യോ എക്കണോമിക് യൂണിററ് ഒന്നാംഘട്ടമായി 500 കക്കൂസ് നിർമ്മിച്ചു. രണ്ടാംഘട്ടത്തിൻെറ പ്രവർത്തനം എത്രയും വേഗം തുടങ്ങണം.

ഇരട്ടക്കുഴി കക്കൂസിൽ കുഴിയുടെ ആഴം ഒരു മീററർ മാത്രം ആയതുകൊണ്ട് കിണറുകളിലെ വെള്ളം മലിനമാകുകയില്ല. മേലിൽ നിർമ്മിക്കുന്ന എല്ലാ കക്കൂസുകളും ഇരട്ടക്കുഴി കക്കൂസ് ആയിരിക്കണമെന്നു നിർദ്ദേശിക്കുന്നത് അഭികാമ്യമാണ്.

# വിവിധ ചികിത്സാരീതികൾ

## ആയുർവേദം

ഈ ശാസ്ത്ര ശാഖയ്ക്ക് വേദകാലത്തോളം പഴക്കമുണ്ട്. ആയുർദൈർഘ്യം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ശാസ്ത്രധർമ്മം. ഇതിൽ ജീവിത ചര്യകൾക്ക് വലിയ പ്രാധാന്യം കല്പിക്കുന്നു മററു ചികിത്സാ രീതികളിൽ രോഗത്തിനു ചികിത്സിക്കുമ്പോൾ ആയുർവേദത്തിൽ വിധിപ്രകാരമുള്ള ദിനചര്യയിലൂടെരോഗം തന്നെ വരാതെ മനുഷ്യൻ സംരക്ഷിക്കപ്പെടുന്നു. ആയുർവേദ വിധിപ്രകാരം ചിട്ടയായ ദിനചര്യയോടു കൂടിയ ഒരു ജീവിത ശൈലി സ്വീകരിച്ചാൽ ഇന്ന് ആരോഗ്യസംരക്ഷണത്തിനായി ചെലവഴിക്കുന്ന ഭീമമായ സമ്പത്ത് മററു വികസന കാര്യങ്ങൾക്കായി മാററാൻ കഴിയും. സ്കൂൾ പാഠപുസ്തകങ്ങളിൽ ഈ വിഷയം ഉൾപ്പെടുത്തി ചെറുപ്പകാലം മുതൽ തന്നെ ചിട്ടയായ ജീവിത ശൈലി ശീലിപ്പിക്കാൻ ശ്രമിക്കുന്നത് അഭികാമ്യമായിരിക്കും.

## ഇന്നത്തെ അവസ്ഥ-അവലോകനം

നൂററാണ്ടുകളായി വിദേശാധിപത്യത്തിൽ കഴിഞ്ഞ നമ്മുടെ രാജ്യത്ത് സ്വാഭാവികമായും വിദേശ ചികിത്സാരീതിക്കു പ്രചാരം ഉണ്ടായി. പുതിയ പുതിയ രോഗങ്ങളുടെ ആവിർഭാവം, ജനങ്ങളുടെ ഒന്നിനും സമയംതികയാത്ത തിരക്കുപിടിച്ച ജീവിത രീതി, സ്പെഷ്യലിസ്ററുകളുടെ വളർച്ച സ്വദേശീയമായ എന്തിനോടും ജനങ്ങൾക്കുള്ള അവഗണന, സർക്കാർ ഭാഗത്തുനിന്നും അലോപ്പതിക്കു നൽകുന്ന അമിതപ്രാധാന്യം ആയുർവേദത്തോടുള്ള അവഗണന തുടങ്ങിയ ഒട്ടേറെ കാരണങ്ങളാൽ ഈ ശാസ്ത്രശാഖയ്ക്ക് വലിയ തിരിച്ചടി അനുഭവപ്പെട്ടിരിക്കുകയാണ്.

കുളക്കട പഞ്ചായത്തിൽ കുളക്കട ഹൈസ്കൂളിന്റെ മുൻമ്പിലായി M. C റോഡിന്റെ കിഴക്കുവശത്തായി ഒരു ആയുർവേദ ഡിസ്പൻസറി സ്ഥിതിചെയ്യുന്നു. ഇവിടെ 21.5 സെൻറു സ്ഥലം ഉള്ളതിൽ വളരെ പഴക്കം ചെന്ന ഒരു കെട്ടിടത്തിലാണിതു പ്രവർത്തിക്കുന്നത്. ഡോക്ടറടക്കം 4 ജീവനക്കാർ. പ്രവർത്തനസമയം 8 മണിമുതൽ $1\frac{1}{2}$ മണിവരെ. ഒരു വർഷത്തേ മരുന്നിനായി Rs. 15000/- രൂപയാണ്. അനുവദിക്കുന്നത്.

## പ്രശ്നങ്ങൾ

1. ആയുർവേദ ഔഷധങ്ങളുടെ അമിതമായ വില വർദ്ധന.
2. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം.
3. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവ ഇറക്കുമതിചെയ്യേണ്ടിവരുന്നു.
4. വനത്തിൽ നിന്നും ഔഷധസസ്യശേഖരണം കാര്യക്ഷമായി നടക്കുന്നില്ല. ഇതിനു പല പ്രതിബന്ധങ്ങൾ അനുഭവപ്പെടുന്നു.
5. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.
6. മരുന്നിനായി ഒരുവർഷത്തേക്ക് അനുവദിക്കുന്ന തുക Rs. 15000/- പര്യാപ്തമല്ല.
7. പഞ്ചകർമ്മചികിത്സാ സൗകര്യമില്ല.
8. ഡിസ്പെൻസറി കെട്ടിടം പഴകി ജീർണ്ണിച്ചതാണ്.
9. ചുററുമതിൽ ഇല്ല.
10. കഷായം നിർമ്മിക്കാനുള്ള സംവിധാനം പര്യാപ്തമല്ല.

## സാധ്യതകൾ

1. ഉപയോഗ സാധ്യതയുള്ള പുറമ്പോക്കു ഭൂമിയിൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുക.
2. കർഷകർക്ക് വായ്പയും സഹായധനവും ലഭ്യമാക്കി ഔഷധകൃഷി വ്യാപിപ്പിക്കുക.
3. ഉത്പാദിപ്പിക്കുന്ന ഔഷധസസ്യങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.
4. ആയുർവേദ ഔഷധങ്ങളുടെ അമിത വില കുറയ്ക്കുക.

5 രോഗികളെ കിടത്തിചികിത്സിക്കാൻ സാധിക്കുന്ന വിധത്തിൽ ഒരു ആയൂർവേദ ആശുപത്രിയാക്കിമാററുക.

6 പര്യാപ്തമായ തോതിൽ മരുന്നിനുളള ഫണ്ട് അനുവദിക്കുക.

7 പഞ്ചകർമ്മ ചികിത്സാ രീതിക്കാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

8 അനർട്ടിന്റെ സഹായത്തോടെ ഇന്ധനം ലാഭിക്കാവുന്ന പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും കഷായം നിർമ്മിക്കാനുള്ള മററു സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

9 ആശുപത്രികെട്ടിടം പുതുക്കിപ്പണിയുകയും ചുററുമതിൽ കെട്ടുകയും ചെയ്യുക.

## ഗവ. ഹോമിയോ ഡിസ്പെൻസറി

കുളക്കട പഞ്ചായത്തിൽ പൂവററൂർകിഴക്ക് ഒരു ഗവ. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ല. ഇതു പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ മഴക്കാലത്തു വെള്ളം കയറുന്നു. ഇപ്പോൾ സ്വന്തമായി 25 സെൻറ് സ്ഥലം അനുവദിച്ചിട്ടുണ്ട്. ശരാശരി 100 രോഗികൾ ഇവിടെ ചികിത്സ തേടുന്നു. വൈറസ് രോഗങ്ങൾക്കു ഫലപ്രദമായ പ്രതിരോധ ചികിത്സ ഉണ്ടെങ്കിലും മരുന്നിന്റെ അഭാവം കൊണ്ട് പ്രയോഗികമാക്കാൻ കഴിയുന്നില്ല.

### പ്രശ്നങ്ങൾ

സ്വന്തമായി സ്ഥലമുണ്ട് കെട്ടിടമില്ല

ആവശ്യത്തിനു മരുന്നില്ല

ആശുപത്രിവികസന സമിതി രൂപീകരിച്ചിട്ടില്ല

### സാദ്ധ്യതകൾ

സ്വന്തം സ്ഥലത്ത് കെട്ടിടം നിർമ്മിക്കണം.

ആവശ്യത്തിനു മരുന്നുകൾ ലഭ്യമാകണം.

ആശുപത്രിവികസന സമിതി രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ കാര്യങ്ങൾ നടപ്പാക്കാൻ കഴിയും

# V

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കുളക്കട ഗ്രാമപഞ്ചായത്ത്. ഇവിടെ സഹകരണ മേഖലയിലോ പൊതുമേഖലയിലോ പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. വ്യാവസായിക വളർച്ചയ്ക്കാവശ്യമായ മനുഷ്യശക്തി ധാരാളമുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ അപര്യാപ്തത വ്യാവസായിക വികസനത്തിന് തടസ്സം നില്ക്കുന്നു.

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 36 വ്യവസായസ്ഥാപനങ്ങളിൽ മൊത്തം 4234 പേർ പണിയെടുക്കുന്നുണ്ട്. ഇതിൽ 3866 പേർ (91%) പരമ്പരാഗതവ്യവസായമായ കശുവണ്ടിമേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇവിടെ ആകെ 10 കശുവണ്ടി ഫാക്ടറികളുണ്ട്. എല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ പണിയെടുക്കുന്നതിൽ 97% സ്ത്രീകളാണ്. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വളരെ കൂടുതലുണ്ടെങ്കിലും, തൊഴിൽദിനങ്ങളുടെ എണ്ണം വളരെ കുറവായതിനാൽ ഗ്രാമീണ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഈ മേഖലയ്ക്ക് കഴിയുന്നില്ല.

മറ്റൊരു പ്രധാന മേഖല ഇഷ്ടിക വ്യവസായമാണ്. പഞ്ചായത്തിലുള്ള 20 ഇഷ്ടിക ചൂളകളിൽ 339 പേർ പണിയെടുക്കുന്നു. ഇവരിൽ 230 പേർ പുരുഷന്മാരും 109 പേർ സ്ത്രീകളുമാണ്. ഇഷ്ടിക ചൂളകളിൽ 11 എണ്ണം നാടൻചൂളകളും 9 എണ്ണം കമ്പനി ചൂളകളുമാണ്. അനാകർഷകമായ വേതനനിരക്കും പരിസ്ഥിതി പ്രശ്നങ്ങളും കാരണം ഈ വ്യവസായം പ്രതിസന്ധിയിലാണ്.

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന തൊഴിൽ മേഖല പാറമടയാണ്. ഈ മേഖലയിൽ ഏകദേശം 700 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇതിൽ 60% പുരുഷന്മാരും 40% സ്ത്രീകളുമാണ്. ഈ മേഖലയിലെ തൊഴിലാളികൾ അസംഘടിതരാണ്. ശ്രദ്ധിച്ചാൽ വളരെ കൂടുതൽ തൊഴിൽസാദ്ധ്യതകളുള്ള ഒരു മേഖലയാണിത്.

രണ്ടു കൊപ്രാ സംസ്ക്കരണ യൂണിറ്റുകളും രണ്ടു തടിവ്യവസായകേന്ദ്രങ്ങളും ഒരു റോളിംഗ്ഷട്ടർ നിർമ്മാണകേന്ദ്രവും ഒരു ഹോളോബ്രിക്സും മറ്റു ചില ചെറുകിട വ്യവസായ യൂണിറ്റുകളുമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു വ്യവസായ സ്ഥാപനങ്ങൾ.

കൈത്തറി വ്യവസായരംഗത്ത് നല്ല വളർച്ച കൈവരിച്ചിരുന്ന ഈ പ്രദേശത്ത് ഇപ്പോൾ ആ വ്യവസായം അന്യം നിന്നിരിക്കുകയാണ്. കൈത്തറി രംഗത്തെ പ്രശ്നങ്ങൾ പരിശോധിച്ച് ആ മേഖലയെ വളർത്തിയെടുക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാവണം.

## പരമ്പരാഗത കുടിൽ വ്യവസായം

ഈ പഞ്ചായത്തിൽ പരമ്പരാഗത കുടിൽ വ്യവസായരംഗം തളർച്ചയിലാണ്. നാമമാത്രമായി ഉപതൊഴിലെന്നവണ്ണം ചില കേന്ദ്രങ്ങളിൽ പനമ്പുനെയ്ത്ത്, ഈററത്തൊഴിൽ വ്യവസായം, പർപ്പടനിർമ്മാണം, ഫർണിച്ചർ, ഇരുമ്പുപണി, സ്വർണ്ണപ്പണി, മൺപാത്രനിർമ്മാണം, തഴപ്പായ് നിർമ്മാണം, കരകൗശല വസ്തുക്കൾ നിർമ്മിക്കൽ തുടങ്ങിയവ നടത്തുന്നുണ്ടെങ്കിലും സാമ്പത്തിക വെല്ലുവിളികളും വിപണന അസൗകര്യവും കാരണം പ്രതിസന്ധിയിലാണ്.

## മററു വ്യവസായങ്ങൾ.

തടിമില്ലുകൾ, ബേക്കറി, കരിങ്കൽ, അച്ചടി, റെഡിമെയ്ഡ് ഗാർമെൻറ്സ്, ഭക്ഷ്യസംസ്കരണം (മിൽക്ക്, ധാന്യങ്ങൾ പൊടിക്കൽ, തുളസീതീർത്ഥം തുടങ്ങിയവ) തുടങ്ങിയവയാണ് മററു വ്യവസായങ്ങൾ. സാങ്കേതികരംഗത്തെ പരിജ്ഞാനക്കുറവും ജനങ്ങളുടെ ക്രയശേഷി ഇല്ലായ്മയും കാരണം ഇതിന്റെ പ്രവർത്തനങ്ങളെല്ലാം നാൾക്കുനാൾ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്.

## പ്രശ്നങ്ങൾ.

1. തൊഴിലാളികളുടെ സേവന_വേതന വ്യവസ്ഥകൾ മററു മേഖലകളെ അപേക്ഷിച്ച് കുറവാണ്. വിശേഷിച്ചും കശുവണ്ടി, ഇഷ്ടികനിർമ്മാണം എന്നീ മേഖലകളിൽ.
2. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.
3. കുറഞ്ഞ തൊഴിൽദിനങ്ങൾ.
4. നിലവിലുള്ള സേവന–വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലുള്ള അലംഭാവം.
5. പരിസ്ഥിതി പ്രശ്നങ്ങൾ.
6. വൈദ്യുതിയുടെ അഭാവം.
7. വായ്പകൾ ലഭ്യമാകുന്നതിനുള്ള തടസ്സം.
8. ഗതാഗതത്തിന്റെ അപര്യാപ്തത.

9 ലൈസൻസ് കിട്ടുന്നതിനുള്ള സങ്കീർണ്ണത.
10 സ്ത്രീകളുടെ കുറഞ്ഞ കൂലിനിരക്ക്.
11 സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.
12 വിപണന സൗകര്യമില്ലായ്മ.
13 മൂലധന നിക്ഷേപത്തിന്റെ അപര്യാപ്തത.
14 ജനങ്ങളുടെ ക്രയശേഷിയില്ലായ്മ.
15 തൊഴിൽ സ്ഥിരതയെപ്പററിയുള്ള സംശയങ്ങൾ.
16 വ്യവസായ സംരംഭകർക്ക്, ഖാദിബോർഡിന്റെ വായ്പാ നിബന്ധനകൾ സങ്കീർണ്ണമാണ്.

## സാദ്ധ്യതകൾ.

1 പൊതുമേഖലയിലും സഹകരണമേഖലയിലും വ്യവസായങ്ങൾ തുടങ്ങുക.
2 തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുക.
3 തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക.
4 കശുവണ്ടിവ്യവസായത്തിൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ക്യാനലൈസേഷൻ നടപ്പിൽ വരുത്തുക.
5 കശുവണ്ടി കത്തക സംഭരണം.
6 ലൈസൻസ് നിബന്ധനകൾ സുതാര്യമാക്കുക.
7 വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണം.
8 വ്യവസായ വായ്പാ വ്യവസ്ഥകൾ ലളിതമാക്കുക.
9 വൈദ്യുതി, ഗതാഗതം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക.
10 പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
11 മിനിവ്യവസായ എസ്റ്റേററ് സ്ഥാപിക്കുക.
12 വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ പ്രയോജനപ്പെടുത്തുക. അതിനുവേണ്ടി സഹകരണ ബാങ്കുകളിൽ എൻ. ആർ. ഐ. നിക്ഷേപത്തിന് അനുവാദം നൽകുക.
13 കരകൗശലരംഗത്ത് വിദഗ്ദ്ധ പരിശീലനം.
14 തുല്യജോലിക്ക് തുല്യവേതനം നടപ്പിൽ വരുത്തുക.
15 നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ എന്നിവയിലെ നിക്ഷേപത്തിന്റെ 60% ഈ പഞ്ചായത്ത് പ്രദേശത്ത് വ്യാവസായിക വികസനത്തിന് ലഭ്യമാക്കണം.
16 കെൽട്രോണിന്റെ ഒരു യൂണിററ് ആരംഭിക്കുക.

## നിർദ്ദേശങ്ങൾ.

1 ബ്യൂറധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നടപ്പിൽ വരുത്തുക.
2 ക്രഷർ യൂണിററുകൾ ആരംഭിക്കുക.
3 ഭക്ഷ്യ സംസ്ക്കരണ യൂണിററുകൾ (ധാന്യങ്ങൾ പൊടിക്കൽ, കുരുമുളക പൊടിക്കൽ, ഏത്തക്കാ, പഴച്ചാർ അച്ചാറുകൾ, ബേക്കറി, പർപ്പടക നിർമ്മാണം തുടങ്ങിയവ) കൊപ്രാ സംസ്കരണം.
4 ചെറുകിട വ്യവസായ യൂണിററുകൾ (റെഡിമെയ്ഡ് ഗാർമെൻറ്സ്, സ്കൂൾ ബാഗുകൾ, കുട്ടികളുടെ ഷൂസുകൾ, സോപ്പ്, മെഴുകുതിരി, സാമ്പ്രാണിത്തിരി, കാലിത്തീററ, തീപ്പെട്ടി. ഫർണീച്ചർ തുടങ്ങിയവ) ആരംഭിക്കുക.
5 കരകൗശല വസ്തുക്കൾ നിർമ്മിക്കൽ.
6 കയറുല്പന്നങ്ങൾ നിർമ്മിക്കൽ.
7 ഡയറി യൂണിററുകൾ (ക്ഷീരോല്പന്ന നിർമ്മാണ വിതരണ കേന്ദ്രങ്ങൾ)
ഉദാ: പാൽഹൽവ, പേഡ, തൈര്, ഐസ്–ക്രീം, റോസ്മിൽക്ക്, കാർഡമം മിൽക്ക്, സംഭാരം.
8 പഞ്ചായത്ത് പ്രദേശത്ത് ലഭ്യമായ സ്ഥലങ്ങളിൽ വനിതാ വ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്ത് ഖാദിബോർഡിന്റെയോ മററിതര സാമ്പത്തിക സ്ഥാപനങ്ങളുടെയോ സഹായത്തോടുകൂടി വ്യവസായ യൂണിററുകൾ തുടങ്ങുക.

★

# VI

## ഗതാഗതം, ഊർജ്ജം, മാർക്കററ്.

കുളക്കട ഗ്രാമപഞ്ചായത്തിൽ സാമന്യം-മെച്ചപ്പെട്ടതും വികസനം അത്യന്താപേക്ഷിതവുമായ റോഡുകളുടെ ഒരു ശൃംഗലയാണുള്ളത്. പഞ്ചായത്തിലുള്ളതും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നതുമായ റോഡുകൾ ഉൾപ്പെടെ മൊത്തം 157·167 കി:മീ റോഡുണ്ട്. കേരളത്തിലെ പ്രധാന റോഡായ മെയിൻ സെന്ററൽ റോഡ് (M.C റോഡ്) കടന്നു പോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്. പത്തനംതിട്ട ജില്ലയേയും, കൊല്ലം ജില്ലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കല്ലടയാറിനു കുറുകെയുള്ള ഏനാത്ത് പാലം സ്ഥിതിചെയ്യുന്നതും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. ഈ പഞ്ചായത്തിലുള്ള റോഡുകളിൽ 39.598 കി.മീ മാത്രമേ ടാർചെയ്തിട്ടുള്ളൂ. പഞ്ചായത്തിന്റെ അധീനതയിലുള്ള മൊത്തം റോഡുകളുടെ നീളം 121·71·7 കി:മീ ഉം ഇതിൽ ടാർ ചെയ്തിട്ടുള്ളത് കേവലം 14·148 കി:മീ മാത്രമാണ്.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ കുളക്കട ഗ്രാമപഞ്ചായത്തിൽ ഇരുപത്തിഅഞ്ചു ശതമാനം റോഡുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് മേൽപറഞ്ഞിട്ടുള്ള റോഡുകൾക്ക് പുറമേ ഏകദേശം 200 കി മീ ലധികം നടപ്പാതകൾ പഞ്ചായത്തിലുടനീളം വികസനം കാത്ത് അവശേഷിക്കുന്നു.

ഭൂപ്രകൃതിയുടേയും, കാലാവസ്ഥയുടേയും പ്രത്യേകതകൾ കാരണവും മിക്ക റോഡുകൾക്കും വേണ്ടത്ര ഓടകളോ, കലുങ്കുകളോ ഇല്ലാത്തതിനാലും റോഡ് ഗതാഗതയോഗ്യമല്ല. യഥാസമയങ്ങളിൽ അററകുററപണികൾ നടക്കാത്തതുമൂലം റോഡുകളുടെ സ്ഥിതി ശോചനീയംതന്നെ.

കല്ലടയാറും, വലിയതോടും അതിരുകളായി വലയം ചെയ്തിട്ടുള്ള പഞ്ചായത്തിലെ റോഡുകൾ മിക്കവയും ചരിഞ്ഞപ്രതല സ്വഭാവമുള്ളവയാണ്. റോഡുകൾക്ക് വീതികുറവുകാരണവും തകർച്ച കാരണവും റോഡപകടങ്ങൾ സാധാരണയാണ്.

പൂർത്തീകരിക്കാതെ കിടക്കുന്ന കല്ലട ഇറിഗേഷൻ കനാൽ നിർമ്മാണത്തിനും, ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടിയും റോഡുകൾ വെട്ടിമുറിക്കന്നതും റോഡ് തകർച്ചക്ക് കാരണമായിട്ടുണ്ട്.

### പഞ്ചായത്തിൽഉൾപ്പെട്ടിട്ടുള്ള റോഡു സംബന്ധിച്ച വിവരങ്ങൾ

| | റോഡിന്റെ സ്വഭാവം | (നീളം) | |
|---|---|---|---|
| 1) | കച്ചറോഡ് (നടവഴി) | 200 K: M. | |
| 2) | പക്കാറോഡ് (ഗ്രാവൽറോഡ്) | 103.839 | " |
| 3) | മെററൽറോഡ് | 3·730 | " |
| 4) | ടാർറോഡ് (പഞ്ചായത്ത്) | 14·148 | " |
| 5) | " P. W. D. | 35·450 | " |

ഇറിഗേഷൻ കനാലുകൾ നിർമ്മിക്കുന്നതിനും ശുദ്ധ ജലവിതരണ പദ്ധതിക്കും ടെലഫോൺ, വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്നതിനും മററും റോഡുകൾ വെട്ടി മുറിക്കുന്നത് പഞ്ചായത്തിന്റെ അറിവോടും സമ്മതത്തോടുകൂടി ആയിരുന്നാൽ തന്മൂലം റോഡിനുണ്ടാകുന്ന അപാകതകൾ അപ്പപ്പോൾ പരിഹരിച്ചു പോകുന്നതിന് സഹായകരമായിരിക്കും.

ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നതും 7 കി:മീ ദൂരം വരുന്നതുമായ പുത്തൂർ, പുത്തൂർമുക്ക് റോഡിൽ കൂടി നാല്പതിലധികം ബസ് സർവ്വീസുകൾ നടക്കുന്നുണ്ട്. കഷ്ടിച്ച് നാലുമീററർ മാത്രം വീതിയുള്ള പ്രസ്തുത റോഡ് അഞ്ച് വർഷമായി തകർന്നുകിടക്കുകയാണ്. ഈ പുരാതന റോഡിന്റെ സമഗ്രവികസനം ഉടനടി നടപ്പാക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

### വാർഡ് 1 കുളക്കടകിഴക്ക്.

1 തെങ്ങാമ്പുഴ റോഡിൽ കുരിശടി നില്ക്കുന്നിടത്തുനിന്നും പടിഞ്ഞാറോട്ട് ഏകദേശം ഒന്നരകിലോമീററർ നീളത്തിൽ തെങ്ങമൺ വയലിന്റെ കിഴക്കേ അരുകുവഴി ബഥേൽസ്കൂൾ ജംഗ്ഷൻ വരെ പുതിയറോഡ് നിർമ്മിക്കണം.

2 കോയിക്കലേത്തു ജംഗ്ഷൻ മുതൽ ഇലഞ്ഞിക്കോട്ട് ഏലായുടെ അരുകിൽക്കൂടെ കുറക്കോട്ടുവിള ജംഗ്ഷൻ വരെ പുതിയ റോഡ് നിർമ്മിക്കണം.

3 തോണ്ടലിൽ കാവിന്റെ കിഴക്കുവശത്തുകൂടി ശാസ്താംമംഗലം ഏലായിലേക്കും കാട്ടുവിള ജംഗ്ഷനിൽനിന്നും പടിഞ്ഞാറോട്ട് പാവക്കാലകോളനിയിലേക്കും ശാസ്തമംഗലം ഏലായിലേക്കും പുതിയ റോഡ് നിർമ്മിക്കണം.

4 കുളക്കട Y. M. C. A. ഹാളിന്റെ മുൻവശത്തുനിന്നും പടിഞ്ഞാറോട്ട് പുളൂച്ചിറ വയലിൽ അവസാനിക്കുന്ന നിലവിലുള്ള റോഡ് അററകുററ പണി നടത്തി ഗതാഗത യോഗ്യമാക്കണം.

5 കുളക്കട ബോധർ M. T. L. P. സ്കൂളിന്റെ പടിഞ്ഞാറുമാറി വടക്കോട്ട് തെങ്ങമൺ ഏലായിലേക്ക് നിലവിലുള്ള റോഡ് അററകുററപ്പണി നടത്തി ഗതാഗത യോഗ്യമാക്കണം.

6 കോട്ടുവിള ജംഗ്ഷനിൽനിന്നും തെക്കോട്ടുപോകുന്ന റോഡ് നീർക്കെട്ടുമൂലം ഗതാഗത യോഗ്യമല്ല. ഈ റോഡ് കോൺക്രീററ് ചെയ്ത് ഗതാഗതയോഗ്യമാക്കണം.

7 തോട്ടോത്തു വയലിൽ പടിഞ്ഞാറു ഭാഗത്തു് വടക്കോട്ട് പാറവിള കടവിലേക്ക് പോകുന്ന പഞ്ചായത്തുറോഡ് അററകുററപ്പണി നടത്തി ഗതാഗത യോഗ്യമാക്കണം. ടി റോഡിൽനിന്നും ഇരുത്തും മൂല ഏലായിലേക്ക് ഉള്ളുവഴി അററകുററപണി നടത്തി ഗതാഗതയോഗ്യമാക്കണം.

8 തെങ്ങാമ്പുഴ കടവിലെ പഞ്ചായത്തുകടത്ത് തെക്കടവിലേക്ക് മാററുകയും തെങ്ങാമ്പുഴ കടവിൽ P W D. കടത്ത് ഏർപ്പെടുത്തുകയും വേണം

9 ശ്രുട്ടക്കാത്തത്തുംകുഴി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് തോയിത്തല ഏലായിൽ അവസാനിക്കുന്ന പഞ്ചായത്ത്റോഡ് അററകുററപ്പണി നടത്തി ഗതാഗതയോഗ്യമാക്കണം.

10 തിരുവനന്തപുരത്തുനിന്നും താഴത്തുകുളക്കടയ്ക്ക് സ്ഥിരമായി വന്നുകൊണ്ടിരിക്കുന്ന K. S. R. T. C. ഫാസ്ററ് പാസഞ്ചർ ബസ് കഴിഞ്ഞ ഒരു വർഷമായി സർവ്വീസ് നടത്തുന്നില്ല. അതുപോലെ അടൂരിൽനിന്നും കുളക്കട-തുരുത്തീലമ്പലം- താഴത്തു കുളക്കട-പുത്തൂർ വഴി കൊട്ടാരക്കരയ്ക്ക് സർവ്വീസ് നടത്തിയിരുന്ന K. S. R. T. C ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. പ്രസ്തുത രണ്ടു ബസ് സർവ്വീസുകളും പുനഃസ്ഥാപിക്കണം.

11 കൊട്ടാരക്കരനിന്നും രാവിലെ തുരുത്തീലമ്പലം വഴി കടമ്പനാടിന് നടത്തിയിരുന്ന K. S. R. T. C. ബസ് സർവ്വീസ് നിർത്തിയിരിക്കയാണ്. ഈ സർവ്വീസ് പുനഃസ്ഥാപിക്കണം

12 കൊട്ടാരക്കര K S R T C ഡിപ്പോയിൽനിന്നും തുരുത്തീലമ്പലം-താഴത്തുകുളക്കട മാവടി-പുത്തൂർ വഴി ഒരു സർക്കുലർബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

13 കൊല്ലം K S R T C ഡിപ്പോയിൽനിന്നും പുത്തൂർ മാവടി-താഴത്തുകുളക്കട വഴി പത്തനംതിട്ടയ്ക്ക് ഒരു ഓർഡിനറി ബസ് സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കണം.

14 കല്ലടയാററിൽ തെക്കടവിൽ കുളിക്കടവ് കെട്ടുന്നതിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

15 മലപ്പാറ സാമില്ലിന്റെ കിഴക്കുവശത്തു കൂടി കടന്നു പോകുന്ന റോഡ് മെററൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

16 തെങ്ങാമ്പുഴ കടവ് കോൺക്രീററ് ചെയ്ത് ഗതാഗത യോഗ്യമാക്കണം.

17 തുരുത്തീലമ്പലം മാർക്കററിൽ സ്ററാൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

18 കൊട്ടാരക്കര KSRTC ഡിപ്പോയിൽ നിന്നും രാവിലെ തുരുത്തീലമ്പലം വഴി 6 A M ന് മാലൂർ കോളജിലേക്ക് ബസ് സർവ്വീസ് നടത്തിയിരുന്നത് നിറുത്തിയിരിക്കയാണ്. ആയത് പുനസ്ഥാപിക്കണം.

19 തെങ്ങാമ്പുഴ ഹരിജൻ കോളനി, പെഴവിള ഹരിജൻ കോളനി മുളയാംകോട് ഹരിജൻകോളനി പാവക്കാല ഹരിജൻകോളനി ചെരുമ്പള്ളിൽ ഹരിജൻകോളനി എന്നീ പ്രദേശങ്ങളിൽ ഗതാഗത സൗകര്യം ഇല്ല. ടി സ്ഥലങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കണം.

20 തുരുത്തീലമ്പലം പൊതു മാർക്കററ് ആഴ്ചയിൽരണ്ടുദിവസമായി നടത്തേണ്ടതാണ്.

## വാർഡ് 2 കുററ.

1 വാർഡിൽ നിലവിലുള്ള പഞ്ചായത്തു റോഡുകൾ എല്ലാം വികസിപ്പിക്കുകയും കാലാകാലങ്ങളിൽ അററകുററപ്പണികൾ നടത്തുകയും ചെയ്യണം.

2 ഇരുവേലിക്കൽ നിന്നും അംബേദ്കർ കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ് ഉണ്ടാക്കണം.

3 മുഹൂർത്തിക്കാവ് പഞ്ചായത്തു റോഡ് മൊട്ടളരണി മുതൽ കുററയുമായി ബന്ധിപ്പിക്കുന്ന റോഡ് ഉണ്ടാക്കണം.

4 മൈതാനത്തിന്റെ തെക്കേ അതുകുചേർന്ന് ഇണ്ടിൽമുക്കു മുതൽ കൃഷിഭവനുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

5 മൈതാനത്ത് വേളയാംകുഴി ട്രാൻസ്ഫോർമർ ഇരിക്കുന്ന വഴിയുള്ള റോഡും ലക്ഷം വീടുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

6 മുക്ലയിൽ ജംഗ്ഷൻ മുതൽ കലംപൊട്ടി ജംഗ്ഷൻ റോഡ് പേമാരിമൂലം ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം

7 മാവടിയിൽ നിന്നും അംബേദ്ക്കർ കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ് ഉരത്തിക്കാല ഏലായിൽ കുറുകെ റോഡ് നിർമ്മിക്കണം.

8 തിരുവനന്തപുരം താഴത്തുകുളക്കട, കൊട്ടാരക്കര പുത്തൂർ താഴത്തുകുളക്കട വഴി പന്തളം എന്നീ KSRTC സർവ്വീസുകൾ പുനസ്ഥാപിക്കുന്നതിന് നടപടി എടുക്കണം.

9 കൊട്ടാരക്കര പൂവറ്റൂർ മാവടി കുററവഴി ഏനാത്തേക്കും അടൂരേക്കും ഓരോ ബസ് സർവ്വീസ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

## വാർഡ് 3 ഏറത്തുകുളക്കട.

1 തുണ്ടിൽ വാളക്കൽ മുതൽ ചാങ്ങയിൽ പടി വരെയും അതിൽനിന്ന് താമരശ്ശേരി കടവിലേക്കും ഉള്ള പഞ്ചായത്ത് ഇടവഴി വെള്ളക്കെട്ട് മാറ്റി സഞ്ചാരയോഗ്യമാക്കണം.

2 കളീക്കൽ ജംഗ്ഷൻ മുതൽ റാക്കുഴി ഏലാ വടശ്ശേരിഭാഗം വഴി മേലൂട്ട് ജംഗ്ഷനിൽ വന്നുചേരുന്ന പഞ്ചായത്ത്റോഡ് വാഹനങ്ങൾ പോകത്തക്കരീതിയിൽ നന്നാക്കണം,

3 ഏറത്തു കുളക്കട എം. എൻ, നഗറിലേക്കുള്ള (ലക്ഷം വീട്ടുകോളനി) ഇരുവശവും പാറകെട്ടി റോഡ് ടാർ ചെയ്യണം.

4 ലക്ഷംവീട് ജംഗ്ഷൻ കൊല്ലംമലറോഡ് മുടങ്ങിക്കിടക്കുന്ന പണി പുനരാരംഭിച്ച് അടിയന്തിരമായി പൂർത്തിയാക്കണം.

5 ഏറത്തുകുളക്കട വായനശാല ജംഗ്ഷൻ മുതൽ വെട്ടിക്കോട്ട് ഏലായിലേക്കുള്ള രണ്ട് ഇടവഴികൾ സഞ്ചാരയോഗ്യമാക്കണം

6 ആലപ്പാട്ട് ക്ഷേത്രത്തിൽനിന്നും വടക്കോട്ട് വടക്കേമഠം ഭാഗത്തുകൂടി എം സി, റോഡിൽ ചേരുന്ന ഇടവഴികൾ സഞ്ചാരയോഗ്യമാക്കണം,

7 നമ്പിമൺകടവ്, താമരശ്ശേരിക്കടവ്, ഏനാത്തുകടവ്, ചാങ്ങയിൽമഠം കടവ് എന്നിവിടങ്ങളിലേക്കുള്ള വഴികൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും കടവുകളുടെ സംരക്ഷണപ്പണികൾ നടത്തുകയും ചെയ്യുക.

8 വെട്ടിക്കോട്ട് ഏലാ–കാരുവേലിക്കഴി റോഡ് സഞ്ചാരയോഗ്യമാക്കണം.

9 കമലാലയം ജംഗ്ഷൻ മുതൽ ബംഗ്ലാംമുകൾ വഴി മുഴിക്കൽ കടവ് പഞ്ചായത്തുറോഡ് സഞ്ചാരയോഗ്യമാക്കുകയും കടവ് നന്നാക്കുകയും ചെയ്യണം,

10 ഇടത്തുണ്ടിൽ മുക്കിന് വടക്കുവശത്തുനിന്നും തുടങ്ങി പടിഞ്ഞാറോട്ട് ഇടവഴികടവിലേക്കും തിരിഞ്ഞ് എം സി റോഡിലേക്കും ഉള്ള വഴി ഗതാഗതയോഗ്യമാക്കണം.

11 കള്ളത്തട്ടജംഗ്ഷന് തെക്ക് പെരിഞ്ഞേലിൽ പുത്തൻവീട്ടിൽ പുരയിടത്തിന്റെ വടക്കുവശത്തുകൂടി വെള്ളാരംകുന്നിൽ ഇടവഴിയിൽ ചേരുന്ന പ്ലാനിൽ കൊടുത്ത വഴി സഞ്ചാരയോഗ്യമാക്കണം.

12 ബംഗ്ലാംകുന്ന് ചാവർകാവ് മലനടറോഡ് ഗതാഗത യോഗ്യമാക്കണം.

13 തദ്ദേശവാസികൾക്ക് കൊട്ടാരക്കര അടൂർ ഭാഗങ്ങളിൽനിന്ന് രാത്രി 8 മണി കഴിഞ്ഞാൽ വീടുകളിൽ എത്തുന്നതിന് കുളക്കട ബസ്സ്റ്റോപ്പിൽ നിറുത്തിക്കിട്ടുന്ന ബസുകൾ ഇല്ല. ആയതിനാൽ M C. റോഡുവഴി പോകുന്ന K S R T C ലിമിററഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്ററ് ബസുകൾ കുളക്കടയിൽ നിറുത്തിക്കിട്ടുന്നതിനുവേണ്ടി ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന്നടപടി സ്വീകരിക്കണം.

14 കുളക്കട ലക്ഷംവീട് ജംഗ്ഷനിൽ ഒരു വെയിററിംഗ്ഷെഡ് നിർമ്മിക്കണം.

15 ലക്ഷംവീട്ട ജംഗ്ഷനിലുള്ള അന്തിച്ചന്ത ഒരു പൊതുമാർക്കററാക്കണം.

16 കുളക്കട വായനശാല ജംഗ്ഷനിൽ ക്ലിപ്തപ്പെടുത്തി എടുക്കേണ്ടതായ പഞ്ചായത്ത് സ്ഥലം വേർതിരിച്ച് ഒരു ഓട്ടോ സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും പണിയുക.

17 ഏറത്തു കുളക്കട വാർഡിൽ സ്ഥിതിചെയ്യുന്ന കുളക്കട ഗ്രാമപഞ്ചായത്തിന്റെ കാളച്ചന്തയുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിരുകൾ സ്ഥാപിക്കുകയും കാളച്ചന്തയുടെ പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ മററെന്തെങ്കിലും പൊതുസ്ഥാപനങ്ങളോ വ്യവസായ സ്ഥാപനങ്ങളോ ആരംഭിക്കുക.

18 കൊല്ലാമല പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

19 മുലമുക്ക് കുഴിയിൽ ഏലായിലേക്കുള്ള റോഡിന്റെ സംരക്ഷണപണികൾ നടത്തുക.

20 കൊല്ലാമല -ലക്ഷംവീട് റോഡുനിർമ്മാണം കൊണ്ടു് റോഡിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവരുടെ വഴികൾക്ക് ഉണ്ടായിട്ടുള്ള അസൗകര്യങ്ങൾ പരിഹരിക്കുക.

## വാർഡ് 4 കോളനി.

2 പൂവററൂർ കൊട്ടാരക്കര റോഡിൽ നിന്നും ലക്ഷം വീടിന്നു പോകുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

1 മാങ്കോണത്ത് റോഡ് മെയിൻറനൻസ് ചെയ്യണം.

3 C S I ഹോസ്പിററൽ ജംഗ്ഷൻ മുതൽ അന്തമൺ റോഡുവരെ വീതി കൂട്ടി ടാർചെയ്യുക.

4 പാറയിടുക്കിൽ ബ്ളോക്ക് കിണററിനു സമീപം മുതൽ കുഴിവിള റോഡ് സഞ്ചാരയോഗ്യമാക്കണം.

5 M C റോഡിൽ നിന്നും കിഴക്കോട്ട് കുളത്തുവയൽഏലാവരെയുള്ള റോഡ് വീതികൂട്ടി നന്നാക്കുക

6 ഇൻഡ്യൻ ബാങ്കിനു സമീപത്തുനിന്നുള്ള റോഡ് ടി റോഡിൽ നിന്നും കിഴക്കോട്ട് തിരിയുന്ന റോഡും നന്നാക്കി സഞ്ചാരയോഗ്യമാക്കണം.

7 അന്തമൺ റോഡിൽ നിന്നും പൊതു ശ്മശാനത്തിലേക്ക് റോഡുവെട്ടി ഗതാഗതയോഗ്യമാക്കണം.

8 T V സെൻറർ മുതൽ പൈനുംമൂട്ടിലേക്കുള്ള റോഡ് വീതികൂട്ടി നന്നാക്കുകയും വയലിന്റെ ഭാഗത്ത് സൈഡുകൾ കെട്ടി ഗതാഗതയോഗ്യമാക്കണം.

9 പുത്തൂർമുക്ക് I T C ക്ക് സമീപത്തുകൂടിയുള്ള റോഡ് M C റോഡിൽ ചെന്നുകയറുന്ന ഭാഗം വരെ നന്നാക്കുകയും കലുങ്കിന്റെ വശങ്ങൾ കെട്ടുകയും ചെയ്യുക.

10 ഏത്രിയോട്ടുജംഗ്ഷൻ മുതൽ കുളക്കട ലക്ഷം വീടുവരെയുള്ള റോഡ് റീ ടാറിംഗ് ചെയ്യണം.

11 പുത്തൂർമുക്ക് അന്തമൺ റോഡ് റീ ടാറിംഗ് ചെയ്യണം

12 കൊച്ചിക്കാല ജംഗ്ഷൻ മുതൽ വലിയ തോട വരെയുള്ള റോഡിന്റെ കയററം കുറച്ച് ഗതാഗതയോഗ്യമാക്കണം.

13 പുത്തൂർമുക്ക് I T C വിദ്യാർത്ഥികളുടെ സൗകര്യത്തിലേക്ക് കൊട്ടാരക്കരനിന്നും രാവിലെ 9 മണിക്ക് പുത്തൂർമുക്കിലേക്കും, പുത്തൂർമുക്കിൽ നിന്ന് വൈകിട്ട് 4 മണിക്ക് കൊട്ടാരക്കരക്കും K S R T C, ബസ് സർവ്വീസ് അനുവദിക്കണം.

14 പുത്തൂർ മുക്കിൽ ഒരു വെയിററിംഗ്ഷെഡ് നിർമ്മിക്കണം.

15 പുത്തൂർമുക്കിലെ അന്തിച്ചന്ത വിപുലീകരിക്കണം

16 പുത്തൂർമുക്കിൽ M C. റോഡിൽ "ബംബുകൾ" വയ്ക്കുകയും W L P. സ്കൂളിന്റെ മുന്നറിയിപ്പു ബോർഡു സ്ഥാപിക്കുകയും വേണം.

17 പുത്തൂർമുക്കിലെ വർക്ക്ഷോപ്പ് കുറേകൂടി ഉള്ളിലേക്ക് മാററുകയും റോഡ്സൈഡിൽ ഇട്ട് വാഹനങ്ങൾ നന്നാക്കുന്നതു് നിരോധിക്കുകയും ചെയ്യണം.

## വാർഡ് 5 പൂവററൂർകിഴക്ക്.

1 പാലക്കുഴി ജംഗ്ഷൻ വഴികിഴക്കോട്ട് N S S ജംഗ്ഷൻ വരെയുള്ള റോഡ് വീതികൂട്ടി മെററൽ ചെയ്ത് ടാറിടുക

2 തൃശാരിയഴികം ജംഗ്ഷൻ മുതൽ മഠത്തിൽ കാവുവഴി കലയപുരം, പെരുംകുളം റോഡിൽ കയറുന്നറോഡിന്റെ നിർമ്മാണം നടത്തുക.

3 കലയപുരം വള്ളക്കടവ് പെരുംകുളം റോഡിൽ എണ്ണകോളനിയിൽ തകർന്നുകിടക്കുന്ന പാലം ഉൾപ്പെടെയുള്ള നിർമ്മാണ ജോലികൾ ചെയ്ത് റോഡ് മെറ്റലും ടാറുംചെയ്യുക.

4 മംത്തുങ്ങിമുക്കുമുതൽ സാൽവേഷൻ ആർമി ചർച്ചു വഴി വയലിൽകൂടി M C റോഡിൽ കയറുന്നതിനുള്ള ഒരു റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുക.

5 സാൽവേഷൻ ആർമ്മിചർച്ച് വഴി പുതുശ്ശേരിക്കുഴി ഏലായുടെ കിഴക്കരികിൽ കുളങ്ങര വാതുക്കൽ വഴി N S S ജംഗ്ഷനു താഴുവശം വരെ റോഡിൽ ചെല്ലുന്നതിനുള്ള ഒരു റോഡുനിർമ്മിക്കുക.

6 കലയപുരം പെരുങ്കുളം റോഡിൽ കുഴിവിളവാതുക്കൽ മുതൽ വടക്കോട്ട് മുററത്തുവാതുക്കൽ വഴി വയലിൽ ഇറങ്ങി മാന്തുങ്ങിൽ ഭാഗത്തേക്ക് വരുന്ന റോഡിൽ കയറത്തക്കവിധം ഒരു റോഡിന്റെ നിർമ്മാണത്തിന് രൂപം നൽകുക.

7 കരിമ്പീകഴി കലുങ്കു മുതൽ മൂർത്തിക്കാവ്വരെയുള്ള റോഡുവീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

8 കൈതപ്പുഴമുക്കമുതൽ തെങ്ങുവിള വാതുക്കൽ ഇറങ്ങുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

9 മാന്തുങ്ങി വാതുക്കൽ മുതൽ ചീവത്തൂർ ഏലാ

യിൽ ഇറങ്ങുന്ന റോഡ് വീതികൂട്ടി ആവശ്യമായ പണികൾ നടത്തുക.

10 ഏറ്റിയോട്ടു മുക്കമുതൽ തെങ്ങുംതറ ഏലാവരെയുള്ള റോഡിന്റെ ഉദ്ധാരണപണികൾ നടത്തുക,

11 വള്ളക്കടവിൽ കുഴിയിൽമുക്കിൽനിന്നും കൊച്ചുവരയ്ക്കൽ പാലം വരെയുള്ള റോഡ് വീതികൂട്ടി സംരക്ഷണ പണികൾ ചെയ്യുകയും അതിന്റെ ശാഖകളായ ചെറിയ റോഡുകളുടെ മെയിൻറനൻസ് നടത്തുകയും ചെയ്യുക.

12 മുള്ളിക്കനോട് ഏലായിൽനിന്നും മാറാവിഷ്ണുക്ഷേത്രം വഴി കോണത്തുവയലിൽ ഇറങ്ങുന്ന റോഡിന്റെ ഉദ്ധാരണപണികൾ നടത്തുക.

13 ഇളംകുളത്തു വാതുക്കൽനിന്നും തളരഴികം മുക്കിൽ ഇറങ്ങുന്ന റോഡിന്റെ ഉദ്ധാരണ പണികൾ നടത്തുക.

14 C S I ആശുപത്രിജംഗ്ഷൻ മുതൽ വലിയതോട്ടുവരെയുള്ള റോഡ് മെയിന്റനൻസ് നടത്തുക.

15 നിലവിലുള്ള എല്ലാപഞ്ചായത്തു റോഡുകളും അററകുററപ്പണികൾ നടത്തി എത്രയും പെട്ടെന്ന് ഗതാഗത യോഗ്യമാക്കണം

16 കലയപുരം ജംഗ്ഷനിൽ നിലവിലുള്ള ട്രാഫിക് തടസം മാററി ഗതാഗതസൗകര്യവും യാത്രാസൗകര്യവും വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

17 കലയപുരം ജംഗ്ഷനിൽ ഒരു വെയിററിംഗ് ഷെഡ് നിർമ്മിക്കുക.

18 കലയപുരം മാർക്കററിൽ ഒരു കംഫർട്ട്സ്റേഷൻ പണിയുക.

19 കന്നുകാലികളെ വെട്ടുന്നതിന് ശാസ്ത്രീയമായ സംവിധാനം നിലവിൽ വരുത്തുക.

20 N S S ജംഗ്ഷനിൽ ഒരു വെയിററിംഗ്ഷെഡ് പണിയുക.

21 കലയപുരം ഷോപ്പിംഗ് കോംപ്ലക്സിന് മൂന്നാംനില നിർമ്മിച്ച് ആഡിറേറാറിയം, കമ്മ്യൂണിററിഹാൾ നിർമ്മിക്കുക.

22 കലയപുരം മാർക്കററിൽ മത്സ്യമാർക്കററ് സ്ററാളിൽതന്നെ നടത്തുക.

23 കലയപുരം മാർക്കററിനുള്ളിലെ കന്നുകാലികളെ കശാപ്പുചെയ്യുന്നത് ഒഴിവാക്കുക.

24 പഞ്ചായത്തിന്റെ വിവിധ വാർഡുകളെ യോജിപ്പിക്കത്തക്കവണ്ണം പ്രൈവററ് വാഹനങ്ങൾക്ക് ഓടിക്കുവാൻ പഞ്ചായത്തിൽ നിന്നും ലൈസൻസ് കൊടുക്കുക. (സർക്കാരിൽനിന്നും അനുവാദം വാങ്ങിയശേഷം)

25 വള്ളക്കടവ് പെരുംകുളം റോഡിലെ പാലം എത്രയും പെട്ടെന്ന് പുതുക്കി പണിയുക.

## വാർഡ് 6 പെരുംകുളം. ഗതാഗതം.

### പുതുതായി നിർമ്മിക്കേണ്ടതും ഗതാഗതയോഗ്യമാക്കേണ്ടതുമായ റോഡുകൾ.

1 കരയോഗമന്ദിരംമുതൽ വള്ളക്കടവ് വരെ.

2 ദേവീക്ഷേത്രം മുതൽ കൊടിതൂക്കംമുകൾ മാവേലി മുക്കുവഴി കളീലുവിള ജംഗ്ഷൻ വരെ.

3 വാട്ടർ ടാങ്കുമുതൽ ഇരമത്തുകോണംവരെ (പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ ജനപങ്കാളിത്തം ഉറപ്പാക്കാം)

4) കൊടിതൂക്കുംമുകൾ കൊതകുത്തുംഭാഗംവരെയുള്ള റോഡ് (ജനകീയപങ്കാളിത്തത്തോടുകൂടിനടപ്പാക്കാം)

5 ഇരമത്തുകോണം മുതൽ കൊട്ടറ കശുവണ്ടി ഫാക്ടറിവരെ.

6 കലയപുരം പെരുകുളം വഴി വെണ്ടാർ വരെയുള്ള റോഡിന് സൈഡു കെട്ടേണ്ടഭാഗത്ത് സൈഡ്കെട്ടി ബലപ്പെടുത്തണം. പ്രസ്തുത റോഡിന്റെ രണ്ടാംഭാഗം പണി പുനഃരാരംഭിക്കണം.

7 റേഡിയോ ജംഗ്ഷൻമുതൽ പടിഞ്ഞാറോട്ടുള്ള റോഡ് ടാർ ചെയ്യണം.

8 പെരുകുളം കളത്തട്ടിന്റെ സംരക്ഷണപണികൾ നടത്തണം.

9 P W D റോഡിന്റെ ഇടച്ചിറഭാഗം സൈഡ് കെട്ടി ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

10 നടുവത്രഭാഗം നെല്ലിമുകൾഭാഗം എന്നിവടങ്ങളിലെ വെള്ളക്കെട്ട് മാററി സഞ്ചാരയോഗ്യമാക്കണം.

N S S. കരയോഗമന്ദിരം മുതൽ കിഴക്കോട്ടും പെരുകുളം ക്ഷേത്രം മുതൽ നീർപ്പാറ, കൊടിതൂക്കുംമുകൾ എന്നീഭാഗത്തേക്കും മാവേലി ജംഗ്ഷൻ കളീലുവിള ജംഗ്ഷൻ വരെയും വാട്ടർ ടാങ്കു മുതൽ ഇരമത്തുകോണം വരെയും വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം,

കളീലുവിള ജംഗ്ഷൻ മുതൽ മാവേലി ജംഗ്ഷനിൽ എത്തുന്ന കുണ്ടുംപൊയ്ക റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

## വാർഡ് 7 വെണ്ടാർ.

### ഗതാഗതം.

**പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ.**

1 വെണ്ടാർ പാറമുതൽ ഹൈസ്ക്കൂൾ ജംഗ്ഷൻ വരെ.

2 സുബ്രഹ്മണ്യസ്വാമി ക്ഷേത്രം മുതൽ കാരക്കോട്ടുമഠം വരെ എത്തിച്ചേരുന്ന പട്ടികജാതി കോളനിയിലേക്കുള്ള റോഡ്.

3 ചക്കാല പടിഞ്ഞാററതിൽ മുതൽ അരൂർമുക്ക് വരെ.

4 തോട്ടത്തിൽഭാഗം മുതൽ മുളക്കൽഭാഗം വരെ.

5 പുളിക്കനെല്ലൂർ മുതൽ കുമ്പഴഭാഗം വരെ.

6 വെട്ടുവേലി ഭാഗംമുതൽ വള്ളിവട്ടി ഭാഗം വരെ.

7 പുളിവിളഭാഗം മുതൽ പൊങ്ങൻപാറ വരെ.

8 ചിറപ്പൊട്ടിൽനിന്നും പൊങ്ങൻപാറ വരെ.

9 മനക്കരക്കാവു മുതൽ വെണ്ടാർ ക്ഷേത്രം വരെ.

10 ചെന്നല്ലൂർ മുക്കുമുതൽ വെട്ടിവേലി ഭാഗം വരെ.

11 മാത്തിക്കാല മുതൽ വാലുതുണ്ടിൽ ഭാഗം വരെ.

12 പാലക്കോട്ടു മുക്കിൽനിന്നും നിരപ്പിൽഭാഗം വരെ.

13 റേഡിയോ മുക്കുമുതൽ മണ്ണാർ സമുദായക്കാർ ഉപയോഗിക്കുന്ന കളംവരെ.

### ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ.

1 വെണ്ടാർ തച്ചർമുക്ക് റോഡ്.

2 മൈലംകുളം മാത്തിക്കാലാ റോഡ്.

3 വെൽഫെയർ സ്ക്കൂൾ മുതൽ പെരുംകുളം വരെയുള്ള റോഡ്.

4 കാരക്കോട്ടുമഠം മുതൽ ഇലഞ്ഞിവിളഭാഗം വരെയുള്ള റോഡ്.

## വാർഡ് 8 പൂവററൂർ പടിഞ്ഞാററ്

### ഗതാഗതം

പുതുതായി നിർമ്മിക്കേണ്ടറോഡ്

പറങ്കിമാംവിള ജംഗ്ഷൻ–കാരക്കാട്ട ഏലാ വഴി പയിനംമൂട്ടുവരെ റോഡുനിർമ്മിക്കുക.

വികസിപ്പിക്കേണ്ടതും ഗതാഗത യോഗ്യമാക്കേണ്ടതുമായ റോഡുകൾ.

1 പുത്തൂർ-ഏനാത്ത് റോഡ് റീ ടാറിംഗ് നടത്തുക റോഡിന്റെ വശങ്ങളിൽ ഓടകൾ നിർമ്മിക്കുകയും ചെയ്യുക

2 പ്ലാമല–ചാങ്ങയിൽ റോഡ് സഞ്ചാരയോഗ്യമാക്കണം.

3 പൂവററൂർ ഹൈസ്ക്കൂൾ ജംഗ്ഷൻ മുതൽ ക്ഷേത്രമുക്ക് റോഡിന്റെ ടാറിംഗ് നടത്തുക.

4 മലപ്പാറ-പയിനംമൂട് റോഡ് വികസിപ്പിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

5 P. H. C. ജംഗ്ഷൻ ആനപ്പാറ മണ്ണടി റോഡ് ഗതാഗത യോഗ്യമാക്കുക.

6 പാലമുക്ക് പയ്യാന്നിയോഡ് മണ്ണാറഴിക ഏലാ റോഡ് വികസിപ്പിക്കുക.

7 കച്ചേരിമുക്ക് കോയാപ്പാ ഏലാ നെട്ടപ്പുറം വടക്കേവീട് പാറക്കടവ്റോഡ് ഗതാഗതയോഗ്യമാക്കണം.

8 മലപ്പാറ കാരോട്ടുമുക്ക് റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

9 കച്ചേരിമുക്ക് പുളവലം മലപ്പാറ റോഡ് ഗതാഗതയോഗ്യമാക്കണം.

10 മുഖമുക്ക് ടെിയിൽ ഏലാറോഡ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.

11 മേരിലാൻറ്മുക്ക് (മലപ്പാറ) തുണ്ടിൽ ഏലാ റോഡ് സഞ്ചാരയോഗ്യമാക്കണം.

12 പ്ലാവറമുക്ക് വിളറിയിൽ ഏലാ റോഡ് വികസിപ്പിക്കുക.

13 വേങ്ങശേരിൽ മുക്ക് മഠത്തിവയൽ ഏലാ റോഡ് ടാറിംഗ് ചെയ്യുക.

14 പാത്തല ജംഗ്ഷൻ പ്ലാമല ചരുണിപ്പാ ജംഗ്ഷൻ റോഡ് വികസിപ്പിച്ച് ടാറിംഗ് നടത്തുക.

15 വിളറിത്തല ക്ഷേത്രം ജംഗ്ഷൻ പാത്തല റോഡ് ടാറിംഗ് നടത്തുക.

പുതുതായി ആരംഭിക്കേണ്ടതും പുന: സ്ഥാപിക്കേണ്ടതുമായ ബസ് സർവ്വീസുകൾ.

കൊല്ലം- പുത്തൂർ- ഏനാത്ത്- പറക്കോട് റൂട്ടിൽ ബസ് സർവ്വീസ് ഏർപ്പെടുത്തുക.

തിരുവനന്തപുരം, താഴത്തുകുളക്കട ഫാസ്ററ് പാസഞ്ചർ ബസ് പുനസ്ഥാപിക്കുക.

കൊട്ടാരക്കര, പൂവററൂർ, ഇരുത്തിലമ്പലം വഴിയുള്ള പത്തനാപുരം ബസ് സർവ്വീസ് പുനസ്ഥാപിക്കുക.

കൊട്ടാരക്കര, പൂവററൂർ, ഇരുത്തിലമ്പലം ഏനാത്തുവഴിയുള്ള കടമ്പനാട് ബസ് എല്ലാദിവസങ്ങളിലും കൃത്യസമയത്തും സർവ്വീസ് നടത്തുക.

## വാർഡ് 9 മാവടി.

### ഗതാഗതം.

ഗതാഗതയോഗ്യവും സഞ്ചാരയോഗ്യവുമാക്കേണ്ട വഴികൾ.

1 ഇരുത്തിക്കാട് ഏലായിൽനിന്നും അംബേദ്

ക്കർ കോളനിയിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം.

2 മാവടിയും ആററുവാശ്ശേരിയുമായി ബന്ധിപ്പിക്കുന്ന (മാവടിഏലായ്ക്ക് കുറുകേയുള്ള വരമ്പ്) നടവഴി ഗതാഗതയോഗ്യമാക്കണം.

3 കൊച്ചുവീട്ടിൽ ഭാഗത്തുകൂടി അംബേദ്ക്കർ കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

4 കല്ലടക്കോണം ഏലായിൽ കിഴക്കുഭാഗത്തുകൂടി മുരുങ്ങീലഴികത്ത് ഭാഗം വരെയും പടിഞ്ഞാറുഭാഗത്തുകൂടി പ്ലാമ്മൂട് മുതൽ ഇരട്ടക്കാലാഭാഗം വരെയും നിലവിലുള്ള നടപ്പാത ഗതാഗതത്തിന് അനുയോജ്യമാക്കണം.

5 വരവുകാല ജംഗ്ഷൻ മുതൽ കല്ലടക്കോണം ഏലാവരെയുള്ള റോഡ് മാച്ചൂർ ജംഗ്ഷൻ വരെ നിർമ്മിക്കുകയും നിലവിലുള്ളറോഡ് കുറേഭാഗം കോൺക്രീററ് ചെയ്ത് ഓടകെട്ടി സഞ്ചാരയോഗ്യമാക്കുയും ചെയ്യണം.

6 മാവടി ക്ഷേത്രത്തിനു കിഴക്കുഭാഗത്തുകൂടിയുള്ള പാറവിളകോളനിയിലേക്കുള്ള വഴി ഗതാഗതയോഗ്യമാക്കുകയും ചെയ്യണം.

7 വില്ലേജ് ഓഫീസ് ജംഗ്ഷനിൽനിന്നും അംബേദ്ക്കർ കോളനിയിലേക്കുള്ള വഴി ഗതാഗതയോഗ്യമാക്കണം.

8 കാമ്പീലഴികത്തു ഭാഗത്തുനിന്നും തെക്കുവശത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

9 കുറുവംവയൽ തോടിന് കുറുകെ പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

10 കാഞ്ഞിരംവിള വാര്യർ ജംഗ്ഷൻ വഴിയുള്ള റോഡിൽ മേലൂട്ട്ഭാഗം മുതൽ മൈലംകുളം വരെ ഗതാഗതയോഗ്യമാക്കണം.

11 കുഴുമ്പിൽ ജംഗ്ഷൻ മുതൽ പാലോട്ടക്കോണത്ത്ഏലാ വരെയുള്ള റോഡ് കുറെഭാഗം കോൺക്രീററ് ചെയ്ത് ഗതാഗതയോഗ്യമാക്കണം.

12 പുത്തൂർ-പുത്തൂർമുക്ക് റോഡിൻെറ തകർച്ചമൂലം അനവധി ബസുകൾ ഇതുവഴിയുള്ള സർവ്വീസ് നിറുത്തിവച്ചിരിക്കുകയാണ്. മാവടി ജംഗ്ഷൻ മുതൽ തച്ചൻമുക്കുവരെയുള്ള റോഡ് പരിപൂർണ്ണമായി തകർന്നിരിക്കുന്നത് എത്രയും വേഗം സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

13 തച്ചൻമുക്ക്-വെണ്ടാർ റോഡ് റീ ടാർചെയ്ത് വാഹന ഗതാഗതം സുഗമമാക്കണം.

14 കാഞ്ഞിരംവിള മാരൂർ മെററൽറോഡ് ടാർ ചെയ്ത് ഗതാഗതയോ്യമാക്കണം.

## വാഹനഗതാഗതം

1 തിരുവനന്തപുരം, ആററുവാശ്ശേരി ഫാസ്ററ് പാസഞ്ചറും, കൊട്ടാരക്കരനിന്നും മാവടി വഴി പന്തളത്തേക്ക സർവ്വീസ് നടത്തിയിരുന്നതുമായ K. S. R T Cബസ്സർവ്വീസുകൾ പുനസ്ഥാപിക്കുവാനും കൊല്ലം പത്തനംതിട്ട ബസ് സർവ്വീസ് പുനസ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

2 സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കൊട്ടാരക്കര വെണ്ടാർ പന്തളം K S R T C ബസ് വാര്യർ ജംഗ്ഷനിൽനിന്നും കാഞ്ഞിരംവിള മാവടി തച്ചൻമുക്ക് വഴി സർവ്വീസ് നടത്തുന്നതിനും, കൊട്ടാരക്കര നിന്നും പുത്തൂർ, മാവടി, പുത്തൂർമുക്ക് വഴി സർക്കുലർബസ് സർവ്വീസ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

താഴത്തുകുളക്കട നിന്നും-മാവടി, പുത്തൂർ, കണ്ടറവഴി മെഡിക്കൽ കോളേജ് ബസ് സർവ്വീസ് ആരംഭിക്കുന്നതിനാവശ്യ നടപടികൾ നടത്തണം.

മാവടിയിൽ മുമ്പുണ്ടായിരുന്ന ഫെയർസ്റേറജ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നടത്തണം.

നിലവിലുള്ള ബ്രാഞ്ച് പോസ്ററാഫീസ് ഡിപ്പാർട്ട് മെൻറൽ പോസ്ററാഫീസായി ഉയർത്തുന്നതിനുള്ള നടപടികൾ നടത്തണം.

മാർക്കററ്

1 കുളക്കട പഞ്ചായത്തിൻെറ കേന്ദ്രഭാഗമായ മാവടി ജംഗ്ഷനിൽ ഒരു പൊതു ചന്ത സ്ഥാപിക്കണം
2 മാവടി ജംഗ്ഷനിൽ ഉള്ള ജലദൗർലഭ്യമുള്ള ചിറ പകുതിഭാഗം നികത്തി ഒരു ഷോപ്പിംങ്ങ് കോപ്ലക്സ് പണികഴിപ്പിക്കണം.

## വാർഡ് 10 പുത്തൂർ മൈലംകുളം.

## ഗതാഗതം.

1 ഗതാഗതം:- P W D. റോഡുകളെ സംബന്ധിച്ച്.

a പുത്തൂർ - ഏനാത്ത് റോഡ് റീ ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ നടത്തണം.

b പുത്തൂർ മണ്ഡപം മുതൽ ഞാക്കടവു വരെയുള്ള റോഡ് റീ ടാറിംഗ് നടത്തുന്നതിനുള്ള നടപടികളും ആരംഭിക്കണം.

2 മെററലിംഗ് നടത്തേണ്ട റോഡുകൾ.

a പുത്തൂർ ചന്തമുതൽ ഇരട്ടക്കാലാ കശുവണ്ടി ഫാക്ടറി വരെയുള്ള റോഡ്.

b മൈലംകുളം പള്ളിമുതൽ പതിനെട്ടാംപടിവരെയുള്ള റോഡ്.

a കരേക്കർ കോളനി, ഹരിജൻ കോളനി എന്നിഭാഗങ്ങളിലൂടെ കടന്നു പോകുന്നതും മൈലം, വെണ്ടാർ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതുമായ K. I P. റോഡ് മെറ്റലിംഗ് ടാറിംഗ് എന്നിവ ചെയ്തു സഞ്ചാരയോഗ്യമാക്കണം.

3 പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ.

a ചുങ്കത്തറ-കുതിരവൻ കന്നുവഴി മൈലംകുളം റേഡിയോ മുക്കിലേക്കുള്ള റോഡ്.

b കന്നിയാ പുചൊയക ചിറമുതൽ പതിനെട്ടാം പടി വഴി മൈലംകുളം റേഡിയോമുക്ക് വരെയുള്ള റോഡ്.

c മൈലംകുളം റേഡിയോ ജംഗ്ഷൻ മുതൽ കുരിയാപ്ര ജംഗ്ഷൻ വരെയുളള റോഡ്,

d മൈലംകുളം റേഡിയോ ജംഗ്ഷൻ മുതൽ വെണ്ടാർ ക്ഷേത്രം വരെയുള്ള റോഡ്.

e ചുങ്കത്തറ കല്ലുംമൂട് ജംഗ്ഷൻ മുതൽ കല്ലൂർ കുഴി ഏലാവരെയുള്ള റോഡ്.

f മൈലംകുളം ഹരിജൻ കോളനിക്കു സമീപമുള്ള പഞ്ചായത്തു കിണറിനു തെക്കു മുതൽ പഞ്ചായത്തുകുളം വരെയുള്ള റോഡ്.

കല്ലൂർകുഴി ഏലായുടെ കരകളിലുള്ള വീടുകൾക്ക് തോടിനു കുറുകെ ക്രോസ്സ്ലാബ്കൾ ചെയ്തു കൊടുക്കണം.

## വാർഡ് 11 ആററുവാശേരി ഗതാഗതം

### പൂർത്തീകരിക്കേണ്ടത്തറോഡുകൾ

1 പുത്തൂർ- ആറുവാശ്ശേരി- മഠത്തിനാപുഴ റോഡിൻെറ നിർമ്മാണം.

2 ഞാങ്കടവ്പാലം യാഥാർത്ഥ്യമാകുന്നതു കണക്കിലെടുത്ത് കള്ളാട്ടജംഗ്ഷൻമുതൽ ഞാങ്കടവ് വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

3 കരാൽജംഗ്ഷൻ - പെരിഞ്ഞേലിഭാഗം ചിറ്റൂർ മുക്ക് റോഡ് പൂർത്തീകരിക്കണം.

4 കൊട്ടറക്കുന്ന് റോഡ്മുതൽ ചരിപ്പുറത്തുഭാഗം വഴി കളത്തട്ടു ജംഗ്ഷനിലേക്കുള്ള റോഡ് നിർമ്മിക്കുവാനുള്ള നടപടികൾ ആരംഭിക്കണം.

5 കാഞ്ഞിരംവിള ജംഗ്ഷൻ മുതൽ ആറുവാശ്ശേരി സ്ക്കൂൾ ജംഗ്ഷൻ വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

പുതക്കുഴി ജംഗ്ഷൻ മുതൽ ചിററൂർകടവ് വരെയുള്ള റോഡ് അറ്റകുററപ്പണി നടത്തണം.

യാത്രാസൗകര്യം

1 ആററുവാശേരിയിലേക്കുള്ള K S R T C ബസ് പുനഃ സ്ഥാപിക്കുവാൻ നടപടി എടുക്കണം.

2 പുത്തൂരിൽ സ്റേറചെയ്യുന്ന സ്വകാര്യബസുകൾ ആററുവാശേരി താഴത്തുകുളക്കട വഴി ഏനാത്തേക്ക് റൂട്ട് നീട്ടിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3 വാർഡിലെ കടത്തുവള്ളത്തിന്റെ സേവനം 12 മാസവും ലഭ്യമാക്കുകയും സ്ഥിരം ജോലിക്കാരനെ നിയമിക്കുകയും ചെയ്യുക.

## വാർഡ് 12 താഴത്തുകുളക്കട. ഗതാഗതം.

1 ചെട്ടിയാരഴികത്ത് കടവുവരെയുള്ള P. W D റോഡ് ടാർചെയ്യുന്നതിനും കടവിൽ വെയിററിംഗ് ഷെഡ് നിർമ്മിക്കുന്നതിനും നടപടികൾ ചെയ്യണം.

2 വലിയമാടത്തിൽ ജംഗ്ഷൻ മുതൽ താഴത്തുമഠത്തിൽ കടവു വരെയുള്ള റോഡ് ടാർ ചെയ്യണം.

3 ഓതഴികത്ത് ആറുകടവ് കാവിൽകടവ് എന്നിവ പാറ ഉപയോഗിച്ച് കെട്ടണം.

4 വലിയ മാടത്തിൽ മുക്കുമുതൽ ആശാരിയഴികത്ത് കടവുവരെയുള്ള റോഡും അററകുററപണികൾ ചെയ്തു തീർക്കുവാനുള്ള മററിതര പഞ്ചായത്തുവഴികളും ഗതാഗതയോഗ്യമാക്കണം.

5 മഠത്തിനാപ്പുഴ ബണ്ടിൻെറ സംരക്ഷണപണികൾ നടത്തണം.

ചെട്ടിയാരഴികത്ത് കടവിൽ കല്ലടയാറിനുകുറുകെ ഒരു പാലം നിർമ്മിച്ചാൽ കൊല്ലം പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുവാൻ കഴിയും.

താഴത്തുകുളക്കട തിരുവനന്തപുരം F.P ബസ് പുനർസ്ഥാപിക്കുന്നതിനും പുത്തൂർ താഴത്തുകുളക്കട പത്തനംതിട്ട F P. ബസ് പുനർസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൊട്ടാരക്കര പുത്തൂർ അടൂർ K S R T C ബസ്സർവ്വീസ് പുനർസ്ഥാപിക്കുന്നതിനും കൊട്ടാരക്കര, താഴത്തുകുളക്കട, ശാസ്താംകോട്ട പ്രൈവറ്റ് ബസ് പുനർസ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

കൊല്ലം-പുത്തൂർ-താഴത്തു കുളക്കട-ഏനാത്തു വഴി പത്താനപുരത്തിനും ശാസ്താംകോട്ട പുത്തൂർ താഴത്തുകുളക്കട-പട്ടാഴി വഴി പത്തനാപുരത്തിനും ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

## ഊർജ്ജം

കുളക്കട ഗ്രാമപഞ്ചായത്തിലെ ഊർജജ സ്രോതസുകൾ വിറക്, മണ്ണെണ്ണ, പാചകവാതകം, വൈദ്യുതി എന്നിവയാണ്. ഗ്രാമീണരിൽ 85% ആളുകളും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണയും, പാചകവാതകവും 15% ആൾക്കാ

ർ ഉപയോഗിക്കുന്നു. പാചകവാതകം ലഭിക്കുന്ന സ്ഥലത്തുനിന്നും അഞ്ചു കി:മി: ചുററളവിലെ പാചക വാതക കണക്ഷൻ ലഭിക്കുകയുള്ളു എന്ന കാരണത്താൽ ഇപ്പോൾ ഈ പഞ്ചായത്തിൽ പാചകവാതകം ലഭ്യമല്ല.

ഗാർഹികാവശ്യങ്ങൾക്കും കൃഷി, വ്യവസായം, വാണിജ്യം, ജലസേചനം എന്നിവക്ക് മുഖ്യമായും ഉപയോഗിക്കുന്നത് വൈദ്യുതി തന്നെയാണ് ഈ പഞ്ചായത്തിൻെറ മിക്ക സ്ഥലങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും ആവശ്യമായ വോൾട്ടതയിൽ വൈദ്യുതി ലഭ്യമല്ല.

കൊട്ടാരക്കര സബ്ബ് സ്റേറഷനിൽനിന്നുമുള്ള 11 K V ലൈനിൽ കൂടിയാണ് കുളക്കട ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് ഈ ലൈനിൻെറ ദൈർഘ്യകൂടുതൽ കൊണ്ടും പരിധിക്കു പുറത്തു ട്രാൻസ്ഫോർമറുകളുടെ എണ്ണക്കൂടുതൽ കൊണ്ടും ഉപഭോക്താക്കൾക്ക് നിശ്ചിത വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ഉള്ള ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു,

| | പേര് | കപ്പാസിററി | |
|---|---|---|---|
| 1 | തച്ചൻമുക്ക് | 66 | K. V. |
| 2 | പൂവററൂർവെസ്ററ് | 63 | ,, |
| 3 | താഴത്തുകുളക്കട | 100 | ,, |
| 4 | വടശേരിമഠം | 63 | ,, |
| 5 | മലപ്പാറ | 100 | ,, |
| 6 | കുളക്കട 3 (ഉരുത്തിലമ്പലം) | 100 | ,, |
| 7 | മാവടി 1 | 160 | ,, |
| 8 | മഠത്തിനാപുഴ | 63 | ,, |
| 9 | ആററുവാശ്ശേരി | 63 | ,, |
| 10 | മാവടി 2 | 100 | ,, |
| 11 | വെണ്ടാർ 1 | 100 | ,, |
| 12 | പാണ്ടറ | 63 | ,, |
| 13 | കരിമ്പിൻകുഴി | 63 | ,, |
| 14 | പൂവററൂർ 1 | 160 | ,, |
| 15 | പൂവററൂർ ഈസ്ററ് 1 | 63 | ,, |
| 16 | ,, 2 | 100 | ,, |
| 17 | കൊല്ലാമല | 63 | ,, |
| 18 | കുളക്കട 1 | 100 | ,, |
| 19 | കുളക്കട 2 | 160 | ,, |
| 20 | കലയപുരം | 100 | ,, |
| 21 | കന്നിയാപൊയ്ക | 100 | ,, |
| 22 | കരിയാപ്പ | 100 | ,, |
| 23 | ഞാങ്കടവ് | 63 | ,, |
| 24 | മൈലംകുളം | 100 | ,, |
| 25 | ഞാക്കടവ് 1 | 250 | ,, |
| 26 | പെരുംകുളം നോർത്ത് | 100 | ,, |
| 27 | പെരുംകുളം സൗത്ത് | 100 | ,, |

നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| ഗാർഹികം | 569 |
| വ്യാപാരം | 778 |
| വ്യവസായം | 76 |
| കാർഷികം | 59 |

വൈദ്യുതി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| ഇനം | എണ്ണം | അവസാനം നൽകിയ കണക്ഷൻെറ അപേക്ഷ തീയതി |
|---|---|---|
| 1 ഓർഡിനറി | 345 | 3-9-91 |
| 2 O T P. | 26 | 24-5-95 |
| 3 O Y C E. | 28 | 2-9-96 |

നിലവിലുള്ള സ്ട്രീററ് ലൈററുകളുടെ എണ്ണം

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

| | | |
|---|---|---|
| 1 | ബൾബ് | 916 |
| 2 | ററ്യൂബ് | 91 |
| 3 | മെർക്കുറിവെയ്പ്പർ | 2 |
| 4 | സോഡിയംവെയ്പ്പർ | 3 |

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

| പേര് | കണക്ഷൻ |
|---|---|
| പാത്തല | 40 |
| വിളയിൽഭാഗം-അംബേദ്കർ | 82 |
| പുത്തൂർമുക്ക് | 140 |
| ആററുവാശേരി | 3 |
| കൊരുകുത്തുംപാറ | 10 |
| പാറയിടുക്കിൽ | 4 |
| പേഴാംകോഡ് | |
| നാവാക്കുഴി | |

**ഊർജ്ജം നിർദ്ദേശം പരിഹാരം**

## വാർഡ് 1

തെങ്ങാമ്പുഴ ഹരിജൻ കോളനി പേഴുവിള ഹരിജൻ കോളനി, മുളയാംകോട് കോളനി, പാവക്കാല ഹരിജൻകോളനി, പെരുംപള്ളിൽ ഹരിജൻകോളനി എന്നിവ വൈദ്യുതീകരിക്കണം.

2 തെങ്ങാമ്പുഴ റോഡിൽ കുരിശടിയിൽ നിന്നും പടിഞ്ഞാറോട്ട് തെങ്ങമൺ വയലിൻെറ കിഴക്കേ അതുകവഴി ബഥേൽ സ്ക്കൂൾ ജംഗ്ഷൻ വരെയും കോയിക്കലേത്തു ജംഗ്ഷൻ മുതൽ ഇലഞ്ഞിക്കോട്ട് ഏലായുടെ അതുകിൽകൂടി കുറക്കോട്ടുവിള ജംഗ്ഷൻ വരെയും തോണ്ടലിൽ കാവിൻെറ കിഴക്കുവശത്തുകൂടി ശാസ്തമംഗലം ഏലായിലേക്കും പെരുമ്പ

ള്ളിൽ കോളനിയിലേക്കും. കുളക്കട Y M C A ഹാളിൻ മുൻവശത്തുനിന്നും പുത്തൂച്ചിറ വയലിലേക്കും വൈദ്യുത ലൈൻ വലിക്കുകയും വഴിവിളക്ക് സ്ഥാപിക്കുകയും ചെയ്യണം.

3 തുരുത്തീലമ്പലം മുതൽ തെങ്ങാമ്പുഴ കടവു വരെ വഴിവിളക്കുകൾ സ്ഥാപിക്കയും തുരുത്തീലമ്പലം ജംഗ്ഷനിലും കുറക്കോട്ടുവിള ജംഗ്ഷനിലും മെർക്കുറി ലൈററുകൾ സ്ഥാപിക്കുകയും ചെയ്യണം.

4 തുരുത്തീലമ്പലം ജംഗ്ഷൻ മുതൽ കുറക്കോട്ടുവിള ജംഗ്ഷൻ വരെ വഴിവിളക്ക് സ്ഥാപിക്കണം.

5 കൂട്ടകാഞ്ഞരത്തുംകുഴി ജംഗ്ഷൻമുതൽ തോയിത്തല ഏലായിലേക്ക് വഴിവിളക്ക് സ്ഥാപിക്കണം

6 വടശേരിമഠം മുതൽ കിഴക്കോട്ട് തെങ്ങാമ്പുഴ കടവുവരെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ആയത് പരിഹരിക്കണം.

## വാർഡ് 2

1 നിലവിലുള്ള വൈദ്യുത പോസ്ററുകളിൽ എല്ലാം വഴിവിളക്ക് സ്ഥാപിച്ച് പ്രകാശിപ്പിക്കുക.
2 ഇടങ്ങിൽമുക്ക്, വേലുത്തമ്പിനഗർ ലക്ഷംവീട്, പരമേശ്വരത്തുകടവ്, ഇടവേലിക്കൽ, വിളയിൽഭാഗം അംബേദ്കർകോളനി, എന്നീ സ്ഥലങ്ങളിൽ ട്യൂബ്ലൈററ് സ്ഥാപിക്കണം.

4 രൂക്ഷമായ വോൾട്ടേജ്ക്ഷാമം പരിഹരിക്കന്നതിന് ആവശ്യമായ മെയിൻറനൻസ് ജോലികൾ കാലാകാലങ്ങളിൽ ചെയ്യുകയും കററ ഭാഗത്ത് വടയരഴികത്തു ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യണം.

5 അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും താമസംവിനാ വൈദ്യുതകണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6 മൊട്ടഭരണി ഭാഗത്തുനിന്നും കററയുമായി ഇലക്ട്രിക് പോസ്ററുകൾ ബന്ധിപ്പിച്ച് ആഭാഗത്ത് വഴിവിളക്കുകൾ സ്ഥാപിക്കുക.

## വാർഡ് 3

1 വിളനിലം വീടിൻെറ ഭാഗത്തുനിന്നും വടശേരിഭാഗം റാക്കുഴി ഏലാവരെയുള്ള ഭാഗം വൈദ്യുതീകരിക്കുകയും സ്ട്രീററ് ലൈററുകൾ സ്ഥാപിക്കുകയും ചെയ്യുക.
2 കളീക്കൽ ജംഗ്ഷൻ മുതൽ റാക്കുഴി ഏലാ വരെയുള്ള ഭാഗത്ത് തെരുവു വിളക്ക് സ്ഥാപിക്കുക

3 ഏററുകളക്കടയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പാലവിള ജംഗ്ഷനിൽ വീടിനടുത്ത് M C റോഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4 വാർഡിൻെറ മിക്ക സ്ഥലത്തുംതെരുവുവിളക്കുകൾ കത്തുന്നില്ല. തെരുവുവിളക്കുകാം സ്ഥാപിച്ചിട്ടില്ലാത്ത വടക്കേമഠം ഇടത്തുണ്ടിൽ എന്നീ ഇടവഴികളിലും ലക്ഷംവീടുകോളനി ലക്ഷംവീട് മൂലമുക്ക് റോഡ് എന്നിവിടങ്ങളിലും കൊല്ലാമല ഭാഗത്തും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ഉള്ള വിളക്കുകൾ കത്തുന്നതിന് വേണ്ട നടപടികൾ എടുക്കുകയും ചെയ്യണം.

5 കുളക്കട ആയുർവേദ ആശുപത്രി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

6 തെരുവുവിളക്കിൻെറ മെയിൻറനൻസ് ജോലികൾ പഞ്ചായത്തിനെ ഏല്പിക്കണം.

7 അഞ്ചുകിലോമീററർ ചുററളവ് എന്ന പരിധിയുള്ളതുകൊണ്ട് വാർഡിൽ പാചകവാതക കണക്ഷൻ ലഭിക്കുന്നില്ല. പരിധി എടുത്തുകളഞ്ഞ് ഗ്രാമവാസികൾക്ക് പാചക വാതക കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടി ഉണ്ടാകണം.

8 പുകയില്ലാത്ത അടുപ്പ് സൗജന്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

## വാർഡ് 4

1 എല്ലാ ലക്ഷംവീടിൻെറയും അററകുററപ്പണികൾ തീർത്ത് സൗജന്യമായി വൈദ്യുതീകരിക്കണം പൂവററൂർ ലക്ഷംവീട്ടിലേക്കുള്ള തെരുവുവിളക്കുകൾ ഉപയോഗപ്രദമാക്കണം.

2 T V ജംഗ്ഷൻ മുതൽ പൈനുംമൂട് വരെയും C S I ജംഗ്ഷൻ മുതൽ അന്തമൺ പാലംവരെയും പാറയിടുക്കുഭാഗത്തും സിയോൺ കുന്ന് റോഡിലും, പൊതു ശ്മശാനറോഡിലും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പൈനുംമൂട് ജംഗ്ഷനിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുകയും ചെയ്യുക.

3 മൂലമുക്കിൽ നിന്നും കിഴക്കോട്ട് കൊച്ചുലക്ഷം വീട് വരെയുള്ള ഭാഗം വൈദ്യുതീകരിക്കുകയും ആ ഭാഗത്തുള്ള വീടുകൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ സൗജന്യമായി വൈദ്യുതീകരിച്ചു കൊടുക്കുകയും ചെയ്യുക.

4 തെരുവുവിളക്കുകളുടെ ചുമതല പഞ്ചായത്ത് ഏറെറടുത്ത് നടത്തണം.

## വാർഡ് 5

1 N S S ജംഗ്ഷൻ മുതൽ മഹാവിഷ്ണു ക്ഷേത്രം വരെയുള്ള സ്ഥലത്ത് വഴിവിളക്ക് സ്ഥാപിക്കുക.

2 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ആശാരിയഴികത്ത് ജംഗ്ഷൻസമീപവും വള്ളക്കടവ് കഴിയിൽ മുക്കിനു സമീപവും പാലക്കുഴിയിലും ഇടച്ചിറം മുക്കിനു സമീപത്തും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

3 വള്ളക്കടവ് കഴിയിൽമുക്കു മുതൽ എണ്ണക്കോളിപാലം വരെ തെരുവുവിളക്കു സ്ഥാപിക്കുക.

4 മാത്യുയോട്ടു മുക്കുമുതൽ തൊഴുവട്ടുമൂല വരെ തെരുവുവിളക്ക് സ്ഥാപിക്കുക.

5 C S I ആശുപത്രി മുതൽ അന്തമൺ റോഡുവരെയുള്ള ഭാഗത്ത് തെരുവുവിളക്ക് സ്ഥാപിക്കുക.

6 N S S ജംഗ്ഷനിൽ ഒരു ഫ്ളൂറസൻറ് ലാമ്പ് സ്ഥാപിക്കുക.

7 മാന്തുണ്ടിമുക്ക്, പാലക്കഴിമുക്ക്, മാത്യോട്ടു ജംഗ്ഷൻ, C S I ആശുപത്രിമുക്ക്, ആശാരിയഴികം മുക്ക് സെൻറതെരേസാജംഗ്ഷൻ, ഉത്തിരാൽ ജംഗ്ഷൻ, കൊട്ടറ ആഫീസ് ജംഗ്ഷൻ, ഇടച്ചിറം ജംഗ്ഷൻ, N S S ജംഗ്ഷൻ, രക്ഷാസൈന്യം പള്ളി ജംഗ്ഷൻ, പുത്തരാൽപുരയിൽ ജംഗ്ഷൻ. കുഴിയിൽ മുക്ക് എന്നിവിടങ്ങളിൽ മെർക്കറി വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

8 നിലവിലുള്ള തെരുവുവിളക്കുകൾ കത്താത്തതു മുഴുവൻ കത്തിക്കുവാൻ വേണ്ട നടപടിയെടുക്കണം.

9 കൊല്ലയ്യൂൽ ജംഗ്ഷൻ മുതൽ കിഴക്കോട്ട് NSS ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ത്രീഫെയിസ് ലൈൻപിടിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

10 N S S തലയംഗ് മുതൽ പടിഞ്ഞാറോട്ട് തെരുവുവിളക്ക് സ്ഥാപിക്കുക.

11 മുട്ടത്തു ജംഗ്ഷൻ മുതൽ ഇടവംപാട്ടവയൽ വരെയുള്ള ഭാഗത്ത് വൈദ്യുത ലൈൻ സ്ഥാപിക്കുക.

12 പുളിമൂട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് ചെമ്പഴന്തി വയൽ വരെ വഴിവിളക്ക് സ്ഥാപിക്കുക.

13 വള്ളക്കടവിൽ പുത്തൻവീട്ടിൽ വാതുക്കൽ മുതൽ കൊടുചുരയ്യൽ പാലം വരെ പുതിയ ലൈൻ പിടിക്കുകയും തെരുവുവിളക്ക് സ്ഥാപിക്കുകയും ചെയ്യുക

14 ഇടച്ചിറ ഭാഗത്തു നിന്നും വണ്ടിയാട്ടു ഭാഗത്തേക്കുള്ള ലൈൻ നീട്ടി തെരുവുവിളക്ക് സ്ഥാപിക്കുക.

15 കൊണ്ടൂരഴികം ജംഗ്ഷൻ മുതൽ ചെമ്പഴന്തി ഏലാ വരെയുള്ള റോഡിൽ നിലവിലുള്ള പോസ്ററിൽ ഒന്നിടവിട്ട് തെരുവുവിളക്ക് സ്ഥാപിക്കുക

16 വള്ളക്കടവിൽ കഴിയിൽ മുക്കിൽ നിന്നും എണ്ണക്കോളിൽ പാലം വരെയുള്ള ലൈനിൽ ഒന്നിടവിട്ട് പോസ്റ്റിൽ തെരുവുവിളക്ക് സ്ഥാപിക്കുക.

17 N S S കരയോഗം ജംഗ്ഷനിൽനിന്നും തെക്കോട്ട് ലൈനിൽ ഒന്നിടവിട്ട് തെരുവുവിളക്ക് സ്ഥാപിക്കുക.

18 ഏററിയോട്ടു മുക്കുമുതൽ തെങ്ങുംതറ ഏലായിൽ ഇറങ്ങുന്നതുവരെയുള്ള ലൈനിൽ തെരുവുവിളക്ക് സ്ഥാപിക്കുക.

19 കുഴിവിള മുക്കുമുതൽ മുട്ടത്തുവാതുക്കൽ വരെ തെരുവുവിളക്ക് സ്ഥാപിക്കുക.

20 M C റോഡിൽ L M S L P സ്കൂൾ ജംഗ്ഷൻമുതൽ സെൻറ് തെരേസാസ് U P സ്കൂൾ ജംഗ്ഷൻ വരെ തെരുവുവിളക്ക് സ്ഥാപിക്കുക.

## വാർഡ് 6 പെരുംകുളം.

### ഊർജ്ജം.

ഇരമത്തുകോണം മുതൽ പേഴാംകോട്ടുവരെയും ദേവീക്ഷേത്രം മുതൽ നീർപ്പാറവരെയും വാണിയന്നൂർ ഭാഗം മുതൽ തെക്കടത്തുഭാഗംവരെയും S D A. പള്ളി മുതൽ വള്ളക്കടവുവരെയും നാവാക്കുഴി ഇറച്ചിക്കോട്ടു റോഡിൽ ചട്ടക്കാല ഭാഗം മുതൽ ഇറച്ചിക്കോട്ടുഭാഗം വരെയും, വലിയവിള ക്ഷേത്രം മുതൽ പൂത്തൻപുര ഏലാവരെയും വാട്ടർ ടാങ്കുറോഡിൽ തെങ്ങുപണ ജംഗ്ഷൻ മുതൽ വലിയവിളഭാഗം വരെയും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പെരുംകുളം വടക്ക് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ എത്രയും വേഗം പ്രവർത്തിപ്പിക്കണം.

### ഊർജ്ജം

## വാർഡ് 7 വെണ്ടാർ

### പുതുതായി ഇലക്ട്രിക് ലൈനുകൾ സ്ഥാപിക്കേണ്ടത്.

1 ആററുവാക്കോണം ഭാഗം
2 മല്ലമൺകാലാ ഭാഗം
3 പൊങ്ങൻപാറ, പനംകുന്ന് ഭാഗം
4 പാറക്കഴി ഭാഗം

തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടത്

1 റേഷൻ കടമുതൽ മുന്തിക്കാലാഭാഗംവരെ
2 അരൂർഭാഗം മുതൽ ശങ്കരൻപിള്ളയിൽ ഭാഗം വരെ
3 കല്ലുംമൂടുഭാഗം മുതൽ വെട്ടുവേലി ഭാഗംവരെ
4 കോളത്തുണ്ടുമുക്കുമുതൽ തൈവിള ഭാഗം വരെ

## വാർഡ് 8 പുവററൂർ പടിഞ്ഞാററ്.

### ഊർജ്ജം.

### പുതുതായി സ്ഥാപിക്കേണ്ട വൈദ്യുതി ലൈനുകളും വഴിവിളക്കുകളും

1 പറങ്കിമാംവിള കരക്കോട് ഏലാഭാഗത്തേക്ക്
2 കീരിക്കൽഭാഗം മുതൽ അംബേദ്കർ ജംഗ്ഷൻ വരെ.

3 പ്ലാമല ചാങ്ങയിൽമുക്ക് (ഹരിജൻ കോളനി)

4 നെല്ലിവിള ജംഗ്ഷൻ ആത്രക്കോട് ജംഗ്ഷൻ.

5 P H C ജംഗ്ഷൻ ആനപ്പാറ മണ്ണടി റോഡ്.

6 തച്ചൻമുക്ക് കച്ചേരിമുക്ക് റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

പൂവററൂർ ജംഗ്ഷനിൽ 6 ററ്യൂബുലൈററുകളും മലപ്പാറ ജംഗ്ഷൻ, പാലമുക്ക്, ചാങ്ങയിൽ ജംഗ്ഷൻ വിളറിത്തറ ക്ഷേത്രം ജംഗ്ഷൻ, പ്ലാമല ജംഗ്ഷൻ, പാത്തല മൂന്നുമുക്ക്, കാരോട്ടുമുക്ക് ആലുംകുന്ന് ക്ഷേത്രം ജംഗ്ഷൻ, പറങ്കിമാംവിള ജംഗ്ഷൻ, അറപ്പുര ജംഗ്ഷൻ, പാത്തലതോട്ടശേരിഭാഗം എന്നിവിടങ്ങളിൽ ററ്യൂബുലൈററുകളും തെരുവുവിളക്കുകൾ പ്രവർത്തിക്കാത്ത സ്ഥാനത്ത് പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

മലപ്പാറ, പാത്തല ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.

കൊട്ടാരക്കര കേന്ദ്രമാക്കിയുള്ള പാചകവാതക ഏജൻസിയുടെ പരിധിയിൽ കുളക്കട പഞ്ചായത്തിനേയും ഉൾപ്പെടുത്താൻ നടപടി എടുക്കുക.

ആവശ്യക്കാർക്കെല്ലാം മണ്ണെണ്ണ പെർമിററ് അനുവദിക്കുവാൻവേണ്ട നടപടി സ്വീകരിക്കുക.

പൂവററൂർ കേന്ദ്രമാക്കി പോസ്ററാഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുക.

## വാർഡ് 9 മാവടി.

### ഊർജ്ജം

### പുതുതായി സ്ഥാപിക്കേണ്ട വൈദ്യുതി ലൈനുകളും വഴിവിളക്കുകളും

1 പുത്തൂർ ഏനാത്ത് റോഡിൽ ഒന്നിടവിട്ട പോസ്ററുകളിൽ ററ്യൂബുലൈററുകൾ സ്ഥാപിക്കുക

2 പഞ്ചായത്തിലെ പ്രധാന കവലകളിൽ $M$ $V$ ലാമ്പ് സ്ഥാപിക്കുക

3 മാവടിമുതൽ തോണ്ടലിൽ ഭാഗം വരെ വൈദ്യുതി ലൈൻ സ്ഥാപിക്കുകയും വഴിവിളക്കു സ്ഥാപിക്കുകയും ചെയ്യുക.

4 മേലൂട്ട് ജംഗ്ഷൻ മുതൽ കുറവാം വയൽവരെയുള്ള ഭാഗത്ത് വൈദ്യുതി ലൈൻ സ്ഥാപിക്കുക

5 പാറവിള കോളനി വൈദ്യുതീകരിക്കുക.

6 വില്ലേജാഫീസിൽനിന്നും ഓഞ്ചൽക്കുളം ഏലായിലേക്ക് ഇറങ്ങുന്ന ഭാഗത്ത് ററ്യൂബ്‌ലൈററ് സ്ഥാപിക്കുക.

7 നിലവിലുള്ള എല്ലാതെരുവുവിളക്കുകളും പ്രവർത്തനക്ഷമമാക്കുക.

8 മാവടിനിവാസികൾക്ക് കറണ്ടു ചാർജജ് അടക്കുവാൻ ഒരു കൗണ്ടർ സ്ഥാപിക്കുക.

9 കാഞ്ഞിരംവിള ജംഗ്ഷൻ മുതൽ തച്ചൻമുക്കുവരെയുള്ള റോഡിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക.

10 തുഞ്ചൻ നഗർ ലക്ഷം വീട്ടിൽ ഒരു ട്യൂബ് ലൈററ് സ്ഥാപിക്കുക.

## വാർഡ് 10 പുത്തൂർ മൈലംകുളം

### ഊർജ്ജം.

താഴെപ്പറയുന്ന ജംഗ്ഷനുകളിൽ $M$ $V$ ലാമ്പുകൾ സ്ഥാപിക്കണം.

1 പുത്തൂർ മണ്ഡപം, പുത്തൂർചന്ത, മൈലംകുളം അഞ്ചരണ്ടിൽ ജംഗ്ഷൻ ചുങ്കത്തറ (കല്ലുംമൂട്) മൈലംകുളം റേഡിയോ ജംഗ്ഷൻ പുത്തൂർ ബഥനി ആശുപത്രി ജംഗ്ഷൻ.

വാർഡിലെ എല്ലാ പൊതു വഴികളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.

താഴെപ്പറയുന്ന ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മൈലംകുളം, വെണ്ടാർ, ചുങ്കത്തറ, പുത്തൂർ കുരിയാപ്ര, കതിരവൻകുന്ന്.

അൽഫോൻസ് കശുവണ്ടി ഫാക്ടറിക്കു കിക്കുഭാഗം വൈദ്യുതീകരിക്കണം.

### പബ്ളിക്ക് മാർക്കററ്

പുത്തൂർ ചന്തക്കു സമീപം ഓട്ടോ ടാക്സി സ്ററാൻററ് നിർമ്മിക്കണം.

മത്സ്യമാർക്കററിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

ചന്തയിലെ പിരിവ് നിരക്കു സംബന്ധിച്ച് നോട്ടീസ് ബോർഡ് പുനർസ്ഥാപിക്കണം.

ചന്തയിലെ അളവുതൂക്ക ക്രമക്കേടുകൾക്ക് അടിയന്തിര പരിഹാരമുണ്ടാകണം.

കശുവണ്ടി ഫാക്ടറി, ഹോട്ടലുകൾ, മററു വ്യാപാര സ്ഥാപനങ്ങൾ, ചന്ത എന്നിവിടങ്ങളിലെ മലിനജലം പൊതുനിരത്തുകളിലേക്ക് ഒഴുക്കി വിടുന്നതും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും നടപടി ഉണ്ടാകണം.

## വാർഡ് 11 ആററുവാശേരി

വൈദ്യുതി ഇനിയും എത്തിച്ചേർന്നിട്ടില്ലാത്ത കാഞ്ഞിരംവിള കുരിശടി ഭാഗം മുതൽ കുമ്പഴച്ചിറ ഭാഗത്തേക്കും ഏരപ്പൻതോട് കരാൽ ജംഗ്ഷൻ, പെരിഞ്ഞേലിഭാഗം, മൈലംകുളം കുന്നത്തഴികത്തുഭാഗം, തോട്ടപ്പള്ളിഭാഗം ചരിപ്പുറത്ത്,

കിണററുവിളഭാഗം എന്നിവിടങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

പൂത്തൂർ ആററുവാശ്ശേരി മഠത്തിനാപുഴ റോഡിലും, ആററുവാശേരി റേഷൻകട ജംഗ്ഷൻ രുധിര ഭയങ്കരി ദേവീക്ഷേത്രം, എരപ്പൻതോട് ആററുവാശേരി സ്ക്കൂൾജംഗ്ഷൻ, മൈലംകുളം കോമളത്തുജംഗ്ഷൻ, കുരിയാപ്ര എന്നീ പ്രദേശങ്ങളിലേക്കുള്ള വഴികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

തെങ്ങോലികടവിൽ റ്റ്യൂബ് ലൈററ് സ്ഥാപിക്കുകയും ശാസ്താക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തേക്കുള്ള വഴിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

## വാർഡ് 12 താഴത്തുകുളക്കട ഊർജ്ജം

### വലിയ മഠത്തിൽ കടവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം

കോനേലിൽ മുക്കുമുതൽ ആലപ്പുറത്തുകടവ് വരെയും ആലപ്പുറത്തു മുക്ക് മുതൽ പ്ലാക്കോട്ടുമുക്കുവരെയും വൈദ്യുതിലൈൻ സ്ഥാപിക്കണം

പുതിയിടത്തു ക്ഷേത്രം മുതൽ തേവർ കടവ് നമ്പ്യാർ കടവ് ഭാഗത്തേക്കും കൊച്ചുമുളക്കച്ചേരിത്തു മുക്കുമുതൽ വടക്കോട്ടും കളീക്കൽ മുക്കുമുതൽ കച്ചോട്ടു വരെയും കുളത്തിൽ വാതുക്കൽ മുതൽ കണ്ടുംതോട് ഏലാവരെയും പൂക്കുന്നിൽ മുക്കുമുതൽ ഇളനാട്ടുമുക്ക് വരെയും മഠത്തിനാപ്പുഴ തുണ്ടത്തിൽമുക്കുമുതൽ പ്ലാംകുളം ചിറവരെയും വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ചെട്ടിയാരഴികത്ത്കടവ് ക്ഷേത്രമൈതാനം വലിയമഠത്തിൽ മുക്ക് തട്ടാരുമുക്ക് എന്നിവിടങ്ങളിലും മഠത്തിനാപുഴ ബണ്ടിന്റെ വശങ്ങളിലും റ്റ്യൂബുലൈററുകൾ സ്ഥാപിക്കണം. ഉടയാം മുററത്തു ജംഗ്ഷൻ തേവരുകടവ് താഴത്തു മഠത്തിൽ കടവ് എന്നിവിടങ്ങളിലും റ്റ്യൂബ് ലൈററുകൾ സ്ഥാപിക്കേണ്ടതാണ്.

തട്ടാരുമുക്കു മുതൽ ശാസ്താമംഗലത്ത് ഏലാ വരെയും തട്ടാരുമുക്കുമുതൽ ഇടവഴി കടവുവരെയും പുതുതായി വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

പ്രവർത്തന രഹിതമായി കിടക്കുന്ന എല്ലാ തെരുവുവിളക്കുകളും പുനർസ്ഥാപിക്കണം.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ശാസ്താംകോട്ട സബ് സ്റേറഷനിൽ നിന്നുമുള്ള 11 K V വൈദ്യുതലൈൻ താഴത്തുകുളക്കടവച്ച് കൊട്ടാരക്കരനിന്നുമുള്ള 11 K V ലൈനുമായി സന്ധിപ്പിക്കുകയും കാലപ്പഴക്കംച്ചെന്ന ലൈനുകൾക്കു പകരം പുതിയവ സ്ഥാപിക്കുകയും ലൈനുകളിൽ തട്ടിക്കിടക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്തും ആവശ്യാനുസരണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യണം.

കുളക്കട പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് പാചക വാതകം ലഭിക്കത്തക്ക രീതിയിൽ വിതരണ ഏജൻസികളുടെ സേവനം ലഭ്യമാക്കുകയും സാധ്യമായ വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചും പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിച്ചും സോളാർ വൈദ്യുത പ്ലാൻറുകൾ സ്ഥാപിച്ചും ഊർജ്ജ പ്രതിസന്ധി പരിഹരിക്കാവുന്നതാണ്.

# VII

# പാർപ്പിടവും സാമൂഹിക ക്ഷേമവും

## പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രഥമ ഗണനീയമർഹിക്കുന്ന ഒന്നാണ് പാർപ്പിടം. കൂട്ടുകുടുംബ സമ്പ്രദായം അവസാനിക്കുകയും, ജനസാന്ദ്രതയും, ജനപ്പെരുപ്പവും, വർദ്ധിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പാർപ്പിട നിർമ്മാണ രംഗത്ത് വമ്പിച്ച കുതിച്ചു കയററം നടക്കുകയാണ്. ഒപ്പം തന്നെ ഈ രംഗം, പഞ്ചായത്തിലാകെ പരിശോധിച്ചാൽ പ്രതിസന്ധിയിലുമാണ്. 1995 ലെ കണക്കനുസരിച്ച് 7677 കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ ആവശ്യ സൗകര്യങ്ങളുള്ള കുടുംബങ്ങൾ ഏതാണ്ട് 30% മാത്രമാണ്. നിലവിലുള്ള വീടുകളിൽ 25% കുടിലുകളാണ്. ഈ കുടിലുകളിൽ അധിവസിക്കുന്ന ഈ വിഭാഗങ്ങളിൽ ഏററവും കൂടുതൽ മററു പിന്നോക്ക സമുദായക്കാരായ നിർധനരാണ്. ഓലമേഞ്ഞതും, ഓലകൊണ്ടോ, കളിമണ്ണുകൊണ്ടോ, ഉള്ള ഭിത്തിയിൽ നിർമ്മിച്ചിട്ടുള്ളതോ ആയ ഭവനങ്ങളെയാണ് കുടിലുകളായി കണക്കാക്കുന്നത്. ശുചിത്വ പരിപാലന സൗകര്യം, ശുദ്ധജല ലഭ്യത തുടങ്ങിയവ ഉൾപ്പെടെ യാതൊരു സൗകര്യങ്ങളും ഈ കുടിലുകളിൽ അധിവസിക്കുന്നവർക്കില്ല. മററുള്ളവയിൽ 90% വീടുകളും ഓടിട്ടതാണ്. കഷ്ടിച്ച് ഓടുമേഞ്ഞിട്ടുണ്ട് എന്നു ഒഴിച്ചാൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറഞ്ഞവയാണ് ഈ വീടുകളിൽ 75% വും ഐ. എ. വൈ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പുനരാധിവാസ ഭവന നിർമ്മാണ പദ്ധതി, പട്ടിക ജാതി പട്ടികവർഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പ് എന്നീ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ, അവസാനിക്കുന്ന പഞ്ചവൽസര പദ്ധതിക്കാലത്ത് 100 ഓളം വീടുകൾ മാത്രമാണ് പട്ടിക ജാതി/വർഗ വിഭാഗത്തിനും, മററുള്ളവർക്കുമായി മൊത്തത്തിൽ നിർമ്മിച്ചത്. ഈ സ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് ഗവൺമെൻറ് നടത്തിവരുന്ന പ്രവർത്തനം തൃപ്തികരമല്ലാത്ത അവസ്ഥയാണ്. പഞ്ചായത്തിലെ പൊതു സ്ഥിതി പരിശോധിച്ചാൽ 1500 വീടുകൾ പുതുതായി നിർമ്മിച്ചുനൽകേണ്ട സാഹചര്യം നിലവിലുണ്ട്. നിലവിലുള്ള വീടുകളിൽ തന്നെ ലക്ഷം വീടുകൾ ഉൾപ്പെടെ 50% വീടുകളും അററകുററ പണി നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. 5 ലക്ഷം വീടുകളിലും, ഹരിജൻ കോളനികളിലുമായി നിർമ്മിച്ചിട്ടുള്ള പലവീടുകളും വാസയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. ഒപ്പം തന്നെ സാനിറററി സൗകര്യങ്ങൾ, ജലവിതരണ സംവിധാനം തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങളൊന്നും ഈ കോളനികളിലില്ല. നിലവിൽ വീടില്ലാത്ത കുടുംബങ്ങൾ മുഴുവനും സ്വന്തമായി വീടു നിർമ്മിക്കുന്നതിനു ശേഷിയില്ലാത്ത നിർധനരാണ്.

പഞ്ചായത്തിൽ നിലവിൽ ഹൗസിംഗ് സൊസൈററികളൊന്നും തന്നെ നിലവിലില്ല.

പാർപ്പിട നിർമ്മാണ രംഗത്ത് കോൺക്രീററ് കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത വ്യാപകമായുണ്ട്. പരമ്പരാഗത രീതിയിൽ പ്രത്യേകിച്ച് വാസ്തു ശില്പ മാതൃകയിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആരും തന്നെ മുതിർന്നു കാണുന്നില്ല. ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണവും നടന്നു കാണുന്നില്ല.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് നിർമ്മാണ സാമഗ്രികളായ ചുട്ടഇഷ്ടിക, സിമെൻറു കട്ടകൾ, ഓട് എന്നിവ ആവശ്യത്തിന് ലഭ്യമുണ്ടാകുന്നുണ്ടെങ്കിലും വില വർദ്ധനവ് മൂലം ചിലവ് കുറെയാണ്. പഞ്ചായത്തിൽ നാടൻ ചുടുകട്ട നിർമ്മാണശാലകൾ ധാരാളമുണ്ടെങ്കിലും ദൗർലഭ്യം വളരെ കൂടുതലാണ്. വീടുകൾക്കു ചുററും സമ്പന്നർ മതിലുകൾ കെട്ടി മറ സൃഷ്ടിക്കുമ്പോൾ മററുള്ളവർ യാതൊന്നും തന്നെ ചെയ്തു കാണുന്നില്ല. ജൈവവേലികൾ തുടങ്ങിയവയിലുള്ള അറിവൊ പ്രചാരമൊ നാട്ടിലില്ലതന്നെ.

കെട്ടിട നിർമ്മാണ രംഗത്ത് പണിയെടുക്കുന്നവർ ധാരാളമുണ്ടെങ്കിലും, ആവശ്യത്തിന് തൊഴിലാളികളെയോ, സാങ്കേതികജ്ഞാനമുള്ളവരെയോ ലഭിക്കാത്തതിനാൽ ഇവരുടെ കൂലി വളരെ വർദ്ധിച്ചിരിക്കുകയാണ്. ആകെയാൽ നിർമ്മാണ ചെലവും വർദ്ധിക്കുന്നു. നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന സ്ത്രീക്കും, പുരുഷനും നൽകുന്ന കൂലി വളരെ വ്യത്യസ്തമാണ്. പുരുഷതൊഴിലാളിക്ക് മേശിരി 140 രൂപ മൈക്കാട് 100 രൂപ തടിപണി 150 രൂപ എന്നിങ്ങനെ ആണെങ്കിൽ, സ്ത്രീ തൊഴിലാളിക്ക് 75 രൂപ മാത്രമാണ് കൂലി നിരക്ക്. ഈ നിരക്ക് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഇരട്ടിച്ചിട്ടുണ്ട്. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ പഞ്ചായത്തിൽ ധാരാളമുണ്ട്. പ്രവർത്തനം തൃപ്തികരവുമാണ്. വീടുകളുടെ നിർമ്മാണരംഗത്ത് കോൺട്രാക്ട്

സമ്പ്രദായം സമ്പന്നരുടെ ഇടയിൽ കൂടുതലാണെങ്കിലും, നിർദ്ധനരുടെ ഇടയിൽ വളരെ കുറവാണ്.

## പ്രശ്നങ്ങൾ

1 സർക്കാർ കാലാകാലങ്ങളിൽ ഭവന നിർമ്മാണ രംഗത്ത് ചിലവഴിക്കുന്ന തുക അപര്യാപ്തമാണ്.

2 വീടുകൾ നിർമ്മിക്കുന്നതിനായി ഇപ്പോൾ വിവിധ പദ്ധതികളിൽ നൽകിവരുന്ന തുക പരിമിതമാണ്

3 ഭവനനിർമ്മാണ രംഗത്ത് വായ്പ ലഭിക്കുന്നതിന് പഞ്ചായത്തിൽ യാതൊരു സൗകര്യങ്ങളും നിലവിൽ ഇല്ലാത്തതും വായ്പയ്ക്കായി ഹൗസിങ്ങ് ബോർഡ് തുടങ്ങിയവയെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന നൂലാമാലകളും

4 സാധന സാമഗ്രികളുടെ വിലക്കയററവും കൂലി വർദ്ധനവും

5 ദുർവ്യയമില്ലാത്ത വീടുകൾ, മററിതര സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഈ രംഗത്ത് വൈദഗ്ദ്യം നേടിയില്ലാത്തവരുടെ അഭാവം.

6 റോഡ് സൈഡുകളിൽ പ്രത്യേകിച്ച് ജംഗ്ഷനുകളോടനുബന്ധിച്ചുള്ള വീടുകളുടെ മുൻവശം ഓടുകൾ പോലും നിർമ്മിക്കുന്നതിന് സൗകര്യം ഇല്ലാത്ത തരത്തിലും, ഭാവിയിൽ വികസനം അപ്രാപ്യമാക്കി കൊണ്ട് കെട്ടി ഉയർത്തുന്ന മതിലുകളും, ഒഴുക്കി വിടുന്ന മലിന ജലവും, നിക്ഷേപിക്കുന്ന മാലിന്യങ്ങളും, പരിസര മലിനീകരണം സൃഷ്ടിക്കുകയും, ശുചീകരണ പ്രക്രീയയെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

## സാധ്യതകൾ

1 വീടുകളുളെ നിർമ്മാണരംഗത്ത് വായ്പാ ലഭ്യമാകുന്ന തരത്തിൽ പഞ്ചായത്തിൽ ഹൗസിങ്ങ് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ശാശ്വത പരിഹാരം തേടാവുന്നതാണ്.

2 നാടൻ ഇഷ്ടികയും മററും കുറഞ്ഞ ചിലവിൽ നിർമ്മിക്കുന്നതിനും, മററിതര സാമഗ്രികൾ (റബ്ബർ മരങ്ങൾ തുടങ്ങിയവ പ്രത്യേക രീതിയിൽ ഉള്ള പ്രോസസിങ്ങ് നടത്തി) വില കുറഞ്ഞ് കിട്ടുന്ന തരത്തിൽ നിർമ്മിക്കുന്നതിനുള്ള ഫാക്ടറികളും സ്ഥാപിക്കാവുന്നതാണ്.

3 നിർമ്മിതി കേന്ദ്രയുടെ സഹകരണത്തോടെ ചിലവ് കുറഞ്ഞ ഭവന നിർമ്മാണത്തിന് ആവശ്യമായ വിദഗ്ദരെ സൃഷ്ടിക്കുന്നതിന് നിലവിലുള്ള തൊഴിലാളികളെയും യുവജനങ്ങളെയും അയച്ച് പരിശീലിപ്പിക്കുകയും അതുവഴി സാങ്കേതിക വൈദഗ്ദ്യവും ചിലവു കുറഞ്ഞ നിർമ്മാണ രീതിയും സാർവത്രികമാക്കുകയും ചെയ്യുക

4 ഭവന നിർമ്മാണ രംഗത്ത് നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം സുതാര്യമാക്കുകയോ, പരിഷ്കരിക്കുകയോ ചെയ്യുക.

5 നിലവിലുള്ള പോലെ ഭൂരഹിതർക്കും, നിർദ്ധനർക്കും പ്രയോജനം ചെയ്യുന്ന തരത്തിൽ പഞ്ചായത്ത് നേരിട്ട് ഭൂമി വാങ്ങി 4 സെൻറ് സ്ഥലം വീതം ഓരോ കുടുംബത്തിനും നൽകി ഭവന നിർമ്മാണ സഹായം മററുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകി സഹായം വർദ്ധിപ്പിക്കാവുന്നതാണ്.

6 ചിലവ് കുറഞ്ഞതും, എന്നാൽ ഉപയോഗപ്രദവും ചുററുപാടുകൾക്കനുസൃതമായ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന തരത്തിൽ വൻതുക ചിലവാക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തി ചിലവേറിയ കെട്ടിട നിർമ്മാണം നിരുൽസാഹപ്പെടുത്താവുന്നതാണ്.

7 പരമ്പരാഗത വാസ്തുശില്പ മാതൃകകളിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ, പ്രത്യേകിച്ച് പഞ്ചായത്തിൽ ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു സ്ഥാപനങ്ങൾ കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നത് മാതൃകകളാക്കി നിലനിർത്താൻ കഴിയും. ചിലവേറിയവയെങ്കിലും, വാസ്തു ശില്പ മാതൃകാ സ്വീകരിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി നിർമ്മാണം പ്രോത്സാഹിപ്പിക്കുവുന്നതാണ്.

8 കെട്ടിടങ്ങളുടെ അററകുററപ്പണികൾ കാലാകാലങ്ങളിൽ തീർക്കുന്നതിന് ഉതകുമാറുള്ള സംഘങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ഇവയുടെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ ഒരു കൂട്ടം ചെറുപ്പക്കാരെ പരിശീലനം നൽകി നിയോഗിക്കാവുന്നതാണ്. ഇത് തൊഴിലില്ലായ്മക്കൊരു പരിഹാരവും യുവാക്കളിൽ സേവന താൽപരത വളർത്തിയെടുക്കുന്നതിന് ഉപകരിക്കുകയും ചെയ്യും.

9. പൊതുവായി ഒരു പ്രത്യേക വിഭാഗം ആളുകളോ, മറ്റേതെങ്കിലും തരത്തിൽ കൂട്ടായോ ഒരു പ്രദേശത്ത് അധിവസിച്ചുവരുന്നവർക്കായി കോളനികൾ നിർമ്മിക്കുന്നതിന് ആ പ്രദേശങ്ങളുടെ വികസനത്തിനും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സാമൂഹിക സാമ്പത്തിക നിലവാരം ഉയർത്തുന്നതിനും ഉതകുന്ന ആസൂത്രിത പരിപാടികൾ നടപ്പാക്കാവുന്നതാണ്.

10. കാർഷിക മേഖലയിൽ, പ്രത്യേകിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കത്തക്ക തരത്തിൽ വീടിനുചുറ്റും സ്വന്തമായുള്ള സ്ഥല, മതിലുകെട്ടിതിരിക്കുന്നതിനുപകരം മധുരകീര, മുരിങ്ങ തുടങ്ങിയവ വേലിക്കുറ്റികളായി നട്ടുവളർത്തി അവയിൽ, കോവൽ, പാവൽ, പടവലം തുടങ്ങിയവ പടർത്തിവിട്ടാൽ വേലിയുമാകും, പച്ചക്കറിയും കിട്ടും. ഒപ്പംതന്നെ അടുക്കളയിൽ നിന്നും മറ്റും ഉപയോഗശൂന്യമായി ഒഴിവിടുന്ന മലിനജലം ഈ ചെടികൾക്ക് ജലസേചനത്തിനായി ഉപയോഗപ്പെടുത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ജൈവവേലികൾ നാട്ടിൽ പ്രചാരത്തിൽവരുത്തുന്നതിനാവശ്യമായ പ്രചാരണ–ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതും, ഈ പ്രവർത്തനങ്ങൾക്ക് തയ്യാറാകുന്നവരെ പങ്കെടുപ്പിച്ച് മത്സരങ്ങളും, മറ്റും നടത്തി വിജയികൾക്ക് സമ്മാനങ്ങളും നൽകാവുന്നതാണ് ആധുനിക ജൈവ സാങ്കേതിക വിദ്യയും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹിക ക്ഷേമരംഗത്ത്, ആരോഗ്യം, ശുചിത്വം തുടങ്ങി വിവിധ മേഖലകളിൽ നാം വളരെ മുൻപിലാണെങ്കിലും നാട്ടിലിന്നും ദാരിദ്ര്യം നിലനിൽക്കുന്നുവെന്നത് സുവിതർക്കിതമാണ്. തൊഴിലില്ലായ്മയും സാമ്പത്തിക അസമത്വവും നിലനിന്നുവരുന്ന ഒരു പ്രതിഭാസമായിക്കഴിഞ്ഞു. ഗവൺമെന്റ് കാലാകാലങ്ങളിൽ, മുഖ്യമായും സാമൂഹ്യക്ഷേമ രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്

1992-ലെ IRDP സർവ്വേയും, 1995-ലെ അഡീഷണൽ സർവ്വേയും പ്രകാരം പഞ്ചായത്തിലൊട്ടാകെ 2715 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കിയിരിക്കുന്നു. വിശദമായ ചിത്രം ചുവടെ ചേർക്കുന്നു.

## ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വിവരം

| വാർഡ് നമ്പർ. | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 325 | 35 | 35 | 26 | 4 | 321 |
| 2 | 175 | 11 | 14 | 5 | 2 | 173 |
| 3 | 240 | 53 | 8 | 5 | 1 | 239 |
| 4 | 210 | 24 | 21 | 6 | 3 | 207 |
| 5 | 355 | 55 | 15 | 7 | 2 | 353 |
| 6 | 241 | 23 | 19 | 10 | 2 | 239 |
| 7 | 306 | 38 | 20 | 12 | 4 | 302 |
| 8 | 205 | 16 | 26 | 8 | 3 | 202 |
| 9 | 185 | 14 | 21 | 5 | 2 | 183 |
| 10 | 297 | 46 | 17 | 10 | 5 | 292 |
| 11 | 208 | 90 | 33 | 25 | 4 | 204 |

ഈ പഞ്ചായത്തിൽ കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന കുടുംബങ്ങൾ ധാരാളമാണ്. സീസൺവിളകളാണ് അധികവുമെന്നതുകൊണ്ട് സ്ഥിരമായ തൊഴിൽ ഈ മേഖലയിൽ കിട്ടുന്നില്ല. റബ്ബർ ടാപ്പിംഗ്, തുടങ്ങിയുള്ള ജോലികളിലാണ് പലരും ഏർപ്പെട്ടിരിക്കുന്നത്. ഈ രംഗത്ത് കൂലി നിരക്ക് വളരെ കുറവാണ്. കശുവണ്ടി ഫാക്ടറികൾ പലതും പഞ്ചായത്തിലുണ്ട്. ചൂഷണം, മുതലാളിത്തം എന്നിവയുടെ അതിപ്രസരം മൂലം ഈ രംഗത്തും സ്ഥിരജോലി കിട്ടുന്നുവെന്ന് പറയുക വയ്യ. ഈ ദാരിദ്ര്യ മേഖലയിൽ ഒരുവർഷം 50–ൽപ്പരം കുടുംബങ്ങൾക്ക് I.R.D.P. സഹായം ലഭ്യമാകുന്നുണ്ടെങ്കിലും അവരിൽ 4, 5 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യരേഖ തരണം ചെയ്യുന്നത്. കഴിഞ്ഞ പദ്ധതി കാലയളവിൽ 200ൽ പരം കുടുംബങ്ങളെ I. R. D. P. യും, അനുബന്ധ പരിപാടിയായ D. W. C. R. A. യും മുഖേന സഹായിച്ചിട്ടുണ്ട്. I. R. D. P. യുടെ അനുബന്ധ പരിപാടിയായി നടത്തിവരുന്ന ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയിൻ കീഴിൽ വളരെ കുറച്ച് കുടുംബങ്ങളെ മാത്രമേ സഹായിക്കുന്നതിന് കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിൽ മൊത്തം 4 യൂണിറ്റുകളാണ് നിലവിലുള്ളത്. ഈ യൂണിറ്റുകളിൽ പലതും തൃപ്തികരമായി പ്രവർത്തിച്ചുകാണുന്നില്ല. ഇത്തരം യൂണിറ്റുകൾ ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം അവരുടെ സാമൂഹിക, സാമ്പത്തിക നിലവാരം ഉയർത്തുന്നതിന് ഉപകരിക്കുന്നതാണ്.

18 നും 35 നും മധ്യേ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക തൊഴിൽ പരിശീലനവും തുടർന്ന് വായ്പയും, ധനസഹായവും നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്തുവരുന്ന ട്രൈസം പദ്ധതിയിൻകീഴിൽ അവസാനിക്കുന്ന പദ്ധതിക്കാലത്ത് 40 ന് താഴെ ആളുകൾക്ക് മാത്രമേ സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുള്ളൂ. മിക്കവരും തന്നെ സ്വയം തൊഴിൽ കണ്ടെത്താതെ മററ് മേഖലകളിലേയ്ക്ക് തിരിഞ്ഞുപോയവരോ, കൂലിവേലയ്ക്ക് മററുള്ളവരുടെ കൂടെ നിൽക്കുന്നവരോ മാത്രമായി എന്നത് ഈ പരിപാടിയുടെ പരാജയമായി കാണാം.

വിവിധ വകുപ്പുകൾ നടപ്പാക്കി വരുന്ന വിവിധ സഹായ പദ്ധതികൾ അർഹതയുള്ള പലർക്കും ലഭിക്കുന്നില്ല എന്നതാണ് വസ്തുത. പലരും ഈ പദ്ധതികളെ/സഹായങ്ങളെ സംബന്ധിച്ച് അറിവില്ലാത്തവരാണ് എന്നതാണ് ഇതിനുള്ള പ്രധാന കാരണം. പഞ്ചായത്തിലാകെ 118 പേർക്ക് വിധവാപെൻഷനും, 58 പേർക്ക് വാർദ്ധക്യകാല പെൻഷനും, 121 പേർക്ക് വികലാംഗ പെൻഷനും, 540 പേർക്ക് തൊഴിലില്ലായ്മ വേതനവും വിവിധ വകുപ്പുകൾ വഴി നൽകിവരുന്നു. നിരവധി പേരുടെ അപേക്ഷ നിലവിൽ തീരുമാനമാകാതെ ഈ വകുപ്പുകളിൽ ഉണ്ട്.

മുകളിൽ പറഞ്ഞ ധനസഹായം ലഭിക്കുന്നവരെല്ലാം തന്നെ പൂർണ്ണമായും അതിനർഹരാണ്. എന്നാൽ അർഹതയുള്ളവരിൽ തന്നെ 50 % പേർക്കുമാത്രമേ ഇത്തരം സഹായങ്ങൾ ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പു വഴി, വികലാംഗർക്കുള്ള യാത്രാ ബത്ത, വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്, തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്, വികലാംഗ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കുള്ള സഹായം തുടങ്ങി ഒട്ടനവധി സഹായങ്ങൾ വികലാംഗർക്ക് നൽകി വരുന്നു.

സംയോജിത ശിശുവികസന പരിപാടി നടപ്പിലാക്കിയിട്ടുള്ള ബ്ലോക്കിലുൾപ്പെട്ട പഞ്ചായത്താകയാൽ 32 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. ഈ അംഗൻവാടികൾ വഴി ഗർഭിണികൾക്കും, കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവയ്പുകൾ, കുട്ടികൾക്കും ഒപ്പം സ്ത്രീകൾക്കും മാനസിക വളർച്ചയുതകുന്ന വിവിധ പരിപാടികളും നടപ്പാക്കി വരുന്നു.

ഗ്രാമവികസനത്തിലൂടെ സാമൂഹിക ക്ഷേമരംഗത്ത് ഒട്ടനവധി പരിപാടികളും, പദ്ധതികളും നടപ്പാക്കി വരുന്ന ഗ്രാമ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമായി തുടരുന്നു.

# ഗ്രാമ വികസന വകുപ്പ് നടത്തിവരുന്ന ക്ഷേമ പ്രവർത്തനം ഒരവലോകനം

## പദ്ധതികൾ — പരിപാടികൾ

### 1. സംയോജിത ഗ്രാമ വികസന പരിപാടി (I R D P)

ദാരിദ്ര്യനിർമ്മാർജനംഎന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ തുല്യതോതിൽ ചെലവു പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പരിപാടിയാണ് ഐ. ആർ. ഡി. പി. സ്വയംതൊഴിൽ സംരംഭങ്ങൾഏറ്റെടുത്തുകൊണ്ട് ദാരിദ്ര്യരേഖ തരണംചെയ്യാൻ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ഗ്രാമീണകുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്ക് വരുമാനക്ഷമമായആസ്തിയും നിക്ഷേപവുംനൽകിവരുമാനം വർദ്ധിപ്പിക്കുകയാണ് പരിപാടിയിലൂടെ വിഭാവനം ചെയ്യപ്പെടുന്നത്.

11000 രൂപയിൽ താഴെവാർഷിക വരുമാനമുള്ള കുടുംബങ്ങളെദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരായി കണക്കാക്കി അവരിൽ ഏററവും പാവപ്പെട്ടവരെ ആദ്യം സഹായിക്കുക എന്ന മാനദണ്ഡത്തിൽ അങ്ങനെയുള്ള കുടുംബങ്ങളെ തിട്ടപ്പെടുത്തുന്നതിന് വിശദമായ കുടുംബ സർവ്വേ നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഇത്തരത്തിൽ 1992, 1995 വർഷങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം പഞ്ചായത്തിൽ 2715 കുടുംബങ്ങളെ തെരഞ്ഞെടുത്ത് വായ്പയും ധനസഹായവും നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ജീവനോപാധികൾ ആടുമാടുകളാണെങ്കിൽ അവയ്ക്ക് ഇൻഷുറൻസ് ആനുകൂല്യം നൽകിവരുന്നു. 60 വയസ് തികയാത്ത എല്ലാഗുണഭോക്താക്കളെയും 5 വർഷക്കാലത്തേയ്ക്ക് (വായ്പാതിരിച്ചടവ് കാലയളവ്) ഇൻഷുറൻസ് സംരക്ഷണം നൽകുന്നു. ഗുണഭോക്താവ് മരണപ്പെട്ടാൽ സ്വാഭാവികമാണെങ്കിൽ 5000 രൂപയും അപകടമാണെങ്കിൽ 10,000 രൂപയും ഇത്തരത്തിൽ ആശ്രിതർക്ക് നൽകിവരുന്നു. ഈ പഞ്ചായത്തിൽ പ്രതിവർഷം 50 കുടുംബങ്ങളെ I.R.D.P. മുഖേന സഹായിച്ചു വരുന്നു.

#### കൈത്തൊഴിലുപകരണ വിതരണ പരിപാടി (R. A. P.)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്നതും, വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പരിപാടിയാണിത്, 4500 രൂപവരെ ഈ പരിപാടിയിൻ പ്രകാരം ധനസഹായം നൽകുന്നു. I. R. D. P. ലിസ്റ്റിലുൾപ്പെട്ട കുടുംബങ്ങളെ സഹായിച്ചുവരുന്നു.

#### ട്രൈസം

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ-സർവ്വീസ് മേഖലകളിൽ സ്വയംതൊഴിൽ പരിശീലനം നൽകി അവർക്ക് I. R. D. P. യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിക്കുന്നതാണ് ഈ പരിപാടി.

ഓരോ വർഷവും I. R. D. P. സഹായം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളിലെ 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരെ വിവിധ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലയച്ച് പരിശീലിപ്പിച്ചശേഷം I. R. D. P. മുഖേന അതാതുമേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകിവരുന്നു.

#### ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (D. W. C. R. A.)

I.R.D.P. യുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്, ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായവും നൽകിവരുന്നു. വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഇതിൻ പ്രകാരം പ്രാധാന്യം നൽകി വരുന്നത്. ഗ്രൂപ്പിൽ 10 മുതൽ 15 വരെ അംഗങ്ങളുണ്ടായിരിക്കണം. യൂനിസെഫിന്റെ സഹായത്തോടുകൂടിയാണ് പരിപാടി നടപ്പിലാക്കുന്നത്. കൂട്ടായ പ്രവർത്തനമായതിനാൽ മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ കഴിയും. വനിതകളുടെ സാമ്പത്തിക ഉന്നമനത്തോടൊപ്പം തന്നെ അവരുടെ സാമൂഹിക ഉന്നമനവും ഇതുമൂലം സാധിക്കുന്നു.

ഓരോ ഗ്രൂപ്പിനും, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും, യൂനിസെഫും തുല്യമായി പങ്കുവഹിച്ച് 25,000 രൂപ ഒരു റിവോൾവിംഗ് ഫണ്ടായും നൽകിവരുന്നു. സ്വയം തൊഴിൽ ഗ്രൂപ്പ് പ്രവർ

ത്തനം പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീകളുടെ ചെറുകിട സമ്പാദ്യ-വായ്പാ ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ഇങ്ങനെയുള്ള തുക ഗ്രൂപ്പംഗങ്ങളുടെ സമ്പാദ്യത്തിൽ നിന്നാണ് സ്വരൂപിച്ചു വരുന്നത്. പ്രോത്സാഹനമായി സമ്പാദ്യത്തിനു തുല്യമായ തുക പരമാവധി 15,000 രൂപ എന്ന പരിധിക്ക് വിധേയമായി I.R.D.P. ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും സർക്കാർ നൽകിവരുന്നു.

## ജവഹർ തൊഴിൽദാന പദ്ധതി
(ജെ. ആർ. വൈ.)

ജെ. ആർ. വൈ. എന്ന ചുരുക്കപ്പേരിൽ അറിയുന്ന ജവഹർ തൊഴിൽദാന പരിപാടി 1989-ൽ ആരംഭിച്ചു അതുവരെ നിലവിലുണ്ടായിരുന്ന ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി (എൻ. ആർ. ഇ. പി) ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടി (ആർ. എൽ ഇ. ജി. പി) എന്നിവയെ ഈ പരിപാടിയിൽ ലയിപ്പിച്ചു.

തൊഴിൽ രഹിത ഗ്രാമീണ സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ മുഖ്യോദ്ദേശ്യം. ഇതിനായി അടിസ്ഥാന സൗകര്യങ്ങളും, പൊതു ആസ്തികളും സൃഷ്ടിക്കലും, അതുവഴി ജീവിതനിലവാരതോത് ഉയർത്തുകയുമാണ് മറ്റുദ്ദേശങ്ങൾ.

പദ്ധതിയുടെ ചെലവ് 80:20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്നു. ഓരോ സംസ്ഥാനത്തേയും ഗ്രാമീണ ദരിദ്രരുടെ അനുപാതം കണക്കാക്കിയാണ് പ്രസ്തുത സംസ്ഥാനങ്ങളുടെ കേന്ദ്രവിഹിതം നിശ്ചയിക്കുന്നത്. പദ്ധതി വിഹിതം 20 80 എന്ന അനുപാതത്തിൽ ജില്ലാ ഗ്രാമവികസന ഏജൻസികൾക്കും പഞ്ചായത്തുകൾക്കുമായി വീതിക്കുന്നു.

ഓരോ വർഷവും ഏറ്റെടുക്കാനുദ്ദേശിക്കുന്ന പണികളുടെ ഒരു കർമ്മ പദ്ധതി വർഷാരംഭത്തിൽ രൂപപ്പെടുത്തി അംഗീകാരം നേടി പ്രവർത്തനം നടത്തിവരുന്നു.

## പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന ചില പണികൾ

1. ഭൂവികസനവും, തരിശുഭൂമിയുടേയും ഉൽപ്പാദനം കുറഞ്ഞ ഭൂമിയുടേയും ഉദ്ധാരണവും.
2 സാമൂഹ്യവനവൽക്കരണം.
3. പട്ടികജാതി/വർഗ്ഗങ്ങൾക്കുവേണ്ടിയുള്ള പണികൾ.
4. ഭവന നിർമ്മാണം.
5. ജലസേചന കിണറുകൾ, കുളങ്ങൾ തോടുകൾ എന്നിവ
6 ജലനിർഗ്ഗമനം
7. ശിശുമന്ദിരങ്ങൾ, പ്രൈമറി സ്കൂളുകൾ, ഡിസ്പെൻസറികൾ
8. ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ
9. കളിസ്ഥലങ്ങൾ

ഈ പരിപാടിയിലുള്ള പണികൾ ഗുണഭോക്താക്കളുടെ യോഗം തെരഞ്ഞെടുക്കുന്ന സമിതിയോ, പഞ്ചായത്ത് സമിതി നേരിട്ടോ നടത്തി വരുന്നു.

## ഇന്ദിര ആവാസ് യോജന

ഇന്ദിര ഭവന പദ്ധതിപ്രകാരം പട്ടികജാതി/വർഗ്ഗ വിഹിതമനുസരിച്ച് ഭവന നിർമ്മാണത്തിനാവശ്യമായി സഹായം നൽകിവരുന്നു. ദുർഘട പ്രദേശമായതിനാൽ കേരള, ഒട്ടാകെ 10800 രൂപ വീടുകൾക്ക് അനുവദിച്ചുകൊടുക്കുന്നു. കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾക്കായും മറ്റു വിപുലീകരണ ജോലികൾ എന്നിവയ്ക്കായും മൊത്തമായി 50000രൂ നൽകി വരുന്നു.

വാസയോഗ്യമായ വീടില്ലാത്തവരും 2 സെൻറ് ഭൂമിയുള്ളവരുമാണ് ഗുണഭോക്താക്കൾ. പട്ടികജാതി / വർഗ വിഭാഗത്തിനുപുറമേ ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും മൊത്തം വിഹിതത്തിൻെറ 40% നൽകിവരുന്നു. ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം ചുവടെ ചേർക്കുന്നു.

1 വിമോചിതരായ അടിമപ്പണിക്കാർ
2 ക്രൂരതകൾക്കിരയായ കുടുംബങ്ങൾ
3 വിധവകളും അവിവാഹിതകളും ഗൃഹനായികമാരായുള്ള കുടുംബങ്ങൾ
4 വെള്ളപ്പൊക്കം, അഗ്നിബാധ, ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ബാധിച്ച കുടുംബങ്ങൾ
5 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മറ്റുകുടുംബങ്ങൾ
6 വിമുക്തഭടേ കുടുംബങ്ങൾ

## മില്യൺ വെൽ സ്കീം

ജെ. ആർ. വൈയുടെ 30% വിഹിതം ഈ പദ്ധതിക്കായി മാററിവച്ചിരിക്കുന്നു. പട്ടികജാതി/വർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതി സഹായം വീട്ടുപടിക്കൽ എത്തിക്കുക എന്ന നിലയിലാണ് വിഭാവനം ചെയ്തിരിക്കുന്നതു്. പട്ടികജാതി/വർഗ്ഗക്കാരെ കൂടാതെ ചെറുകിട നാമമാത്ര കർഷകർക്കും പദ്ധതിയിൽ സഹായത്തിനർഹതയുണ്ട്. മൊത്തം തുകയുടെ 33⅓ ശതമാനം ഈ വിഭാഗക്കാരെ സഹായിക്കുന്നതിനായി മാററിവച്ചിരിക്കുന്നു.

പച്ചക്കറിയോ, നാണ്യവിളയോ, ഭക്ഷ്യവിളകളോ കൃഷിചെയ്യുന്നതിനുള്ള ഭൂമി സ്വന്തമായുള്ളവർക്ക്, ജലസേചന കിണറുകൾ കുഴിക്കുന്നതിനു് സഹായം നൽകിവരുന്നു.

## കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി 2000 രൂപ വീതം ഈ പരിപാടിയിൻ കീഴിൽ നൽകി വരുന്നു.

## പ്രവൃത്യുന്മുഖ സാക്ഷരതാ പരിപാടി

തൊഴിൽ കൂടുതൽ കാര്യക്ഷമമായി ചെയ്യുന്നതിന് അതിനെപ്പറ്റിയുള്ള കൂടുതൽ ജ്ഞാനം സഹായിക്കും. അതോടൊപ്പം പരിസര ശുചീകരണം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിലും ബോധനം നേടാവുന്നതാണ്. ഇതിനായി നിരക്ഷരരെ സജ്ജരാക്കുന്ന പരിപാടിയാണിത്. തുടർ പ്രവർത്തനം എന്ന നിലയിൽ ഈ ശിക്ഷണ നിലയങ്ങൾ പ്രവർത്തിച്ചു വരുന്നു.

## ദേശീയ സമ്പാദ്യ പദ്ധതി

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യ ശീലത്തിനുള്ളത്. ധനിക ദരിദ്ര ഭേദമെന്യേ ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി.

ഇതിനാൽ എം. പി. കെ. ബി വൈ. ഏജൻറുമാരായ അർപ്പണബോധമുള്ള ഒരുകൂട്ടം വനിതകൾ പ്രവർത്തിക്കുന്നു. കൂടാതെ ഇന്ദിര വികാസ് പത്ര, കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി 8-ാം ഇഷ്യു, പബ്ലിക് പ്രൊവിഡൻറ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി, പോസ്റ്റ് ഓഫീസ് ടൈം ഡിപ്പോസിറ്റ് എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചുവരുന്നു. ഈ പരിപാടി അഭ്യസ്തവിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു.

## പഞ്ചായത്തുതല പ്രവർത്തന കേന്ദ്രങ്ങൾ

ഗ്രാമീണ തൊഴിൽ മേഖലയിൽ ഒരു വലിയ മാനം സൃഷ്ടിച്ചുകൊണ്ട് ഐ.ആർ.ഡി.പി യെന്ന പരിപാടിയിലൂടെ ഗ്രാമവികസനം ലക്ഷ്യമിട്ടുകൊണ്ട് മുന്നോട്ട് പോകുന്ന ഒരു വകുപ്പാണ് ഗ്രാമവികസനം. കാർഷിക, വിപണന, വ്യാവസായിക മേഖലകളിൽ, ഗ്രാമപ്രദേശത്തെ ദരിദ്ര ജനവിഭാഗത്തെ സ്വയം പര്യാപ്തതയിലെത്തിക്കുകയും തൊഴിൽ മേഖല വിപുലപ്പെടുത്താനുതകുന്നതുമായ ടി പദ്ധതിക്കു പുറമെ, ഭവന നിർമ്മാണം ജലസേചനം, ശുചിത്വ പരിപാലനം, സാമൂഹിക ആസ്തികൾ സൃഷ്ടിക്കൽ തുടങ്ങി നാനാ മേഖലയിലും, വികസനം ലാക്കാക്കി പ്രവർത്തിച്ചുവരുന്ന ഗ്രാമവികസനം ഈ പഞ്ചായത്തിൽ രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളാണുള്ളത്.

ഈ ഓഫീസുകളിൽ ഒരെണ്ണം പൂവറ്റൂരും, മറ്റൊന്ന് താഴത്തുകുളക്കടയുമാണുള്ളത്. ഇവയിൽ ഓരോ ജീവനക്കാർ മാത്രമാണുള്ളത്. ഒരു പരിമിതികളുമുണ്ട്. ടി ഓഫീസുകളിൽ രണ്ടെണ്ണവും പഴകിയ വാടക മുറികളിലാണ് പ്രവർത്തിച്ചു വരുന്നത്. ഗവൺമെൻറ് ഓഫീസുകൾ ആകയാലും ഉചിതമായ വാടക നൽകുന്നതിനാൽ നല്ല മുറികൾ നൽകുന്നതിന് മറ്റുള്ളവരോ, മുറികൾ പണിയുന്നതിന് വാടകക്കാരനോ തയ്യാറല്ല. അതുകൊണ്ട് പഞ്ചായത്ത് സ്വന്തം കെട്ടിടങ്ങൾ ടി സ്ഥലങ്ങളിൽ പണിത് ഓഫീസ് മാറ്റി സ്ഥാപിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

കാലകാലങ്ങളിൽ ഗവൺമെൻറ് അനുവദിക്കുന്ന പരിമിതമായ തുക ഉപയോഗപ്പെടുത്തി മാത്രം നടന്നുവരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ അക്കാരണത്താൽ തന്നെ വളരെക്കുറച്ചു കുടുംബങ്ങൾക്കു മാത്രമെ ലഭിക്കുന്നുള്ളു. പ്രത്യേകിച്ചും ഐ.ആർ ഡി.പി തുടങ്ങിയ സഹായങ്ങൾ. ഐ.ആർ.ഡി.പി ലിസ്റ്റുകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാത്ത സാഹചര്യത്തിൽ അനർഹർ ലിസ്റ്റിൽ ഉൾപ്പെടുന്നതിനിട വരുന്നു (വർഷംതോറും കുടുംബങ്ങളുടെ ധനസ്ഥിതിക്ക് ഏറ്റക്കുറച്ചിൽ സംഭവിക്കുന്നതിനാൽ) ഉചിതമായ കുടുംബങ്ങൾക്ക് മാത്രമെ സഹായം ലഭിക്കുന്നുള്ളു.

രാഷ്ട്രീയ രംഗത്തും, ഔദ്യോഗിക രംഗത്തും നിലനിൽക്കുന്ന സ്വജന പക്ഷപാതം, കൈക്കൂലി തുടങ്ങിയവ പദ്ധതികൾ വേണ്ടവിധം നടപ്പിലാക്കുന്നതിന് തടസമായി നിൽക്കുന്നു. ഒപ്പംതന്നെ കാർഷിക മേഖലയിലും, മറ്റും നിലവിലുള്ള ഇടത്തട്ടുകാരുടെ ചൂഷണം വളരെ വലുതാണ്. പദ്ധതികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ എവിടെ നിന്നു കിട്ടും, എന്തു ചെയ്യണം എന്നീകാര്യങ്ങൾ ഇപ്പോഴും പൊതുജനങ്ങൾക്കജ്ഞാതം തന്നെ. കാലാകാലങ്ങളിൽ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്കെത്തിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ കുറവാണ്.

ഏതു തരത്തിലുള്ള ആനുകൂല്യങ്ങളാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തത, മററിതര പ്രശ്നങ്ങൾ, ചുവപ്പുനാട തുടങ്ങിയവ മൂലം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. പലതുകൊണ്ടും അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.

## സാദ്ധ്യതകൾ

ഗ്രാമീണ ദരിദ്രരെ കണ്ടെത്തി മുൻഗണനാക്രമത്തിൽ തയ്യാറാക്കിയിട്ടുള്ള ഐ. ആർ. ഡി. പി. ലിസ്റ്റ് പരിഗണിച്ച് യഥാസമയം ആവശ്യാനുസരണമുള്ള സഹായം എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ഗ്രാമീണ വനിതാ ശിശുവികസന പരിപാടിയിൻ കീഴിൽ പുതിയ യൂണിററുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാവുന്നതാണ്. ട്രൈസം തുടങ്ങിയുള്ള പരിശീലനങ്ങൾക്കെത്തുന്നവരെ തൊഴിൽ സാധ്യതകളുള്ള മേഖലകളിൽ പരിശീലിപ്പിക്കുകയും, കൂടുതൽ പേർക്ക് പരിശീലനം നൽകുകയും അങ്ങനെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാവുന്നതുമാണ്.

ഇതര വകുപ്പുകൾ നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രയോജനം, യഥാസമയം അർഹരായവർക്ക് ലഭിക്കുന്ന തരത്തിൽ ജനകീയ സംവിധാനം പരിഷ്കരിക്കാവുന്നതാണ്. ഇതിനായി ഗ്രാമതലത്തിൽ ഇൻഫർമേഷൻ സെൻററുകൾ, ഗ്രാമീണ വായനശാലകൾ, അംഗൻവാടികൾ, എന്നിവ ഉപയോഗപ്പെടുത്തി അവിടങ്ങളിൽ ജനകീയ കമ്മിററികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

വിവിധ വകുപ്പുകൾ പ്രത്യേകിച്ചും ഗ്രാമവികസന–സാമൂഹ്യ ക്ഷേമ വകുപ്പുകളുടെ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭകളെ ഉപയോഗപ്പെടുത്തിയാൽ പൊതുവായി പരിപാടികൾ അറിയുന്നില്ല എന്നതും, യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, പദ്ധതികൾ സമയത്തു പൂർത്തീകരിപ്പിക്കുന്നതിനും, ഈ രംഗത്ത് നിലനില്ക്കുന്ന പരാതികൾ ഒഴിവാക്കുന്നതിനും രാഷ്ട്രീയ അതിപ്രസരം, സ്വജന പക്ഷപാതം, അഴിമതി എന്നിവ ഇല്ലായ്മ ചെയ്യുന്നതിനും സാധിക്കുന്നു.

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ അംഗൻവാടി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയും, അവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, മത്സരബുദ്ധിയോടെ അംഗൻവാടികളെ കാണുന്ന പ്രൈവററ് നഴ്സറി സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിട്ടുകൊണ്ടും, ഇവിടെ നിന്നും വിതരണം നടത്തുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗ യോഗ്യമാക്കിക്കൊണ്ടും ഈ രംഗത്തെ വികസിപ്പിക്കാവുന്നതാണ്. ഉദ്ദേശിക്കുന്ന ഫലം പൊതുജനങ്ങൾക്ക് കിട്ടുന്നതിന് ഈ പ്രവർത്തനങ്ങൾ കൂടുതലുപകരിക്കും. അംഗൻവാടികൾ പോലെ തന്നെ ജനോപകാര പ്രദങ്ങളായ വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കാവുന്നതാണ്.

## VIII സാംസ്കാരികരംഗം

കൊട്ടാരക്കര താലൂക്കിൽ M C റോഡിനേയും പുത്തൂർ ശാസ്താംകോട്ട റോഡിനേയും സ്പർശിച്ചു കിടക്കുന്ന ഒരു ഗ്രാമീണ മേഖലയാണ് കുളക്കട പഞ്ചായത്ത്. എടുത്തു പറയത്തക്ക സാംസ്കാരിക പൈതൃകം അവകാശപ്പെടാൻ ഈ പഞ്ചായത്തിനില്ല.

ഹിന്ദുക്കൾ ഭൂരിപക്ഷവും ക്രിസ്ത്യാനികളും മുസ്ളീങ്ങളും ന്യൂനപക്ഷവുമായ ഈ പ്രദേശത്ത് കൃഷിയാണ് പ്രധാന വരുമാന മാർഗ്ഗം. രാഷ്ട്രീയമായും മതപരമായും ഉത്പതിഷ്ണുകളായ ജനങ്ങൾ പൊതുവേ സമാധാന പ്രിയരാണ്.

എല്ലാ വാർഡുകളിലും ഒന്നിലധികം ക്ഷേത്രങ്ങളുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് എടുത്തു പറയത്തക്ക അനുഷ്ഠാനകലകളില്ല. ഈ പഞ്ചായത്തിലെ ഏററവും പ്രസിദ്ധമായ വെണ്ടാർ ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിൽ കഥകളി പരിപോഷണാർത്ഥം വർഷങ്ങളായി പ്രസിദ്ധരായ കഥകളി ആചാര്യൻമാർ പങ്കെടുക്കുന്ന കഥകളി നടക്കാറുണ്ട്. കഥകളി ആചാര്യന്മാരായ പരേതനായ കലാമണ്ഡലം കൃഷ്ണൻനായർ, രാമൻകുട്ടിനായർ, ശങ്കരൻ എമ്പ്രാന്തിരി എന്നിവർ സ്ഥിരമായി ഇവിടെ എത്തിയിട്ടുണ്ട്. ഉൽസവങ്ങളുമായി ബന്ധപ്പെട്ട്, വിശേഷപ്പെട്ട് സൂചിപ്പിക്കുവാനുള്ളത് എടുപ്പുകുതിരകളാണ്. പുത്തൂർ കണിയാപൊയ്ക ക്ഷേത്രത്തിലെ കതിരയെടുപ്പും എടുപ്പുകുതിരയും പ്രസിദ്ധമാണ്. പഞ്ചായത്തിലുള്ള ക്രിസ്തീയ ദേവാലയങ്ങളിൽ പെരുനാളുകൾ ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്.

അടിസ്ഥാന വർഗ്ഗ ജനവിഭാഗങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രാചീന കലകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ടവ കാക്കാരശി നാടകം, കമ്പടികളി, കുറവർകളി, പടയണി, സീതകളി, പാക്കനാർകളി, കോലംതുള്ളൽ, പൂപ്പട, കളമെഴുത്തും പാട്ടും, ഞാറുപാട്ട് എന്നിവയാണ്. ഇവയിൽ ചില കലാരൂപങ്ങൾ നാമമാത്രമായി ഇപ്പോഴും നിലനൽക്കുന്നു. ക്ഷേത്രശില്പ കലകളിൽ പ്രസിദ്ധരായിരുന്നു പുതിയടത്തു കുടുംബക്കാർ.

പൂവററൂർ കിഴക്ക് N S S കരയോഗത്തിന്റെ ആഭിമുഖ്യത്തിലും കുളക്കടയിലും 1955 കളിൽ കഥകളിപരിശീലനം കലാമണ്ഡലം മാതൃകയിൽ നടന്നിരുന്നു.

മഹാകവിവള്ളത്തോളിന്റെ സന്ദർശനത്താൽ ധന്യമാക്കപ്പെട്ട കുളക്കട ദേശീയവായനശാലയും 18-ാം നൂററാണ്ടിലെ ബുദ്ധ വിഗ്രഹങ്ങൾ സ്ഥിതി ചെയ്യുന്ന താഴത്തു കുളക്കട വായനശാലയും ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക മുതൽക്കൂട്ടുകളാണ്

ഗ്രന്ഥശാലാ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയും സംഘടനയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിററിയംഗമായി പ്രവർത്തിക്കുകയും ചെയ്ത പ്രൊ: ആർ. വിശ്വനാഥൻനായർ എൻസൈക്ലോപീഡിയ ഡയറക്ടറും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ: പൂവററൂർ രാമകൃഷ്ണപിള്ള അറുവാശേരി ജ്യോത്സ്യൻമാർ എന്നറിയപ്പെടുന്ന നാണുജ്യോത്സ്യർ, കൊച്ചുകുഞ്ഞ് ജ്യോത്സ്യർ ഫ്യൂഡൽകാലഘട്ടത്തിൽപോലും കുളക്കട ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിൽ നേതൃത്വം വഹിച്ച ഭാനു ഭാനുഭണ്ഡാരത്തിൽ തുടങ്ങിയവർ ഈ പഞ്ചായത്തിലെ സാംസ്ക്കാരികനവോത്ഥാന പ്രക്രിയയിലെ കെടാവിളക്കുകളാണ്.

ഒരു സാംസ്ക്കാരിക നിലയമുൾപ്പെടെ 11 വായനശാലകളും 30 ഓളം യുവജന ക്ലബുകളും ഈ പഞ്ചായത്തിലുണ്ട്. ഒരുപക്ഷേ കൊല്ലം ജില്ലയിൽ ഏററവും അധികം ഗ്രന്ഥശാലകളുള്ള പ്രദേശമായിരിക്കണം കുളക്കട പഞ്ചായത്ത്. ഏററത്തുകുളക്കട ദേശീയ വായനശാല ഒഴിച്ചാൽ മറെറല്ലാസ്ഥാപനങ്ങളുടെയും പ്രവർത്തനം പരിതാപകരമായ അവസ്ഥയിലാണ്.

### പഞ്ചായത്തിലെ ക്ലബുകളുടെയും കലാസമിതികളുടേയും ലിസ്ററ്

### വാർഡ്

I

1 സംസ്കാരാ ആർട്ട്സ് ക്ളബ്
2 ടാഗോർ കലാസാഹിത്യവേദി
3 പുലരി ആർട്ട്സ് ക്ലബ്
4 സൂര്യ ആർട്ട്സ് ക്ളബ്
5 ആലാപനം സംഗീതമണ്ഡപം

II

1 സാമൂഹ്യസേവന യുവകലാവേദി
2 ഗ്രാമവികസന സമിതി
3 കൈരളി ആർട്ട്സ് ക്ളബ്

III

1 നെഹ്റു ബാലകലാഭവൻ

2 സ്വാതി സംഗീതസഭ

3 റെഡ്‌വേയ്സ് ക്ലബ്ബ്

4 കുളക്കട യൂത്ത് അസോസിയേഷൻ

5 ഭാരത് സേവാ മഹിളാസമാജം

IV

ക്ലബ്ബുകൾ ഒന്നിലധികം ഉണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല.

V

1 ഫിനിക്സ് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്

2 കലാലയാ ബാലജന സംഘം & റേഡിയോക്ലബ്

VI

1 സൂര്യാ കലാസാംസ്കാരിക കേന്ദ്രം

VII

1 സുഭാഷ് ചന്ദ്രബോസ് മാതൃഭൂമി സ്ററഡി സർക്കിൾ

2 തുഞ്ചൻ കലാവേദി

3 വിവേകാനന്ദാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.

4 ദളവാമെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്

5 യുവജന കലാവേദി വെണ്ടാർ

6 അപർണ്ണ ഡ്രമാററിക് ക്ലബ് വെണ്ടാർ.

VIII

1 കോസ്മോപോളിററൽ ആർട്ട്സ് ക്ലബ്ബ്

2 ലെനിൻ ബാലവേദി

3 കേരളാ ഗ്രാമീണകലാവേദി

4 ഗീതാഞ്ജലി ആർട്ട്സ് ക്ലബ്ബ്

5 ചൈത്രം കലാവേദി

IX

1 മാവടി യൂത്ത് ക്ലബ്ബ്

2 ടെമ്പിൾ ഓഫ് ആർട്ട്സ്

3 കുമാർ ആർട്ട്സ് ക്ലബ്ബ്

X

1 മൈലംകുളം യുവകലാവേദി

2 ടെമ്പിൾ ഓഫ് ആർട്സ് ചുങ്കത്തറ

XI

1 യുവധാരാ ആർട്ട്സ് ക്ലബ്ബ്

XII

1 ഭഗത്സിംഗ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്

2 അമ്മ യൂത്ത് ക്ലബ്ബ്

3 കെ എം എം എസ് ചിൽഡ്രൻസ് ലൈബ്രറി

ശുഭശ്യാമ ഗ്രാമീണ കലാസമിതി

5 വയലാർ ബാലവേദി

## കുളക്കട ഗ്രാമപഞ്ചായത്തിലെ വായനശാലകൾ, ഗ്രന്ഥശാലകൾ

| | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ വരുമാനം | ആനുകാലികങ്ങളുടെ എണ്ണം | അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ദേശീയ വായനശാല ഏറത്തുകുളക്കട | 1951 | Ist A | 12490 | 1650 Rs. | 20 | സ്പോർട്സ് ക്ലബ് സേവന പ്രവർത്തനം, സഞ്ചരിക്കുന്ന വായനശാല |
| 2 | ജനകീയ വായനശാല പൂവറ്റൂർ പടിഞ്ഞാറ് മാവടി പി. ഒ | 1944 | C | 4155 | 300 | 10 | ജനവിദ്യാകേന്ദ്രം ബാലവേദി |
| 3 | പബ്ലിക് ലൈബ്രറി കുളക്കട താഴത്തുകുളക്കട പി. ഒ. | 1947 | D | 5000 | 1326 | 10 | മദ്യവിരുദ്ധ പ്രവർത്തനം |
| 4 | ദേശീയ വായനശാല & ഗ്രന്ഥശാല മഠത്തിനാപ്പുഴ മാവടി പി. ഒ, | 1995 | D | 3475 | 283 | 8 | സാക്ഷരതാ പ്രവർത്തനം |
| 5 | ശ്രീനാരായണ വിലാസം ഗ്രന്ഥശാല വായനശാല മാവടി പി ഒ | 1944 | C | 5826 | 2215 | 10 | സാക്ഷരതാ പ്രവർത്തനം ബാലവേദി, ജനവിദ്യാകേന്ദ്രം |
| 6 | സ്വരാജ് ഗ്രന്ഥശാല വായനശാല വെണ്ടാർ | 1954 | E | 2257 | 287 | | |
| 7 | വിജ്ഞാന പോഷിണി പബ്ലിക് ലൈബ്രറി കലയപുരം | 1955 | D | 3054 | 844 | 7 | മദ്യവർജ്ജനം |
| 8 | K. M. M. S. കുളക്കട | 1973 | | 2250 | | | |
| 9 | ബാബുജി സ്മാരക ഗ്രന്ഥശാല പെരുംകുളം | | മുടങ്ങികിടക്കുന്നു. | | പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. | | |
| 10 | സാംസ്കാരിക വായനശാല വെണ്ടാർ | | പ്രവർത്തനമില്ല. | | | | |

## പ്രശ്നങ്ങൾ

1 സാംസ്കാരിക കേന്ദ്രങ്ങളുടെ അപചയത്തിന് പ്രധാനകാരണം കമ്പോളാനുസൃതമായ മൂല്യച്യുതി തന്നെയാണ്. നവോത്ഥാന പ്രവർത്തകരുടെയും പുരോഗമനാശയക്കാരുടെയും പ്രവർത്തനകേന്ദ്രങ്ങളായിരുന്ന മുൻപ് ഗ്രന്ഥശാലകളെങ്കിൽ ഇന്ന് അത്തരം നിസ്വാർത്ഥ പ്രവർത്തകരുടെ എണ്ണം നന്നേ കുറഞ്ഞിരിക്കുന്നു.

2 നാമറിയാതെ മുതലാളിത്ത സംസ്കാരത്തിന്റെ ഭാഗമായി മാറുകയും, എല്ലാതുറകളിലും, എല്ലാവിഭാഗം ജനങ്ങളിലും സ്വയമേ ഉണ്ടാകുന്ന "വേഗത" അവരെ ഗ്രന്ഥപ്പുരകളിൽ നിന്നും സാംസ്കാരിക പ്രവർത്തനത്തിൽ നിന്നും അകററിയിരിക്കുന്നു. ജനങ്ങൾക്ക് ഒഴിവാക്കാൻ കഴിയുന്ന ഏകപ്രവർത്തന മേഖലയായി ഈ രംഗംമാറിയിരിക്കുന്നു.

3 ടി വി, കേബിൾ ടി വി സാററലൈററ് ടി വി തുടങ്ങിയ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ നിയന്ത്രണമില്ലാത്ത കടന്നുകയററം.

4 രാഷ്ട്രീയ രംഗത്തെ മൂല്യത്തകർച്ചയും, എല്ലാ രംഗങ്ങളിലുമുള്ള രാഷ്ട്രീയാതിപ്രസരവും.

5 നല്ല പുസ്തകങ്ങളുടെ അപര്യാപ്തതയും പൈങ്കിളി സാഹിത്യത്തിന്റെ അതിപ്രസരവും.

6 സാംസ്കാരിക സംഘടനകൾക്ക് നേരിടേണ്ടി വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ.

7 ജനങ്ങളുടെ അധ്വാനവും സമ്പത്തും നഷ്ടപ്പെടുത്തുന്നരീതിയിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ക്ഷേത്രോത്സവപരിപാടികൾ.

## പരിഹാരനിർദേശങ്ങൾ

1 ദേശീയതയിലും മാനവികതയിലും, ധാർമ്മികതയിലും ഊന്നിയ ജനകീയ ബോധവല്ക്കരണം.

2 ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയും, താല്പര്യമുള്ളവരെയുംകണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയുംചെയ്യുക.

3 എല്ലാ സാംസ്കാരിക സംഘടനകളുടെ പ്രവർത്തകരെയും പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുകയും അങ്ങനെയുണ്ടാകുന്ന ഏകോപന സമിതി സംവിധാനം സ്ഥിരമായി നിലനിർത്തുകയും ചെയ്യുക.

എല്ലാ സാംസ്കാരിക സംഘടനകളുടെ പ്രവർത്തകരെയും പഞ്ചായത്തുതലത്തിൽ ഏകോപന സമിതി സംവിധാനം സ്ഥിരമായി നിലനിർത്തുകയും ചെയ്യുക.

4 ഗവ:, ഗവ: ഇതര ഏജൻസികളിൽ നിന്നുള്ള സാമ്പത്തികവും അല്ലാതെയുമുള്ള സഹായങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് എല്ലാ സംഘടനകൾക്കും വിവരങ്ങൾനൽകുക.

5 പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ രജിസ്ട്രേഷനും ആഡിററിംഗും, രജിസ്ട്രേഷൻ വകുപ്പിൽ നിന്നു മാററുകയും പഞ്ചായത്ത് നേരിട്ട് കൈകാര്യം ചെയ്യുകയും ചെയ്യുക.

6 പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു വായനശാലയെ ഒരു റഫറൻസ് ലൈബ്രറിയായി ഉയർത്തുക.

7 വർഷംതോറും ഏററവും നല്ല സന്നദ്ധ-സാംസ്കാരിക സംഘടനയെയും പ്രവർത്തകനെയും കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുക.

8 ഏററവും കൂടുതൽ വായിക്കുന്ന വ്യക്തിയെയും കുട്ടികളെയും കണ്ടെത്തി ആദരിക്കുക.

9 പെരുംകുളം റേഡിയോ കിയോസ്ക് സാംസ്കാരിക നിലയമാക്കുക.

10 പഞ്ചായത്ത് യുവജന മേളകൾ കുറെക്കൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. പ്രചരണരംഗത്തെ അപര്യാപ്തത അവസാനിപ്പിക്കുക.

11 സ്കൂൾ യുവജനോത്സവങ്ങൾ സമ്പന്നവിഭാഗങ്ങളുടെ പിടിയിൽ നിന്നും മാററുന്നതിനുവേണ്ടി സാമ്പത്തികപിന്നോക്കം നില്കുന്നതും പിന്നോക്ക-പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതുമായ കുട്ടികൾക്ക് പഞ്ചായത്തുതലത്തിൽ കലാപരിശീലനം നല്കുന്നതിനുള്ള സംവിധാനം.

12 കുളക്കട ശ്രീ വൈകുണ്ഠപുരം ക്ഷേത്രത്തിലെ ശില്പങ്ങളും ചുവർ ചിത്രങ്ങളും സംരക്ഷിക്കണം.

## കായികരംഗം

കായികരംഗത്ത് നമ്മുടെപഞ്ചായത്ത് വളരെ ഏറെ പിന്നിലാണ്. കാര്യമായ ശ്രദ്ധ ഒരു രംഗത്തു നിന്നും ഈ മേഖലയിലുണ്ടായിട്ടില്ല. പഞ്ചായത്തു നിർമ്മിച്ച മിനിസ്റ്റേഡിയം തൃപ്തികരമായ അവസ്ഥയിലല്ല.

പഞ്ചായത്തുതല കായിക മേളയാണ് പ്രതിഭകളെ കണ്ടെത്താനുള്ള നിലവിലുള്ള ഏകസംവിധാനം അതുതന്നെ കേരളമൊട്ടുക്കും കാര്യക്ഷമമായിരുന്നില്ല ഇതുവരെ സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനവും തൃപ്തികരമല്ല. കായികാഭിരുചിവളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രൈമറി സ്കൂൾ തലത്തിൽ തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.

1 പഞ്ചായത്തു കായികമേള കാര്യക്ഷമമാക്കുകയും പ്രതിഭകൾക്ക് മുന്നോട്ട് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

2 കായികവികസനത്തിനുവേണ്ടി ഒരു പഞ്ചായത്തുതലസമിതി രൂപീകരിക്കുക. അതിനുവേണ്ടി സ്പോർട്സ് രംഗത്തു പ്രവർത്തിച്ചവരെയും അർപ്പണബോധമുള്ള ഡ്രിൽമാസ്ററർമാരെയും ഉപയോഗിക്കാവുന്നതാണ്.

3 പഞ്ചായത്തുതലത്തിൽ വിദ്യാർത്ഥികൾ അവധിക്കാലകോച്ചിംഗ് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

4 വെണ്ടാർക്ഷേത്രത്തിനടുത്തുള്ള പഞ്ചായത്തുകുളം സ്പോർട്ട്സ് കൗൺസിൽ സഹായത്തോടെ ഒരു നീന്തൽ പരിശീലനകേന്ദ്രമാക്കുക.

# IX

# വനിതാക്ഷേമം

**അവലോകനം.**

കേരള വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. ഒൻപതാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ തിരുത്തുക എന്നുള്ളതാണ്. 1995-ലെ കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 31515 ആണ്. അതിൽ പുരുഷന്മാരുടെ എണ്ണം 15310 ആണെങ്കിൽ സ്ത്രീകളുടേത് 16205 ആണ്. എണ്ണത്തിൽ പുരുഷന്മാരേക്കാൾ 895 സ്ത്രീകൾ കൂടുതലാണ്.

വിദ്യാലയങ്ങളിലെ ആൺകുട്ടികളുടെ എണ്ണം ...........ആണെങ്കിൽ പെൺകുട്ടികളുടേത്.......... ആണ്. പ്രത്യേക ജനവിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീപുരുഷ അന്തരം ഇല്ല.

രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവേ മോശപ്പെട്ടതാണ്.

പഞ്ചായത്തിലെ ജനനനിരക്ക് 15.42 ആണ്.

കശുവണ്ടി, ഇഷ്ടികനിർമ്മാണം, പാറപ്പണി എന്നീ മേഖലകളിൽ സ്ത്രീകൾ കൂടുതലായി പണിയെടുക്കുന്നു. കശുവണ്ടി വ്യവസായരംഗത്ത് 4500-ം, ഇഷ്ടിക നിർമ്മാണരംഗത്ത് 100-ം, പാറപ്പണി രംഗത്ത് (പ്രധാനമായും മെറ്റൽ അടി) 300-ം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു.

**കൃഷിപ്പണി.**

കാർഷികരംഗത്ത് തൊഴിലിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും പട്ടികജാതിക്കാരാണ്. ഏകദേശം രണ്ടായിരത്തോളം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നു. കൂടാതെ കശുവണ്ടിമേഖലയിലും ഇവർ പണിയെടുക്കുന്നുണ്ട്. മറ്റു സമുദായാംഗങ്ങളിൽപെട്ട സ്ത്രീകളിൽ അധികവും തൊഴിൽരഹിതരാണ്.

സ്ത്രീതൊഴിലാളികളുടെ കൂലിനിരക്ക് പട്ടിക.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കശുവണ്ടിത്തൊഴിലാളി | 30-40 | ഇല്ല |
| കർഷകത്തൊഴിലാളി | 60-65 | 100 |
| നിർമ്മാണത്തൊഴിലാളി | 60-65 | 110-130 |
| കരിങ്കൽമേഖല | 35-40 | 70-80 |

ആടുമാടുകളെ നോക്കുക, പുരയിടകൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക എന്നിവ തൊഴിലില്ലാത്ത സ്ത്രീകൾ ചെയ്യുന്നുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായ കുറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

വിധവാ പെൻഷൻ ലഭിക്കുന്നവർ 118

അംഗനവാടികളുടെ എണ്ണം 32

D. W. C. R. A. യൂണിറ്റുകൾ 4

(1) പോട്ടറി യൂണിറ്റ് —താഴത്തുകുളക്കട

(2) ഡയറി യൂണിറ്റ് —പൂവറ്റൂർ

(3) മെറ്റൽ ക്രഷിംഗ് യൂണിറ്റ് —പെരുംകുളം

(4) ഐശ്വര്യ ലതർ വർക്സ് & ഗാർമെന്റ്സ് —പെരുംകുളം

വനിതാ നേതൃത്വം നിലനിൽക്കുന്ന സംഘടനകൾ ഒന്നുംതന്നെയില്ല. ബഹുജനസംഘടനകളിൽ വനിതാ പങ്കാളിത്തം തീരെ കുറവാണ്. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഇല്ല. പഞ്ചായത്ത്തെരഞ്ഞെടുപ്പുരംഗത്ത് നിയമപ്രകാരം 30% സീറ്റ് വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനത്ത് സ്ഥാനാർത്ഥികളെ കണ്ടെത്താൻ കഴിയുന്നില്ല. ബോധവൽക്കരണത്തിന്റെ കുറവും പുരുഷമേൽക്കോയ്മയും ഇതിനൊരു പ്രധാന കാരണമാണ്. സ്ത്രീകൾക്ക് ബോധവൽക്കരണം നൽകുന്നതോടൊപ്പം പുരുഷന്മാരിലും അത്തരത്തിൽ അവബോധം സൃഷ്ടിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്.

ആകെ 24 മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മിക്കതും പ്രവർത്തനമില്ലാത്തതാണ്. നാമമാത്രമായി ചിലവ പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും സ്ത്രീധന പ്രശ്നത്തിന്റെ പേരിൽ പല കുടുംബങ്ങളിലും സ്ത്രീകൾ പീഢനത്തിനിരയാകുന്നുണ്ട്. പലപ്പോഴും അത് പരസ്യപ്പെടുത്തുവാൻ സ്ത്രീകൾ തയ്യാറാകുന്നില്ല മദ്യപാനവുമായി ബന്ധപ്പെട്ട് കുടുംബങ്ങളിൽ കലഹം ഉണ്ടാകാറുണ്ട്. ബസ്സ് യാത്രക്കാരായ സ്ത്രീകൾക്ക് യാത്രക്കാരായ പുരുഷന്മാരിൽ നിന്നും അപമര്യാദയായ പെരുമാററം അനുഭവപ്പെടാറുണ്ട്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യ പോസ്റ്ററുകൾ കാണാറുണ്ട്.

**പ്രശ്നങ്ങൾ.**

1 തൊഴിലില്ലായ്മ

2 സ്ത്രീ പീഢനം

3 മദ്യപാനംമൂലം കുടുംബങ്ങളിലും സമൂഹത്തിലും വാഹനങ്ങളിൽ യാത്രചെയ്യുമ്പോഴും പീഡനം അനുഭവപ്പെടുന്നു.

4 സ്ത്രീകളെ അശ്ലീലകരമായി ചിത്രീകരിക്കുന്ന പൊതുസ്ഥലങ്ങളിൽ കാണുന്ന പോസ്റ്ററുകൾ.

5 പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ല.

6 സ്ത്രീധനസമ്പ്രദായം ഇപ്പോഴും നിലവിലുണ്ട്.

7 സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂലി കുറവ്.

8 സ്വയംതൊഴിൽസംരംഭങ്ങളിലേക്ക് സ്ത്രീകൾ മുന്നോട്ടു വരുന്നില്ല.

9 ബസ്സുകളിൽ സീററ് സംവരണം ഉണ്ടെങ്കിലും അതു് പാലിക്കപ്പെടുന്നില്ല.

10 വിദ്യാലയങ്ങളുടെ സമീപത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ ലഹരി കലന്ന മിഠായികളും മററും വില്പന നടത്തുന്നു.

11 പി. എച്ച്. സെൻററിൽ ഗൈനക്കോളജസ്ററിന്റെ അഭാവം.

12 കളിക്കടവുകളിലെ മണൽവാരൽ.

13 കുടിവെള്ളക്ഷാമംമൂലം ജോലിഭാരം കൂടുന്നു.

14 ആവശ്യമുള്ളത്ര നേഴ്സറി സ്കൂളുകൾ ഇല്ല.

15 വിധവകൾ, വികലാംഗർ തുടങ്ങിയവർക്ക് ആവശ്യമായ പരിരക്ഷ കിട്ടുന്നില്ല.

16 കശുവണ്ടിമേഖലയിൽ സ്ത്രീതൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ.

17 സാക്ഷരതാ പ്രവർത്തകരിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് അർഹിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല.

18 പൊതുവിതരണ സ്ഥാപനങ്ങളിലുംമററും സ്ത്രീകൾക്ക് കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു

19 വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് സഹായം കൂട്ടേണ്ടതാണ്.

20 അംഗൻവാടികൾ മുഴുവൻ കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്നില്ല.

## സാദ്ധ്യതകൾ.

1 D. W. C. R. A., I. R. D. P. ഇവയെ സംബന്ധിച്ചെല്ലാമുള്ള ബോധവൽക്കരണം സ്ത്രീകൾക്ക് നൽകുന്നതിന് നടപടിയുണ്ടാകണം.

2 പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതാണ്.

3 കൂടുതൽ വനിതാ വ്യവസായ സഹകരണ സംരംഭങ്ങൾ ഉണ്ടാകണം.

4 സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.

5 വനിതാകമ്മീഷന്റെ പ്രവർത്തനം ഗ്രാമതലങ്ങളിൽവരെ എത്തിക്കാനുള്ളനടപടികളുണ്ടാവണം.

6 സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വപരിശീലനങ്ങൾ ഉണ്ടാകണം.

7 അനാചാരങ്ങൾക്കും അസമത്വത്തിനുമെതിരായ ബോധവൽക്കരണം.

8 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 60 വയസ്സു കഴിഞ്ഞ വനിതകൾക്ക് ഉപാധികൾ കൂടാതെ പെൻഷൻ നൽകണം.

9 ഏററുകുളക്കട മഹിളാസമാജത്തിന്റെ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുക.

10 കശുവണ്ടിത്തൊഴിലാളികളുടെ വേതനം പരിഷ്ക്കരിക്കുക. ചൂഷണങ്ങൾ ഒഴിവാക്കണം. കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കണം. ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ഫാക്ടറി നിയമം കർശനമായും നടപ്പാക്കണം.

## അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ.

1 ആകെ അംഗൻവാടി കേന്ദ്രങ്ങൾ 32

2 സ്ഥിരമായി കെട്ടിടം നിർമ്മിച്ചിട്ടുള്ള A. W. C. കളുടെ എണ്ണം 20

3 കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കാത്തവയുടെ എണ്ണം 12

4 സ്ഥലം ലഭിക്കാത്ത അംഗൻവാടികളുടെ നമ്പരും സ്ഥലവും:

| | | |
|---|---|---|
| 1 | 69 | കുളക്കട കിഴക്ക് |
| 2 | 74 | പാലക്കുഴി ജംഗ്ഷൻ |
| 3 | 75 | പൈനംമൂട് |
| 4 | 78 | കാഞ്ഞിരംവിള |
| 5 | 82 | വെണ്ടാർ വെൽഫെയർ സ്കൂൾ |
| 6 | 83 | വെണ്ടാർ അമ്പലം |
| 7 | 139 | കരിമ്പിൻകുഴി |
| 8 | 140 | മൈലംകുളം ജംഗ്ഷൻ |
| 9 | 138 | പെരുംകുളം |
| 10 | 174 | തച്ചൻമുക്ക് |
| 11 | 174 | മനക്കരക്കാവ് |
| 12 | 175 | മൈലംകുളം |

5 കെട്ടിടം നിർമ്മിച്ചിട്ടുള്ള പദ്ധതികൾ.
S C P 5, ജനറൽ സെൻറർ 3, J R Y 5, C P W P 5.

6 കക്കൂസ് നിർമ്മിച്ചിട്ടുള്ള A W Cകളുടെ എണ്ണം 4 (നമ്പർ 70, 71, 76, 143)

7 കിണർ നിർമ്മിച്ചിട്ടുള്ള A W C 2 (നമ്പർ 1, 71)

8 ചുററുമതിൽ നിർമ്മിച്ചിട്ടുള്ള A W C എണ്ണവും നമ്പരും 3 (71, 76, 143)

9 A W C ഫർണീച്ചറുകളും മററ് ഉപകരണങ്ങളും നൽകിയിട്ടില്ലാത്ത സെൻററുകൾ 3 (173, 174, 175)

10 Toys വിതരണം ചെയ്തിട്ടുള്ള അംഗൻവാടികളുടെ എണ്ണം 6 (70, 71, 76, 143, 73, 81)

11 വിതരണം ചെയ്തിട്ടുള്ള കളിക്കോപ്പുകൾ.

   1 Toy Cycle
   2 Blindy bleele
   3 Wibly weebly
   4 Counting trama
   5 Wooden chikls

12 1995-96 സാമ്പത്തികവർഷം കുളക്കട പഞ്ചായത്തിലെ A W C ഫീഡിംഗ് നടത്തിയതിന് ചെലവായ തുക 96591 രൂപ.

## വനിതാ-ശിശുവികസനം/ക്ഷേമം കാര്യക്ഷമമാക്കുന്നതിന് ചില നിർദ്ദേശങ്ങൾ.

1 എല്ലാ അംഗൻവാടികൾക്കും ശുദ്ധജലവും സാനിട്ടേഷൻ സൗകര്യവും ലഭ്യമാക്കണം.

2 എല്ലാ അംഗൻവാടികളിലും കളിക്കോപ്പുകളും Out door Games-നായി Slippery slide, ഊഞ്ഞാൽ തുടങ്ങിയവ വിതരണം ചെയ്യുക.

3 നിലവിലുള്ള പോഷകാഹാര വിതരണണിനു പുറമേ, പിന്നോക്ക മേഖലകളിലുള്ള അംഗൻവാടികളിൽ ന്യൂനപോഷണം കണക്കാക്കി പ്രോട്ടീനും വൈററമിനും അടങ്ങിയ ധാന്യമിശ്രിതം ഗ്രാമപഞ്ചായത്തുകൾവഴി വിതരണംചെയ്യണം.

4 സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

5 റഫറൽ കാർഡ് ഏർപ്പെടുത്തി റഫറൽ സർവ്വീസ് കർശനമായി ഏർപ്പെടുത്തണം.

6 ഹെൽത്ത് ചെക്കപ്പ് പ്രോഗ്രാം കാര്യക്ഷമമാക്കണം.

7 പ്രീസ്കൂളിൻെറ ആധുനിക പ്രവണതകളെക്കുറിച്ചും, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ മാററങ്ങളെക്കുറിച്ചും അംഗൻവാടി ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം ലഭ്യമാക്കണം.

8 പ്രീസ്കൂൾ വിദ്യാഭ്യാസം അംഗൻവാടിതലത്തിൽ മാത്രം നടപ്പിലാക്കണം.

9 അംഗൻവാടികളോടനുബന്ധിച്ചുള്ള മഹിളാ സമാജങ്ങൾക്ക് പരമ്പരാഗത കൈത്തൊഴിൽ, കളിപ്പാട്ട നിർമ്മാണം, മററു കൈത്തൊഴിലുകൾ എന്നിവയ്ക്കു് ധനസഹായം ലഭ്യമാക്കുകയും, ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

10 അംഗൻവാടി ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന വേതനത്തിനു പുറമേ, ആശ്വാസതുകകൂടി ലഭ്യമാക്കണം

11 വനിതാ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അറിവുണ്ടാകുന്നതിനുവേണ്ടി പഞ്ചായത്തിൽ ഇൻഫർമേഷൻ സെൻറർ ആരംഭിക്കണം.



## സഹകരണം

### അവലോകനം

ഈ പഞ്ചായത്തിൽ 3 സർവ്വീസ് സഹകരണ ബാങ്കുകളും 5 ക്ഷീരോല്പാദക സഹകരണ സംഘങ്ങളും 6 സ്കൂൾ സഹകരണ സംഘങ്ങളും ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘവും ഒരു ഉപഭോക്തൃ സഹകരണ സംഘവുമാണുള്ളത്. ഇതിൽ സർവ്വീസ് സഹകരണ മേഖലയാണ് പഞ്ചായത്തു തലത്തിൽ ഏററവും പ്രാധാന്യം അർഹിക്കുന്നത്. സാധാരണ ഗതിയിൽ ഒരു പഞ്ചായത്തു പ്രദേശമായിരിക്കും ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല. എന്നാൽ കുളക്കട പഞ്ചായത്തിൽ 3 സർവ്വീസ് സഹകരണബാങ്കുകളാണുള്ളത്. കൂടാതെ പഞ്ചായത്തിന്റെ പുത്തൂർ-മൈലംകുളം വാർഡ് പഞ്ചായത്തിനു പുറത്തു സ്ഥിതിചെയ്യുന്ന പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലയിലുമാണ്.

ഈ പഞ്ചായത്തിൽ ആദ്യം രൂപംകൊണ്ടത് 236-ാം നമ്പർ വെണ്ടാർ സർവ്വീസ് സഹകരണ ബാങ്കാണ്. ഉദ്ദേശം 76 വർഷങ്ങൾക്കു മുമ്പ്, കൃത്യമായി പറഞ്ഞാൽ കൊല്ലവർഷം 1096 മിഥുന മാസം 6-ാം തീയതി "പരസ്പര സഹായ സഹകരണ സംഘം"മെന്ന പേരിൽ ഈ സ്ഥാപനം രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

മനുഷ്യജീവിതം സഹകരണത്തിലധിഷ്ഠിതമാണെന്നും കൊണ്ടും കൊടുത്തും മാത്രമേ ജീവിതം പൂർണ്ണമാവുകയുള്ളൂവെന്നും വ്യക്തമായി തിരിച്ചറിഞ്ഞ ഒരു കൂട്ടം ചെറുപ്പക്കാർ വെണ്ടാററുള്ള ഓറേത്തു പള്ളിക്കൂടത്തിൽ ഒത്തുകൂടി. പരാശ്രയമില്ലാതെ ഒരു മനുഷ്യനും ഭൂമുഖത്തു ജീവിക്കുവാൻ സാധിക്കുകയില്ലെന്നുള്ള പ്രകൃതി നിയമം ജീവിതക്രമമാക്കിമാററിയ അവർ ഇൻഡ്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് സ്വദേശി പ്രസ്ഥാനത്തിലൂടെ നൂൽനൂല്പു കേന്ദ്രങ്ങളെ സഹായിക്കുന്നതിനു വേണ്ടിയാണ് ഈ സംഘം രൂപീകരിച്ചത്. സർവ്വശ്രീ. ചേറുകാട്ടു വീട്ടിൽ P. K. ഗോവിന്ദപ്പിള്ള, ചെറുകോട്ടഴികത്തു P. ഗോവിന്ദപ്പിള്ള, കിഴക്കേതിൽ കൃഷ്ണപിള്ള, കരിമ്പിയിൽ നാണുപിള്ള, കാട്ടുവിള നാണു, കുളക്കട പഞ്ചായത്ത് മുൻപ്രസിഡൻറ് P. K. നാരായണപിള്ള തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തകർ. സ്ഥാപക പ്രസിഡൻറ് ശ്രീ. പി. കെ. ഗോവിന്ദപ്പിള്ളയും സെക്രട്ടറി ശ്രീ. K. ഗോവിന്ദപ്പിള്ളയും ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനത്തിനു പോലും നൂററുകൊല്ലത്തെ ചരിത്രമേയുള്ളൂ എന്നറിയുമ്പോഴാണ് 76 വർഷത്തെ ചരിത്രം അവകാശപ്പെടുന്ന ഈ സംരംഭത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുക. നാട്ടു കൂട്ടങ്ങൾ നടത്തി നൂൽ വിതരണം ചെയ്ത് സ്വദേശി പ്രസ്ഥാനത്തെ സഹായിക്കുന്നതോടൊപ്പം അംഗങ്ങളുടെ സർവ്വോതോമുഖമായ പുരോഗതിയും അവർ ലക്ഷ്യമിട്ടിരുന്നു. 5 രൂപയുടെ ഓഹരിയെടുത്താൽ 25 രൂ. യുടെ നൂൽ വിതരണം ചെയ്യും. ഇങ്ങനെയായിരുന്നു വായ്പ വിതരണ രീതി.

1930 ൽ അന്നത്തെ M. L. C. യായിരുന്ന ശ്രീ. സി പി കൊച്ചു കുഞ്ഞുപിള്ളയുടെ നേതൃത്വത്തിൽ ഈ സ്ഥാപനത്തിൽ അഞ്ഞൂറോളം ദേശാഭിമാനികൾ ഒത്തുചേർന്ന്, തക്ലികൊണ്ട് നൂൽ നൂർത്ത് ബ്രിട്ടീഷുകാർക്കെതിരായി കൊട്ടാരക്കര വരെ ജാഥ നടത്തിയതായി പഴമക്കാർ പറയുന്നു.

തുടർന്ന് 1949 ൽ വിവിധോദ്ദേശ സഹകരണ സംഘമായും 1972 മുതൽ സർവ്വീസ് സഹകരണ സംഘമായും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനത്തിലെ വൈകല്യം കൊണ്ടോ നിഷ്ക്രിയതയാലോ നെടുനാൾ ദീർഘനിദ്രയിലാണ്ട ഈ സ്ഥാപനം 1985 മുതൽ സാമാന്യം ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും കേവലം രണ്ടു വാർഡുകളുടെ പ്രവർത്തനപരിധിയുമായി ബാലാരിഷ്ടത താണ്ടി വരുന്നതേയുള്ളൂ. ഇങ്ങനെ ദേശീയ പ്രസ്ഥാനവുമായി അഭേദ്യബന്ധം പുലർത്തുന്നതാണ് ഈ ബാങ്കിന്റെ പൂർവ്വകാല ചരിത്രം. ഇതിന്റെ ആദ്യകാല പ്രസിഡൻറ് പേറുകാട്ട് ശ്രീ. നാരായണപിള്ളയും സെക്രട്ടറി ശ്രീ. ശിവശങ്കരപിള്ളയും ആയിരുന്നു.

ഈ പഞ്ചായത്തിൽ അംഗങ്ങളുടെ വൈപുല്യം കൊണ്ടും, നിക്ഷേപ സമൃദ്ധിയാലും, വായ്പാവിതരണത്തിലുള്ള വൈവിധ്യം കൊണ്ടും ഒന്നാമതായി നിൽക്കുന്നത് 3503-ാം നമ്പർ പുവററൂർ കിഴക്ക് സർവ്വീസ് സഹകരണബാങ്കാണ്. 1954 ൽ വിവിധോദ്ദേശ സഹകരണസംഘമായി രജിസ്ററർ ചെയ്ത് 16-1-1955 ൽ പ്രവർത്തനം ആരംഭിച്ചു. 1962 ൽ സർവ്വീസ് സഹകരണസംഘമായി. ഇതിന്റെ ആദ്യകാല പ്രവർത്തകർ പൂവററൂർ കിഴക്ക് വാഴപ്പള്ളിൽ വടക്കേടത്തുതാഴതിൽ വി. കൃഷ്ണപിള്ള, കിഴക്കെടത്തു വീട്ടിൽ എം. ഗോപാലപിള്ള, മുളയ്ക്കൽ V. ചെല്ലപ്പൻപിള്ള, പൂവണ്ണംമൂട്ടിൽ G. രാമകൃഷ്ണപിള്ള, ശ്രീരംഗത്തുവീട്ടിൽ R. രാഘവൻപിള്ള, ചാങ്ങയിൽവീട്ടിൽ ഗോപാലപിള്ള,

അറപ്പുരവീട്ടിൽ കെ. ഭാസ്ക്കരൻനായർ, മേടയിൽ എ. ഉണ്ണുണ്ണി എന്നിവരാണ്. സ്വാതന്ത്ര്യാനന്തരകാലത്തുള്ള ബഹുജനപ്രസ്ഥാനങ്ങളുമായുള്ള ബന്ധംകൊണ്ടും ജനകീയ പിൻബലത്താലും കൃഷിക്കാരുടെ ക്ഷേമത്തിനായി രൂപം കൊണ്ടുപ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം സഹകാരികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നുവരുന്നു.

ഈ പഞ്ചായത്തിലെ സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് 11-7-58 ൽ പ്രവർത്തനം ആരംഭിച്ച 4299-ാം നമ്പർ കുളക്കട സർവ്വീസ് സഹകരണ ബാങ്ക്. ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘമായിട്ടാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. സഹകാരികളുടെ വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമല്ലെങ്കിലും പ്രതിസന്ധികളെ തരണംചെയ്തു മുന്നോട്ടു പോകുന്നുണ്ട്. ഇതിന്റെ ആദ്യകാല പ്രസിഡന്റ് അയണിയാട്ടു പടിഞ്ഞാറ്റതിൽ ശ്രീ. എം. ഗോപാലൻനായരും, സെക്രട്ടറി ശ്രീ. P. N. രാഘവൻനായരും ആയിരുന്നു.

ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ ക്രെഡിറ്റ് മേഖല എന്നും നോൺ ക്രെഡിറ്റ് മേഖല എന്നും രണ്ടായി തരംതിരിക്കാം.

## (a) ക്രെഡിറ്റ് സംഘങ്ങൾ

( പട്ടിക 1 )

| ക്രമനമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗസംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ / നഷ്ടമോ |
|---|---|---|---|---|---|---|---|
| 1 | വെണ്ടാർ S C B. L N No. 236 | 6-11-1096 (M. E.) | 3843 | 4 | 444047 | 17471229 | നഷ്ടം |
| 2 | പുവറ്റൂർ കിഴക്ക് S C B L N No. 3503 | 16-1-1955 | 8651 | 9 | 1116200 | 71500000 | ,, |
| 3 | കുളക്കട S C B. L N No. 4299 | 11 7-1958 | 3775 | 5 | 465075 | 17000000 | ,, |
| 4 | കുളക്കട പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം Q 450 | 24 3-1973 | 951 | 1 | 74140 | 42000 | ,, |

ഈ പഞ്ചായത്തിലെ 3 സർവീസ് സഹകരണ ബാങ്കുകളിലുമായി ആകെ 20,291,621 രൂ. നിക്ഷേപമുണ്ട്. ഇതിൽ 17626714 രൂ സ്ഥിരം നിക്ഷേപമാണ്. ജില്ലാ സഹകരണബാങ്കിൽനിന്നും 1995-96 ൽ 9278753 രൂ. വായ്പ സ്വീകരിക്കുകയും, അംഗങ്ങൾക്ക് 23164719 രൂ. വായ്പ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 42,88,489 രൂ. കുടിശ്ശികയാണ്. നില്പു വായ്പയുടെ 18.5% കാർഷികമേഖലയിൽമാത്രം 4055891 രൂ. വായ്പ നൽകി 4,13,000 രൂ. സർക്കാർ ഓഹരിയാണ് തൻചിലവിനത്തിൽ 3,88,268 രൂപായും സിൽബന്തിചെലവിനത്തിൽ 7,76,143 രൂപായും ചെലവഴിക്കുന്നുണ്ട്. 19 ജീവനക്കാർ പണിയെടുക്കുന്ന ഈ സ്ഥാപനങ്ങളിൽ 74,45,43,000 രൂ. വാർഷികടേണോവർ ഉണ്ട്.

നിക്ഷേപം സ്വീകരിക്കാൻ, ലോൺവിതരണം, ചിട്ടിനടത്തൽ, ഓണചന്ത, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത് സേവന രംഗങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നത് മൂലവും കുടിശ്ശിക പലിശ പിരിഞ്ഞു കിട്ടാനുള്ളതിനാലും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

## കുളക്കട പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണസംഘം Q 450

24-3-1973 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയും സംഘാംഗങ്ങളുടെ താല്പര്യക്കുറവും പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. 23 വർഷത്തെ പ്രവർത്തനഫലമായി കേവലം 951 അംഗങ്ങളെ മാത്രമേ ചേർക്കാൻ കഴിഞ്ഞുള്ളൂ. നിക്ഷേപം സ്വീകരിച്ചും വായ്പാവിതരണം ചെയ്തും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ആസൂത്രിത വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വളരെ വലുതാണ്. സഹകരണാടിസ്ഥാനത്തിൽ കാർഷിക പുരോഗതി കൈവരിച്ച ഇസ്രായേലും സഹകരണസംഘങ്ങളിലൂടെ ക്ഷീര വ്യവസായരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ച ഡെൻമാർക്കും വ്യവസായം സഹകരണാടിസ്ഥാനത്തിൽ വളർത്തിയെടുത്ത ചൈനയും നമുക്ക് മാതൃകകളാവണം.

നിത്യജീവിതത്തിൽ എല്ലാവർക്കും ഒരേപോലെ ആവശ്യമുള്ള, ആർക്കും ഒഴിവാക്കാനാവാത്ത ചില കാര്യങ്ങളുണ്ട്— ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം ഈ പ്രക്രിയകളുമായി ബന്ധപ്പെട്ടതാണ്. ഉല്പാദനക്ഷമത, കാര്യക്ഷമത. സേവന നിരതത്വം, മേൽനോട്ടം തുടങ്ങിയവ. താൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ നിലനില്പിനും, വളർച്ചയ്ക്കും മാത്രമല്ല തന്റേയും കുടുംബത്തിന്റേയും നിലനില്പും വളർച്ചയും അതുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു എന്നു യാഥാർത്ഥ്യം മാനേജുമെന്റിനും ജീവനക്കാർക്കും ബോധ്യപ്പെടണം. സഹകരണ പ്രസ്ഥാനത്തിന്റെ നാഡീഞരമ്പുകളായ ജീവനക്കാർ യഥാർത്ഥ സഹകാരികളാവണം. 'Every body's property is nobody's property' എന്ന ആലസ്യം കെടുകാര്യസ്ഥതയിലെത്തിക്കുന്നു.

ഗ്രാമതലത്തിൽ വേരൂന്നി പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്കുകൾ ഗ്രാമീണരുടെ ഖജാൻജിയാണ്. സർക്കാരിന്റെ ഏതു ക്ഷേമ പദ്ധതികളും ചുരുങ്ങിയ കാലയളവിൽ ബഹുജനങ്ങളുടെയിടയിൽ നടപ്പിലാക്കാനുള്ള സംവിധാനം ഇവയ്ക്കുണ്ട്. തൊഴിലില്ലായ്മാ വേതന വിതരണം, വിവിധയിനം പെൻഷനുകൾ, സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കൽ തുടങ്ങിയവ ഭംഗിയായി ഏറ്റെടുത്തു നടപ്പിലാക്കാൻ ഈ മേഖല സുസജ്ജമാണ്. എന്നാൽ വായ്പാ വിതരണ രംഗത്ത് സർവീസ് ബാങ്കുകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ വിശ്വാസം നേടി, ജനകീയ പിൻബലത്തോടെ സർവീസ് സഹകരണബാങ്കുകൾ നിക്ഷേപ സമൃദ്ധമായപ്പോൾ വായ്പാ വ്യവസ്ഥകളുമായി പൊരുത്തപ്പെടാനാവാതെ നട്ടം തിരിയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ജില്ലാ സഹകരണ ബാങ്കും മററു കേന്ദ്ര കൊമേഴ്സ്യൽ ബാങ്കുകളും സഹകരണ ബാങ്കുകളുടെ വ്യാപകാതിർത്തിയിൽ ശാഖകൾ തുറന്ന് വ്യക്തികൾക്കു നേരിട്ടു വായ്പ നൽകി സർവീസ് ബാങ്കുകളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. അതിനാൽ കാലാകാലങ്ങളിൽ കൃഷിക്കാർക്കു വേണ്ടി തുടങ്ങുന്ന സേവന സ്കീമുകൾ പരാജയത്തിൽ കലാശിക്കുന്നു.

ജില്ലാ സഹകരണ ബാങ്കിലെ നിക്ഷേപങ്ങളിൽ സിംഹഭാഗവും സർവീസ് സഹകരണ ബാങ്കുകളുടേതാണ്. സർവീസ് സഹകരണബാങ്കുകൾ ഉയർന്ന പലിശ നിരക്കിൽ സ്വരൂപിച്ച നിക്ഷേപത്തിന്റെ 25% തരളധനവും, സെക്യൂരിററിനിക്ഷേപങ്ങളും, കരുതൽ ധനവും, മിച്ച ധനവും ജില്ലാബാങ്കിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ നിർബാധം ഒഴുകിയെത്തുന്ന സമ്പത്ത് സുഖമായി വ്യക്തികൾക്ക് വായ്പാ വിതരണം ചെയ്ത് ലാഭം കൊയ്തു കൂട്ടുകയാണ്. അംഗങ്ങൾക്കു മാത്രമേ വായ്പാ വിതരണം ചെയ്യാവൂ എന്ന സഹകരണതത്വവും ബലി കഴിക്കുകയാണിവിടെ, ഓഹരിയനുപാതം ആവശ്യമില്ലായെന്നുള്ളതും വായ്പക്കാർക്ക് ആശ്വാസം നൽകുന്ന ഗഹാൻസ് സമ്പ്രദായവും വായ്പാക്കാരെ സഹകരണ ബാങ്കുകളിൽ നിന്നും അകററി തങ്ങളോട് അടുപ്പിക്കാൻ അത്തരം ബാങ്കുകൾക്കു കഴിയുന്നു. ഗഹാൻസ് സമ്പ്രദായം (സിംപിൾ മോർട്ട് ഗേജ്) മൂലം ചാർജ്ജു സൃഷ്ടിച്ച് വായ്പ എടുക്കുന്ന അംഗങ്ങൾക്ക് എഴുത്തു ഫീസ്, രജിസ്ട്രേഷൻ ഫീസ്, മററു കഷ്ടനഷ്ടങ്ങൾ എന്നിവ ഒഴിവാക്കാനും കഴിയുന്നു. വായ്പ എടുക്കുന്നതിന് അംഗങ്ങൾക്ക് ചാർജ്ജു സൃഷ്ടിക്കുവാൻ സഹകരണ നിയമം 36-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യം പ്രാഥമിക സംഘത്തിലെ അംഗങ്ങൾക്ക് നിക്ഷേധിക്കുന്നതു ന്യായമല്ല.

( പട്ടിക 2 )

| | നോൺ ക്രഡിററ് സംഘങ്ങൾ | | |
|---|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണസംഘം | Apcos | ആററുവാശ്ശേരി |
| 2 | ,, | | കലയപുരം |
| 3 | ,, | | പൂവററൂർ |
| 4 | ,, | | കുളക്കട |
| 5 | ,, | | വെണ്ടാർ |
| 6 | സ്ക്കൂൾ സൊസൈററി | ഏറത്തുകുളക്കട L P S | |
| 7 | ,, | കുളക്കട H S | |
| 8 | ,, | പൂവററൂർ H S | |
| 9 | ,, | വെണ്ടാർ S V M M H S | |
| 10 | ,, | വെണ്ടാർ L P S | |
| 11 | ,, | പുത്തൂർ H S | |
| 12 | കൺസ്യൂമർ സഹകരണസംഘം പുവററൂർ No. Q 982 | | |

## 1 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ 5 ക്ഷീരോല്പാദക സഹകരണസംഘങ്ങളാണുള്ളത്. പാലിന്റെ ഗുണനിലവാരവും വില നിലവാരവും ഉറപ്പു വരുത്തുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. റിപ്പോർട്ടിൽ ആദ്യം പരാമർശിക്കുന്നതിനാൽ വിശദീകരിക്കുന്നില്ല

## 2 സ്കൂൾ സൊസൈററികൾ

എല്ലാ സ്കൂൾ സൊസൈററികളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത് അവ പുസ്തക വിതരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തി വരുകയാണ്. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ, മററു പഠനോപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 3 പൂവററൂർ കൺസ്യൂമർ സഹകരണ സംഘം No. Q. 982

ഈ പഞ്ചായത്തിൽ കൺസ്യൂമർ രംഗത്തുള്ള ഏക സഹകരണസംഘമാണിത്. പൂവററൂർ കേന്ദ്രമാക്കി പ്രവർത്തിച്ചു വന്ന ഈ സംഘം ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. കൺസ്യൂമർ സ്റേറാറിലേക്കാവശ്യമായ സാധനങ്ങൾ കേരളാ സ്റേററ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ 1991 മുതൽ ടി സാധനങ്ങൾ ലഭ്യമാകാതിരുന്നതിനാൽ ഇതിന്റെ പ്രവർത്തനം നിന്നിരിക്കുകയാണ്.

കൺസ്യൂമർ സ്റേറാറുകൾ സിവിൽ സപ്ലൈസിനെ മാത്രം ആശ്രയിച്ചു പ്രവർത്തിക്കുന്നതു ശരിയല്ല. അംഗങ്ങളല്ലാത്തവർക്കും സേവനം നടത്തുന്നതു കൊണ്ടാണ് അത് തകർച്ചയെ നേരിടുന്നത്. ഒരു സഹകരണ സ്റേറാറിൽ നിന്നും അതിലെ അംഗങ്ങൾക്കു മാത്രമേ വില്പന നടത്തുകയുള്ളൂ എന്നു വന്നാൽ അംഗങ്ങൾക്കു താനേ സ്ഥാപനത്തോടു സ്നേഹവും ആദരവും തങ്ങളുടേത് എന്ന ബോധവും ഉണ്ടാകും അംഗങ്ങളല്ലാത്തവരെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കി അംഗങ്ങൾക്കു കൊടുക്കുന്നതും അംഗങ്ങളല്ലാത്തവർക്കു വിതരണം ചെയ്തു നഷ്ടമുണ്ടാക്കി അംഗങ്ങൾക്കു ബാദ്ധ്യത ഉണ്ടാക്കുന്നതും സഹകരണതത്വങ്ങൾക്കു നിരക്കുന്നതുമല്ല. എംപ്ലോയീസ് സഹകരണ സ്റേറാറുകളും സ്കൂൾ സഹകരണ സ്റേറാറുകളും നല്ല നിലയിൽ നടക്കുന്നതിന്റെ കാരണം ഇവ അംഗങ്ങൾക്കും മാത്രം സേവനം ചെയ്യുന്നു എന്നതുകൊണ്ടാണ്.

## പ്രശ്നങ്ങൾ

1 ജില്ലാ സഹകരണബാങ്കുകളുടെ പ്രവർത്തനം സർവീസ് സഹകരണബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. അവയുടെ ഉയർന്ന മാർജിൻ നിരക്കാ

കാരണം സഹകരണബാങ്കുകളുടെ വായ്പാ പലിശ നിരക്ക് ഉയരുന്നു. പലിശ നിരക്ക് കുറഞ്ഞത് 6% എങ്കിലും ലഭിച്ചെങ്കിലേ സർവീസ് സഹകരണസംഘങ്ങൾക്കു നിലനില്ക്കാനാവൂ എന്ന് റിസർവ് ബാങ്ക് നിയോഗിച്ച അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് റവ്യൂ കമ്മററി സമർപ്പിച്ചറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ 2% മാർജിൻ മാത്രമേ ലഭിക്കുന്നുള്ളൂ.

2 ഭരണസമിതിയുടെ കുറഞ്ഞ കാലാവധി ഭീമമായ ചെലവുകളെ കൂടെക്കൂടെ വരുത്തിവയ്ക്കുകയും ഭരണസമിതിക്ക് ദീർഘമായ ആസൂത്രണം നടത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

3 മൂലധനത്തിന്റെ അഭാവവും അനിയന്ത്രിതമായ തൻ ചെലവുകളും സംഘം പ്രവർത്തനത്തെ തടസപ്പെടുത്തുന്നു.

4 പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ.

5 ദീർഘകാല നിക്ഷേപങ്ങൾക്ക് പലിശ നിരക്കു കുറഞ്ഞതു കാരണം വൻ നിക്ഷേപങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും ഒഴിയുന്നു. ആകർഷകമായ മററു മേഖലകൾ നിക്ഷേപകർ കണ്ടെത്തുന്നു.

6 സഹകരണ വിദ്യാഭ്യാസത്തിന്റേയും ബോധവൽക്കരണത്തിന്റേയും അഭാവം.

7 പിഴപ്പലിശ സമ്പ്രദായം സഹകാരികൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു. കോമേഴ്സ്യൽ ബാങ്കുകൾ ഇത് ഈടാക്കുന്നില്ല.

8 വായ്പാ വ്യവസ്ഥകളുടെ കർക്കശ്യം

9 വിദേശ നാണ്യ വിനിമയ സൗകര്യത്തിന്റെ (ഉദാ: NRI നിക്ഷേപങ്ങൾ) അഭാവം മൂലധനവർദ്ധന തടയുന്നു.

10 കർഷകരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നതുമൂലം ന്യായ വില ലഭ്യമാകാതിരിക്കുകയും വായ്പതുക തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

11 പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള കാലതാമസം തിരിച്ചടവിനെ സാരമായി ബാധിക്കുന്നു

12 ബ്ലേഡു കമ്പനികളുടെ പ്രവർത്തനം സഹകരണസംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

13 പല നിസാരകാര്യങ്ങളിലും പൊതുയോഗത്തിനുമേലുള്ള രജിസ്ററാറുടെ അധികാരം സംഘം പ്രവർത്തനത്തെ ദോഷമായി ബാധിക്കുന്നു.

14 ബാങ്കുകൾ തമ്മിലുള്ള നിസഹകരണം.

15 പരിമിതമായ വ്യാപാര വ്യാപ്തി.

16 സഹകാരികളോടുള്ള നല്ല പെരുമാററത്തിന്റെ അഭാവം.

17 ചെക്കുകൾ ഡ്രഫ്ററുകൾ മാറിക്കൊടുക്കുന്നതിനുള്ള കാലവിളംബവും കളക്ഷൻ ചാർജിന്റെ ഏകീകരണമില്ലായ്മയും.

18 വിപണനസംഘങ്ങളുടെ അഭാവം

19 പുനർ വായ്പാ വിതരണത്തിലെ കാലതാമസം

20 കാലഹരണപ്പെട്ട ആഡിററ് സമ്പ്രദായം

21 കാർഷിക വായ്പയുടെ കുറഞ്ഞപരിധി

22 ആർബിട്രേഷൻ നടപടികളുടെ കാലതാമസം

**സാധ്യതകൾ**

1 സഹകരണ ബാങ്കിംഗ് രംഗത്ത് 2 ടയർ സമ്പ്രദായം നടപ്പിൽ വരുത്തി സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിലപ്പെടുത്തണം

2 ജില്ലാ സഹകരണബാങ്കിലെ അംഗങ്ങൾ അതിൽ അഫിലിയേററു ചെയ്തിട്ടുള്ള പ്രാഥമിക സംഘങ്ങളാണ്. എന്നാൽ അംഗങ്ങളല്ലാത്ത വ്യക്തികൾക്ക് കൊടുക്കുന്ന വായ്പകൾ നിർത്തൽ ചെയ്യാൻ ഉത്തരവ് ഉണ്ടാകണം

3 ഭരണസമിതിയുടെ കാലാവധി 5 വർഷമായി പുനഃസ്ഥാപിക്കണം

4 പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ പ്രവർത്തന മേഖലകളിൽ കടന്നു കയറണം

5 NRI നിക്ഷേപം സ്വീകരിക്കാൻ അനുവദിക്കണം

6 ദീർഘകാല നിക്ഷേപങ്ങളുടെ പലിശ നിരക്ക് കൂട്ടണം

7 ജീവനക്കാർ, ഭരണസമിതിയംഗങ്ങൾ, സഹകാരികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം ബോധവൽക്കരണം നടത്തണം

8 പ്രൊഫഷണൽ മാനേജുമെന്റു സമ്പ്രദായം നടപ്പിൽ വരുത്തണം

9 സർവീസ് സഹകരണ ബാങ്കുകളിൽ മാത്രം നിലവിലുള്ള പിഴപ്പലിശ സമ്പ്രദായം നിർത്തൽ ചെയ്യണം

10 വായ്പാ വ്യവസ്ഥകൾ ഏകീകരിക്കണം ഗഹാൻസ് സമ്പ്രദായം സർവീസ് സഹകരണ ബാങ്കുകളിലും പ്രാവർത്തികമാക്കണം

11 വിപണനസംഘങ്ങൾ, വനിതാസഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട്സംഘം എന്നിവ രജിസ്ററർ ചെയ്ത് പ്രവർത്തനം തുടങ്ങണം

12 വായ്പാത്തുക കൃത്യമായി തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പലിശ സബ്സിഡി വിതരണം ചെയ്യണം

13 വ്യാപാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും തൻചെലവുകൾ പരമാവധി കുറയ്ക്കുകയും ചെയ്യണം

14 സ്വയം തൊഴിൽ പദ്ധതികൾ ഏർപ്പെടുത്തി അതിന്റെ വിനിയോഗവും മേലന്വേഷണവും നടത്തി വായ്പ നൽകണം

15 സ്വയം തൊഴിൽ കണ്ടെത്താൻ സ്ത്രീകൾക്കു പ്രത്യേകം പദ്ധതികൾ ഏർപ്പെടുത്തണം. തിരിച്ചടവിനുള്ള ശേഷിക്ക് വിധേയമായി അനൗപചാരിക ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്തണം. സ്ത്രീകൾ എടുക്കുന്ന വായ്പയുടെ തിരിച്ചടവ് താരതമ്യേന തൃപ്തികരമായിരിക്കും

16 IMBP നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം

17 സംഘങ്ങളിലൂടെ തൊഴിലില്ലായ്മ വേതനവും പെൻഷൻ പദ്ധതികളും വിതരണം ചെയ്യണം

18 കൃഷി വായ്പയുടെ പലിശനിരക്ക് കുറയ്ക്കണം 10%-ത്തിൽ കൂടാൻ പാടില്ല

19 സഹകരണസംഘങ്ങളിൽ ഗവൺമെന്റ് ഓഹരി വർദ്ധിപ്പിക്കുകയും സേവന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഗ്രാന്റ് അനുവദിക്കുകയും ചെയ്യണം

20 കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് പൊതു പ്രവർത്തകരുടെ സഹായം തേടണം.

21 പൊതുയോഗത്തിന്റെ അധികാരം വർദ്ധിക്കുകയും രജിസ്ററാറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യണം.

22 ഗ്രൂപ്പ് ഫാമിംഗ് സൊസൈററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

23 തകർച്ചയെ നേരിടുന്ന ബാങ്കിനെ നന്നായി പ്രവർത്തിക്കുന്ന മറെറാരു സകഹരണ ബാങ്കിന്റെ ചുമതലയിൽ പ്രവർത്തിക്കണം.

24 സൗകര്യമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്ത് കർഷകരുടെ സഹായത്തോടെ പച്ചക്കറി കൃഷിനടത്തണം. കൂടാതെ വിത്ത്, വളം, കീടനാശിനികൾ എന്നിവ സൗജന്യമായി ഓരോ വീട്ടിലും എത്തിക്കണം. പൊതു പ്രവർത്തകർ ഭവനസന്ദർശന പരിപാടികൾ നടത്തി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യണം. പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്യണം പഞ്ചായത്ത് ഏറെറടുക്കണം. ജനകീയ കമ്മററി രൂപവൽക്കരിച്ച് പ്രവർത്തനം സുതാര്യമാക്കണം. പാഴായി കൊണ്ടിരിക്കുന്ന ഗ്രാമീണ മേഖലയിലെ വിഭവശേഷി എല്ലാവർക്കും ഗുണപ്രദമായ രീതിയിൽ ഉല്പാദന മേഖലയിലേക്കു തിരിച്ചുവിടാൻ ഇതുവഴി കഴിയും

25 സംഘത്തിന്റെ ചുമതലയിൽ മെഴുകുതിരി സാമ്പ്രാണിത്തിരി, റെഡിമെയ്ഡ് ഗാർമെന്റ്സ് തുടങ്ങിയ ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കണം. പഞ്ചായത്തിന്റെ സഹായം ലഭ്യമാക്കണം

26 സഹകരണ മാവേലിസ്റേറാറുകളെ സ്ഥിരം മാവേലി സ്റേറാറാക്കി പ്രവർത്തിപ്പിക്കണം

27 കളക്ഷൻ ചാർജ് സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ പുറപ്പെടുവിക്കണം

28 പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. പവർടില്ലറോ, ട്രാക്ടറോ വിതരണം ചെയ്യണം.

# XI പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 26% ത്തോളം പട്ടികജാതി–വർഗ്ഗ വിഭാഗമാണ്. ഏകദേശം 1750ൽ പരം കുടുംബങ്ങളിലായി 7856 ഓളം ജനങ്ങളുണ്ട് ഇവർ വിവിധ കോളനികളിലായും അല്ലാതേയും താമസിക്കുന്നു.

രാജ്യവ്യാപകമായി പുത്തൻ മാററങ്ങൾക്കുവേണ്ടി എല്ലാ മേഖലകളിലും വെച്ചിയേററങ്ങൾ ഉണ്ടാകുമ്പോഴും കാര്യമായ വ്യതിയാനങ്ങൾ ഉൾക്കൊള്ളാതെ ഇന്നും നിലനിന്നു വരുന്ന സമൂഹമാണ് പട്ടികജാതി ജനവിഭാഗം. ഈ വിഭാഗത്തിൻെറ ക്ഷേമത്തിനായി ഗവൺമെൻറുകൾ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും താഴേത്തട്ടിലെത്തുമ്പോഴേക്കും ലക്ഷ്യം പൂർണ്ണമായും നിറവേററപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക, സാമ്പത്തിക നേട്ടങ്ങൾ ഈ വിഭാഗങ്ങളിലേക്ക് ഇനിയും കടന്നുചെല്ലേണ്ടിയിരിക്കുന്നു. അതുപോലെ സാങ്കേതിക മികവു വേണ്ട തൊഴിൽ പരിശീലിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പൊതുവേ പെറുപ്പക്കാരുടെ ഇടയിൽ നിരക്ഷരർ ഇല്ലെങ്കിലും അഭ്യസ്തവിദ്യരുടെ എണ്ണം കുറവാണ്. രക്ഷകർത്താക്കൾ കുട്ടികൾക്കു വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല. ഇതിനുകാരണം കുടുംബ ബാദ്ധ്യതയും സാമൂഹിക പുറാറുപാടുമാണ്. ഭൂരിഭാഗവും കാർഷിക, കശുവണ്ടി, ഇഷ്ടികഎന്നീമേഖലകളിൽ തൊഴിലെടുത്ത് ഉപജീവനം നടത്തി വരുന്നു. ഇവർക്ക് കാർഷികമേഖലയിലെതൊഴിൽ നഷ്ടപ്പെടുന്നതു കൊണ്ട് മററു തൊഴിൽ കണ്ടെത്തുവാൻ നിർബന്ധിതരാകുന്നു. ഇതിനുകാരണം പ്ലാൻേറഷൻ കൃഷി സമ്പ്രദായവും നിലംനികത്തലും ചെളിയെടുപ്പുമാണ്.

## പട്ടികജാതി വികസനം— നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച ലഘുവിവരങ്ങൾ:—

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി സമൂഹത്തിൻെറ ഏററവുംപിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെ പരിരക്ഷക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി പ്രമുഖ വികസന പരിപാടികൾ നടപ്പാക്കി വരുന്നു.

### 1 ഓല മേയുന്നതിനുള്ള ധനസഹായം:—

ഓല മേഞ്ഞ വീടുകളുടെ മേൽക്കൂര കെട്ടിമേയുന്നതിന് ഒരു വീടിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

### 2 ഓടു മേയുന്നതിനുള്ള ധനസഹായം:—

8000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് മേൽക്കൂര ബലപ്പെടുത്തി വീട് ഓടു മേയുന്നതിന് 3000 രൂപ ധനസഹായമായി നൽകി വരുന്നു.

## 3 വിവാഹ ധനസഹായം:—

8000 രൂപ വരെ വാർഷിക വരുമാനമുള്ള നിർധനരായ പട്ടിക ജാതി രക്ഷാകർത്താക്കൾക്ക് അവരുടെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കാൻ 2000 രൂപ ധന സഹായമായി നൽകുന്നു.

## 4 ചികിൽസാ ധനസഹായം:—

8000 രൂപ വരെ വാർഷിക വരുമാനമുള്ള ഏററവും നിർധനരായ പട്ടികജാതിക്കാർക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാല ചികിൽസയ്ക്കായി ഒരു വ്യക്തിക്ക് 1000 രൂപ ധനസഹായം നൽകുന്നു.

## 5 എഴുത്തുപരീക്ഷ/ഇൻറർവ്യുവിന് ധനസഹായം:—

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെൻറ് എക്സ്ചെയിഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേക്ക് എഴുത്തുപരീക്ഷ/ ഇൻറർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലംവരെ പോയി മടങ്ങിവരുവാൻ യാത്രബത്ത നൽകിവരുന്നു.

## 6 നേഴ്സറിസ്കൂളുകൾ:—

പട്ടികജാതി വികസനവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിൽ പ്രതിദിനം 5 രൂപാ വീതം ഭക്ഷണചെലവിനും 200 രുപാ രണ്ടുജോഡി വസ്ത്രങ്ങൾക്കും നൽകി വരുന്നു.

## പ്രശ്നങ്ങൾ

ഈ വിഭാഗത്തിൽപ്പെട്ട ആളുകളിൽ ഏകദേശം 68 ശതമാനത്തോളം സ്ത്രീകളാണ്. ഇവരിൽ 96 ശതമാനത്തോളംപേരും, പത്താംക്ലാസിനു താഴെമാത്രം വിദ്യാഭ്യാസം നേടിയവരാണ്. അഭ്യസ്തവിദ്യരിൽ ഭൂരിഭാഗവും തൊഴിൽരഹിതരാണ്.

പുരുഷൻമാരിൽ 98 ശതമാനവും പത്താംതരത്തിൽവച്ച് വിദ്യാഭ്യാസം നിർത്തുവാൻ നിർബന്ധിതരാകുന്നു. ഇതിനുള്ള മുഖ്യകാരണം കുടുംബത്തിൻെറ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാൻ ഇവർ നിർബന്ധിതരാകുന്നു.

പൊതുവിൽ ഈ വർഗ്ഗത്തിലെ ആളുകൾ ദാരിദ്ര്യ രേഖക്കു താഴെയുള്ളതാണ്. തൻമൂലം ഈ മേഖലകളിൽ ദാരിദ്രവും നിത്യരോഗവും സാധാരണമാണ്.

ഈ പഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനുതകുന്നതരത്തിൽഒരു പരിശീലനകേന്ദ്രം ഇല്ല.

പട്ടികജാതി വികസനവകുപ്പിൻെറകീഴിൽ പ്രവർഞ്ഞിക്കുന്ന ITC കളിലെപരീക്ഷ NCVT അംഗീകരിച്ചിട്ടില്ല.അതുകൊണ്ട് അവിടെനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ നിഷേധിക്കപ്പെടുന്നു.

ഈ പഞ്ചായത്തിലെ താമസക്കാരായ പട്ടികജാതികുടുംബാങ്ങളിൽഭൂരിഭാഗവും കൂടികിടപ്പ് അവകാശം ലഭിച്ച നിർധനരാണ്. ഇതിൽഅധികവും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ് കാരണം പ്രാധമികസൗകര്യകുറവാണു (ശുദ്ധജലം, കക്കൂസ്, വൈദ്യുതി)

പട്ടികജാതിക്കാരുടെ അവസരങ്ങളും ആനുകൂല്യങ്ങളും ഈ വിഭാഗക്കാർക്കു തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയത്തെ കുറിച്ച് ഇവർക്ക് ബോധവൽക്കരണം നടത്തണം.

സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന് താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഉപകാരപ്പെടും വിധത്തിൽ ഈ പഞ്ചായത്തിൽ അടിയന്തിരമായി ഒരു പട്ടികജാതി വെൽഫയർ ഹോസ്റ്റൽ അത്യാവശ്യമാണ്.

മാറാരോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന നിർധനരായ ആളുകൾക്ക് അടിയന്തിര ചികിൽസ ധന സഹായം നൽകണം.

വിലാംഗർക്ക് വിദ്യാഭ്യാസ സഹായവും സൗജന്യ റേഷനും അനുവദിക്കുക. ഇവരെ പുനരധിവസിപ്പിക്കുകയും ഒപ്പം ഇവർക്കനുയോജ്യമായ തൊഴിൽ നൽകുക.

പട്ടികജാതിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥകളിലും സ്വന്തം ജാമ്യത്തിൽ മദ്ധ്യ-ദീർഘകാല ബാങ്കുവായ്പകളും വ്യവസായ വായ്പകളും ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. സ്വന്തമായി കൃഷിഭൂമിയോ വീടോ ഇല്ലാത്ത ഈ വിഭാഗക്കാർക്ക് അടിയന്തിരമായി ഇതിനുള്ള സഹായം അനുവദിക്കുക അതോടൊപ്പം ഈ രംഗത്ത് നിലവിലുള്ള നിബന്ധനകൾ ലഘൂകരിക്കുകയും വേണം. കൂടാതെ ഇവർക്ക് കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

പരമ്പരാഗത തൊഴിൽ രംഗങ്ങളിൽ തൊഴിലെടുക്കുന്ന പട്ടികജാതിക്കാർക്ക് ആവശ്യമായ പരിശീലനവും സഹായവും നൽകണം. ഈ വിഭാഗങ്ങളുടെ വികസനത്തിന് വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കണം.

ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടേയും ക്ഷേമത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ പ്രസിഡൻറ് ചെയർമാനും പട്ടികജാതി പ്രതിനിധി കൺവീനറുമായുള്ള ഒരു സമിതി രൂപീകരിക്കണം.

പഞ്ചായത്തിലെ മുഴുവൻ കോളനികളും കോളനി ഇതര വീടുകളും അടിയന്തിരമായി അററകുററപണി നടത്തുന്നതിനുള്ള സഹായം അനുവദിക്കണം.

പഞ്ചായത്തു വഴി പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന വീടുകൾ, കക്കൂസുകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കുക. അതോടൊപ്പം ഇതിനുള്ള ഗ്രാൻറും വർദ്ധിപ്പിക്കണം.

മെച്ചപ്പെട്ട ജീവിതനിലവാരം കരുപ്പിടിപ്പിക്കുവാൻ പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി ആട്, പശു, കോഴി, തേനീച്ച എന്നിവയുടെ യൂണിററുകൾ തുടങ്ങുന്നതിനുള്ള സഹായം അനുവദിക്കുക.

പട്ടികജാതിക്കാരുടെ നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുക.

നിലവിലുള്ള ഉദ്യോഗ, വിദ്യാഭ്യാസ സംവരണം അപര്യാപ്തമാണ്. അതിനാൽ സംവരണ മാനദണ്ഡം ഉയർത്തുക.

✱

പട്ടികജാതി കോളനികളിലും ഈ ആൾക്കാർതിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും പൊതുവഴികളില്ല. തൻമൂലം ഈ പ്രദേശങ്ങളിലെആളുകൾക്ക് വിദ്യാഭ്യാസം, സാസ്കാരികം, സാമ്പത്തികം എന്നീ മേഖലകളിൽ പിന്നോക്കവസ്ഥയുണ്ട്

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും പ്രത്യേകിച്ച് പട്ടികജാതി മേഖലകളിൽസാക്ഷരത പ്രവർത്തനം ഊർജ്ജിതമാക്കുക.

വിദ്യാഭ്യാസപരവും സാമൂഹികവുംസാംസ്കാരികവുമായ പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ പട്ടികജാതികോളനികളിലും വായനശാലയും T.V സെൻററും അത്യാവശ്യമാണ്.

പട്ടികജാതിക്കാരുടെ പ്രതിശീർഷവരുമാനം ഉയർത്തത്തക്കതരത്തിൽ ഗ്രാമതലങ്ങളിൽ ചെറുകിട വ്യവസായയൂണിററുകൾ അനുവദിക്കുക.

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതിവികസന സർവ്വീസ് സഹകരണസംഘത്തെ പഞ്ചായത്തിലെമുഴുവൻപട്ടികജാതിക്കാർക്കും പ്രയോജനപ്പെടും വിധത്തിൽവിപുലീകരിക്കണം കൂടാതെ ജില്ലാസഹകരണബാങ്കിന്റെ അഫിലിയേഷൻ കൂടി ഉണ്ടാകണം

ഈ പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യസെൻററിന്റെ പ്രവർത്തനംമുഴുവൻആളുകൾക്കും പ്രയോജനപ്പെടും വിധത്തിൽ വിപുലീകരിക്കുകയും ഒപ്പം ഇതിന്റെ നിയന്ത്രണം പഞ്ചായത്തുകമ്മററിനേരിട്ടു ശ്രദ്ധിക്കുക.

പട്ടികജാതി വിഭാഗങ്ങൾക്ക് 25,000 രൂപയിൽകുറയാത്ത പ്രത്യേകഅപകട ഇൻഷ്വറൻസ ഏർപ്പെടുത്തണം കൂടാതെ 60 വയസിനുമുകളിൽ പ്രായമുള്ള മുഴുവൻ പട്ടികജാതിക്കാർക്കും കർഷതൊഴിലാളിപെൻഷൻ ഏർപ്പെടുത്തണം

പട്ടികജാതിക്കാർക്കും നിർധനരായ മററാളുകൾക്കും വിധവകൾക്കും ഇവരുടെ പെൺമക്കൾക്കും വിവാഹധനസഹായം 25, 000 രൂപയായി വർദ്ധിപ്പിക്കണം കൂടാതെ ഈ തുക വിവാഹത്തിനുമുൻപായി വിതരണം ചെയ്യണം

പട്ടികജാതിക്കാരുടെ പിന്നോക്കവസ്ഥയ്ക്കും ദാരിദ്ര്യത്തിനും പരിഹാരമായി വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവുമാക്കുന്നതിലേക്കും പട്ടികജാതിവിദ്യാർത്ഥികൾക്ക് ആവശ്യമായപഠനോപകരണങ്ങളും യൂണിഫോമുകളും സൗജന്യമായി നൽകുക വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈവിഭാഗത്തെബോധവൽക്കരിക്കുകയുംചെയ്യണം. നിലവിലുള്ളവിദ്യാഭ്യാസആനുകൂല്യങ്ങൾപരിമിതമാണ് ഇത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം

ഈ പഞ്ചായത്തിലെപട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽഒരു പരിശീലനകേന്ദ്രം ആരംഭിക്കുക.

പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽപ്രവർത്തിക്കുന്ന ITCകളിൽ നടത്തുന്ന പരീക്ഷകൾ NCVT അടിയന്തിരമായി അംഗീകരിക്കുക കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ITC യിൽകൂടുതൽവിദ്യാർത്ഥികൾക്ക് പഠിക്കുവാൻ ഉതകുന്നതരത്തിൽ കൂടുതൽ Trade കൾഅനുവദിച്ച് സീററുകൾ വർദ്ധിപ്പിക്കുക

ഈ മേഖലയിലെ അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

# XII വിഭവസമാഹരണം

കുളക്കട ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ കൃഷിയിലും വ്യവസായത്തിലും അധിഷ്ഠിതമാണ്. 29.18 ചതുരശ്ര കിലോ മീററർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മുപ്പത്തി ഒരായിരത്തി അഞ്ഞൂററി പതിനഞ്ച് ആളുകൾ അധിവസിക്കുന്നതായാണ് ഏററവും ഒടുവിലത്തെ കാനേഷുമാരി കണക്കുകൾ കാണിക്കുന്നത്. ഈ ഭൂപ്രദേശത്തിന്റെ മൂന്നിൽരണ്ട് ഭാഗം മാത്രമേ കൃഷിക്ക് ഉപയോഗിക്കുന്നുള്ളു. ഇവിടെയുള്ള പ്രധാന വ്യവസായങ്ങൾ ഇഷ്ടികനിർമ്മാണവും കശുവണ്ടി, കരിങ്കൽ മേഖലയുമാണ്. പല കാരണങ്ങളാലും കാർഷികരംഗത്തേക്ക് ആളുകൾ ആകർഷിക്കപ്പെടുന്നില്ല. എന്ന് മാത്രമല്ല പ്രസ്തുതരംഗത്തുനിന്നും പലരും ഇതര മേഖലകളിലേക്ക് ചേക്കേറുന്ന പ്രവണതയാണ് കാണപ്പെടുന്നത്, കൃഷി ഭൂമിയുടെ അനാശാസ്യമായ പരിവർത്തനവും ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു യുവതലമുറയുടെ കൃഷിഭൂമിയിലുള്ള ആഭിമുഖ്യക്കുറവ് ഈ മേഖലയുടെ തകർച്ച ത്വരിതപ്പെടുത്തുന്ന ഘടകമായി വർദ്ധിക്കുന്നു. നിലവിലുള്ള പ്രധാന വ്യവസായമായ ഇഷ്ടിക നിർമ്മാണ രംഗംസാമൂഹിക–പരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്ന ഒരു ഘട്ടത്തിൽ എത്തിനില്ക്കുകയാണ്. തന്മൂലം ഈ രംഗത്തിന്റെ വളർച്ചയ്ക്ക് ശോഭനമായ ഒരു ഭാവികാണുന്നില്ല.

ജനങ്ങളുടെ വിവിധങ്ങളായ ദൈനംദിന പ്രശ്നങ്ങളിൽ മൗലികമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം പൂർണ്ണവും ഫലപ്രദവുമാകണമെങ്കിൽ സാമ്പത്തികസുസ്ഥിതി അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ തനിതു വരുമാനം പതിനേഴ്ലക്ഷത്തോളം രൂപയാണ്. എന്നാൽ വിവിധ പ്രവർത്തനങ്ങൾക്ക് നാല്പത്തിഒന്ന് ലക്ഷം രൂപയാണ് ചെലവാകുന്നത്. ഈ ചെലവിന്റെ സിംഹഭാഗവും ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവുകൾ തുടങ്ങി അടിസ്ഥാനപരമായ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. വിഭവശേഷിയുടെ കുറവുനിമിത്തം മൗലികമായ പല പ്രവർത്തനങ്ങളും തൃപ്തികരമായി നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

ഈ സാഹചര്യത്തിൽ തൃപ്തികരവും ഫലപ്രദവുമായ പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

# പ്രശ്നങ്ങൾ

## 1. പ്രാഥമികം

ഈ ഗ്രാമപഞ്ചായത്തിൽ എണ്ണായിരത്തിലധികം വീടുകളാണ് ഉള്ളത്. ഇതിൽ രണ്ടായിരത്തോളം വീടുകൾ വാസയോഗ്യമല്ലാത്ത സ്ഥിതിയിൽ ഉള്ളതാണ്. ഇത്തരം വീടുകളുടെയും ഭവനരഹിതരുടെയും എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ പാർപ്പിട പ്രശ്നം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നതും സത്വരമായി പരിഹൃതമാവേണ്ടതുമാണ്. സർക്കാർ ധനസഹായത്തോടെ മാത്രമാണ് ഇപ്പോൾ നാമമാത്രമായെങ്കിലും ഈ പ്രശ്നത്തിൽ പഞ്ചായത്തിന് ഇടപെടാൻ കഴിയുന്നത്. അതുപോലെ തന്നെ സാനിട്ടറികക്കൂസ്സുകളുള്ള വീടുകളുടെ എണ്ണം ആകെ വീടുകളുടെ നാല്പത് ശതമാനത്തിൽ താഴെ മാത്രമാണ്. ഈ പ്രശ്നത്തിലും പഞ്ചായത്തിന് സ്വന്തം നിലയിൽ ഗണ്യമായ പ്രവർത്തനം നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് കുളക്കടഗ്രാമപഞ്ചായത്ത് സ്വന്തമായി കിണർ ഇല്ലാത്ത ആയിരക്കണക്കിന് കുടുംബങ്ങൾ ഇവിടെയുണ്ട്. ഉള്ളതിൽ പകുതിയോളം കിണറുകൾ മുകൾ കെട്ടാത്തതും തന്മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്ന സ്ഥിതിയിലുള്ളതുമാണ്. ഇവിടെയും പഞ്ചായത്തിന്റെ ഇടപെടൽ അത്യാവശ്യമായിരിക്കുന്നു.

## 2. തൊഴിൽപരം

കാർഷികരംഗത്തെ ഇന്നുള്ള സന്നിദ്ധാവസ്ഥക്ക് വിരാമമിടുന്നതിനും ഈ മേഖലയ ക്ക് അർഹിക്കുന്ന പോഷണം നൽകുന്നതിനും പഞ്ചായത്തിന് കഴിയാത്ത സാമ്പത്തിക ചുററുപാടുകളാണ് ഇന്നുള്ളത്. അതുപോലെ തന്നെ വ്യവസായികരംഗത്ത് തൃപ്തികരമായി ഇടപെടാനും കഴിയുന്നില്ല.

## 3. ഇതര പ്രശ്നങ്ങൾ

ഒരു പ്രദേശത്തിന്റെ വികസനം അവിടുത്തെ ഗതാഗത–ഊർജ്ജ സാദ്ധ്യതകളെ ആശ്രയിച്ചാണല്ലോ. കുളക്കട ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത് 122 കിലോ മീററർ റോഡുകളാണ്. ഇതിൽ ബഹുഭൂരിപക്ഷവും മൺറോഡുകളും വീതികുറഞ്ഞവയുമാണ്. 3 കിലോ മീററർ റോഡുമാത്രമാണ് മെററൽ ചെയ്യാൻ കഴിഞ്ഞത്. 14 കിലോ മീററർ റോഡുകൾ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും പലതിന്റെയും അററകുററപ്പണികൾ

യഥാസമയം നടത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും വൈദ്യുതി എത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യവസായിക ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത നിലയിൽ മതിയായ വോൾട്ടേജ് ലഭ്യമല്ല. ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രാൻസ്ഫോർമറുകൾ കാലപ്പഴക്കം ഉള്ളതും പ്രവർത്തന ക്ഷമമല്ലാത്തതുമാണ്.

## സാമൂഹ്യ പ്രശ്നങ്ങൾ

ഈ പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നു് വിദേശങ്ങളിൽ ജോലിചെയ്തുവരുന്നത് ഉദ്ദേശം മുന്നൂറിൽ താഴെ ആളുകൾ മാത്രമാണ്. അവരുടെ വരുമാനം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈ പഞ്ചായത്തിൽ കൊല്ലംജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളും രണ്ട് ദേശസാൽകൃത ബാങ്കുകളും രണ്ട് ഷെഡ്യൂൾഡ് ബാങ്കുകളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ അവയുടെ പ്രവർത്തനം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ സംഭാവന ചെയ്തുകാണുന്നില്ല. തൊഴിലില്ലായ്മയുടെ രൂക്ഷത ഈ പഞ്ചായത്തിലും വളരെ തീവ്രമാണ്.

പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

ക്രമാതീതമായ ഭരണച്ചെലവിലെ വർദ്ധനവ് കുറച്ചുകാണാൻ ആവാത്ത ഒരു പ്രശ്നമാണ്

വികസന പ്രവർത്തനങ്ങളിൽ കരാറുകാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണം ഒഴിവാക്കേണ്ടതാണ്. വായ്പകളുടെ ദുർവിനിയോഗം ഒരു വലിയ പ്രശ്നമായിരിക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങളിൽ ഉള്ള ജനങ്ങളുടെ താല്പര്യക്കുറവ് പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1) റവന്യു വകുപ്പ് ചുമത്തി ഈടാക്കിവരുന്ന കെട്ടിടനികുതി അതാത് പഞ്ചായത്തുകൾക്ക് മുഴുവനായും കൈമാറുക.

2) അഞ്ചുലക്ഷം രൂപായിൽ കൂടുതൽ ചെലവാക്കി പുതിയതായി നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്ക് അഞ്ചുലക്ഷത്തിലധികരിക്കുന്ന തുകയുടെ പത്ത് ശതമാനത്തിൽ കുറയാത്തതുക ആഡംബര നികുതിയായി പഞ്ചായത്തിന് ഈടാക്കാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക.

3) ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിടരംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകൾ വഴി മാത്രം നടത്തേണ്ടതാണ്.

4) N. R. I നിക്ഷേപങ്ങളുടെ അഞ്ചുശതമാനം അടിസ്ഥാന ആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് നൽകാൻ നിയമനിർമ്മാണം നടത്തുക

5) വിവാഹ രജിസ്ട്രേഷനുകൾക്ക് നിശ്ചിത ഫീസ് ചുമത്തുകയും എല്ലാ വിഭാഗം ജനങ്ങളുടെയും വിവാഹങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ നിയമനിർമ്മാണം നടത്തുകയും ചെയ്യുക 6) എല്ലാ വിവാഹങ്ങളും ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ മാത്രം ബന്ധപ്പെട്ട മതാചാര പ്രകാരം നടത്തുന്നതിന് വേണ്ട നിയമനിർമ്മാണം നടത്തുകയും ഇതിലേക്ക് മിതമായ തുക ഗ്രാമപഞ്ചായത്തിൽ വധുവിന്റെ രക്ഷകർത്താക്കൾ ഏല്പിക്കുന്നതിന് വ്യവസ്ഥപ്പെടുത്തുകയും ചെയ്യുക, 7) പരസ്യനികുതി ചുമത്തി ഈടാക്കാൻ നടപടി സ്വീകരിക്കുക.

8) പാറ, മണ്ണ് എന്നീ പ്രകൃതി വിഭവങ്ങൾ ഖനനം നടത്തുന്നവരിൽ നിന്നും റോയൽറ്റി ഈടാക്കുന്നതുക മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന് നൽകാതെ ലൈസൻസ് കൊടുക്കുന്നതിനും റോയൽറ്റി ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും ലൈസൻസുകളിൽ നിന്നും തൊഴിൽനികുതിയും മററും ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക. 9) കെട്ടിടനിർമ്മാണം സംബന്ധിച്ച മുനിസിപ്പൽ ചട്ടങ്ങൾ കുളക്കട ഗ്രാമപഞ്ചായത്തിലും ബാധകമാക്കുക. 10) ഉച്ചഭാഷിണികൾ പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള അനുമതി നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുക. 11) റബ്ബർ തുടങ്ങിയ നാണ്യവിളകൾ ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് നിന്നും ഉല്പാദിപ്പിക്കുന്നവർക്ക് തൊഴിൽ നികുതിനിയമം ബാധകമാക്കുക. 12) അഴിമതിയും ധൂർത്തും ഒഴിവാക്കുന്നതിന് സോഷ്യൽ ആഡിററ് ഫലപ്രദമാക്കുകയും സങ്കേതിക വിദഗ്ദരായ സന്നദ്ധ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി വാർഡുതോറും വിജിലിയൻസ് സെല്ലുകൾ രൂപികരിക്കുകയും ചെയ്യുക. 13) ഫാക്ടറി തൊഴിലാളികളിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുക. 14) വായ്പകളുടെ ദുർവിനിയോഗം തടയുന്നതിന് പ്രത്യേകം വിജിലിയൻസ് സെല്ലുകൾ രൂപികരിക്കുക. 15) പഞ്ചായത്തിലെ നികുതി-നികുതിയേതര സ്രോതസ്സുകൾ പൂർണ്ണമായും ചൂഷണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ ടി ജോലികൾ പ്രത്യേകം ഒരു റവന്യൂ ഓഫീസറുടെ കീഴിലാക്കുക. 16) വികസനപ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്ന ഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുക. 17) പൊതുജനങ്ങളിൽ നിന്നും ദീർഘകാല നിക്ഷേപങ്ങൾ സർക്കാർ ഗ്യാരണ്ടിയോടുകൂടി സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക. 18) വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ രൂപീകരിക്കുകയും മനുഷ്യപ്രയത്നത്തിന്റെ അൻപത് ശതമാനത്തിന് മാത്രം ഗ്രാമപഞ്ചായത്തുകൾ പ്രതിഫലം നൽകുകയും ഏറ്റവും നല്ല സന്നദ്ധസംഘത്തിന് ജില്ലാടിസ്ഥാനത്തിലും പ്രവർത്തകന് പഞ്ചായത്തടിസ്ഥാനത്തിലും പൊതുചടങ്ങിൽ കാര്യമായ പാരിതോഷികവും അംഗീകാരവും നൽകുകയും ചെയ്യുക. 19) യഥാസമയം പഞ്ചായത്തുകളിൽ ഒടുക്കു വരുത്താത്ത നികുതി–ഫീസിനങ്ങൾക്ക് അഞ്ചു ശതമാനം പലിശ ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുക. 20) ഗ്രാമപഞ്ചായത്തുകൾക്ക് ഭരണാനുമതി നൽകാനുള്ള പരിധി ഒഴിവാക്കുകയും ഒരുലക്ഷം രൂപാവരെ ചെലവുവരുന്ന സാധാരണ പണികളും അമ്പതിനായിരം രൂപാവരെ ചെലവു വരുന്ന വിദഗ്ധപണികളും ചെയ്യുന്നതിനും ചെയ്യുന്നതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് തന്നെ അധികാരം നൽകുക. 21) പഞ്ചായത്തുകളുടെ പ്രാഥമിക ചുമതലകൾ നിർവ്വഹിക്കാൻ പര്യപ്തമാംവണ്ണം വിവിധ ആവശ്യങ്ങൾക്ക് ചെലവാക്കാൻ പരിധികളില്ലാതെ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക. 22) ഗ്രാമപഞ്ചായത്തുകളിലെ കരാർ പണിക്കാർക്ക് രജിസ്ട്രേഷൻ നടത്തുകയും നിശ്ചിതഫീസ് ഈടാക്കുകയും ചെയ്യുക.

ഈ റിപ്പോർട്ട് ഒമ്പതാം പദ്ധതിയുടെ അടിത്തറയാവേണ്ടതായതിനാൽ ഇത് സെമിനാറിന്റെ സജീവപരിഗണനയ്ക്കും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

കുളക്കട
25–12–96

കുളക്കട ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണസമിതി